സിദ്ധപ്രയോഗങ്ങൾ അടങ്ങിയ

ആയുർവേദപ്രകാശിക.

ഗ്രന്ഥകർത്താ,

റവി. എൻ. നാണുപിള്ള ആശാൻ.

പ്രകാശകന്മാർ,

എസ്. റവി. റെഡ്യാർ ആൻഡ് സൺസ്,

വി. വി. പ്രസ്സ്, — കൊല്ലം.

൨-ാം പതിപ്പ് കാപ്പി — ൧൦൦൦.

പകുപ്പവകാശം പ്രകാശകന്മാരിൽ.

വില രൂപാ ൧൰.

1104.

അവതാരിക.

പരമാർത്ഥങ്ങളെ മറച്ചു്, നിരർത്ഥകങ്ങളും അവാസ്തവങ്ങളുമായ വ്യാമോഹങ്ങളിൽ മനസ്സിനെ ബന്ധിച്ചു് ദുഃഖത്തെ സുഖമെന്നു വ്യാഖ്യാനിക്കുന്ന അജ്ഞാനവിലാസമാണു്, ലോകചക്രത്തെ നിരന്തരമായി തിരിച്ചുകൊണ്ടിരിക്കുന്ന നാഭികീലം. ഈ അജ്ഞാനവിലാസത്തെ വേദാന്തികൾ, 'മായ' എന്നു പറയുന്നു. മായയാകുന്ന മറയാൽ മൂടപ്പെട്ടു്, അന്ധപ്രായന്മാരായ മനുഷ്യർ, കാപഥങ്ങളിൽ സഞ്ചരിച്ചു് അനിഷ്ടഫലങ്ങളെ അനുഭവിക്കുന്നു. അത്തരം അനുഭവങ്ങളുടെ പരിണാമഗുണം, അന്വേഷിച്ചു ധീരന്മാർ, വസ്തുശക്തികളാൽ സമ്മിളിതമായ പ്രകൃതിയുടെ ഉള്ളറകളിൽ ലയിച്ചുകിടന്ന തത്ത്വതന്ത്രങ്ങളെ പരീക്ഷണനിരീക്ഷണങ്ങളാൽ കണ്ടറിഞ്ഞു്, അവയിൽനിന്നും മനുഷ്യജീവിതത്തിലെ ദുഃഖകോടികളെ നശിപ്പിക്കുവാനും സുഖത്തെ സമ്പാദിച്ചു നിലനിർത്തുവാനും, ഉപയോഗപ്പെടുന്നവയെ രേഖപ്പെടുത്തി കാലാ ഇനത്തിലായി സംഭരിച്ചുവച്ചു. അങ്ങനെ പലകാലം സംഭരിച്ചുവച്ച കാലാ ഇനവും ലോകത്തെ നേർവഴിക്കു ശാസിക്കുന്നതിനു ഉപകരിച്ചു. അവറ്റെയാണു്, ശാസ്ത്രങ്ങൾ എന്നു നമ്മാൽ വ്യവഹരിച്ചുവരുന്നതു്.

ശാസ്ത്രങ്ങൾ മനുഷ്യരുടെ പലകാലത്തെ പരീക്ഷണനിരീക്ഷണഫലങ്ങളോ, തത്ത്വദ്രഷ്ടാക്കളായ മഹർഷിമാരുടെ ദിവ്യജ്ഞാനഫലങ്ങളോ എന്നുള്ള അഗമരഹസ്യത്തെ ഇവിടെ അന്വേഷിക്കുന്നില്ല. രണ്ടിലൊന്നായും രണ്ടുമായും വരാവുന്നതാണു്. ഏതായാലും ശാസ്ത്രങ്ങൾ നമ്മുടെ ജീവിതപഥത്തെ, ദുഃഖനിവൃത്തിയാകുന്ന ലക്ഷ്യത്തിലേക്കു നയിച്ചു സുഖിപ്പിക്കുന്നു. ഭക്ഷണം, നിദ്ര, മുതലായി ചുരുക്കം ചില അവശ്യങ്ങൾ ഒഴിച്ചുകൂടാത്തവയായി നമുക്കുണ്ടു്. അവറ്റെത്തന്നെയും നിർദ്ദോഷമായി നിഷ്പാദിക്കുന്നതിനുവേണ്ട അറിവു നമുക്കില്ലായ്കകൊണ്ടും, അദൃശ്യങ്ങളായ ചില ഭൂതശക്തികൾ, നമ്മുടെ ശരീരത്തിൽ നിരന്തരമായി പ്രവർത്തിച്ചു ഫലങ്ങളെ ഉണ്ടാക്കിക്കൊണ്ടിരിക്കയാണെന്നുള്ള വസ്തുത അറിയാതെ പല വ്യാമോഹങ്ങൾക്കു് അടിമപ്പെടുകകൊണ്ടും, ആരോഗ്യത്തെയും ആത്മസുഖത്തെയും നിമിഷംപ്രതി സംരക്ഷിച്ചിരിക്കാൻ നമുക്കു സാധിക്കുന്നില്ല. അവക അറിവുകളെ മനുഷ്യസാധ്യമായ പരിധിവരെയും ഗ്രഹിച്ചു്, സുഖമായും സന്തോഷമായും ജീവിതത്തെ നയിക്കുന്നതിനും അസുഖകാരണങ്ങ

ളെപരിഹരിക്കുന്നതിനും, നമ്മെ—ലൌകികന്മാരെ—അനുശാസിക്കുന്ന ശാസ്ത്രങ്ങളിൽ പ്രധാനമാണ് വൈദ്യശാസ്ത്രം.

ശാസ്ത്രങ്ങൾക്കു മനുഷ്യരുടെ ഇടയിൽ ഉള്ളതിൽ അഗ്രിമമായ സ്ഥാനം വൈദ്യശാസ്ത്രത്തിനാണെന്നുള്ളതു നിരാക്ഷേപമാകുന്നു. എന്തെന്നാൽ, മറ്റുശാസ്ത്രങ്ങളെ അപേക്ഷിക്കാതെയും, പ്രാണധാരണം ചെയ്യാൻ മനുഷ്യനു എപ്പൊഴും സാധിക്കുന്നു. നേരേമറിച്ച്, വൈദ്യശാസ്ത്രത്തെ അപേക്ഷിക്കാതെ ജീവിക്കാൻ പലപ്പൊഴും അവനു സാധിക്കാതെയും വരുന്നു. ഈ അർത്ഥം 'ആയുർവേദം' എന്ന നാമത്തിൽ നല്ലവണ്ണം ധ്വനിക്കുന്നുണ്ട്. "ആയുർനേനവിന്ദതീത്യായുർവേദഃ" എന്നാണല്ലോ സുശ്രുതന്റെ നിർവചനം. ഇങ്ങനെ പ്രാധാന്യമേറിയതാണു്, ആയുർവേദം എന്നുള്ളതിനെക്കുറിച്ചു് പൂർവാചാര്യന്മാർക്കു നിഷ്കർഷയില്ലാതെയുമിരുന്നില്ല എന്നു്, പ്രസ്തുതശാസ്ത്രസംബന്ധമായി അവർ ചെയ്തിട്ടുള്ള ക്ലേശകരമായ വിചിന്തനവും പരിശ്രമവും, നമ്മെ ബോധ്യപ്പെടുത്തുന്നു. ആയുർവേദത്തിന്റെ ഉദ്ഭവകാലത്തെയോ മാഹാത്മ്യത്തെയോ കുറിച്ചുള്ള പൌരാണികപ്രസ്താവങ്ങളും, ചരിത്രപ്രസ്താവങ്ങളും തമ്മിൽ ഏതിക്കേണ്ട കാര്യമൊന്നുമില്ല. രണ്ടാവേതു സ്വീകരിച്ചുനോക്കിയാലും അതിന്റെ മാഹാത്മ്യത്തെ അപലപിക്കാവതല്ല. ആയുർവേദം ചതുർവേദങ്ങളിൽ, അന്തർഭവിച്ചതാകകൊണ്ടുതന്നെ അതിന്റെ പുരാതനത്വവും പൂതത്വവും വെളിപ്പെടുന്നു. വേദത്തിനെന്നപോലെ ആയുർവേദത്തിലെ മൂലതത്വങ്ങൾക്കും ഏകദേശം കടൽവെള്ളത്തിന്റെ പഴക്കംതന്നെ ഉണ്ടെന്നുപറഞ്ഞാലും, അതിൽ വലിയ അതിശയോക്തി ഉണ്ടായിരിക്കയില്ല.

ലോകത്തുള്ള മറുസമുദായക്കാരുടെ ഇടയിൽ നടപ്പിലിരിക്കുന്ന —ചിലർ വളരെ പരിഷ്കരിച്ചുതെന്നഭിമാനിച്ചു വച്ചിരിക്കുന്ന—വൈദ്യശാസ്ത്രങ്ങൾ ഏറ്റവും പുരാതനവും പരിപൂർണ്ണവുമായ, ആയുർവേദമഹാതരുവിൽനിന്നും സമാഹരിക്കപ്പെട്ട 'ഇലച്ചാലുകൾ' മാത്രമാണെന്നു ചരകദൃഷ്ട്യാ പരിശോധിക്കുന്നവർക്കു കണ്ടുപിടിക്കാൻ പ്രയാസമില്ല. സുശ്രുതൻ ചരകൻ മുതലായ പൌരസ്ത്യപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളെ ക്രിസ്താബ്ദാരംഭത്തിൽ തന്നെ പാശ്ചാത്യന്മാർ കടത്തിക്കൊണ്ടുപോയതായി ചരിത്രം പറയുന്നു. ആയുർവേദത്തിന്റെ ശാഖകൾ മാത്രമായ പ്രസ്തുതഗ്രന്ഥങ്ങളെ അവർ സർവ്വപ്രധാനമായപ്രമാണമാക്കി അഭ്യസിച്ചു പ്രവർത്തിച്ചുവന്നു. എന്നാൽ, കലാകൌശല്യലോലന്മാരായ പാശ്ചാത്യന്മാർ, തങ്ങൾ കരഗതിച്ച ആയുർവേദശാഖകളെ, ധാതുവ്യൂഹപരീക്ഷണാദികളാൽ സിദ്ധമായ അറിവുകൊണ്ടും, അഭ്യാസം

കൊണ്ടും, ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യംകൊണ്ടും കാലദേശാവസ്ഥകൾക്കു അനുരൂപമായ നിലയിൽ പരിഷ്കരിച്ചു്, പരിപൂർണ്ണങ്ങളും സ്വതന്ത്രങ്ങളുമാണെന്നഭിമാനിക്കുന്നുണ്ടു്. എന്നല്ല, 'താവാവാ ബുന്മാത്രേണ' അയുർവേദത്തെ അധികേപിക്കുന്നുവെന്നും പറയാതെ നിവൃത്തിയില്ല.

വളരെ പുരാതനകാലത്തുതന്നെ പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരുന്ന അയ്യുന്മാക്കു് മറ്റു സമുദായക്കാരെ—അപ്പോഴപ്പോൾ മുളച്ചും നശിച്ചും പരിവർത്തനം ചെയ്യുവാറുള്ള സമുദായക്കാരെ— പേക്ഷിച്ചുള്ളതുപോലെ അയുർവേദത്തിനും മറ്റു വൈദ്യശാസ്ത്രങ്ങളെ അപേക്ഷിച്ചു് അശാസ്യമായ മേന്മയുണ്ടു്. ആ മേന്മയുള്ള ഹേതുക്കളെ വിസ്തരിച്ചു പറവാൻ ഇവിടെ സ്ഥലമില്ലായ്കകൊണ്ടു ചുരുക്കത്തിൽ ഒരേയൊരു വാക്യംകൊണ്ടു് അവയുടെ താരതമ്യത്തെ വെളിപ്പെടുത്താൻ മാത്രമേ വിചാരിക്കുന്നുള്ളു. അതായതു് ഇതരവൈദ്യശാസ്ത്രങ്ങൾക്കു് അയുർവേദത്തിന്റെ മൂലതത്ത്വവിചിന്തനങ്ങളേയും ഭൂതശക്തി സംബന്ധവിചാരണങ്ങളേയും ശരീരസ്പർശിക്കാൻ കഴിഞ്ഞിട്ടില്ല. മറ്റുവാക്കുകളാൽ പറയുമ്പോൾ പ്രാപഞ്ചികമായ പുരുഷപ്രകൃതി സംബന്ധത്തെ വേർതിരിച്ചറിഞ്ഞതിനുശേഷം ശരീരോൽപാദനഹേതുക്കളെപ്പോലും നിർണ്ണയിച്ചു് ശരീരാവയവകോശസൂക്ഷ്മശക്തികളെ സൂക്ഷ്മാൽസൂക്ഷ്മമായി പരിശോധിച്ചു്, രസങ്ങൾ, മാംസപേശികൾ, സിരകൾ, ധമനികൾ, ഹൃദയം മുതലായ അന്തരാവയവങ്ങളുടെ സ്ഥിതിഗതികളെനോക്കി ദൃശ്യവുമദൃശ്യവുമായ ബാഹ്യപ്രപഞ്ചത്തോടു അവയ്ക്കുള്ള സംബന്ധത്തെയും വ്യാപാരത്തെയും ഗ്രഹിച്ചുകൊണ്ടാണു് അയുർവേദം രംഗപ്രവേശം ചെയ്തിരിക്കുന്നതു്. മറ്റു വൈദ്യശാസ്ത്രങ്ങൾ മിക്കവാറും സ്ഥൂലാവയവങ്ങളേയും ധാതുക്കൾ, കലകൾ, ഉപധാതുക്കൾ, രസങ്ങൾ, മലങ്ങൾ മുതലായ ദൃശ്യാംശങ്ങളെയും മാത്രം പരാമർശിക്കുന്ന രീതിയിലുമാണു്. കിംബഹുനാ അയുർവേദം മാത്രമാണു് മനുഷ്യർക്കു ലഭിച്ചിട്ടുള്ള വൈദ്യശാസ്ത്രങ്ങളിൽ പരിപൂർണ്ണവും പരിശുദ്ധവുമെന്നു തീർത്തുപറയാം.

എങ്കിലും അയുർവേദത്തിനു വളരെ താഴ്ന്ന ഒരു സ്ഥാനം ഇപ്പോൾ കൊടുത്തിരിക്കുന്നതായി മേൽ സൂചിപ്പിച്ചുവല്ലൊ. അതിനു കാരണവും ദൂരത്തെത്തേടേണ്ടതില്ല. അയുർവേദത്തിന്റെ അഴുങ്ങളിൽ അമഴ്ന്നു കിടക്കുന്ന പ്രേതപിണ്ഡങ്ങളെ ദർശിച്ചിട്ടുള്ള വൈദ്യന്മാർ ഇക്കാലത്തു തുലോം തുച്ഛമാണു്. "ധനചന്ദനശുണ്ഠ്യംബു-നുക്കുംകിട്ടാ പണം" എന്നു പാടിക്കൊണ്ടു വയറുപിഴപ്പിനു നടക്കുന്ന കൂട്ടരാ

വൈദ്യന്മാരായും അവരുടെ ശാസ്ത്രപാഠസർവസ്വമായ സംഹിതയോ ഗ്രന്ഥത്തെയോ മറ്റൊ ആയുർവേദമായും, ഗണിക്കുന്നവരാണ് ഭൂരിപക്ഷം ജനങ്ങളും. ഈ മിഥ്യാബോധമാത്രമേ മേൽപറഞ്ഞ അവമാനത്തിനു ഹേതുഭൂതമായി നിൽക്കുന്നതു്.

ആയുർവേദം, ആകെ 10000 പദ്യങ്ങളടങ്ങിയ നൂറു സർഗ്ഗങ്ങളുള്ള ഒരു ഗ്രന്ഥമാണു്. ഇതു് ബ്രഹ്മദേവപ്രണീതമെന്നുതന്നെ വിശ്വസിക്കപ്പെട്ടിരിക്കുന്നു. അതിൽ, ആയുസ്സിന്റെ തത്ത്വത്തെയും ആയുസ്സു കുറയുന്നതിനോ കൂടുന്നതിനോ ഹേതുവാകുന്ന അവസ്ഥകളെയും രോഗങ്ങളുടെ നിദാനം, ചികിത്സ, ലക്ഷണം ഇവയെയും വിസ്തരിച്ചിരിക്കുന്നു. ആകെ എട്ടു രോഗങ്ങളായിട്ടാണ് ആയുർവേദം വിഭജിക്കപ്പെട്ടിരിക്കുന്നതു്—ശല്യം, ശാലാക്യം, കായചികിത്സ, ഭൂതവിദ്യ, കൗമാരഭൃത്യ, അഗദം, രസായനം, വാജീകരണം എന്നീ എട്ടുവിഭാഗങ്ങളിലായി, വിജ്ഞേയങ്ങളായ വൈദ്യശാസ്ത്രതത്ത്വങ്ങളെല്ലാം അടങ്ങിയിരിക്കുന്നു.

ആയുർവേദത്തിന്റെ ആവിർഭാവത്തിനുശേഷം ആദ്യമായി ഒരു വൈദ്യഗ്രന്ഥമുണ്ടായതു് അത്രേയസംഹിതയാണു്. അതു് വിളക്കിൽ നിന്നു കത്തിച്ചു ദീപവെട്ടിപോലെ, ആയുർവേദതത്ത്വങ്ങളെ വിശദമാക്കി വിസ്തരിച്ചിരിക്കുന്നു. ആ മഹാഗ്രന്ഥത്തിൽ ആകെ രണ്ടായിരം പദ്യങ്ങളാണു് അടങ്ങിയിരിക്കുന്നതു്. പിൽക്കാലം മറ്റാരോ ആചാര്യന്മാർ എഴുതിട്ടുള്ള വൈദ്യഗ്രന്ഥങ്ങൾക്കു പ്രമാണമായി സ്വീകരിച്ചിരിക്കുന്നതും, മിക്കവാറും അത്രേയസംഹിതയെത്തന്നെ. അനന്തരകാലത്തിൽ അത്രേയശിഷ്യന്മാരായ അഗ്നിവേശൻ, ഭേളൻ, ജതൂകർണ്ണൻ, പരാശരൻ, ഹാരീതൻ, ക്ഷീരപാണി മുതലായവർ വൈദ്യഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. പിൽക്കാലം ചരകനെന്നും സുശ്രുതനെന്നും രണ്ടു മഹാഗ്രന്ഥകാരന്മാർ ജീവിച്ചു. അവരുടെ കാലം, ക്രിസ്താബ്ദത്തിനു വളരെമുമ്പു്—ഏകദേശം, 1000 വർഷങ്ങൾക്കുമുമ്പു് അങ്ങനെകാണുന്നു. ചരകൻ സ്വഗ്രന്ഥത്തിൽ ഔഷധചികിത്സാക്രമങ്ങളെയും സുശ്രുതൻ ശസ്ത്രക്രിയകളെയുമാണു് മുഖ്യമായി പ്രതിപാദിച്ചിരിക്കുന്നതു്. അനന്തരകാലത്തിൽ ജീവിച്ച മുഖ്യവൈദ്യൻ അഷ്ടാംഗഹൃദയകർത്താവായ വാഗ്ഭടനാണു്. അദ്ദേഹം, പൂർവാചാര്യന്മാരുടെ ഗ്രന്ഥങ്ങളിലുള്ള ക്ലിഷ്ടങ്ങളായ പല ഭാഗങ്ങളെയും സുഷ്ഠമാക്കി പ്രതിപാദിച്ചിട്ടുണ്ടു്. അതിനു പിന്നെ വൈദ്യശാസ്ത്രകാരനായി നാം കാണുന്നതു്, പ്രസിദ്ധനിദാനകാരനായ മാധവാചാര്യനെയാണു്. "നിദാനേമാധവശ്രേഷ്ഠഃ" എന്ന അപൂർവവാക്യം അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ മേന്മയ്ക്കു ഒരു പ്രത്യായനപത്രമായി പരിലസിക്കുന്നു. ഈ

തിൽപിന്നെ ജീവിച്ച പ്രധാന വൈദ്യാചാര്യൻ ഭാവമിശ്രനാകുന്നു. ഭാവമിശ്രന്റെ 'ഭാവപ്രകാശം' എന്ന ഗ്രന്ഥം അക്കാലം മുതൽ ഇക്കാലംവരെ എല്ലാവരാലും മാനിക്കപ്പെട്ടും അനുസരിക്കപ്പെട്ടും വരുന്നതും ഉൽകൃഷ്ടഗ്രന്ഥമാണു്. അനന്തകാലങ്ങളിൽ, ശാർങ്ഗധരൻ മാധവകരട്ടൻ, ബോപദേവൻ, ലോലിംബരാജൻ മുതലായ പല പല വൈദ്യശാസ്ത്രകർത്താക്കന്മാർ ഇന്ത്യയിൽ ജീവിച്ചിട്ടുണ്ടു്.

അല്പപരിമാണമായ മനുഷ്യശരീരത്തിൽ ഉത്ഭവിക്കാവുന്ന രോഗങ്ങളെയും അവയുടെ നിവാരണമാർഗ്ഗങ്ങളെയും ചികിത്സാക്രമങ്ങളെയും മറ്റും അത്രേയമഹർഷി മന്ത്രരൂപത്തിൽ വിസ്തരിച്ചിട്ടും അനന്തരകാലത്തിൽ ജീവിച്ച ആചാര്യന്മാർ അവയെ സ്പഷ്ടമാക്കാൻ വേണ്ടി, പുതിയതു ഗ്രന്ഥങ്ങൾ നിർമ്മിക്കേണ്ടിവന്നു? ഇത്രമാത്രം പരപ്പുള്ള ഐന്ദവവൈദ്യശാസ്ത്രത്തിന്റെ ആഴത്തിലിറങ്ങി അതിന്റെ സത്യജ്ഞാനമെങ്കിലും സമ്പാദിക്കുന്നതെങ്കിൽ, സഹസ്രയോഗം കാണാപ്പാഠമാക്കി, 'രോഗനിദാനവും' മനഃപാഠമായിട്ടുകൊണ്ടു് മതിയാകയില്ലെന്നു സ്പഷ്ടമാണല്ലൊ. എന്നാൽ അല്പധനന്മാരും അല്പജ്ഞന്മാരുമായ വൈദ്യന്മാർക്കു്, സംസ്കൃതഗ്രന്ഥപാരാവാരത്തിൽ യഥേഷ്ടം സഞ്ചരിച്ചു് തത്വരത്നങ്ങളെ ആരായുന്നതിനു കഴിവില്ലാതെയുമിരിക്കുന്നു. ഈ ന്യൂനതയെ സവിശേഷം പരിഹരിക്കുന്നതിനു പര്യാപ്തമായ ഒരു സുഖപോതമാണു്, ആയുർവേദപ്രകാശിക എന്ന പ്രസ്തുത ഗ്രന്ഥം.

നിധി പടമെടുക്കുന്നവർ, മഹത്തുക്കളായ സമുദ്രങ്ങളേയോ പർവതങ്ങളേയോ ഒരു തുണ്ടു് കടലാസിൽ പകർത്തി കാണിക്കുന്നതുപോലെ, ആയുർവേദപ്രകാശിക, വിപുലപ്രകാണ്ഡമായി, ശാഖോപശാഖയായി നിൽക്കുന്ന ഐന്ദവവൈദ്യമഹാശാസ്ത്രതരുവിന്റെ ഒരുസംക്ഷിപ്തചിത്രപ്രദർശനമാണെന്നുതന്നെ പറയാം. ഐന്ദവാചാര്യന്മാരുടെ പ്രാകൃതികജ്ഞാനഗാംഭീര്യം ഈ പുസ്തകം വായിക്കുന്ന ഏവർക്കും ബോധപ്പെടുന്നതാണു്. അതായതു്, ലോകവിജയക്കൊടിയുയർത്തി, വിജ്ഞാനനിധികളെന്നഭിമാനിക്കുന്ന പാശ്ചാത്യതത്വശാസ്ത്രജ്ഞന്മാർ ഇപ്പോൾ കണ്ടുപിടിച്ചിട്ടുള്ളതും ഇനിയും കടന്നുകാണാൻ കഴിഞ്ഞിട്ടില്ലാത്തതുമായ അനേകദർശനങ്ങൾക്കു മാർഗ്ഗങ്ങളെ നിർദ്ദേശിച്ചിട്ടുള്ള ഗ്രന്ഥങ്ങളെ നിർമ്മിച്ചു് പ്രകൃതിയെ കരതലാമലകംപോലെ സ്വാധീനമാക്കി അകവും പുറവും ഒരുപോലെ പരിശോധിച്ചറിഞ്ഞിരുന്നവരായ ഐന്ദവാചാര്യന്മാർ, വൈദ്യശാസ്ത്രസംബന്ധമായി ചെയ്തിട്ടുള്ള ശാസനങ്ങൾ എത്രമാത്രം അന്തർഗ്ഭീരങ്ങളാണെന്നു ഈ ചെറിയ പുസ്തകം-ആയുർവേദപ്രകാശിക—നമുക്കു കാണിച്ചുതരുന്നു.

ഒരു വൈദ്യനായാൽ, രോഗനിദാനവും ചികിത്സാക്രമങ്ങളും നല്ലപോലെ അറിഞ്ഞിരിക്കണം. ദ്രവ്യങ്ങളുടെ ഗുണവീര്യവിപാകാദികളിൽ പൂർണ്ണജ്ഞാനമുണ്ടായിരിക്കണം. അഷ്ടസ്ഥാനപരീക്ഷകളാൽ ദോഷകോപാദിശരീരസ്ഥിതിഭേദത്തെ അറിയണം. അന്തരാവയവങ്ങൾ, ധാതുക്കൾ, ഉപധാതുക്കൾ, മലങ്ങൾ, സ്നായുക്കൾ, സന്ധികൾ, അസ്ഥികൾ മുതലായവയുടെ സ്ഥാനങ്ങളേയും പ്രവൃത്തികാര്യങ്ങളേയും മർമ്മങ്ങളേയും മനസ്സിലാക്കിയിരിക്കണം. ദേശകാലഭേദങ്ങളാൽ ശരീരത്തിലുണ്ടാകുന്ന വികാരങ്ങളെ നിശ്ചയിക്കണം. ശരീരത്തിൽ കൊണ്ടുകയറിയതും ഒടിഞ്ഞിരിക്കുന്നതുമായ ആയുധങ്ങളെ എടുക്കുക, മുറിവുകളും വ്രണങ്ങളും കരിക്കുക, ഒടിവു, ചതവു്, ഭ്രംശം, ഭഗ്നത മുതലായവയെ തീർക്കുക. പ്രസവസംബന്ധമായ ചർയ്യകർമ്മം നിർദ്ദോഷമായി നിർവ്വഹിപ്പിക്കുക, ഏതുവിധമായ ശസ്ത്രക്രിയയും ആവശ്യംപോലെ ചെയ്യുക; തെറ്റിപ്പോയ അവയവങ്ങൾ, ഞരമ്പുകൾ, എല്ലുകൾ, അശ്മരങ്ങൾ, സന്ധികൾ മുതലായവ ശരിയാക്കുക; വമനവിരേചനാദികളെ നിർദ്ദോഷമായി ചെയ്യിക്കുക, ഭ്രാപ്രേതാവേശങ്ങൾ മൂലമുണ്ടാകുന്ന അസ്വാസ്ഥ്യങ്ങളെ മാറ്റുക, രോഗങ്ങളെ, സാദ്ധ്യാസാദ്ധ്യപ്രയത്നസാദ്ധ്യഭേദേന നിർണ്ണയിക്കുക മുതലായി ശരീരത്തിനുബന്ധമായ ശുശ്രൂഷകൾക്കെല്ലാം വിദഗ്ധനായിരിക്കണം. ഇങ്ങനെയുള്ള വൈദ്യനാണു്, വൈദ്യൻ എന്ന നാമധേയത്തിനർഹനായവൻ.

ഈ അർത്ഥത്തിലാണു്, ആയുർവ്വേദപ്രകാശിക ഒരു ഉത്തമവൈദ്യനു ലക്ഷണം ചെയ്തിരിക്കുന്നതു്. അപ്രകാരം ഒരു വൈദ്യനുവേണ്ട ഗുണങ്ങളെല്ലാം നിഷ്പ്രയാസം സമ്പാദിച്ചു ചികിത്സ നടത്തുന്നതിനു, പ്രസ്തുതഗ്രന്ഥം അനർഘ്യമായ ഒരു മാർഗ്ഗദർശിയായി പ്രശോഭിക്കുന്നുമുണ്ടു്. വിവേകിയും വിദ്വന്മണിയുമായ ഗ്രന്ഥകാരൻ, സംസ്കൃതത്തിലുള്ള പ്രൌഢങ്ങളായ വൈദ്യഗ്രന്ഥങ്ങൾ പലതും ഈ ഗ്രന്ഥനിർമ്മാണത്തിനു പ്രമാണമാക്കി സ്വീകരിച്ചിട്ടുണ്ടു്. അത്രേയസംഹിത, ചരകം, സുശ്രുതം, ശാർങ്ഗധരസംഹിത, അഷ്ടാംഗസംഗ്രഹം, അഷ്ടാംഗഹൃദയം, ഭാവപ്രകാശം, വൃന്ദമാധവം, ഭൈഷജ്യരത്നാവലി, മാധവനിദാനം, യോഗരത്നാകരം, ചികിത്സാക്രമകല്പവല്ലി, യോഗതരംഗിണി, യോഗദർപ്പണം, വീരസിംഹാവലോകനം മുതലായ അനവധി പ്രൌഢഗ്രന്ഥങ്ങളിലെ പ്രതിപാദ്യത്തെ, സംഗ്രഹിച്ചു്, വിഷയങ്ങളെ അശാസ്ത്രീയമായ വിധത്തിൽ അസൂത്രണംചെയ്തു്, പച്ചമലയാളത്തിൽ പ്രതിപാദിച്ചിരിക്കുന്ന, പ്രയോജനകരമായ ഒരുവൈദ്യഗ്രന്ഥമാണു്, ആയുർവ്വേദപ്രകാശിക. ഗ്രന്ഥവിസ്താരഭയംകൊണ്ടു്, പൂർവ്വഭാഗം, മദ്ധ്യഭാഗം, ഉത്തരഭാഗം ഇങ്ങനെ

മൂന്നുഭാഗങ്ങളായി പ്രസിദ്ധപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്ന പ്രസ്തുത പുസ്തകത്തിന്റെ പൂർവ്വഭാഗം മാത്രമാണിതു്. ഇതിൽ ആകെ പത്ത അദ്ധ്യായങ്ങൾ അടങ്ങീയിരിക്കുന്നു.

ഒന്നാമദ്ധ്യായത്തിൽ, ആയുർവേദലക്ഷണം, ആയുർവേദത്തിന്റെ ഉത്ഭവം, വൈദ്യൻ, രോഗി, ദൂതൻ, പരിചാരകൻ മുതലായവരുടെ ലക്ഷണം, സുഖസാദ്ധ്യകൃച്ഛ്രസാദ്ധ്യയാപ്യാസാദ്ധ്യരോഗലക്ഷണങ്ങൾ, ഇവയെക്കുറിച്ചു പറയുന്നു. രണ്ടാമദ്ധ്യായത്തിൽ, അഷ്ടസ്ഥാനപരീക്ഷകളും മറ്റും വിവരിച്ചിരിക്കുന്നു. മൂന്നാമദ്ധ്യായത്തിൽ ശരീരവിചാരണമാണു് അടങ്ങിയിരിക്കുന്നതു്. ഇങ്ങനെ അനുക്രമമായ സോപാനത്തെ അവലംബിച്ചു്, പഠിതാക്കളെ വൈദ്യശാസ്ത്രഭണ്ഡാരത്തിലേക്കു കടത്തുന്ന ഗ്രന്ഥകാരന്റെ രീതി സ്തുത്യർഹമായിട്ടുണ്ടു്. സാധാരണ വൈദ്യഗ്രന്ഥങ്ങളിൽ കാണപ്പെടാത്ത കമ്മവിപാകമാണു് നാലാമദ്ധ്യായത്തിലെ പ്രതിപാദ്യം. രോഗങ്ങൾ ഉണ്ടാകുന്നതിനു ഹേതുവായ പാപവും തത്പരിഹാരമാർഗ്ഗങ്ങളും ഇതിൽ സവിശേഷം വിവരിച്ചിരിക്കുന്നു. വീരസിംഹാവലോകനം മുതലായ ചില അപൂർവ്വഗ്രന്ഥങ്ങളിൽ നിന്നാണു് ഈ ഭാഗം സംഗ്രഹിച്ചിരിക്കുന്നതെന്നറിയുന്നു. ക്ഷാരപാകവിധി, സ്നേഹപാനവിധി, സേകവിധി, വമനവിരേചന നസ്യവിധികൾ, ശിരോവസ്തിവിധി മുതലായ വിജ്ഞേയങ്ങളായ പല ചികിത്സാസന്ദർഭങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ഏഴാം അദ്ധ്യായത്തിൽ എണ്ണക്കുക്കളുടെയും മറ്റും പാകമുറകളും എട്ടാമദ്ധ്യായത്തിൽ, ലോഹാദികളുടെ നീറുമുറകളും ശുദ്ധിക്രമങ്ങളും മറ്റും വിവരിക്കുന്നു. സംസ്കൃതപണ്ഡിതന്മാക്കുപോലും, വായിച്ചാൽ കാര്യം ഗ്രഹിക്കാൻ വിഷമതയുണ്ടാകുന്ന പ്രകാരം, സംസ്കൃതഗ്രന്ഥങ്ങളിൽ വ്യാഖ്യാനംപോലുമില്ലാതെ, എഴുതിട്ടുള്ള പുടപാകക്രമങ്ങളും മറ്റും, വെറും പച്ചമലയാളത്തിൽ ശരിക്കു തർജ്ജമചെയ്തിരിക്കുന്നതു്, ഗ്രന്ഥകാരൻ അവർകളുടെ വശ്യവക്തൃതയെയും അപാരമായ വിഷയജ്ഞാനത്തെയും പാണ്ഡിത്യത്തെയും സാക്ഷീകരിക്കുന്നു. ഉദാഹരണത്തിനു് ഒന്നുരണ്ടു വാക്യങ്ങളെ ഇവിടെ ഉദ്ധരിക്കാം—"നാലങ്ഗുലം താഴ്ചയിൽ കൊള്ളത്തക്ക ഒരു കുഴിയുണ്ടാക്കി പൊടിക്കുടത്തിൽ, പാകത്തിനു വേണ്ടുന്ന എണ്ണവിട്ടുകത്തക്ക കുരുക്കളോ മരുന്നുകളോ പൊടിച്ചിട്ടു്, അതിന്റെ വായ്ക്കു മുപ്പം വായ്ക്കുള്ളതും വലിയ കുടത്തിന്റെ നാലിൽ ഒരുപങ്കു അളവുള്ളതുമായ മറ്റൊരു ചെറുകുടംകൊണ്ടു കമഴ്ത്തി അടച്ചു്, പൊരുത്തുവാ, (വായ്ത്തട്ടങ്ങൾ, തമ്മിൽചേരുന്നസ്ഥലം) മൺപൂശി തൂൽകൊണ്ടു് രണ്ടുകുടങ്ങളുടേയും വായ് ചേരത്തക്കവണ്ണം വലിച്ചുകെട്ടി അതിന്റെമേൽ ഏഴുശീല

മൺചെയ്ത്ത്, വലിയ കുടത്തിന്റെ മേൽപുറത്തിൽ മൂണ്ടുവിരൽ കട ക്കത്തക്കവണ്ണം ഒരു ദ്വാരവും ചെറിയ കുടത്തിന്റെ കിഴ്പുറത്തിൽ ഒരു ഉഴുന്നു കടക്കത്തക്കവണ്ണം രണ്ടുമൂന്നു ദ്വാരങ്ങളും ഉണ്ടാക്കി, വലി യകുടത്തിൽ ഉണ്ടാക്കിയ ദ്വാരത്തിൽകൂടി പുക വെളിപ്പെടാതെ ഒരു കാടുകൊണ്ടുമൂടി, പശുവിൻ ചാണകം അരച്ചു, അവിടം മേൽപ്പുറമായും ചെറിയ കുടത്തിന്റെ ദ്വാരം കീഴ്പ്പുറമായും വരത്തക്കവണ്ണം ചരി ച്ചു, അടിയടുപ്പിൽവച്ചു—അതായതു്, വലിയകുടം ചരിച്ചുവെ ച്ചാൽ അതിന്റെ നീളംമുഴുവൻ അടങ്ങത്തക്കവണ്ണവും കുടത്തിന്റെ അടിപ്പണ്ടി(അടിയിലെ പള്ള) അടുത്തോട്ടു കടന്നിരിക്കത്തക്കവണ്ണ വും ഉള്ള അടുപ്പിൽവച്ചു, അടുപ്പും കുടവും ക്ലിപ്തപ്പെടുത്തു്, മൺപൂശി ചെറിയകുടത്തിന്റെ കീഴ്വശത്തിൽ ഉള്ള ദ്വാരങ്ങൾക്കുനേരേ ഒരു പാത്രംവച്ചു, തീയെരിച്ചാൽ പുകയോടുകൂടെ തൈലംഇറങ്ങും" ഇതാ, ഇതാണു് ഒരുവാക്യം; സരസമായും സുഗ്രഥമായും ഇങ്ങനെ സംഗ തികളെ തുടരെത്തുടരെപ്പുറപ്പെടുവിച്ചുകൊണ്ടു പോകുന്ന വാക്യരീതി, ഹൃദയം ഗമമായിരിക്കുന്നു! മറെറാരുവാക്യം, ഇതാ!

"ഒരുഭാഗം ശുദ്ധിചെയ്ത രസവും രണ്ടുഭാഗം ഗന്ധകവുംകൂടിച്ചേ ർത്തു്, അരച്ചു് അകഞ്ജളിക്കു്, (മഷിപോലെ കറുത്തനിറത്തിൽ അ രിത്തിരുന്ന കല്ക്കത്തിനു്) തുല്യം ഇരുമ്പുപൊടിയും ചേർത്തു് കറ്റാർ വാഴനീരിൽ, രണ്ടുയാമം അരച്ചു്, ഒരു ഉരുളയായി ഉരുട്ടി, ഒരു ചെ മ്പുപാത്രത്തിൽവച്ചു വെയിലുകാള്ളിച്ചു കറഞ്ഞൊന്നണക്കി, അവ ണക്കിലകൊണ്ടു് അതിനെപ്പൊതിഞ്ഞു്, വീണ്ടും അരയാമംവരെ വെ യിലത്തുവച്ചിരുന്നു നല്ലതുപോലെ വെയിലുകൊണ്ടതിന്റെ ശേഷം എടുത്തു നെല്ലുപത്തായത്തിലൊ, അറയിലൊ പൂഴ്ത്തു് അതിന്റെ മേൽ ചട്ടികൊണ്ടുമൂടി, അതിനുമുകളിൽ ധാന്യം ഇട്ടുകയും ചെയ്തു് മൂ ന്നുദിവസം കഴിഞ്ഞതിനുശേഷം പുറത്തു്, കഴിയുമ്മിയിൽ ഇട്ടരച്ചു് വസ്ത്രഗാളിതം ചെയ്തെടുക്കുന്ന ലോഹഭസ്മം വെള്ളത്തിന്റെ മേൽ നി ല്ക്കുന്നതുപോലെ ശ്രേഷ്ഠമായിരിക്കും"

സാധാരണന്മാക്കു മനസ്സിലാകാൻ ഇതിൽ കൂടുതലായ സാമഗ്രഹമ ലയാളവാക്യങ്ങളിൽ വരുത്താൻ കഴിയുമോ? ഗദ്യകാവ്യം കുഞ്ചൻ നമ്പ്യാരൊപ്പാലെ, വെറും നാടോടിഭാഷയിൽ, ശ്രദ്ധാപൂർവ്വം പ്രയോഗി ക്കുന്നതു്, ജനസാമാന്യത്തിനു വളരെ രുചിക്കുന്ന ഒരു പദ്ധതിയാണെന്നു പറയുന്നതിനാവശ്യമുണ്ടല്ലൊ. അയുർവ്വേദപ്രകാശിക, അത്യന്തം വായിച്ചാൽ മലയാളം നാലാംക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിക്കുപോലും മനസ്സിലാ കാത്ത ഭാഗങ്ങൾ എങ്ങും കണ്ടുമുട്ടുകയില്ലെന്നുള്ളതു നിർവ്വിവാദമാണു്.

ഈ നിഷ്കൃഷ്ട മലയാളത്തിൽ ഗ്രന്ഥങ്ങൾ എഴുതുന്ന പണ്ഡിതന്മാർക്ക് എല്ലാവർക്കും ഉണ്ടായിരുന്നാൽ, ഭൂരിഭാഗവും അക്ഷരാഭ്യാസത്തിൽ പിന്നാക്കം നിൽക്കുന്നതായ നമ്മുടെ സമുദായം, അചിരേണ, ഉദ്ഗതിയെ പ്രാപിക്കുമെന്നുള്ളതിനു സംശയമില്ല.

പതിനെട്ടാമദ്ധ്യായത്തിൽ, കവചീയന്ത്രം, വാലുകായന്ത്രം, ഡോളായന്ത്രം മുതലായ യന്ത്രങ്ങളെ വിവരിച്ചിരിക്കുന്നു. ഔഷധികളെയും ദ്രവ്യങ്ങളെയും വർഗ്ഗങ്ങളാക്കിത്തിരിച്ചു്, ഓരോന്നിന്റെയും ഗണപാകാദികളെ പതിനാറാമദ്ധ്യായത്തിൽ പറയുന്നുണ്ടു്. ഈവ്വിധമായ വർഗ്ഗീകരണം സാധാരണ വൈദ്യഗ്രന്ഥങ്ങളിൽ ഇല്ലാത്ത ഒരു അപൂർവ പ്രസ്ഥാനമാകുന്നു. പതിനാലാമദ്ധ്യായത്തിൽ ഭയങ്കരരോഗങ്ങളെ അതിവേഗത്തിൽ ശമിപ്പിക്കുന്ന ചില മന്ത്രങ്ങളുടെ പേരും പ്രയോഗരീതികളുമാണടങ്ങിയിരിക്കുന്നതു്. ഇതും വൈദ്യഗ്രന്ഥങ്ങളിൽ പ്രായേണ കാണപ്പെടാത്ത ഒരു വിഷയമാകുന്നു. വൈദ്യന്മാർ ഔഷധിക്കേണ്ട മുഖ്യസംഗതികൾ എന്തെല്ലാമെന്നു പതിമൂന്നാമദ്ധ്യായത്തിൽ പറയുന്നു. പന്ത്രണ്ടാം അദ്ധ്യായത്തിലെ വിഷയം അളവുകളും തൂക്കങ്ങളുമാണു്. വായിച്ചുപോകുന്ന പഠിതാക്കൾക്കു് ഒടുവിൽ അമൂല്യങ്ങളായ രണ്ടുനിധികൾ സമ്മാനിക്കുന്നതുപോലെ, പതിനൊന്നും പന്ത്രണ്ടും അദ്ധ്യായങ്ങളിൽ, പലപല മഹാവൈദ്യഗ്രന്ഥങ്ങളിൽ നിന്നും തിരഞ്ഞെടുത്തതെങ്കിലും ഒറ്റമൂലിപ്രയോഗങ്ങളും സിദ്ധയോഗങ്ങളുമാണു ചേർത്തിരിക്കുന്നതു്.

വൈദ്യശാസ്ത്രസാരങ്ങളെ മുഴുവൻ സമാഹരിച്ചു്, ബഹുധാ പ്രയോജനകരമാക്കിച്ചെയ്തിരിക്കുന്ന ഈ ഗ്രന്ഥം, വൈദ്യസംബന്ധമായി മലയാളത്തിൽ അവതരിച്ചിട്ടുള്ള ഗ്രന്ഥകോടിയുടെ മകുടകോടിയിൽ വിളങ്ങുന്ന വിശിഷ്ടരത്നമാണെന്നുള്ളതു്, നിർമ്മത്സരന്മാരായ ഏവരും സമ്മതിക്കുകതന്നെ ചെയ്യുമെന്നു വിശ്വസിക്കുന്നു. പ്രസ്തുതഗ്രന്ഥപാഠംവഴി വൈദ്യശാസ്ത്രത്തിലേക്കു പ്രവേശം ലഭിക്കുന്ന വിദ്യാർത്ഥികൾ, സകലരോഗങ്ങളുടേയും നിദാനങ്ങളും ചികിത്സാക്രമങ്ങളും രഹസ്യങ്ങളായ പല സിദ്ധയോഗങ്ങളും അറിഞ്ഞിരിയ്ക്കും, അചിരേണ പ്രചരിക്കാൻ ഇടയുള്ളതുമായ ഇതിന്റെ രണ്ടും മൂന്നും ഭാഗങ്ങളെ സോൽക്കണ്ഠം സൽകരിച്ചു സ്വീകരിക്കുമാറാകട്ടെ എന്നു ഞാൻ ആശംസിച്ചുകൊള്ളുന്നു.

Since 1923

ഗ്രന്ഥകർത്താവിനെക്കുറിച്ചു്—അതായതു് നിരന്തരവും ദുഃസഹവുമായ ക്ലേശത്തെ ഗണിക്കാതെ ലോകോപകാരാർത്ഥം ശാസ്ത്രഗ്രന്ഥ

ങ്ങളെ പ്രചരിപ്പിക്കുന്ന വിഷയത്തിൽ, ബദ്ധശ്രദ്ധനായിരിക്കുന്ന ശ്രീമാൻ, ററി. എൻ. നാണുപിള്ള അവർകളെക്കുറിച്ച് അനുമോദനാക്ഷരങ്ങളായ പ്രസ്താവങ്ങൾ, ഇവിടെ ആവശ്യകമെന്നു തോന്നുന്നില്ല. പ്രൌഢതരങ്ങളായ അനവധി ഗ്രന്ഥങ്ങളെ രചിച്ച് അകളങ്ക യശോനിലാവാൽ കേരളീയമനഃകൈരവങ്ങളെ വികസിപ്പിച്ചു കൊണ്ടിരിക്കുന്ന ആ മഹാനുഭാവൻ, മേലും, ഏതാദൃശമഹോദ്യമങ്ങളിൽ, പ്രവർത്തിച്ചു കാണണമെന്നുള്ള അഭിലാഷത്തെ മുൻനിറുത്തി, അദ്ദേഹത്തിനും; അദ്ദേഹത്തിന്റെ ചിരകാലപരിശ്രമഫലമായ പ്രസ്തുതഗ്രന്ഥത്തിനും സർവ്വവിധ മംഗളങ്ങളെയും അഭ്യർത്ഥിച്ചുകൊണ്ട് വിരമിക്കുന്നു.

വിദ്വജ്ജനവിധേയൻ,

കാവുങ്കൽ നീലകണ്ഠപ്പിള്ള.

Since 1923

ആയുർവേദപ്രകാശിക

വിഷയവിവരം.

വിഷയം	പേജ്.
ഒന്നാം അദ്ധ്യായം.	
മംഗളാചരണം	1
ആയുർവേദലക്ഷണം	,,
ആയുർവേദത്തിന്റെ ഉത്ഭവം	,,
ആയുർവേദത്തിനു അധികാരി	4
ചികിത്സാംഗങ്ങൾ	5
രോഗി	,,
ഔഷധം	,,
പരിചാരകൻ	,,
സുഖസാദ്ധ്യരോഗങ്ങൾ	,,
കൃച്ഛ്രസാദ്ധ്യങ്ങൾ	6
യാപ്യം	,,
അസാദ്ധ്യം	,,
രണ്ടാം അദ്ധ്യായം.	
അഷ്ടസ്ഥാനപരീക്ഷ	6
നാഡിപരീക്ഷ	,,
നാഡിപരീക്ഷകൊണ്ടു രോഗമറിയാനുള്ള കാരണം	7
നാഡിപരീക്ഷിക്കുന്നക്രമം	,,
നാഡിപരീക്ഷിക്കാൻ പാടില്ലാത്തവർ	,,
നാഡിലക്ഷണങ്ങൾ	,,
വാതനാഡി	,,
പിത്തനാഡി	,,
കഫനാഡി	8
വാതപിത്തനാഡി	,,
വാതശ്ലേഷ്മനാഡി	,,
പിത്തവാതനാഡി	,,
പിത്തശ്ലേഷ്മനാഡി	,,
ശ്ലേഷ്മവാതനാഡി	,,
ശ്ലേഷ്മപിത്തനാഡി	,,
അതിവാതനാഡി	,,
അതിപിത്തനാഡി	,,
അതിശ്ലേഷ്മനാഡി	,,
വാതപിത്തശ്ലേഷ്മനാഡി	,,
ഒരുമിനിട്ടിൽ നാഡിനടക്കുന്നതിനുള്ള പ്രമാണം	9
നാഡിപരീക്ഷകൊണ്ടു രോഗം നിശ്ചയിക്കുന്നവിധം	,,
അസാദ്ധ്യരോഗങ്ങൾ പിടിപെട്ടിരിക്കുമ്പോളുണ്ടാകുന്ന നാഡിചലനം	10
സാദ്ധ്യരോഗങ്ങൾ പിടിപെട്ടിരിക്കുമ്പോളുണ്ടാകുന്ന നാഡിചലനം	,,
അപായത്തെ കാണിക്കുന്ന നാഡിചലനം	,,
നാഡിയുടെ വ്യത്യാസങ്ങൾ	11
മണിക്കെട്ടുനു രോഗിക്കുണ്ടാകുന്ന കൂടാതെ രോഗങ്ങൾ അറിയുന്നവിധം	,,
നാഡിനോക്കി ത്രിദോഷകോപങ്ങളെ നിശ്ചയിക്കുന്നതിനുള്ള വഴി	12
വാതഗതി	13
സുഖനാഡിലക്ഷണം	,,
ദോഷനാഡിലക്ഷണം	,,
മരണനാഡിലക്ഷണം	,,
സന്നിപാതമരണനാഡിലക്ഷണം	,,
സപ്തദിവസാന്തമൃത്യുനാഡിലക്ഷണം	,,
ഷണ്ണവദിവസത്തിനകമുള്ള മരണലക്ഷണം	14
നാലുദിവസത്തിനകമുള്ളമരണലക്ഷണം	,,
മൂന്നുദിവസത്തിനകമുള്ള മരണനാഡി	,,
ദ്വിനാന്തരമൃത്യുനാഡിലക്ഷണം	,,
സദ്യോമരണനാഡിലക്ഷണം	,,
അരയാമത്തിനകമുള്ള മരണനാഡിലക്ഷണം	,,
മുന്നരയാമത്തിനകം മരണമുണ്ടാകുന്ന നാഡിലക്ഷണം	,,
നാലുയാമത്തിനകം മരണമുണ്ടാകുന്ന നാഡിലക്ഷണം	15
അഭിഘാതരോഗനാഡിലക്ഷണം	,,
ക്ഷതപ്രതോദിപീഡിതനാഡിലക്ഷണം	,,
അരോഗിയുടെ സദ്യോമരണനാഡിലക്ഷണം	,,
വ്യസനത്തോടുകൂടിയവൈദ്യൻ തന്റെ	

വിഷയം.	പേജ്.
പ്പിൽ സഞ്ചരിക്കുന്നവന്റെയും നാഡീലക്ഷണം	,,
ഉപ്പിത്തനാഡീലക്ഷണം	,,
എണ്ണ ശർക്കര മുതലായവ ഭക്ഷിച്ചവന്റെ നാഡീലക്ഷണം	,,
ക്ഷാരരസജോജികളുടെനാഡീലക്ഷണം	,,
ഫലമൂലങ്ങൾ ഭക്ഷിച്ചവന്റെ നാഡീലക്ഷണം	16
മൂന്നു ദോഷങ്ങളും പിടിപെട്ട നാഡീലക്ഷണം	,,
മൂത്രപരിക്ഷ	18
ദോഷാനുസരിച്ചുള്ള മൂത്രത്തിന്റെ നിറം	,,
മൂത്രപരിക്ഷാവിധി	19
സാധ്യലക്ഷണങ്ങൾ	,,
മരണലക്ഷണം	,,
മൂത്രധാരാലക്ഷണം	,,
മൂന്നു ദോഷങ്ങളും പിടിപെട്ടവന്റെ മൂത്രലക്ഷണം	20
മലപരിക്ഷ	,,
അസാധ്യതൈലാവുതിപ്പ്	21
സാധ്യരൂപങ്ങൾ	,,
പ്രേതശാപകുലദോഷലക്ഷണം	,,
സ്വസ്ഥതൈലരൂപം	22
വ്യാധിശമനലക്ഷണം	,,
മലപരിക്ഷ	,,
ജിഹ്വാപരിക്ഷ	23
ശബ്ദപരിക്ഷ	,,
സ്പർശപരിക്ഷ	,,
നയനപരിക്ഷ	,,
ആകൃതിപരിക്ഷ	24
മുഖലക്ഷണം	25
വസ്തുപരിക്ഷ	,,
അശുഭസ്വപ്നങ്ങളും പരിഹാരങ്ങളും	,,
ശുഭസ്വപ്നങ്ങൾ	26
സ്വപ്നഫലാനുഭവകാലം	,,
മൂത്രപരിക്ഷയും ശകുനവും	,,
ശുഭശകുനങ്ങൾ	27

൧൨-ാം അദ്ധ്യായം.

ശരീരം കല മുതലായവയുടെ വിവരം	28
ധാതുമുതലായവയുടെ സംഖ്യ	,,
ഏഴുകലകൾ	,,
ഏഴാശയങ്ങൾ	,,
സംപൂധാതുക്കൾ	,,
ഏഴുമലങ്ങൾ	,,
ഏഴുപധാതുക്കൾ	30
ഏഴുചർമ്മങ്ങൾ	,,
൩ ദോഷങ്ങൾ	31
വായു(അല്ലെങ്കിൽ) വാതം	,,
പിത്തം	,,
കഫം (ശ്ലേഷ്മം)	32
സ്നായു	,,
സന്ധി	,,
എല്ല	33
ഹൃൽഹൃസം, പ്ലീഹ, യകൃത്	,,
തിലാവയവം	,,
വൃക്കം	34
മുഷ്കണങ്ങൾ (ബീജം)	,,
ലിംഗം	,,
ഹൃദയം	,,
ആയുസ്സും മരണവും	35
രോഗങ്ങളെ തടുക്കുന്നതു	,,
രോഗാരോഗ്യകരണങ്ങൾ	36
സൃഷ്ടിക്രമം	,,
മൂലപ്രകൃതി മുതലായതു	,,
ഏകാദശേന്ദ്രിയങ്ങൾ	,,
പഞ്ചേതനാതുക്കൾ	,,
പഞ്ചഭൂതങ്ങൾ മുതലായവ	,,
൨൪ തത്വങ്ങൾ	37
ജീവാത്മാവും അതിന്റെ സ്ഥിതിയും	,,
ആഹാരം ശരീരത്തിൽ ചെന്നു പാകമാകുന്നതു	,,
മലങ്ങൾ	38
രസം രക്തമായി മറ്റുന്നതു	39
ധാതുക്കളുടെ പരിണാമം	,,
വയസ്സിനുതക്കവിധത്തിൽ ഔഷധപ്രമാണം	,,
വയസ്സിനുതക്കവിധത്തിലുള്ള ചികിത്സ മുതലായതു	40
ആപൂർണ്ണം	,,

൧൩-ാം അദ്ധ്യായം.

വാതാദിപ്രകൃതിലക്ഷണം:—	
വാതപ്രകൃതി	40
പിത്തപ്രകൃതി	,,
കഫപ്രകൃതി	41
മിശ്രപ്രകൃതി	,,
നിദ്രമുതലായവ	,,
മൈഥുനം മുതലായവയുടെ വിവരണം	,,
ദോഷാദിവിജ്ഞാനീയം	42

മലയാളി Since 1923

വിഷയം.	പേജ്.
വികാരത്തെ പ്രാപിക്കാത്ത വാതം	,,
വർദ്ധിച്ച വാതം	,,
വാതക്ഷയം	,,
വാതത്തിന്റെ സ്ഥാനങ്ങൾ	,,
വികാരത്തെ പ്രാപിക്കാത്ത പിത്തം	43
വർദ്ധിച്ച പിത്തം	,,
പിത്തത്തിന്റെ സ്ഥാനങ്ങൾ	,,
വികാരത്തെ പ്രാപിക്കാത്തകഫം	44
കഫം വർദ്ധിച്ചാൽ	,,
കഫം ക്ഷയിച്ചാൽ	,,
കഫത്തിന്റെ വർദ്ധങ്ങൾ	,,
രസധാതു	45
രക്തധാതു	,,
മാംസം	,,
മേദസ്സു	,,
അസ്ഥി	46
മജ്ജാ	,,
അന്നമലം	,,
മൂത്രം	,,
വിയർപ്പു	,,
ദോഷങ്ങളുടെ വിശേഷകാലങ്ങൾ:—	
വാതകാലങ്ങൾ	47
പിത്തകാലങ്ങൾ	,,
കഫകാലങ്ങൾ	,,
ദോഷകോപങ്ങളനുസരിച്ചുള്ള ജാരോഗിയുടെ മാറ്റം	48
വാതകോപലക്ഷണങ്ങൾ	,,
പിത്തകോപലക്ഷണങ്ങൾ	,,
കഫകോപലക്ഷണങ്ങൾ	,,
സംസർഗ്ഗസന്നിപാതകോപലക്ഷണങ്ങൾ	,,
ദോഷങ്ങളുടെ ചയപ്രകോപകാലങ്ങൾ	49
രോഗഹേതുക്കൾ	,,
ദോഷകോപകാരണം	,,
അഗ്നിന്റെ ഹീനാധിയോഗങ്ങൾ	,,
കാലത്തിന്റെ ഹീനാധികമിഥ്യായോഗങ്ങൾ	50
വസന്തഋതുവിൽ ഹിതാഹിതങ്ങൾ	52
ശരൽകാലത്തിൽ ഹിതാഹിതങ്ങൾ	,,
ഹേമന്തകാലത്തിൽ ഹിതാഹിതങ്ങൾ	53
ശിശിരകാലത്തിൽ ഹിതാഹിതങ്ങൾ	,,
വസന്തകാലത്തിൽ ഹിതാഹിതങ്ങൾ	,,
ഗ്രീഷ്മകാലത്തിൽ ഹിതാഹിതങ്ങൾ	54
കർമ്മത്തിന്റെ ഹീനാധികമിഥ്യായോഗങ്ങൾ	,,

വിഷയം	പേജ്.
വേഗങ്ങൾ	,,
അധോവായു	,,
ശാന്തി	55
മലം	,,
ശാന്തി	,,
മൂത്രം	,,
ശാന്തി	,,
ഉദ്ഗാരം (ഉഴൽവായു)	,,
ശാന്തി	,,
തുമ്മൽ	,,
ശാന്തി	,,
തൃഷ്ണ	56
ശാന്തി	,,
വിശപ്പു	,,
ശാന്തി	,,
ഉറക്കം	,,
ശാന്തി	,,
ക്ഷമ	,,
ശാന്തി	,,
ശ്രമശ്വാസം	,,
ശാന്തി	,,
കോട്ടുവാ	57
ശാന്തി	,,
കണ്ണുനീർ	,,
ശാന്തി	,,
ഛർദ്ദി	,,
ശാന്തി	,,
ശുക്ലം	,,
ശാന്തി	,,
വേഗാധാരണം സംബന്ധിച്ച പൊതുവിധികൾ	,,
അടക്കേണ്ട വേഗങ്ങൾ	58
മലങ്ങൾ	,,
ഔഷധകരോഗങ്ങൾ	,,
ശാന്തി	,,
ആരോഗ്യത്തിനുവേണ്ട മുഖ്യസംഗതികൾ	,,
ദോഷങ്ങൾ	59
അനുപദേശലക്ഷണം	,,
ജാംഗലദേശലക്ഷണം	,,
സാധാരണം	,,
ദിനചര്യ	,,
എഴുന്നേല്ക്കേണ്ട സമയം	,,
കണി	,,
മലവിസർജ്ജനം	60
ദന്തകാഷ്ഠവിധിയും ദന്തശോധനയും	,,

വിഷയം	പേജ്.
ഓരോന്നുകൊണ്ടും പല്ലുതേച്ചാലുള്ള ഗുണങ്ങൾ	,,
പല്ലുതേക്കാൻ ഉപയോഗിച്ചുകൂടാത്ത തൃണരാജകങ്ങൾ	61
പല്ലുതേച്ചുകൂടാത്തവർ	,,
നസ്യംചെയ്യുക	,,
ഗണ്ഡൂഷം	,,
നസ്യവിധി	62
അഞ്ജനവിധി	,,
കണ്ണിൽ അഞ്ജനമെഴുതിക്കൂടാത്തവർ	,,
കവളരക്തം	,,
വ്യായാമം	63
വ്യായാമംചെയ്യാൻ പാടില്ലാത്തവർ	,,
അതിവ്യായാമം കൊണ്ടുള്ള രോഗങ്ങൾ	,,
അഭ്യംഗം (എണ്ണതേപ്പ്)	,,
പാദസംമർദ്ദനം	64
അപഗതസ്നാനം	,,
ഉദ്വർത്തനം (തിരുമ്മൽ)	,,
മുഖലേപനം	,,
സ്നാനവിധി	65
കുളിക്കാൻ പാടില്ലാത്തവർ	,,
വസ്ത്രധാരണം	,,
പുഷ്പധാരണം	,,
പുഷ്പാഭരണാദിധാരണഗുണങ്ങൾ	66
ഭോജനവിധി	,,
ക്ഷുത്തൃഡാദികളെ തടുക്കുന്നതു കൊണ്ടുള്ള ദോഷം	67
ആഹാരസ്ഥാനം	,,
ഭോജനപാത്രം	68
ഭോജനസമയം ആദ്യമായി ഉപയോഗിക്കേണ്ടതു്	,,
ഭോജനക്രമം	,,
സാത്മ്യമുള്ള ആഹാരഗുണങ്ങൾ	69
ത്രിവിധ ഭക്ഷ്യങ്ങൾ	,,
ഷഡ്വിധാഹാരങ്ങൾ	,,
മാത്ര	70
ഗുരുതരലഘുദ്രവ്യങ്ങളുടെ മാത്ര	,,
മൂന്നുവിധ ലംഘനക്രമങ്ങൾ	71

ഔപക്രമികദോഷത്തിന്റെ പ്രകാരഭേദങ്ങൾ:—

ആമജീർണ്ണം	72
വിഷ്ടബ്ധം	,,
വിദഗ്ദ്ധം	,,

വിഷയം.	പേജ്.
വിദഗ്ദ്ധം	,,
രസശേഷാമം	,,
അജീർണ്ണസാമാന്യലക്ഷണങ്ങൾ	,,
അജീർണ്ണപരിഹാരങ്ങൾ	73
മാത്രാലംഘനംകൊണ്ടല്ലാതെയുള്ള അജീർണ്ണം	,,
ഭോജനപ്രമാണം	,,
പഥ്യം	74
ഭക്ഷണവർജ്ജ്യങ്ങൾ	,,
ധൂമപാനവും താംബൂലചർവ്വണവും	,,
താംബൂലത്തിന്റെ ഗുണങ്ങൾ	75
അടയ്ക്കായുടെ ഗുണങ്ങൾ	,,
കുത്തിനേയും ചുണ്ണാമ്പിനേയും ഗുണങ്ങൾ	,,
കൂട്ടത്തോടെയായി വെറുതിലതിന്നുന്നതു കൊണ്ടുള്ള ദോഷങ്ങൾ	,,
ഭക്ഷണാനന്തരകൃത്യം	76
പാദുകം	,,
ദിവാസ്വാപം	,,
രാത്രിചര്യ	,,
രാത്രിഭോജനസമയം	77
മൈഥുനം	,,
ഗർഭിണിയാകാൻ പാടില്ലാത്ത സ്ത്രീകൾ	,,
സ്ത്രീകൾ	,,
ഉടനടി ബലം വർദ്ധിപ്പിക്കുന്ന അറുകായ്ത്തങ്ങൾ	,,
ഉടനടി ബലം നശിപ്പിക്കുന്ന അറുകായ്ത്തങ്ങൾ	78
അനിയതാധീനഗുണം	,,
മൈഥുനത്തിന്റെ അളവു്	,,
ക്രമത്തിൽ കൂട്ടതലായുള്ള മൈഥുനം കൊണ്ടുള്ള ദോഷം	,,
മൈഥുനാജ്ജീർണ്ണലക്ഷണങ്ങൾ	,,
സംഭോഗശക്തിന്റെ അവസാനത്തിൽ ചെയ്യേണ്ടതു	79

൪-ാം അദ്ധ്യായം.

കർമ്മവിപാകകാണ്ഡം	,,
ജ്വരം	,,
ശാന്തി	,,
ശീതജ്വരം	,,
ശാന്തി	,,
മുഖ്യമർമ്മങ്ങളിലുണ്ടാകുന്ന സകല ജ്വരങ്ങൾക്കും ശാന്തികർമ്മം	,,
ഗ്രഹനില	80

Since 1923

വിഷയം	പേജ്.
ക്ഷയരോഗം	,,
ശാന്തി	,,
ഗ്രഹദോഷം	,,
ശാന്തി	,,
പാണ്ഡുരോഗം	,,
ശാന്തി	81
ശിരോരോഗസഹിതമായ പാണ്ഡുരോഗം	,,
ശാന്തി	,,
ഗ്രഹദോഷം	,,
ശാന്തി	,,
മന്ത്രം	,,
അതിസാരം	,,
ശാന്തി	,,
മന്ത്രം	82
ഗ്രഹദോഷം	,,
ഗ്രഹണിരോഗം	,,
ശാന്തി	,,
മന്ത്രം	,,
ഗ്രഹദോഷം	,,
ഗുദരോഗം	83
ശാന്തി	,,
അർശോരോഗം	,,
ശാന്തി	,,
മന്ത്രം	,,
ഗ്രഹദോഷം	,,
കാസശ്വാസരോഗം	,,
ശാന്തി	,,
രക്തസംബന്ധികളായ കഫരോഗ	
ങ്ങളുള്ള മനുഷ്യർ	84
മന്ത്രം	,,
ഗ്രഹദോഷം	,,
വിശേഷം	,,
കർമ്മവിപാകം	,,
ശാന്തി	,,
മന്ത്രം	85
മന്ദാഗ്നിയും അരുചിയും	,,
ശാന്തി	,,
ഗ്രഹദോഷം	,,
ശാന്തി	,,
മൂർച്ഛരോഗം	,,
ശാന്തി	,,
ഗ്രഹദോഷം	86
ശാന്തി	,,
ഛർദ്ദിരോഗവും മൂർച്ഛരോഗവും	,,
ശാന്തി	,,

വിഷയം.	പേജ്.
ഗ്രഹദോഷം	,,
ശാന്തി	,,
പിനാതൃയമഹോന്മാദരോഗങ്ങൾ	,,
ശാന്തി	,,
ഗ്രഹദോഷം	87
ശാന്തി	,,
ഓക്കാ(മുട്ടനീറക്കം)രോഗം	,,
ശാന്തി	,,
മന്ത്രം	,,
ഗ്രഹദോഷം	,,
ശാന്തി	,,
ഉപസൂരരോഗം	,,
ശാന്തി	88
ബലിമന്ത്രം	,,
ഗ്രഹദോഷം	,,
ശാന്തി	,,
വാതരോഗം	89
ശാന്തി	,,
ധാരയന്ത്രം	,,
നാമത്രയം	,,
മന്ത്രം	,,
ഗ്രഹദോഷം	,,
ശാന്തി	90
വാതരക്തരോഗം	,,
ശാന്തി	,,
മന്ത്രം	,,
ഗ്രഹദോഷം	,,
ശാന്തി	,,
ഉന്മാദവും ആമവാതവും	91
ശാന്തി	,,
കർമ്മവിപാകം	,,
ശാന്തി	,,
ശൂലരോഗം കർമ്മവിപാകം	,,
അജീർണ്ണശൂല	,,
അരുചിശൂല	,,
ശിരഃശൂല	,,
കർണ്ണശൂല	,,
വസ്തിശൂല	,,
ന്യ ശൂല	,,
ശാന്തികർമ്മങ്ങൾ	92
മന്ത്രം	,,
ഗ്രഹദോഷം	,,
ശാന്തി	,,

Since 1923

വിഷയം	പേജ്.
ഉദാവർത്തവും ആധ്മാനവും	,,
കർമ്മവിപാകം	,,
ശാന്തി	93
മന്ത്രം	,,
ഗ്രഹദോഷം	,,
ശാന്തി	,,
ഗുഹ്യരോഗം	,,
ശാന്തി	,,
ഗ്രഹദോഷം	,,
ഹൃദ്രോഗം	,,
ശാന്തി	,,
ഗ്രഹദോഷം	94
മൂത്രകൃച്ഛ്രം	,,
കർമ്മവിപാകം	,,
ശാന്തി	,,
മന്ത്രം	,,
ഗ്രഹദോഷം	,,
അശ്മരിരോഗം	,,
കർമ്മവിപാകം	,,
ശാന്തി	,,
ഗ്രഹദോഷം	95
പ്രമേഹം	,,
കർമ്മവിപാകം	,,
ശാന്തി	,,
ദാനമന്ത്രം	,,
ഗ്രഹദോഷം	,,
മേദോരോഗം	,,
ശാന്തി	,,
ഗ്രഹനില	,,
ഉദരരോഗം	,,
കർമ്മവിപാകം	96
ശാന്തി	,,
ഗ്രഹനില	,,
ശ്വയഥുരോഗം	,,
ശാന്തി	,,
ഗ്രഹനില	,,
ശാന്തി	,,
ദാനമന്ത്രം	97
വൃക്കണരോഗം	,,
ശാന്തി	,,
അന്ത്രരോഗം	,,
ഗ്രഹനില	,,
നാഭിശൂലം കണ്ഠമാല അപചി ഈ രോഗങ്ങൾ	98

വിഷയം.	പേജ്.
ശാന്തി	,,
ഗ്രഹനില	,,
അർബുദരോഗം	,,
ശാന്തി	,,
ഗ്രഹനില	,,
ശ്ലീപദരോഗം	,,
ശാന്തി	,,
വിദ്രധിരോഗം	,,
ശാന്തി	,,
ഗ്രഹനില	99
വ്രണരോഗം	,,
ശാന്തി	,,
ഗ്രഹനില	,,
ഭഗന്ദരരോഗ	,,
ശാന്തി	,,
ഗ്രഹദോഷം	,,
ഉപദംശക്ഷുദ്രകരോഗങ്ങൾ	100
ശാന്തി	,,
ദാനമന്ത്രം	,,
ഗ്രഹദോഷം	,,
കുഷ്ഠരോഗം	,,
ശാന്തി	,,
ദാനമന്ത്രം	,,
ഗ്രഹനില	,,
ശ്വേതകുഷ്ഠം ശ്വിത്രം പാമ കണ്ഡു ശീതപിത്തം ഇവകൾ	101
ശാന്തി	,,
ത്വഗായുർ	,,
ഗ്രഹനില	,,
ശാന്തി	,,
ഗ്രഹദോഷം	102
വല്മീകപാലരോഗം	,,
ശാന്തി	,,
മന്ത്രം	,,
മുഖരോഗങ്ങൾ	,,
ശാന്തി	,,
ദാനമന്ത്രം	103
ഗ്രഹദോഷം	,,
നഖരോഗങ്ങൾ	,,
ശാന്തി	,,
ദാനമന്ത്രം	,,
ഗ്രഹദോഷം	,,
ശിരോരോഗങ്ങൾ	,,
കർമ്മവിപാകം	104
ശാന്തി	,,

Since 1923

വിഷയം.	പേജ്.
മോനമന്ത്രം	,,
ഗ്രഹദോഷം	,,
പ്രദരരോഗം	,,
ശാന്തി	,,
ഗ്രഹനില	105
വാഷ്കരോഗങ്ങൾ	,,
ശാന്തി	,,
ഗ്രഹനില	,,
ഷണ്ഡരോഗം	,,
ശാന്തി	,,
ഗ്രഹനില	,,
ആറാം അദ്ധ്യായം.	
രോഗസംഭവകാരണങ്ങൾ	,,
ലക്ഷണം	,,
പരിഹാരം	106
പുറമേ ഉണ്ടാകുന്നശാഖാമാർഗ്ഗരോഗങ്ങൾ	,,
കോഷ്ഠത്തെ ആശ്രയിച്ചുണ്ടാകുന്ന അന്തർഭേദങ്ങൾ	,,
അസ്ഥിസന്ധിയെ ആശ്രയിച്ചുണ്ടാകുന്ന രോഗങ്ങൾ	,,
സ്വതന്ത്രവ്യൂഢിയും പരതന്ത്രവ്യൂഢിയും	,,
വ്യൂഢികളുടെ ഗുണലക്ഷണാദ്യുപാവസ്ഥകൾ	107
62 പ്രകാരത്തിലുള്ള ദോഷഭേദങ്ങൾ	108
ദോഷചികിത്സ	110
വാതം	111
പിത്തം	,,
കഫം	,,
കഫദോഷശമനത്തിനുള്ള പ്രധാന ചികിത്സകൾ	,,
സംസർഗ്ഗദോഷാദികോപശമനം	112
ഔഷധങ്ങൾ ഉപയോഗിക്കുന്നകാലങ്ങൾ	,,
പഥ്യങ്ങൾ ഉള്ള അന്നാവസ്ഥകൾ	,,
രസങ്ങൾ	113
ഗുണങ്ങൾ	,,
വീര്യങ്ങൾ	,,
വിപാകങ്ങൾ	,,
പ്രഭാവം	,,
ദീപനപാചനാദിഗുണങ്ങൾ	114
പാചനവും ദീപനപാചനവും ചെയ്യുന്നതുകൾ	,,
ശമനകരി	,,
അനുലോമനകരി	,,
സ്രംസനകരി	,,
ഭേദനകരി	115
രേചനകരി	,,

വിഷയം.	പേജ്.
വമനകരി	,,
ദോഷസംശോധനകരി	,,
ഛേദനകരി	,,
ലേഖനകരി	,,
ഗ്രാഹി	116
സ്തംഭനകരി	,,
രസായനകരി	,,
വാജീകരണകരി	,,
ശുക്ലവർദ്ധനകരി	,,
ആർത്തവജനനകരിയും സ്തംഭനകരിയും	,,
സൂക്ഷ്മകരി	,,
വ്യവായി	,,
വികാസി	117
മദകരി	,,
യോഗവാഹി	,,
പ്രമാഥി	,,
അഭിഷ്യന്ദി	,,
൭-ാം അദ്ധ്യായം.	
സ്നേഹപാനവിധി.	
നാലുവിധ സ്നേഹങ്ങൾ	,,
സ്നേഹങ്ങൾതമ്മിൽചേർക്കുമുതലായതു	118
സ്നേഹപാനത്തിന്റെ അളവുകളും ഉപയോഗങ്ങളും	,,
ഘൃതപാനംചെയ്യുന്നക്രമങ്ങൾ	119
തൈലപാനത്തിനു യോഗ്യന്മാർ	,,
വസാപാനത്തിനു യോഗ്യന്മാർ	,,
മജ്ജാപാനത്തിനു യോഗ്യന്മാർ	,,
സ്നേഹപാനത്തിനു തക്ക കാലങ്ങൾ	,,
നസ്യംമുതലായേവയ്ക്കുതക്കസ്നേഹങ്ങൾ	120
സ്നേഹത്തിനു അനുപാനങ്ങൾ	,,
സ്നേഹപാനത്തിനു വെറുപ്പുള്ളവർക്കു ചെയ്യുന്നുപായങ്ങൾ	,,
ക്രമംകേടായസ്നേഹപാനംകൊണ്ടുണ്ടാകുന്ന ദോഷങ്ങളും പരിഹാരവും	,,
സ്നേഹപാനംചെയ്യാൻപാടില്ലാത്തവർ	121
സ്നേഹപാനംചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങൾ	,,
ശരീരസ്നിഗ്ദ്ധാവസ്ഥയെന്നുള്ളതിലക്ഷണങ്ങൾ	,,
അധികംസ്നിഗ്ദ്ധാവസ്ഥയുടെ ലക്ഷണങ്ങൾ	122
അതിസ്നിഗ്ദ്ധാവസ്ഥയിലും രൂക്ഷാവസ്ഥയിലും ചെയ്യുന്ന ചികിത്സകൾ	,,
സ്നേഹം ഉപയോഗിക്കുന്നതുകൊണ്ടു	

വിഷയം.	പേജ്.
ഞാകന്നഗുണങ്ങൾ	,,
സ്നേഹങ്ങളെ ഉപയോഗിക്കേണ്ടവർ	
വർജ്ജിക്കേണ്ടതുകൾ.	,,
൫-ാം അദ്ധ്യായം.	
സ്വേദവിധി.	
നാല്വിധ സ്വേദങ്ങളും അതിന്റെ	
ഉപയോഗങ്ങളും	,,
മൂന്നുവിധ സ്വേദങ്ങളും അതിന്റെ	
ഉപയോഗങ്ങളും	123
അവസ്ഥയ്ക്കുതകുംവിധത്തിൽ വെയ്ക്കേ	
യുള്ള സ്വേദമുറകൾ	,,
ഒരുംസ്വേദകർമ്മത്തിനുതക്കരോഗികൾ	,,
സ്വേദത്തിനുതക്കഅവസ്ഥയും കാലവും	,,
സ്വേദചികിത്സയെ ഫലപ്രദമാക്കുന്ന	
തിനുള്ള ഉപായം	,,
സ്വേദചികിത്സയ്ക്കു അയോഗ്യന്മാർ	124
മൃദുസ്വേദത്തിനുതക്ക അവസ്ഥ	,,
കണക്കൽക്കൂട്ടതലായി സ്വേദക്രിയ	
ചെയ്താൽ ഉണ്ടാകുന്ന ദോഷവും	
പരിഹാരവും	,,
താപസ്വേദം	,,
ഊഷ്മസ്വേദമുറകൾ	,,
ഉപനാഹസ്വേദം	125
ദ്രവസ്വേദം	126
സ്വേദചികിത്സയെനിറുത്തേണ്ട സമയം കി	
സ്വേദചികിത്സയുടെ അവസാനത്തിൽ	
ചെയ്യേണ്ടതുകൾ	,,
൬-ാം അദ്ധ്യായം.	
വമനവിധി	
വമനവിരേചനങ്ങൾക്കൊത്ത കാലങ്ങൾ	,,
വമനക്രിയയ്ക്കു യോഗ്യന്മാർ	127
വമനചികിത്സചെയ്യാത്തക വ്യാധികൾ	,,
വമനക്രിയയ്ക്കു യോഗ്യരല്ലാത്തവർ	,,
അതിദുരക്ഷായംകൊണ്ടുള്ള വമനം	,,
പ്ലീഹാർശസ്സുതലായുള്ള ശരീരഭാഗം	
കറഞ്ഞവരെ ഛർദ്ദിപ്പിക്കുന്നതു്	,,
വമനത്തിനുപയോഗിക്കേണ്ട	
പൊതുമരുന്നുകൾ	128
വമനത്തിനുശേഷം പോകപ്പെടു	
ത്തുന്നദോ	,,
വമനത്തിനു മരുന്നുകൾ ഉപയോ	
ഗിക്കുന്നുള്ള അളവു	,,
വമനാദികൾക്കുള്ളിൽപ്രസ്തുതി	
ന്റെ ചരിത്രം	129
കഠാസ്സു വാതപിത്തകഫങ്ങൾകൊണ്ടു	

വിഷയം.	പേജ്
ണ്ടായരോഗങ്ങളിൽവമനത്തിനുള്ള	
മരുന്നുകൾ	,,
കഫംമുതലായതുകൊണ്ടുണ്ടായ രോഗങ്ങ	
ളിൽ വമനത്തിനുള്ള മരുന്നുകൾ	,,
വമനോപചാരങ്ങൾ	,,
ഉർദ്ധർട്ടി	130
അതിവമനം	,,
അതിവമനംകൊണ്ടുണ്ടാകുന്ന ദോ	
ങ്ങളെ ശമിപ്പിക്കുന്നതിനുള്ളവഴി	,,
ക്രൂപ്രകരം ഛർദ്ദിയുണ്ടായതിന്റെ	
ലക്ഷണങ്ങൾ	,,
വമനത്തിന്റെ പഥ്യങ്ങൾ	131
വമനംകൊണ്ടു ശമിപ്പിക്കാവുന്ന	
വ്യാധികൾ	,,
വമനചികിത്സയിൽ അപഥ്യങ്ങൾ	,,
വിരേചനവിധി.	
വിരേചനത്തിനു മുമ്പേചെയ്യേണ്ട	
ചികിത്സകൾ	,,
വിരേചനത്തിനു തക്കകാലം	,,
വിരേചിപ്പിക്കുത്തക്ക ദോഷങ്ങൾ	132
വിരേചനത്തിന്റെ മഹത്വം	,,
വിരേചിപ്പിക്കൻ പാടില്ലാത്തവർ	,,
വിരേചിപ്പിക്കാവുന്ന രോഗികൾ	,,
കുടലുകളുടെ ഗുണദോഷങ്ങളും വിരേചിപ്പി	
ക്കുന്നതിനുള്ള ഔഷധമാത്രകളും	,,
കുടലുകളുടെ അവസ്ഥയ്ക്കു യോജിച്ചവിരേ	
ചനൗഷധങ്ങൾ	133
വിരേചനത്തിൽ ഉത്തമമദ്ധ്യമഹീനരോഗ	
ങ്ങൾ	,,
വിരേചനത്തിനു പൊതുവേയുള്ള കഷായ	
ങ്ങളുടെ ഉത്തമമദ്ധ്യമഹീനമാത്രകൾ	,,
വിരേചനത്തിനു ഉപയോഗിക്കുന്ന കല്ക്കം	
മുതലായവകളുടെ അളവു്	,,
വിതാദിദോഷങ്ങൾക്കു പഠിയ വിരേച	
നൗഷധങ്ങൾ	,,
അതതു ദ്രവ്യകൾക്കോ വിരേചനൗഷ	
ധങ്ങൾ	134
വിരേചനത്തിൽ ഏറ്റവും നല്ലതായ	
അളവുമേദകം	,,
വിരേചനത്തിനുള്ള മരുന്നുകൾ സേവിച്ച	
തിന്റെശേഷം ചെയ്യേണ്ടവിധികൾ	135
ഒവിരേചനത്തിന്റെ ലക്ഷണങ്ങളും ചി	
കിത്സയും	,,
അതിവിരേചനത്തിന്റെ ലക്ഷണങ്ങളും	
ചികിത്സയും	,,

വിഷയം. പേജ്.

ക്രമപ്രകാരം വിരേചനമുണ്ടായതിന്റെ ലക്ഷണങ്ങളും അതിന്റെ ശേഷമുള്ള ഉപചാരങ്ങളും 136

വിരേചനത്തിന്റെ ഉപയോഗം ,,

വിരേചനത്തിനു മരുന്നുസേവിച്ചവർ ചെയ്യേണ്ടപ്പെടാത്തവകൾ ,,

വിരേചനത്തിൽ പത്ഥ്യങ്ങൾ ,,

൪-ാം അദ്ധ്യായം

വസ്തിവിധി.

രണ്ടുപ്രകാരത്തിലുള്ള വസ്തികൾ 137

ഈ വസ്തികളും ചെയ്യുന്നക്രമം ,,

മാത്രാവസ്തി ,,

അനുവാസന വസ്തിക്കു തക്കവരും അല്ലാത്തവരും 138

നേത്രവിവരണം ,,

രണ്ടു വസ്തിക്കും കൊള്ളാത്തവർ ,,

വസ്തിക്കു കൊള്ളിക്കാവുന്ന വസ്തുക്കൾ 139

ഈ വസ്തിയുടെ നേത്രം ,,

വസ്തിയുടെ മഹിമ

അനുവാസന വസ്തിക്കു തക്കകാലങ്ങൾ ,,

ക്രമംതെറ്റിയ അനുവാസന വസ്തി കൊണ്ടുണ്ടാകുന്ന ദോഷങ്ങൾ ,,

അനുവാസന വസ്തിയുടെ ഉത്തമമദ്ധ്യമഹീനമാത്രകൾ 140

ശതാവാതൈലവിരേകവും അനുവാസനത്തിനൊത്ത ആഹാരവും ,,

അനുവാസനം ചെയ്യേണ്ടക്രമം ,,

അനുവാസനവസ്തിക്രമപ്രകാരം നിറവേറിയെന്നുള്ളതിന്റെ ലക്ഷണങ്ങളും 141

അനുവാസനവസ്തി ചെയ്യുതിന്റെ ശേഷം കൊടുക്കേണ്ട ആഹാരങ്ങൾ ,,

സ്നേഹം കടലിൽ തങ്ങി ദോഷം ഉണ്ടാകാതെ ഇരിക്കാനുള്ള ഉപായം ,,

എത്രതവണ അനുവാസനം ചെയ്യണമെന്ന് ,,

മാത്രാ സ്നേഹവസ്തിക്കുമുണ്ടാകുന്ന ഗുണങ്ങൾ 142

ദിവസംതോറും അനുവാസനവും നിരൂഹവും ചെയ്യുന്നവർ ,,

വളരെക്കാലത്തോളവും അനുവാസനവസ്തിചെയ്യിക്കേണ്ടവർ ,,

അനുവാസനവസ്തികൊണ്ടു ഫലം

വിഷയം. പേജ്.

സിദ്ധിയായില്ലെങ്കിൽ ചെയ്യേണ്ട ഉപായങ്ങൾ ,,

അനുവാസനത്തിനുള്ള ഇടുചൂരിതൈലം 143

ക്രമംതെറ്റിയ അനുവാസനവസ്തി കൊണ്ടുണ്ടാകുന്ന ദോഷങ്ങൾ ,,

അനുവാസനത്തിനുശേഷമുള്ള അന്നപാനങ്ങളുടെ ക്രമം 145

നിരൂഹവസ്തിവിധി ,,

നിരൂഹവസ്തിയിൽ കഷായാദികൾക്കുള്ള പൊതുവിധി 146

നിരൂഹവസ്തിക്കു യോഗ്യരല്ലാത്തവർ ,,

നിരൂഹവസ്തിക്കു യോഗ്യതയുള്ളവർ ,,

നിരൂഹവസ്തിയുടെ ക്രമം ,,

നിരൂഹവസ്തി ക്രമമായിപ്പറ്റിയതിന്റെ ലക്ഷണങ്ങൾ 147

നിരൂഹവസ്തി ക്രമമായിപ്പറ്റാത്തതിന്റെ ലക്ഷണങ്ങൾ ,,

നിരൂഹാനുവാസനവസ്തികൾ ശരിയായി ചെയ്യാനുള്ള രോഗിയുടെ അവസ്ഥാന്തരം ,,

വാതപിത്തകഫരോഗങ്ങളിൽ നിരൂഹവസ്തിയുടെ ക്രമം ,,

ഉത്തരവസ്തിയും അതിനുതക്കവരും 148

ഉത്തരലേപനാദിവസ്തികളും പ്രയോഗിക്കുന്ന നിയമവും ,,

ഉത്തരലേപനാദി വസ്തിക്കു വേണ്ട പദാർത്ഥങ്ങൾ ,,

ശോധനവസ്തിക്കു തക്കമരുന്നുകൾ ,,

ലേഖനവസ്തിക്കു തക്കമരുന്നുകൾ ,,

ബൃംഹണവസ്തിക്കു തക്കമരുന്നുകൾ ,,

പിച്ഛിലവസ്തിക്കു തക്കമരുന്നുകൾ 149

മധുതൈലകവസ്തിയുടെ മരുന്നുമുതലായതുകൾ ,,

ദീപനവസ്തിയും അതിന്റെ മരുന്നുകളും ,,

യുക്തരഥവസ്തിയും അതിന്റെ മരുന്നുകളും 150

സിദ്ധവസ്തിയും അതിന്റെമരുന്നുകളും ,,

നിരൂഹത്തിന്റെശേഷമുള്ള പഥ്യക്രമം ,,

ഉത്തരവസ്തിവിധി;—

ഉത്തരവസ്തിയിൽ കണ്ണിന്റെ (കഴലിന്റെ) ആളവു ,,

ഉത്തരവസ്തിയിൽ രൂക്ഷാദ്ധം ഉപയോഗിക്കുന്നതിലേക്കുള്ള പൊതു

വൈദ്യസംബന്ധമായി എല്ലാം അറിയാവുന്നവർ. അല്ലാത്തവർ വൈദ്യവേഷധാരികളായ കള്ളന്മാരാണ്.

ചികിത്സാംഗങ്ങൾ.

രോഗി, ദൂതൻ, വൈദ്യൻ, ദീർഘായുസ്സ്, വ്യാധി, സുസേവകൻ (നല്ലുഴിയൻ) സദൌഷധം (ഫലിക്കുന്നമരുന്നുകൾ) ഇവയാണ് ചികിത്സാംഗങ്ങൾ.

രോഗി.

രോഗി ആയുസ്സുള്ളവനും ദ്രവ്യമുള്ളവനും സത്യവാനും ബന്ധുക്കളോടുകൂടിയവനും വൈദ്യന്റെറനേരെ ഭക്തിയുള്ളവനും ഇന്ദ്രിയങ്ങളെ അടക്കിവയ്പാൻ കഴിയുന്നവനും വൈദ്യൻ ഉപദേശിക്കുന്ന വിധികളെ അനുസരിച്ചു നടക്കാനും നിദാനവ്യാധ്യുപസമാദികളെ പറഞ്ഞറിയിപ്പാനും കഴിയുന്നവനും മനോബലവും ഈശ്വരവിചാരവും ഉള്ളവനും ആയിരിക്കണം.

ഏറ്റവും കോപികളും സാഹസികന്മാരും ഭീരുക്കളും ഉപകാരസ്മരണയില്ലാത്തവരും ഭ്രമിക്കുന്നവരും ദുഃഖപീഡിതന്മാരും മരിപ്പാൻ ആഗ്രഹത്തോടുകൂടിയവരും മനസ്സുതലായ കരണങ്ങൾക്കു ശക്തികുറഞ്ഞവരും വിരോധികളും വൈദ്യവിദ്വേഷന്മാരും ശ്രദ്ധയില്ലാത്തവരും ദുശ്ശങ്കയോടുകൂടിയവരും ഔഷധങ്ങൾ സേവിപ്പിക്കുന്നതിനു നിവൃത്തിയില്ലാത്തവരും അസാദ്ധ്യരോഗങ്ങൾ പിടിപെട്ടവരും ആയ രോഗികളെ ചികിത്സിക്കരുതു്.

ദൂതൻ.

വൈദ്യന്മാരെ വിളിക്കുന്നതിനായി പോകുന്നദൂതന്മാർ, നല്ലജാതിയിൽപ്പെട്ടവരും വ്യഗ്രതയില്ലാത്തവരും സമർത്ഥന്മാരും ശുഭവസ്തുധാരികളും സുഖികളും നല്ലശീലത്തോടുകൂടിയവരും ധർമ്മസംയുതന്മാരും ബലശാലികളും വണക്കമുള്ളവരും വശ്യന്മാരും രോഗിയുടെ ഐശ്വര്യത്തിൽ വലിയതാല്പര്യത്തോടുകൂടിയവരും സത്യഗുണമുള്ളവരും ദൂതകൃത്യത്തിൽ അതിസാമർത്ഥ്യമുള്ളവരും ആയിരിക്കണം.

പരിചാരകൻ.

പരിചാരകന്മാർ വൈദ്യനോടും രോഗിയോടും ദൃഢമായസ്നേഹവും നല്ലശരീരശക്തിയും രോഗിയെ ശുശ്രൂഷിക്കുന്നതിലും രക്ഷിക്കുന്നതിലും മറ്റുള്ള എല്ലാപരിചാരകകൃത്യങ്ങളേയും അനുവർത്തിക്കുന്നതിലും നല്ലസാമർത്ഥ്യവും ബുദ്ധിമാന്ദ്യവും അനുസരണയും സദാചാരപരതയും ഉള്ളവരായിരിക്കണം.

സുഖസാദ്ധ്യരോഗങ്ങൾ.

യൌവനത്തോടും ഇന്ദ്രിയനിഗ്രഹത്തോടുംകൂടിയപുരുഷന്റെറസകല ഔഷധങ്ങളേയും സഹിക്കുന്നതായ ശരീരത്തിൽ മർമ്മസംബന്ധ

തോടുകൂടാതേയും ഹേതു, പൂർവ്വരൂപം, രൂപം ഇവയുടെ ബാഹുല്യത്തോടും ഉപദ്രവത്തോടും, ദൂഷ്യമായദോഷം, ദൂഷ്യ, പ്രകൃതി, ഇവയുടെ സാമ്യത്തോടും കൂടാതേയും ഏകദോഷംമാത്രമായും (അതായത് ത്രിദോഷങ്ങളിൽ ഒന്നുമാത്രം കോപിച്ചുണ്ടായതായും) ഏകമാർഗ്ഗമായും (ബാഹ്യം, അന്തരം ഇവ രണ്ടുമാർഗ്ഗങ്ങളിൽ ഏതിനെമാത്രം ആശ്രയിച്ചുണ്ടായതായും) നവമായും സംഭവിക്കുന്നരോഗം ചികിത്സാംഗസമ്പത്തും നവഗ്രഹങ്ങളുടെ അനുകൂല്യവും ഉണ്ടെങ്കിൽ സുഖസാദ്ധ്യമായിത്തീരും.

കൃച്ഛ്രസാദ്ധ്യങ്ങൾ.

ശസ്ത്രക്ഷാരാദികൾകൊണ്ട് ചികിത്സിക്കപ്പെടേണ്ടതും സുഖസാദ്ധ്യമെന്നും അസാദ്ധ്യമെന്നും പറയാൻപാടില്ലാത്തെവിധത്തിൽ സമ്മിശ്രലക്ഷണങ്ങളോടുകൂടിയതുമായ രോഗങ്ങൾ കൃച്ഛ്രസാദ്ധ്യങ്ങൾ ആകുന്നു.

യാപ്യം.

സുഖസാദ്ധ്യങ്ങളായ രോഗങ്ങൾക്ക പറഞ്ഞലക്ഷണങ്ങളിൽ കുറെ മുക്കാൽ ലക്ഷണങ്ങളോടുകൂടിയ രോഗങ്ങൾ ആയുസ്സിന്റെബലം അനുസരിച്ചു യാപ്യമായിത്തീരും.

അസാദ്ധ്യം.

സുഖസാദ്ധ്യരോഗങ്ങളുടെ ലക്ഷണങ്ങൾക്ക വിപരീതമായ എല്ലാ അശുലക്ഷണങ്ങളോടുംകൂടിയ രോഗം അസാദ്ധ്യമാകുന്നു.

ഒന്നാം അദ്ധ്യായം സമാപ്തം.

രണ്ടാം അദ്ധ്യായം.

അഷ്ടസ്ഥാനപരീക്ഷ.

(എ) നാഡിപരീക്ഷ (ബ) മൂത്രപരീക്ഷ (സ) മലപരീക്ഷ (ദ) ജിഹ്വാ (നാക്ക്) പരീക്ഷ (ഭ) ശബ്ദപരീക്ഷ (ന) സ്പർശപരീക്ഷ (ഉ) നയനപരീക്ഷ (ഫ) ആകൃതിപരീക്ഷ. ഇവയിൽ ഓരോന്നിനേയും സംബന്ധിച്ച പരീക്ഷയാണ് അഷ്ടസ്ഥാനപരീക്ഷ. ഇവയിൽ ഓരോ സ്ഥാനങ്ങളും പരീക്ഷിക്കേണ്ട ക്രമവും ഫലവും വിശദമായി താഴേപ്പറയുന്നു.

(എ) നാഡിപരീക്ഷ.

നാഡിയെ പരീക്ഷിക്കുന്ന സ്ഥാനങ്ങൾ (എ) കൈ (ബ) കണ്ണ (സ) കഴുത്തുഴി (ദ) കാൽപെരുവിരൽ (ഭ) കഴുത്തുകാൽ ഇവകളാണ്. ഇവയിൽ എല്ലാറ്റിലുംവച്ച് കയ്യ് പരീക്ഷിക്കുന്നതാണ് ഉത്തമം.

നാഡിപരീക്ഷകൊണ്ടു് രോഗമറിയാനുള്ള കാരണം.

ഹൃദയം വികസിക്കുകയും (വിരിയുകയും) കുമ്പുകയും (ചുരുങ്ങുകയും) ചെയ്യുമ്പോൾ നാഡിനാഡികളും വിരിയുകയും ചുരുങ്ങുകയും ചെയ്യുന്നുണ്ടു്. ഹൃദയചലനത്തിനു് നാഡീചലനവും ഒത്തിരിക്കുന്നതുകൊണ്ടു ശരീരത്തിൽഉള്ള രോഗങ്ങളെ ഹൃദയം അറിഞ്ഞു നാഡികൾ വഴിനായി അറിയിക്കുന്നു. വീണയിലുള്ള കമ്പികൾ എല്ലാ രാഗങ്ങളേയും പാടുന്നതുപോലെ നാഡികളും എല്ലാ രോഗങ്ങളേയും പ്രകാശിപ്പിക്കും.

നാഡി പരിക്ഷിക്കുന്ന ക്രമം.

വലത്തെ കൂത്തിന്റെ തള്ളവിരലിനു (പെരുവിരലിനു) താഴെ കാണുന്ന നാഡിയെ മണിക്കെട്ടിനു കുറുകെ അംഗുലം മേലായി വൈദ്യന്റെ വലത്തെ പാണിയുടെ മുന്നുവിരൽകൊണ്ടു് (ചൂണ്ടുവിരൽ, നടുവിരൽ മോതിരവിരൽ ഇവകൊണ്ടു്) അമത്തിയും, ഇളക്കിയും (തളത്തിയും) സമമായും (രണ്ടുമല്ലാതെയും) മാറിമാറി പരിശോധിച്ചാൽ നാഡി നടനമറിയാം. പുരുഷന്മാരുടെ വലത്തെ കയ്യും സ്ത്രീകളുടെ ഇടത്തെകയ്യും ഇപ്രകാരം പരിശോധിക്കണം. രണ്ടുകയ്യും പരീക്ഷിക്കുന്നതു് ഏറ്റവും ഉത്തമമാണു്.

നാഡിനോക്കാൻ പാടില്ലാത്തവർ.

അപ്പോൾ സ്നാനംചെയ്തവനേറയും, ഉടനടി കേറിച്ചവനേറയും എണ്ണതേച്ചു കുളിച്ചവനേറയും, സ്ത്രീസംഗംചെയ്തവനേറയും വിശപ്പുകൊണ്ടോ ദാഹംകൊണ്ടോ ക്ഷീണിച്ചവനേറയും ഉറങ്ങിഎഴുനേറ്റിട്ടു അധികസമയം കഴിയാത്തവനേറയും നാഡി പരിശോധിച്ചാൽ നല്ലതുപോലെ വിവരങ്ങൾ അറിയാൻ കഴികയില്ല.

നാഡിലക്ഷണങ്ങൾ.

മനുഷ്യശരീരത്തിൽഉള്ള സുഖദുഃഖങ്ങളെ വൈദ്യന്മാർ അറിയുന്നതു് അംഗുഷ്ഠമൂലമാർഗ്ഗത്തിൽ (പെരുവിരൽച്ചുവടിനു താഴെ)ഉള്ള ജീവസാക്ഷിണിയായ നാഡി പരീക്ഷിച്ചാണു്. പരീക്ഷണത്തിൽ ചൂണ്ടുവിരൽ വയ്ക്കുന്ന സ്ഥാനം വാതനാഡിയും നടുവിരൽ വയ്ക്കുന്ന സ്ഥാനം പിത്തനാഡിയും, മോതിരവിരൽ വയ്ക്കുന്ന സ്ഥാനം കഫനാഡിയും ആണു്. (മുമ്പിലുള്ളതു് വാതനാഡിയും മദ്ധ്യത്തിൽ ഉള്ളതു് പിത്തനാഡിയും, ഒടുവിൽ ഉള്ളതു ശ്ലേഷ്മനാഡിയും ആണു്)

വാതനാഡി.

വാതനാഡി:—പാമ്പു്, അട്ട ഇവകളെപ്പോലെ നടക്കും.

പിത്തനാഡി.

പിത്തനാഡി:—കാക്ക, തവള, പീവൽപക്ഷി (കുതികുമുക്കിപ്പക്ഷി) ഇവകളെപ്പോലെ നടക്കും.

കഫനാഡി.

കഫനാഡി:—അരയന്നം, മയിൽ, പ്ലാവു്, കോഴി ഇവകളെപ്പോലെ നടക്കും.

വാതപിത്തനാഡി.

വാതവുംപിത്തവും കോപിച്ചിരിക്കുമ്പോൾ നാഡി ആദ്യംസപ്പുത്തിനപ്പോലേയും പിന്നീടു തവളയെപ്പോലെയും ഇങ്ങനെ മന്നിടവിട്ടു സപ്പുഗതിയിലും മണ്ഡൂകഗതിയിലും നടക്കും. ഭാരംചുമന്നു നടക്കുന്നതുപോലെയും നടക്കും.

വാതശ്ലേഷ്മനാഡി.

വാതശ്ലേഷ്മകോപത്തിൽ നാഡി ആദ്യംസപ്പുത്തിനെപ്പോലെയും പിന്നീടു് അരയന്നത്തിനെപ്പോലെയും മുൻപറഞ്ഞതുപോലെ നടന്നുകൊണ്ടിരിക്കും. മുറിഞ്ഞ അരണവാൽ തുടിക്കുന്നതുപോലെയും നടക്കും.

പിത്തവാതനാഡി

വാതപിത്തകോപത്തിൽ നാഡി വീണയടിക്കുന്നതുപോലെ നടക്കും.

പിത്തശ്ലേഷ്മനാഡി.

പിത്തശ്ലേഷ്മകോപത്തിൽ നാഡി തവളനടക്കുന്നതുപോലെയും അരയന്നം നടക്കുന്നതുപോലെയും കുട്ടിയെ തൊട്ടിലിൽ ഇട്ടു് ആട്ടുന്നതുപോലെയും നടക്കും.

ശ്ലേഷ്മവാതനാഡി.

ശ്ലേഷ്മവാതനാഡി പൊങ്ങിയും താണും നടക്കും.

ശ്ലേഷ്മപിത്തനാഡി.

ശ്ലേഷ്മപിത്തനാഡി വണ്ടിച്ചക്രം ഗമിക്കുന്നതുപോലെ നടക്കും.

അതിവാതനാഡി.

അതിവാതനാഡി മറ്റുരണ്ടു നാഡികളെക്കാൾ കൂടുതൽനടക്കും.

അതിപിത്തനാഡി.

അതിപിത്തനാഡി മറ്റുരണ്ടു നാഡികളേക്കാൾ അധികം നടക്കും.

അതിശ്ലേഷ്മനാഡി.

അതിശ്ലേഷ്മനാഡി മറ്റുരണ്ടു നാഡികളെക്കാളും അധികം നടക്കും.

വാതപിത്തശ്ലേഷ്മനാഡി.

മൂന്നുനാഡികളും ഒന്നുപോലെ പടപടായെന്നു അടിക്കുകയോ ചീവൽപക്ഷി, തിത്തിരിപ്പുള്ളു, കാടപ്പക്ഷി ഇവകളെപ്പോലെ നടക്കുകയോ ഉടനടൻ മന്ദമായും ദ്രുതമായും നടക്കുകയോ നിന്നുനിന്നു നടക്കുകയോ ചെയ്യും.

ഒരു മിന്നിട്ടിൽ നാഡിനടക്കുന്നതിനുള്ള പ്രമാണം.

അപ്പോൾ ജനിച്ച ശിശുവിനു് ഒരുമിന്നിട്ടിൽ ഏഴു തവണയും, ബാല്യത്തിൽ സ്ത്രീപുരുഷന്മാർക്കു ഒരു മിന്നിട്ടിൽ ഏഴു തവണയിലുമേൽ ഏഴു പ്രാവശ്യംവരേയും ബാല്യത്തിനും യൌവനത്തിനും മദ്ധ്യേയുള്ള പ്രായത്തിൽ ഒരുമിന്നിട്ടിൽ ഏഴു തവണവീതവും, യൌവനത്തിൽ ഒരു മിന്നിട്ടിൽ തൊണ്ണൂതവണയും പ്രായപൂർത്തിവന്ന പുരുഷനു്, ഒരു മിന്നിട്ടിൽ എഴുപതുതവണയിലുമേൽ എഴുപത്തിരണ്ടുതവണവരേയും സംപൂർണ്ണപ്രായംവന്ന ഒരു സ്ത്രീക്കു ഒരുമിന്നിട്ടിൽ എഴുപത്തിരണ്ടുതവണയിലുമേൽ എണ്പതുതവണവരേയും ക്ഷീണിച്ച സമയങ്ങളിൽ ഒരു മിന്നിട്ടിൽ എഴുപതുതവണ വീതവും വാർദ്ധക്യത്തിൽ ഒരുമിന്നിട്ടിൽ എഴുപത്തിരണ്ടുതവണയിലുമേൽ എണ്പതുതവണവരേയും മനുഷ്യർ നില്ക്കുമ്പോൾ ഒരു മിന്നിട്ടിൽ എഴുപത്തിരണ്ടു തവണ വീതവും ഇരിക്കുമ്പോൾ ഒരുമിന്നിട്ടിൽ എഴുപതുതവണ വീതവും കിടക്കുമ്പോൾ ഒരുമിന്നിട്ടിൽ അറുപത്തിഏഴു തവണവീതവും നടക്കും.

നാഡിപരീക്ഷകൊണ്ടു രോഗങ്ങൾ നിശ്ചയിക്കുന്ന വിവരം.

രോഗിയുടെ നാഡിപരീക്ഷയിൽ നടക്കുന്നതു് വാതപിത്തനാഡിയായിരുന്നാൽ:—

പാണ്ഡു, കാമില, മഹോദരം, ശോഫം മുതലായ രോഗങ്ങളും, വയറുവേദന, വയറിൽ പുളിപ്പു്, ദഹനക്കുറവു്, തണ്ണീർദാഹം മുതലായ സുഖക്കേടുകളും തൽസംബന്ധമായി വരാവുന്ന അന്യരോഗങ്ങളും ഉണ്ടെന്നു പറയണം.

വാതശ്ലേഷ്മനാഡിയായിരുന്നാൽ:—

സന്നി, മയക്കം, ശോഫം, പാണ്ഡു, മൂർച്ഛ മുതലായ രോഗങ്ങളും, തലക്കുത്തു്, കൈകാൽകഴപ്പു്, വയറുപെരുക്കം മുതലായ സുഖക്കേടുകളും ഉണ്ടെന്നു പറയണം.

പിത്തവാതനാഡിയായിരുന്നാൽ:—

പീനസം, മൂലരോഗങ്ങൾ, കാസശ്വാസം, ഗുൽമം, ഗ്രഹ്യരോഗങ്ങൾ മുതലായ രോഗങ്ങളും ശരീരത്തിൽ വേദന, ചുട്ടുനീറ്റം, നാക്കിനും ഹൃദയത്തിനും വറൽച്ച, സർവ്വാംഗവേദന മുതലായ സുഖക്കേടുകളും ഉണ്ടെന്നു പറയണം.

പിത്തശ്ലേഷ്മനാഡിയായിരുന്നാൽ:—

തലച്ചുറ്റു്, വയറുവേദന, പിടലികഴപ്പു്, വയറുപെരുക്കം, മനംമറിച്ചിൽ, കണ്ണുരിവു്, കൺമഞ്ഞളിപ്പു് മുതലായ രോഗങ്ങളും സുഖക്കേടുകളും കാണും.

ശ്ലേഷ്മവാതനാഡിയായിരുന്നാൽ:—
സന്നി, തലവേദന, കഫാധിക്യം, ദാഹം മുതലായ രോഗങ്ങളും സുഖേട്ടകളും ഉണ്ടാകും.

ശ്ലേഷ്മപിത്തനാഡിയായിരുന്നാൽ:—
സന്നി, തലക്കുത്ത്, ചെവിടകർക്കാൻവഷ്ട്യായ്മ, നാക്കുമധുരിപ്പ് മുതലായ സുഖക്കേട്ടുകൾ ഉണ്ടാകും.

അതിവാതനാഡിയായിരുന്നാൽ:—
പലപ്രകാരത്തിൽഉള്ള വാതരോഗങ്ങളും, ശരീരനൊമ്പലവും ശരീരസ്വാധീനക്കുറവും, ക്ഷീണവിരോധവും ഉണ്ടാകും.

അതിപിത്തനാഡിയായിരുന്നാൽ:—
പലപ്രകാരത്തിൽഉള്ള പിത്തരോഗങ്ങളും കുറുകുറുപ്പും മനംമറിച്ചിലും ശക്തിക്ഷീണവും വെള്ളായ്പും നീർവാളിപ്പും ഉണ്ടാകും.

അതിശ്ലേഷ്മനാഡിയായിരുന്നാൽ:—
സന്നിയും ശൈത്യവും മരണവും ഉണ്ടാകും.

ത്രിദോഷനാഡിയായിരുന്നാൽ:—
മിശ്രരോഗങ്ങളും സന്നിപാതവും, മിശ്രരോഗങ്ങൾക്കും സന്നിപാതത്തിനുംഉള്ള ലക്ഷണങ്ങളും കാണും.

അസാധ്യരോഗങ്ങൾ പിടിപെട്ടിരിക്കുമ്പോൾ ഉണ്ടാകുന്നനാഡീചലനം.

മന്ദമായോ ശിഥിലമായോ തിരിച്ചറിയാൻപാടില്ലാതെയോ ദ്രുതഗതിയായോ സ്ഥാനംവിട്ട് മേലോട്ടോ കീഴോട്ടോ മാറിയോഅതിസൂക്ഷ്മമായോ വക്രമായോഉള്ള നാഡീചലനം അപ്പോൾ നേരിട്ടിട്ടുള്ള രോഗത്തിന്റെ അസാധ്യതയേയും പ്രയത്നസാധ്യതയേയും സൂചിപ്പിക്കുന്നതാണ്.

സാധ്യരോഗങ്ങൾ പിടിപെട്ടിരിക്കുമ്പോൾ ഉണ്ടാകുന്ന നാഡീചലനം.

ചൂണ്ടുവിരൽ പതിയുന്ന നാഡി വേഗത്തിലും മദ്ധ്യവിരൽപതിയുന്ന നാഡി ചഞ്ചലമായും മോതിരവിരൽ പതിയുന്നനാഡി മന്ദമായും അതായത് ആദ്യനാഡിവേഗത്തിലും രണ്ടാമത്തേത തെറിച്ചും മൂന്നാമത്തേത മന്ദമായും നടന്നാൽ രോഗിക്ക് അപ്പോൾപിടിപ്പെട്ടിട്ടുള്ള രോഗം അപ്പോൾതന്നെ വിട്ടുമാറിപ്പോകും.

അപായത്തെക്കാണിക്കുന്ന നാഡീഗമനം.

ത്രിദോഷനാഡികൾ അതാതിന്റെ സ്ഥാനംവിട്ട് ചലിക്കുക ഇടവിട്ടുചലിക്കുക, ക്ഷീണഗതിയായി ചലിക്കുക, തണുപ്പേറിയിരിക്കുക മുതലായവ അപായത്തെക്കാണിക്കുന്ന നാഡീഗമനങ്ങൾ ആണ്.

അവസ്ഥാഭേദങ്ങളെക്കൊണ്ടുള്ള നാഡീചലനത്തിന്റെ വ്യത്യാസങ്ങൾ.

ജ്വരമുള്ളപ്പോൾ നാഡി വളരെ ഉഷ്ണത്തോടുകൂടിയും വേഗമായും ഇരിക്കും, അതുപോലെതന്നെ കോപമോ കാമമോ ഉള്ളപ്പോൾ നാഡി വേഗത്തിലും ചിന്തയോ ഭയമോ ഉള്ളപ്പോൾ നാഡി ക്ഷീണിച്ചുംനടക്കും.

വിശപ്പു കുറഞ്ഞിരിക്കുമ്പോഴും ശരീരത്തിലെ ധാതുക്കൾ ക്ഷയിച്ചിരിക്കുമ്പോഴും ഏറ്റവും മന്ദഗതിയായും അമദോഷം അധികമായിട്ടുള്ളപ്പോൾ രക്തം നിറഞ്ഞു കുറഞ്ഞാനും ചൂടുശമിച്ചു പിടച്ചുപിടച്ചും നടക്കും. വിശപ്പുള്ളവന്റെ നാഡി വേഗത്തിൽ ചപലമായും വിശപ്പില്ലാത്തവന്റെ നാഡി വലിയോട്ടത്തോടെ ദൃഢമായും നടക്കും.

മണിക്കെട്ടുള്ള രോഗിക്കുണ്ടാകുന്ന കൂടുതൽ രോഗങ്ങൾ അറിയുന്നവിധം.

മണിക്കെട്ടിനുമേൽ നാലുവിരൽത്തുമ്പു കയ്യിന്റെ ചുറ്റളവിനെ ഒരു കയർകൊണ്ടു അളന്നുനോക്കിയാൽ പത്തുവിരൽക്കിട കാണുകയാണെങ്കിൽ വായുകോപംകൊണ്ടു നെഞ്ചിൽ വേദനയും കൈകാൽ കഴപ്പും വയറുവേദനയും ഗ്രഹണരോഗവും ഉണ്ടാകുമെന്നു പറയണം.

ഒമ്പതേമുക്കാൽ ആയിരുന്നാൽ, അരയാപ്പു പുളകമെലിയുംചുമ ജ്വരകർശം ഉണ്ടാകും.

ഒമ്പതര ആയിരുന്നാൽ, ശരീരം ഉഷ്ണം, കൺപുകച്ചിൽ, ഉള്ളിൽ ജ്വരം, മേഹം, അന്നദ്വേഷം ഇവകൾ ഉണ്ടാകും.

ഒമ്പതേകാൽ ആയിരുന്നാൽ, കൺപുകച്ചിൽ നീരടപ്പു ഉറക്കമില്ലായ്മ പീനസം ഇവയുണ്ടാകും.

ഒമ്പതായിരുന്നാൽ, കാതടപ്പു കൺപുകച്ചിൽ നടുപുകച്ചിൽ ഭക്ഷണത്തുടക്കം ബലക്കുറവു നടക്കാൻ പാടില്ലായ്മ മുതലായവ ഉണ്ടാകും.

എട്ടേമുക്കാൽ ആയിരുന്നാൽ ശരീരം ചൂടുകയും വിഷംസംബന്ധിച്ചുകയുംപോലെയുള്ള വ്യാധികൾ ഉണ്ടാകുകയും മൂലസ്ഥാനത്തിൽ വായു കോപിച്ചു വയറുപെരുക്കം ഉണ്ടാകുകയും കണ്ണിൽ കാഴ്ചം വരികയും പീനസം ഉണ്ടാവുകയും ചെയ്യും.

എട്ടരയായിരുന്നാൽ, ശരീരം വിളറുകയും ചൂടു വല്ലിക്കുകയുംഗ്രന്ഥികൾ ഉണ്ടാവുകയും കയ്യും പൊറ പിടിഞ്ഞു കടയുവാതം ധാതുനഷ്ടം മുതലായവ ഉണ്ടാവുകയും ചെയ്യും.

എട്ടേകാൽ ആയിരുന്നാൽ, ശരീരം കുത്തിനോവു തലവേദനയും തലവേദന പീനസം വിയർപ്പു വിഷദോഷം മൂലമുള്ള തളർച്ച ചുമ മുതലായതുകൾ ഉണ്ടാകും.

എട്ടയിരുന്നാൽ മേഹച്ചൂട് അഗ്നിമാന്ദ്യം വമർപീഡ അന്നദ്വേഷം സുഖഹാനി മുതലായവ നേരിടും.

ഏഴുമുക്കാൽആയിരുന്നാൽ മൂലച്ചൂട് കൈകാൽചൂട്ടനീറക്കം തലവേദന ഇവ ഉണ്ടാകയും രണ്ടുവർഷത്തിനകം കണ്ണാമാല നേരിടുകയും നാർകഴിയുംതോറും മൂക്കിൽവിന്ന രക്തംവാകയും ചെയ്യും.

ഏഴരയായിരുന്നാൽ, അസ്ഥിയുരുക്കം മേഹം വയറുപെരുക്കം കണ്ണെരിച്ചിൽ ശരീരം ചൂട്ടനീറക്കം കൈകാൽ തളർച്ച ബുദ്ധിഭ്രമം മുതലായതുകഠം ഉണ്ടാകും.

ഏഴുകാൽ ആയിരുന്നാൽ ഇടുപ്പിൽ വായുപിടിത്തം കുത്തിനോവു ശിരസ്സിൽ പിത്തകോപം കണ്ണുനോവു പാണ്ഡു രോഗം കൈകാൽ ചൂട്ടനീറക്കം അതിനിദ്ര ഇവയുണ്ടാകും.

ഏഴായിരുന്നാൽ തലയിൽ പിത്തംകേറുകയും വായിൽകൂടിരക്തം വരികയും ക്ഷയം പിടിപെടുകയും കൈകാൽനീറക്കം ഉണ്ടാവുകയും ചിലന്തിപുണ്ണുകഠം ഉണ്ടാവുകയും ചൂടുവർദ്ധിക്കുകയും മലത്തിൽ വലിയ ചൂടുകാണുകയും ചെയ്യും.

ഏഴരമുക്കാൽ ആയിരുന്നാൽ അന്ത്രനോവു് കണ്ണുനോവു് മയക്കം മൂന്നുവർഷത്തിനകം മൂത്രകൃച്ഛ്രം ഉണ്ടാവുക കൈകാൽ ചൂട്ടനീറക്കം കുത്തിനോവു് മുഖംവിയർപ്പു് ഇവ നേരിടും.

ഒരടിയായിരുന്നാൽ ശരീരത്തിൽ വലിയ ചൂടു കുത്തിവേദന ദാഹം അന്നദ്വേഷം വാതകോപം ഇവയുണ്ടാകും.

ഒരടികാൽ ആയിരുന്നാൽ ഗ്രഹണി അമ്ലപിത്തം ഛർദ്ദി പുളിച്ചുതികട്ടൽ മുതലായവയും തുടമുതലായസ്ഥാനങ്ങളിൽ നീരുപ്രണം മുതലായ രക്തദുഷ്യങ്ങളും മേഹസംബന്ധിച്ച രോഗങ്ങളും ഉണ്ടാകും.

ഒരടിയിരുന്നാൽ നെഞ്ചിൽ കഫം കെട്ടുകയും ഇരുപതുദിവസത്തിനകം മരിക്കുകയും ചെയ്യും.

അഞ്ചുമുക്കാൽമുതൽ നാലുവിരൽക്കിടവരെയും ആയിരുന്നാൽ നേരിട്ട രോഗങ്ങഠം വർദ്ധിച്ചു ജീവഹാനിസംഭവിക്കും.

നാഡിനോക്കിത്രിദോഷകോപങ്ങളെ
നിശ്ചയിക്കുന്നതിനുള്ള എളുപ്പവഴി.

ചൂണ്ടുവിരൽ പതിയുന്ന നാഡി അതിവേഗമായി നടന്നാൽ വാതകോപമെന്നും നടുവിരൽ പതിയുന്ന നാഡി അതിവേഗത്തിൽ നടന്നാൽ പിത്തകോപമെന്നും മോതിരവിരൽവയ്ക്കുന്ന നാഡി അതിവേഗത്തിൽ നടന്നാൽ കഫകോപമെന്നും ചൂണ്ടുവിരൽവയ്ക്കുന്ന നാഡിയും നടുവിരൽവയ്ക്കുന്ന നാഡിയുംകൂടി മിശ്രമായി അതിവേഗത്തിൽ നടന്നാൽ വാതപിത്തകോപമെന്നും ചൂണ്ടുവിരൽ പതിയുന്നനാഡി

ക്ഷീണിച്ചും മോതിരവിരലും നടുവിരലുംപതിയുന്നനാഡികർംമിശ്രമായി അതിവേഗത്തിലുംനടന്നാൽ പിത്തകഫകോപമെന്നും ചൂണ്ടുവിരലും മോതിരവിരലും പതിയുന്ന നാഡികർം മിശ്രമായി അതിവേഗത്തിൽ നടന്നാൽ വാതകഫകോപമെന്നും മൂന്നുനാഡികളും മിശ്രമായി അതിവേഗത്തിൽ നടന്നാൽ ത്രിദോഷകോപമെന്നും വൈദ്യൻ നിശ്ചയിക്കേണ്ടതാകുന്നു.

വാതഗതി.

കാറടിക്കുമ്പോർം അതിന്റെ നേരെയുള്ള വസ്തു ശീഘ്രമായും അതിനപ്പുറത്തുള്ള സാധനം മന്ദമായും ഇളകുന്നതുപോലെ വാതനാഡി അതിന്റെ അടുത്ത സ്ഥിതിചെയ്യുന്ന പിത്തനാഡിയെ അതിവേഗത്തിലും അതിനപ്പുറം ഉള്ള കഫനാഡിയെ മന്ദമായും നടത്തുന്നു.

പിത്തനാഡിക്കും കഫനാഡിക്കും തന്നെത്താൻ നടക്കുന്നതിനു വേണ്ട ശക്തിയില്ല. ഏവരണ്ടും വാതനാഡിയുടെ ഗമനം അനുസരിച്ചാണ നടക്കുന്നതു്. വാതനാഡിനടന്നാൽ മറ്റുരണ്ടുനാഡികളും നടക്കും. വാതനാഡി നടക്കാത്തപ്പോർം അവയും നടക്കുകയില്ല.

സുഖനാഡിലക്ഷണം.

സ്ഥിരമായും ബലമായും പ്രാതേത്തിൽ തണുപ്പില്ലാതെയും മദ്ധ്യാഹ്നത്തിൽ ചൂടോടുകൂടിയും വൈകുന്നേരം തീവ്രമായും നടക്കും.

ദോഷനാഡീലക്ഷണം.

വാതരോഗിയുടെനാഡി വക്രമായും പിത്തരോഗിയുടെ നാഡി ചഞ്ചലമായും കഫരോഗിയുടെനാഡി സ്ഥിരമായും സന്നിപാതരോഗിയുടെ നാഡി മിശ്രമായും നടക്കും.

മരണലക്ഷണനാഡി.

അധികം ഉഷ്ണമുള്ളപ്പോർം തണുപ്പോടുകൂടിയും അധികം തണുപ്പുള്ളപ്പോർം അധികം ഉഷ്ണത്തോടുകൂടിയും വിവിധപ്രകാരത്തിലുള്ള നാഡിചലനം സദ്യോമരണനാഡി ലക്ഷണമാകുന്നു.

സന്നിപാതമരണനാഡിലക്ഷണം.

മൂന്നുദോഷങ്ങളും കോപിച്ചിരിക്കുന്ന രോഗിയുടെ നാഡി ചഞ്ചലമായിട്ടിരിക്കും എന്നാൽ മരണകാലം സമീപിക്കുമ്പോർം നാഡി ഏറ്റവും നിശ്ചഞ്ചലമായിരിക്കും.

സപ്തദിവസാന്തരമൃത്യുനാഡിലക്ഷണം.

ശരീരത്തിൽ നീരില്ലാത്തപ്പോർം നാഡി അതിന്റെ സ്വാഭാവികഗതിക്കു വിപരീതമായി ക്ഷണനേരം തീവ്രമായും ക്ഷണനേരം ശാന്തമായും നടന്നാൽ അതു ഒരുവാരത്തിനകമുള്ള മരണലക്ഷണമാണ്.

മൂന്നുദിവസത്തിനകമുള്ള മരണലക്ഷണം.

അതിശ്രമമായ ജ്വരം ഉള്ളപ്പോൾ നാഡി പിടിച്ചുനോക്കിയാൽ മഞ്ഞുകുട്ടിപോലെ തണുത്തിരിക്കുകയൊ ത്രിദോഷകോപത്തിൽ ഉള്ള നാഡിലക്ഷണംപോലെ കാണുകയൊചെയ്താൽ രോഗി മൂന്നുദിവസത്തിനകം മരിക്കും.

നാലുദിവസത്തിനകമുള്ള മരണലക്ഷണം.

മുഖത്തിലും വലതുപാദത്തിലും ഓരോ നാഡികൾ തീവ്രമായി നടന്നുകൊണ്ടിരുന്നാൽ അവൻ നാലുദിവസത്തിനകം മരിക്കും.

പന്ത്രണ്ടുയാമത്തിനകംഉള്ള മരണനാഡിലക്ഷണം.

നാഡി വണ്ടിനെപ്പോലെ "കിർ, കിർ" എന്നു ഓടി ഭ്രമിച്ചുകൊണ്ടു നടക്കുകയും ചിരുകളിൽ നടക്കാതിരിക്കുകയും ചെയ്താൽ ആ രോഗി പന്ത്രണ്ടുയാമത്തിനകം കാലഗതിയെ പ്രാപിക്കും.

ദിനാന്തരമൃത്യുനാഡിലക്ഷണം.

മുഖത്തിലെനാഡി മഴക്കാലത്തെ മിന്നൽപോലെ അതിതീവ്രമായി നടക്കുന്ന രോഗി ഒരുദിവസത്തിൽ കൂടുതൽകാലം ജീവിച്ചിരിക്കുകയില്ല.

സദ്യോമരണനാഡിലക്ഷണം.

കയ്യിലെ നാഡികൾ അതിന്റെ സ്ഥാനംവിട്ടു നടക്കുകയോ കട്ടം നടക്കാതിരിക്കുകയോ ചെയ്താലും ഹൃദയത്തിൽ തീവ്രമായ എരിച്ചിൽ ഉണ്ടായിരുന്നാലും ആ മനുഷ്യൻ ഉടൻ (ആ എരിച്ചിൽ അടങ്ങുന്നതിനകം) മരണത്തെ പ്രാപിക്കും.

അരയാമത്തിനകമുള്ള മരണനാഡിലക്ഷണം.

അംഗുഷ്ഠമൂലത്തിൽ നടക്കുന്ന നാഡികൾ സ്വസ്ഥാനം വിട്ടു രണ്ടര അംഗുലം കീഴായും നടുവിരലും മോതിരവിരലും പതിയുന്ന നാഡികൾ ശരിയായും നടന്നുകൊണ്ടിരുന്നാൽ അരയാമത്തിനകം ആ മനുഷ്യൻ മരിക്കും.

നാഡികൾ അംഗുഷ്ഠമൂലത്തെ വിട്ട്, രണ്ടരയംഗുലത്തിനു കീഴായി അനാമികാവിരലിന്റെ നടുവോടുചേർന്ന്, നടന്നുകൊണ്ടിരുന്നാൽ ആ മനുഷ്യൻ അരയാമത്തിനകം മരിക്കും.

ഒന്നരയാമത്തിനകം മരണമുണ്ടാകുന്ന നാഡിലക്ഷണം.

നാഡികൾ ചൂണ്ടുവിരലിന്റെയും നടുവിരലിന്റെയും സ്ഥാനങ്ങൾ വിട്ട് അനാമികാവിരൽ പതിയുന്ന സ്ഥാനത്തിൽ വൈകാരമായി സഞ്ചരിച്ചുകൊണ്ടിരുന്നാൽ ആ രോഗി ഒന്നരയാമത്തിൽ കൂടുതൽ സമയം ജീവിച്ചിരിക്കുകയില്ല.

ആറു യാമത്തിനകം മരണം നേരിടുന്ന നാഡിലക്ഷണം.

അംഗുഷ്ഠമൂലത്തിലെ നാഡികൾ എല്ലാം മദ്ധ്യമ(നടു)വിരൽ നടുവിൽചേർന്നു സൂക്ഷ്മമായും നിശ്ചലമായും ഇരിക്കുകയാണെങ്കിൽ ആ രോഗി ആറുയാമത്തിനകം മരണത്തെ പ്രാപിക്കും.

അഭിഘാതരോഗനാഡിലക്ഷണം.

അഭിഘാതം, മൂർഛ, ഭയം, അതിദുഃഖം മുതലായവകൾ നേരിട്ടവന്റെ നാഡി അടങ്ങിയും സ്തംഭിച്ചും ഇരിക്കും. മരം മുതലായവയിൽ-നിന്നും വീണവന്റെയും അസ്ത്രശസ്ത്രങ്ങളെക്കൊണ്ടു മർമ്മസ്ഥാനങ്ങളിൽ മുറിവുപറ്റിയവന്റെയും ഇന്ദ്രിയനഷ്ടം അധികമായി സംഭവിച്ചവന്റെയും നാഡി മരണലക്ഷണങ്ങളോടുകൂടിയതായിക്കാണും. എന്നാൽ അതുകൊണ്ടുമാത്രം ജീവനാശം സംഭവിച്ചുപോകുമെന്നു നിശ്ചയിച്ചുകളയരുതു്.

ഭൂതപ്രേതാദിപീഡിതനാഡിലക്ഷണം.

ഭൂതപ്രേതങ്ങളാൽ പീഡിക്കപ്പെട്ടവന്റെയും തൻമൂലം ഭയന്നവന്റെയും നാഡി ത്രിദോഷകോപനാഡിപോലെ വാതപിത്തശ്ലേഷ്മനാഡികൾ ഒന്നായിച്ചേർന്നു്, ഏറ്റക്കുറച്ചിൽകൂടാതെ തുല്യമായിനടക്കും.

അരോഗിയുടെ സദ്യോമരണനാഡിലക്ഷണം.

രോഗമൊന്നും ഇല്ലാതെ അകാലമരണം സംഭവിക്കാൻ പോകുന്നവന്റെ നാഡി സന്നിപാതകോപത്തിലെ നാഡിപോലെ അടിക്കും.

വ്യസനത്തോടുകൂടിയവന്റെയും തണുപ്പിൽ സഞ്ചരിക്കുന്നവന്റെയും നാഡിലക്ഷണം.

അങ്ങനെയുള്ളവരുടെ നാഡി വലനം സ്വസ്ഥാനത്തിൽനിന്നും കുറച്ചു മുകളിലോട്ടു കയറിയായിരിക്കും അങ്ങനെയിരുന്നാലും അവനു ദോഷമൊന്നും സംഭവിക്കുകയില്ല.

ദുഷ്ടപിത്തനാഡിലക്ഷണം.

ദുഷ്ടപിത്തദോഷത്തിൽ വാതശ്ലേഷ്മനാഡികൾ അല്പമായും പിത്തനാഡി ഏറ്റവും ബലിഷ്ഠമായും നടക്കും.

എണ്ണ, ശർക്കര, ഉഴുന്നു്, പാൽ, തേൻ ഇവകൾ ഭക്ഷിച്ചവന്റെ നാഡികൾ.

എണ്ണകുടിച്ചവന്റെ നാഡി വലിവോടുകൂടിയും ശർക്കര ഉഴുന്നു് ഇവകൾ ഭക്ഷിച്ചവന്റെ നാഡി വലിയ തടിപോലെ നിറുത്തിലും പാൽകുടിച്ചവന്റെ നാഡി ഇളക്കമില്ലാതെ നിന്നുനിന്നു മന്ദമായും തേൻ കുടിച്ചവന്റെ നാഡി തവളയെപ്പോലെയും നടക്കും.

ഷഡ്രസഭോജികളുടെ നാഡികൾ.

മധുരപദാർത്ഥങ്ങളെ ഭുജിച്ചവന്റെ നാഡി മയിലിനെപ്പോലെ നടക്കുകയും കയ്പുള്ള പദാർത്ഥങ്ങളെ ഭക്ഷിച്ചവന്റെ നാഡി സ്ഥലി

ച്ചിരിക്കുകയും പുളിയുള്ള പദാർത്ഥങ്ങളെ ഭക്ഷിച്ചവന്റെ നാഡി കുതിച്ചു കുതിച്ചു നടക്കുകയും ഉവർപ്പുരസത്തോടുകൂടിയ പദാർത്ഥങ്ങളെ ഭക്ഷിച്ചവന്റെ നാഡി കുഴപിഞ്ഞപോലെ കിറുകിറാ എന്നു നടക്കുകയും എരിവുരസത്തോടുകൂടിയ പദാർത്ഥങ്ങളെ ഭക്ഷിച്ചവന്റെ നാഡി കഠിനമായും ലവണപദാർത്ഥങ്ങളെ ഭക്ഷിച്ചവന്റെ നാഡി സൂക്ഷ്മമായും കഠിനമായും നടക്കുകയും ചെയ്യും.

പശുപ്പുള്ള പദാർത്ഥങ്ങൾ ഭക്ഷിച്ചവന്റെ നാഡി കഠിനമായും കഠിനപദാർത്ഥങ്ങൾ ഭക്ഷിച്ചവന്റെ നാഡി ലളിതമായും രണ്ടും കൂടിയ പദാർത്ഥങ്ങൾ ഭക്ഷിച്ചവന്റെ നാഡി മിശ്രമായും നടക്കും.

പുളിപ്പോടുകൂടിയതോ അല്ലെങ്കിൽ പുളിപ്പും മധുരവും കൂടി കലർന്നതോ ആയ പദാർത്ഥങ്ങളെ ഭക്ഷിച്ചവന്റെ നാഡി ഏറ്റവും തണുത്തും അവൽ, വറുത്ത പദാർത്ഥങ്ങൾ മുതലായവകൾ ഭക്ഷിച്ചവന്റെ നാഡി സ്ഥിരമായും മന്ദമായും നടക്കും.

ഫലമൂലങ്ങൾ ഭക്ഷിച്ചവന്റെ നാഡിലക്ഷണം.

പൂയണിക്കാ മുള്ളങ്കി മുതലായവ ഭക്ഷിച്ചവന്റെ നാഡി മന്ദമായും കീരവർഗ്ഗങ്ങളും മറ്റു ഫലവർഗ്ഗങ്ങളും ഭക്ഷിച്ചവന്റെ നാഡി രക്തപുഷ്ടിയോടുകൂടിയതായും നടക്കും.

മാംസം വാഴപ്പഴം ഇവ ഭക്ഷിച്ചവന്റെ നാഡിലക്ഷണം.

മാംസംഭക്ഷിച്ചവന്റെ നാഡി സ്ഥിരമായിരിക്കും. വാഴപ്പഴം ഭക്ഷിച്ചവന്റെ നാഡി വാതപിത്തകോപനാഡിപോലെ നടക്കും.

ജ്വരംവാതരോഗം.

ജ്വരരോഗിയുടെയും വാതരോഗിയുടെയുംനാഡികുറുക്കെനടക്കും.

പിത്തജ്വരം

പിത്തജ്വരരോഗിയുടെ നാഡി വേഗത്തിലും ദീർഘമായും നടക്കും.

മലബന്ധം അജീർണ്ണം ഇവയുള്ളവന്റെ നാഡി.

മലബന്ധമോ അജീർണ്ണമോ ഉള്ളവന്റെ നാഡി ഏറ്റവും അയഞ്ഞിരിക്കും.

ദുഷ്ടരക്തവ്യാപകനാഡി.

രക്തം ദുഷിച്ചവന്റെ നാഡി നടുവിരൽ പതിയുന്ന സ്ഥലത്തു മാത്രം നടക്കും.

ഭ്രതജ്വരം അഹികജ്വരം വിഷജ്വരം ഇവയോടുകൂടിയവന്റെ നാഡിലക്ഷണം.

ഭ്രതജ്വരത്തോടുകൂടിയവന്റെ നാഡി അതിവേഗമായും മുറപ്പനി, വിഷജ്വരം ഇവയോടുകൂടിയവന്റെ നാഡി ഇടവിട്ടു വേഗമായും മന്ദമായും നടക്കും.

ദ്വാഹിക ത്ര്യാഹിക ചതുരാഹികജ്വരനാഡി.

രണ്ടാംമുറുപ്പനി മൂന്നാംമുറുപ്പനി നാലാംമുറുപ്പനി ഇവയോടുകൂടിയവരുടെ നാഡി ഉണ്ണിച്ചു കുഴഞ്ഞിപോലെ കിടുകിടാ എന്നനടക്കും.

ക്രോധകാമജ്വരനാഡിലക്ഷണം.

ക്രോധജ്വരത്തിൽ നാഡി വൃത്തമായും കാമജ്വരത്തിൽ നാഡി ഒന്നോടൊന്നു ചേർന്നും നടക്കും.

വിരഹജ്വരനാഡി.

സ്ത്രീവിരഹംകൊണ്ടു കാമജ്വരം പിടിപെട്ട പുരുഷന്റെ നാഡി ശിഥിലമായും പുരുഷന്റെ വേർപാടുമൂലം വിരഹജ്വരം പിടിപെട്ട സ്ത്രീയുടെ നാഡി ക്ഷീണിച്ചും മന്ദമായും ഇരിക്കും.

അന്നപചകാലത്തിലെ നാഡി.

അന്നം പചമാകുന്ന സമയത്തിൽ നാഡി പുഷ്ടിരഹിതമായും മന്ദമായും നടക്കും.

രക്തം കൂടിയിരിക്കുമ്പോഴുള്ള നാഡിലക്ഷണം.

ശരീരത്തിൽ രക്തം വർദ്ധിച്ചിരിക്കുമ്പോൾ നാഡി ചൂടോടുകൂടിയിരിക്കും.

അഗ്നിമാന്ദ്യം ഗ്രഹണി ഇവയുടെ നാഡിലക്ഷണം.

അഗ്നിമാന്ദ്യവും ഗ്രഹണിരോഗവും ഉള്ളവന്റെ നാഡി പാടത്തിലേയ്ക്കു അന്നത്തെപ്പോലെയും കയ്യിലേയ്ക്കു രവളയെപ്പോലെയും നടക്കും.

അമാതിസാരനാഡീലക്ഷണം.

അമാതിസാരരോഗിയുടെ നാഡി തുടിച്ചിടിക്കുന്നതുപോലെയടിക്കും.

അതിസാരം.

അതിസാരരോഗിയുടെ നാഡി തേജോവിഹീനമായി നടക്കും.

വിളംബികാരോഗം.

വിളംബികാരോഗിയുടെ നാഡി കടലിൽ പടകു സഞ്ചരിക്കുന്നതുപോലെ നടക്കും.

മലമൂത്രബന്ധകനാഡി.

മലമൂത്രങ്ങളെ അടക്കുന്നവന്റെ നാഡി അതിവേഗത്തിൽ നടക്കും.

വിഷൂചികാരോഗം.

വിഷൂചികാരോഗിയുടെ നാഡി തവളനടക്കുന്നതുപോലെ നടക്കും.

വാതശൂല.

വാതശൂലയുള്ളവന്റെ നാഡി വക്രമായി നടക്കും.

പിത്തശൂല.

പിത്തശൂലയുള്ളവന്റെനാഡി അധികജ്വാലയോടുകൂടെനടക്കും.

അമശൂല.

അമശൂലയുള്ളവന്റെ നാഡി ഏറ്റവും പുഷ്ടിയായി നടക്കും.

പ്രമേഹരോഗം.

പ്രമേഹരോഗിയുടെ നാഡി മിശ്രമായും ഗ്രന്ഥിരൂപമായും ഇരിക്കും.

വിഷദോഷം.

വിഷദോഷമുള്ള നാഡി ഊർദ്ധ്വഗതിയോടുകൂടിയിരിക്കും.

ഗ്രന്ഥിരോഗം.

ഗ്രന്ഥിരോഗിയുടെ നാഡി അധോമുഖമായി നടക്കും. അധോഗതിയോടുകൂടിയ നാഡീചലനം ഊർദ്ധ്വഗതിയിൽ വരുമ്പോൾ എത്ര വലിയ ഗ്രന്ഥിയും ശമിക്കും.

ഗ്രന്ഥിരോഗം.

ഗ്രന്ഥിരോഗമുള്ളവന്റെ നാഡി പ്രാവിനെപ്പോലെ നടക്കും.

വ്രണഭഗന്ദരരോഗങ്ങൾ.

വ്രണം ഭഗന്ദരം മുതലായ രോഗങ്ങളോടുകൂടിയവന്റെ നാഡി പിത്തനാഡിപോലെ നടക്കും.

ഛർദ്ദിരോഗം.

മദിച്ചു അന്നത്തെപ്പോലെയും അന്നത്തെപ്പോലെയും ഛർദ്ദിരോഗമുള്ളവന്റെ നാഡി നടക്കും.

മൂത്രപരീക്ഷ.

രോഗികളുടെ മൂത്രം പരീക്ഷിക്കുന്നതു രാത്രിയിൽ നാലാമത്തെ യാമത്തിലെ രണ്ടാമത്തെ നാഴികയിലും അതുമല്ലെങ്കിൽ നാലാം നാഴിക വെളുപ്പിനെ രോഗിയെ എഴുന്നേല്പിച്ചു സ്ഫടികപ്പാത്രത്തിലൊ ഓട്ടുപാത്രത്തിലൊ മൂത്രമൊഴിപ്പിച്ചു് മുടികൊണ്ടു മൂടിവച്ചിരുന്ന സൂര്യോദയമായതിനുശേഷം വേണ്ടതാണു്. അദ്യധാരയെ ഉപേക്ഷിച്ചു ശേഷം മൂത്രമേ പാത്രത്തിൽ ഏറ്റു സൂക്ഷിക്കാവു.

ദോഷംഅനുസരിച്ചുള്ള മൂത്രത്തിന്റെ നിറം.

വാതദോഷം കോപിച്ചവന്റെ മൂത്രം നിർമ്മലജലംപോലെയും രൂക്ഷമായും വളരെ കുറുതലായും ഇരിക്കും. പിത്തംകോപിച്ചിരിക്കുന്നവന്റെ മൂത്രം മഞ്ഞനിറംകലർന്ന ചുകപ്പോടുകൂടിയതായും പുണ്ണപോലെയും വളരെ ചുരുങ്ങിയും ഇരിക്കും. കഫദോഷം കോപിച്ചിരിക്കുന്നവന്റെ മൂത്രം വെളുത്തുംപലപലവാരിക്ക തുല്യമായും സ്നിഗ്ധമായും ഘനമേറിയും ഇരിക്കും. രക്തംകോപിച്ചവന്റെ മൂത്രം ചുടോടുകൂടിയും രക്തവർണ്ണമായും ഇരിക്കും. ദ്വന്ദ്വദോഷങ്ങൾ കോപിച്ചവരുടെ മൂത്രം ദ്വന്ദ്വലക്ഷണങ്ങളോടും ത്രിദോഷവും കോപിച്ചവരുടെ മൂത്രം സർവ്വലക്ഷണങ്ങളോടുകൂടിയും ഇരിക്കും. വാതപിത്തകോപത്തിൽ ധൂമവർണ്ണമായും വാതശ്ലേഷ്മകോപത്തിൽ നുരയോടും പതയോടുംകൂടിയും പിത്തശ്ലേഷ്മ

കോപത്തിൽ മിശ്രമായും സന്നിപാതകോപത്തിൽ കറുപ്പുനിറമായും മൂത്രമിരിക്കുമെന്നും ആചാര്യവചനങ്ങൾ ഉണ്ട്.

മൂത്രപരീക്ഷാവിധി.

പാത്രത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന മൂത്രം എടുത്തു വെയിലത്തു വച്ചു് അതിൽ ഒരു കറുകപ്പുല്ലിന്റെ അറ്റംകൊണ്ടു തൈലംതൊട്ട് ഒരു തൈലബിന്ദുമൂത്രത്തിൽവിടണം. ആ തൈലബിന്ദു അതിൽ വ്യാപിച്ചാൽ വാതദോഷകോപമെന്നും നീർക്കുമിളികൾപോലെ ആയാൽ പിത്തകോപമെന്നും തൽസ്വരൂപത്തിൽതന്നെയിരുന്നാൽ കഫകോപമെന്നും അറിയണം. കൂടാതെമൂത്രത്തിൽഒഴിച്ച തൈലബിന്ദു വ്യാപിച്ചാൽ രോഗം സാദ്ധ്യമെന്നും മണികൾപോലെ തോന്നിയാൽ പ്രയത്നസാദ്ധ്യമെന്നും മുകളിൽനില്ക്കാതെ തൈലബിന്ദു ഉള്ളിലോട്ടു താണുപോകുകയാണെങ്കിൽ അസാദ്ധ്യമെന്നും അറിയേണ്ടതാകുന്നു.

സാദ്ധ്യലക്ഷണങ്ങൾ.

മൂത്രത്തിൽ ഇറ്റിയ തൈലബിന്ദു താമരപ്പൂപോലേയോ ശംഖംപോലെയൊ ചക്രാകൃതിയിലൊ വീണയുടെ ആകൃതിയിലൊ സിംഹാസനത്തിന്റെ ആകൃതിയിലൊ മല്ലികമൊട്ടിന്റെ ആകൃതിയിലൊ ഇരുന്നാൽ ആ രോഗിയുടെ രോഗം സാദ്ധ്യമാകുന്നു.

മരണലക്ഷണം.

തൈലബിന്ദു പക്ഷിയെപ്പോലെയോ അരയെപ്പോലെയോ കാളയെപ്പോലെയോ സിംഹത്തെപ്പോലെയൊ കുരങ്ങിനെപ്പോലെയൊ തേളിനെപ്പോലെയൊ കോഴിയെപ്പോലെയൊ തോന്നിയാൽ ആ രോഗി തീച്ചയായും മരിച്ചുപോകും.

മൂത്രധാരാലക്ഷണം.

മൂത്രിക്കുംപോഴുള്ള ധാര വെണ്മയായും മഹാധാരയായും മഞ്ഞൾനിറമായും ഇരുന്നാൽ ജ്വരരോഗമെന്നും ചുവപ്പുനിറമായിരുന്നാൽ അപ്പോഴുള്ള രോഗം ദീർഘകാലംനിലനിൽക്കുമെന്നും കറുപ്പുനിറത്തിലുള്ള ധാരയായിരുന്നാൽ രോഗിമരിക്കുമെന്നും ചുവപ്പിന്റേറയൊ താളിമാതളരസത്തിന്റേറയൊ ചന്ദനത്തിന്റേറയൊ നിറമായിരുന്നാൽ അഗ്നിമാന്ദ്യമെന്നും പച്ചവെള്ളംപോലെയിരുന്നാൽ അജീർണ്ണമൂത്രമെന്നും മൂത്രപരീക്ഷണത്തിൽ ഒടിയിൽ രക്തംകലർന്നതുപോലെ തോന്നിയാൽ അതിസാരരോഗമെന്നും നെയ്യിന്റെ തുള്ളികൾപോലെ ഇരുന്നാൽ ഉദാവർത്തരോഗമെന്നും വയമ്പിന്റെവാസന ഉണ്ടായിരിക്കുകയും തന്നിൽക്കെട്ടിയും ഉറച്ചുംപോലെയിരിക്കുകയും ചെയ്താൽ അമവാതമെന്നും കുങ്കുമപ്പൂവിന്റെയൊ മഞ്ഞളിന്റേറയൊ നിറംപോലെ ഇരുന്നാൽ വാതജ്വരമെന്നും അറിയണം.

പിത്താധിക്യത്തിൽ മൂത്രം മഞ്ഞളിച്ചോ പച്ചവെള്ളംപോലെയൊ ഇരിക്കും, സമധാതുക്കളോടുകൂടിയ അവസ്ഥയിൽ മൂത്രംകിണറ്റുജലത്തിനു തുല്യമായിരിക്കും. ഉദരഭാഗത്തിൽ മഞ്ഞനിറവും അധോഭാഗത്തിൽ ചുവപ്പുവർണ്ണവും ആയിരുന്നാൽ പിത്താധികമായ സന്നിപാതമെന്നു് അറിയേണ്ടതാകുന്നു.

അജീർണ്ണം.

അജീർണ്ണരോഗിയുടെമൂത്രം അരികഴുകിയവെള്ളംപോലെഇരിക്കും.

നവജ്വരം.

നവജ്വരരോഗിയുടെമൂത്രം കറുപ്പും ചുകപ്പുംകലർന്ന നിറമായിരിക്കും. വളരെപോകുകയുംചെയ്യും.

പിത്താനിലകോപം.

പിത്തവും വാതവുംകോപിച്ച രോഗിയുടെമൂത്രം ചൂടോടുകൂടിയും ചുകപ്പും കറുപ്പുംകലർന്ന പച്ചവെള്ളത്തിന്റെ നിറംപോലെയും ഇരിക്കും.

വാതശ്ലേഷ്മം.

വാതവും ശ്ലേഷ്മവും കോപിച്ചുണ്ടായ രോഗിയുടെമൂത്രം വെളുത്തും നിർക്കുമിളിക്ക തുല്യമായും ഇരിക്കും.

ശ്ലേഷ്മപിത്തം.

ശ്ലേഷ്മവും പിത്തവുംകോപിച്ച രോഗിയുടെമൂത്രം കലങ്ങിയും രക്തവർണ്ണമായും ഇരിക്കും.

ജീർണ്ണജ്വരം.

ജീർണ്ണജ്വരരോഗിയുടെമൂത്രം മാംസത്തിന്റെനിറംപോലെയും മഞ്ഞളിച്ചും ഇരിക്കും.

സന്നിപാതകോപം.

സന്നിപാതം കോപിച്ച രോഗിയുടെമൂത്രം മിശ്രവർണ്ണമായിരിക്കും.

രസാധിക്യമൂത്രലക്ഷണം.

കരിമ്പിൻനീരുപോലെയും ഗോരോചനവർണ്ണത്തിലും ഉള്ളമൂത്രം രസാധിക്യത്തോടുകൂടിയതാകുന്നു.

പ്രസൂതികാദോഷമൂത്രം.

പ്രസൂതികാദോഷമൂത്രം ഉപരിഭാഗം കറുത്തനിറത്തിലും അധോഭാഗം മഞ്ഞർണ്ണത്തിലും ഇരിക്കും.

ദിക്കുപരീക്ഷ.

തൈലബിന്ദുവിട്ട മൂത്രം പരീക്ഷിക്കുമ്പോൾ മൂത്രത്തിൽ ഇറ്റതൈലബിന്ദു പൂവ്പോലെ വ്യാപിക്കുകയാണെങ്കിൽ രോഗിയുടെ രോഗം ഏറ്റവും വേഗത്തിൽ സുഖപ്രദമാകും. ദക്ഷിണദിക്കിൽ ആണെ

ങ്കിൽ രോഗം ജ്വരമെന്നും ആരോഗ്യം ക്രമേണയുണ്ടാകുമെന്നും പറയണം. വടക്കേദിക്കിലോട്ടാണെങ്കിൽ രോഗിക്ക് അശേഷം ആരോഗ്യം ഇല്ലെന്നു നിശ്ചയിക്കണം. പടിഞ്ഞാറോട്ടാണു വ്യാപിക്കുന്നതെങ്കിൽ സുഖവും ആരോഗ്യവും അപ്പോൾതന്നെ ഉണ്ടാകുമെന്നു പറയണം. ഈശാനകോണിലോട്ടാണു വ്യാപിക്കുന്നതെങ്കിൽ ഒരുമാസത്തിനകമേ രോഗം ശമിക്കുകയുള്ളൂ. അഗ്നികോണിലോട്ടാണു വ്യാപിക്കുന്നതെങ്കിലും ഫലം മേൽപ്രകാരംതന്നെ. നിരൃതികോണിലോട്ടു മൂത്രം വ്യാപിക്കുകയും അതിന്റെശേഷം പ്രസരിച്ച തൈലബിന്ദുവിൽ ഛിദ്രങ്ങൾ ഉണ്ടാവുകയും ചെയ്താൽ രോഗി ഉടൻതന്നെ മരണത്തെ പ്രാപിക്കും. വായുകോണിലോട്ടാണ് പ്രസരിക്കുകയും ഛിദ്രം വീഴുകയും ചെയ്തതെങ്കിലും ഫലം മാരകമത്രെ.

അസാദ്ധ്യതൈലാകൃതി.

മൂത്രത്തിൽ ഒഴിച്ച തൈലബിന്ദുവിൽ നോക്കിയാൽ മത്സ്യത്തിന്റെയോ കൂർമ്മത്തിന്റെയോ പോത്തിന്റെയോ ഇരുമ്പുപ്പെക്ഷിയുടെയോ ശിരസ്സില്ലാത്ത മനുഷ്യന്റേയൊ ശരീരഖണ്ഡത്തിന്റെയൊ ശസ്ത്രത്തിന്റേയൊ വാളിന്റേയൊ ഉലക്കയുടേയൊ പട്ടസത്തിന്റെയൊ അമ്പിന്റെയൊ കുറുവടിയുടേയൊ മുക്കോൽപ്പെരുവഴിയുടേയൊ നാൽക്കോൽപെരുവഴിയുടേയോ രൂപം കാണുകയാണെങ്കിൽ ആ രോഗി ജീവിക്കയില്ലെന്നു നിശ്ചയിച്ചു ഉപേക്ഷിക്കണം.

സാദ്ധ്യരൂപങ്ങൾ.

മൂത്രത്തിൽ ഒഴിച്ച തൈലബിന്ദുവിൽ നോക്കിയാൽ അരയന്നത്തിന്റേയൊ താമരക്കോഴിയുടേയൊ തടാകത്തിന്റേയൊ താമരയുടേയൊ അന്നയുടേയൊ ചാമരത്തിന്റേയൊ കടയുടേയൊ തോരണത്തിന്റേയൊ മാളികയുടേയൊ രൂപം കണ്ടാൽ വേഗത്തിൽ രോഗം വാശിയാകുമെന്നുള്ളതിനാൽ ഉടൻതന്നെ ചികിത്സ തുടങ്ങണം.

പ്രേതശാപകുലദോഷലക്ഷണം.

മൂത്രത്തിൽ ഒഴിച്ച തൈലബിന്ദു അരിപ്പുപോലെ അനവധി സുഷിരങ്ങളോടുകൂടെ വ്യാപിച്ചാൽ പ്രേതശാപംകൊണ്ടുണ്ടായ കുലദോഷംഹേതുവായിട്ടു രോഗമുണ്ടായതാണെന്നു പറയണം. മനുഷ്യാകൃതിയിലൊ ഇരട്ടത്തലയുടെ ആകൃതിയിലൊ കണ്ടാൽ, ഭൂതോപദ്രവംകൊണ്ടുണ്ടായ രോഗമാണെന്നു നിശ്ചയിച്ചു അതിന്റെ ശാന്തിക്കു വേണ്ട യന്ത്രധാരണം മാന്ത്രികപ്രയോഗങ്ങൾ മുതലായവ ചെയ്യണം.

തൈലബിന്ദുവിൽ എരിക്കിൻചെടിപോലെ തോന്നിയാലും പുരുഷാകാരം തോന്നിയാലും ത്രികോണാകാരമായി തോന്നിയാലും, ഭൂത പ്രേതപിശാചുക്കളുടേയും കുലദേവതകളുടേയുംമറ്റും ഉപദ്രവംകൊണ്ടു

ണ്ടായ രോഗമെന്നും മണ്ഡലാകാരമായി തോന്നിയാൽ ആ ദോഷങ്ങൾ ശാന്തമായെന്നും അറിയണം.

സ്വസ്ഥതൈലരൂപം.

തൈലബിന്ദുവിൽ മണ്ഡപംപോലെയുള്ള രൂപം തോന്നിയാൽ ആ മനുഷ്യൻ യാതൊരു രോഗവും ഇല്ലാത്തവൻ എന്നു നിശ്ചയിച്ചു കൊള്ളണം.

വ്യാധിശമനലക്ഷണം.

രോഗിയുടെ മൂത്രത്തിൽ ഒഴിക്കുന്ന തൈലബിന്ദു കിഴക്കോട്ട വ്യാപിച്ചുപരന്നാൽ അപ്പോൾമുതൽ രോഗത്തിനു ശമനം തുടങ്ങുമെന്നു നിശ്ചയിക്കണം.

മലപരീക്ഷ.

വാതദോഷം കോപിച്ചവന്റെ മലം, തുടിതമായും നുരച്ചുതായും രൂക്ഷമായും കറുപ്പും ചുകപ്പുംകലർന്ന നിറത്തോടുകൂടിയതായും ഇരിക്കും.

പിത്തദോഷം കോപിച്ചവന്റെ മലം പച്ചിലനിറത്തിലൊ മഞ്ഞനിറത്തിലൊ ഇരിക്കും. വാടയും അധിക ചൂടും ഉണ്ടായിരിക്കും.

കഫദോഷം കോപിച്ചവന്റെ മലം തണുത്തും വറണ്ടും ആർദ്രതയോടും സ്നിഗ്ധതയോടും കൂടിയും ഇരിക്കും.

വാതശ്ലേഷ്മവികാരത്തിൽ മലം തവിട്ടുനിറമായിരിക്കും.

വാതപിത്തകോപത്തിൽ മലം ബദ്ധമായും, അല്പാല്പമായും മഞ്ഞളിച്ചും കറുപ്പുനിറത്തിലും ഇരിക്കും.

കഫപിത്തവികാരത്തിൽ മലം മഞ്ഞനിറം കലർന്ന കറുപ്പുനിറത്തോടുകൂടിയും മിനുമിനുപ്പോടുകൂടിയും പശയോടുകൂടിയും ഇരിക്കും.

ത്രിദോഷകോപത്തിൽ മലം കറുപ്പും മഞ്ഞയും കലർന്ന നിറത്തിലും ശ്വേതവർണ്ണത്തിലും ബദ്ധമായും ഇരിക്കും. എപ്പോൾ ശിഥിലമായും ദുർഗന്ധത്തോടുകൂടിയും രോഗി മലവിസർജ്ജനം ചെയ്യുന്നുവോ അപ്പോൾ രോഗിയുടെ മലം ജീർണ്ണമായി എന്നു വിദ്വാനായ വൈദ്യൻ നിശ്ചയിച്ചുകൊള്ളണം. കപിലവർണ്ണത്തിലും (കാൽനിറത്തിലും) ഗ്ലാളികകംപോലെയും രോഗി മലവിസർജ്ജനം ചെയ്താൽ ആ രോഗം മലക്ഷയംകൊണ്ടുണ്ടായതാണെന്നു നിർണ്ണയിച്ചുകൊള്ളണം. വളരെ ദുർഗന്ധത്തോടുകൂടിയും വെളുത്തനിറത്തിലും മലം പോയാൽ രോഗി രോഗം ജ്വരോദരമാണെന്നും നിശ്ചയിക്കാം. കൃമിരോഗിയുടെ മലം കറുത്തിരിക്കും. ആമവാതരോഗിയുടെ മലം മഞ്ഞനിറത്തിൽ ആയിരിക്കും. മലം പോകുമ്പോൾ നടുവുവേദനയും കാണും.

കടുംകറുപ്പോടുകൂടിയതൊ കടുംചുകപ്പോടുകൂടിയതൊ കടുംവെളുപ്പോടുകൂടിയതൊ കടുംമഞ്ഞയോടുകൂടിയതൊ ആയ മലം പോകുന്നതു

മരണലക്ഷണം ആണ്. ഏറ്റവും ചൂടോടുകൂടിയ മലത്തിന്റെ ചോക്കും മൃത്യുലക്ഷണമാണ്.

ജിഹ്വാപരീക്ഷ.

വാതം കോപിച്ച രോഗിയുടെ നാക്ക്, മഞ്ഞളിച്ചും പൊട്ടിയും രൂക്ഷമായും തേക്കിലപോലെയും മധുരം നം കലർന്നും ഇരിക്കും. ലാല (വായ്നീർ) ഴുകുകയും ചെയ്യും.

പിത്തംകോപിച്ച രോഗിയുടെ നാക്ക രക്തവർണ്ണത്തിലൊ മാന്തളിന്റെ നിറത്തിലൊ ഇരിക്കും. കയ്ക്കുകയും അഴുക്കടഞ്ഞിരിക്കുകയും ചെയ്യും. കോവൽപ്പഴത്തിന്റെ പുറത്തെ മുള്ളുകൾപോലെ നാക്കിൽ സ്പഷ്ടം കാണും. ദാഹവും ഉണ്ടായിരിക്കും.

കഫം കോപിച്ച രോഗിയുടെ നാക്ക്, വെളുത്തനിറത്തിലും വളരെ പശയോടുകൂടിയും തടിച്ചും ക്ഷാരരസത്തോടുകൂടിയും തടിച്ച മുള്ളുകൾ ഉള്ളതായും ഇരിക്കും.

ത്രിദോഷം കോപിച്ചവന്റെ നാക്ക സ്വരവും സ്പർശവും രുചിയും അറിയാൻ പാടില്ലാതെയും കറുത്ത നിറത്തിലും വരൾച്ചയോടുകൂടിയും വളരെ മുള്ളുകൾ ഉള്ളതായും ഇരിക്കും.

ശബ്ദപരീക്ഷ.

വാതം കോപിച്ച രോഗി സമാനസ്വരത്തിലും പിത്തം കോപിച്ചരോഗി സ്ഫുടമായ സ്വരത്തിലും കഫം കോപിച്ച രോഗി ഹീനസ്വരത്തിലും ശബ്ദിക്കും.

സ്പർശപരീക്ഷ.

വാതരോഗിയുടെ ശരീരം ശീതളമായും പിത്തരോഗിയുടെ ശരീരം ഉഷ്ണമായും കഫരോഗിയുടെ ശരീരം കുളുത്തും ഇരിക്കും.

നയനപരീക്ഷ.

വാതദോഷം കോപിച്ചവന്റെ കണ്ണുകൾ രൂക്ഷമായും കറുപ്പും ചുകപ്പും കലർന്ന നിറത്തോടുകൂടിയോ അരുണവർണ്ണമായോ ഇരിക്കും. മിഴികൾ കോണിച്ചും ജലം ഒഴുകിയും നോട്ടം സ്തംഭിച്ചും ചഞ്ചലമായും ഇരിക്കും.

പിത്തം കോപിച്ചവന്റെ കണ്ണുകൾ, മഞ്ഞളിച്ചൊ പച്ചിലയുടെ നിറത്തിലൊ ചുകന്നൊ ചൂടേറിയും വിളക്കുത്ത നോക്കാൻ പാടില്ലാതെയും പുളിപ്പോടുകൂടിയും ഇരിക്കും.

കഫം കോപിച്ചവന്റെ കണ്ണുകൾ, തേജസ്സില്ലാത്തതായും ശുക്ലവർണ്ണത്തോടുകൂടിയതായും പുഷ്പോഴും വെള്ളം നിറഞ്ഞതായും ഘനത്വത്തോടുകൂടിയതായും മന്ദിച്ച നോട്ടത്തോടുകൂടിയതായും മിനുമിനുത്തതായും ഇരിക്കും.

ദ്വന്ദ്വദോഷങ്ങൾ കോപിച്ചവന്റെ കണ്ണുകൾ ആ രണ്ടു ദോഷങ്ങളുടെ മേല്പറഞ്ഞ ലക്ഷണങ്ങളോടുകൂടിയതായിരിക്കും.

ത്രിദോഷകുപിതന്റെ കണ്ണു കറുത്ത നിറത്തോടുകൂടിയതായും വളവില്ലാത്തതായും മടിപ്പോടും മോഹത്തോടും ദുഃഖത്തോടും കൂടിയതായും രൌദ്രതയോടും ചുകപ്പുനിറത്തോടും കൂടിയതായും ഇരിക്കും.

ഒരു കണ്ണ് ഏറ്റവും ഭയങ്കരമായും ഒരുകണ്ണ് തീരെ ഇളക്കമില്ലാത്തതായും എപ്പോൾ ഭവിക്കുന്നുവോ അന്നുമുതൽ മൂന്നുദിവസത്തിനകം ആ രോഗി തീച്ചയായും മരണത്തെ പ്രാപിക്കും.

രോഗിയുടെ ഒരു കണ്ണ്, ഉടനടി തേജസ്സില്ലാത്തതായിപ്പോവുകയും മറ്റെക്കണ്ണ് കുറഞ്ഞോന്നു കുറച്ചോടുകൂടിയതായിത്തീരുകയും ചെയ്താൽ, ആ രോഗി മരിച്ചുപോകും.

രോഗാധിക്യത്തിൽ രോഗിയുടെ നേത്രം ഏറ്റവും ചുവന്ന നിറത്തിലൊ കറുത്ത നിറത്തിലൊ ആയിത്തീരുകയും മറ്റുള്ളവർ പേടിച്ചുപോകത്തക്കവണ്ണം സദാ കണ്ണുരുട്ടി നോക്കുകയും ചെയ്താൽ ആ രോഗി തീച്ചയായിട്ടും ജീവിക്കുകയില്ല.

ഒരു കണ്ണു തീരെ ഇളക്കമില്ലാതാവുകയും മറ്റെക്കണ്ണിന്റെ കൃഷ്ണമണി തേജസ്സോടുകൂടെ ഇളകിക്കൊണ്ടിരിക്കുകയും ചെയ്താൽ ആ രോഗി ഏകരാത്രികഴിയുന്നതിനുമുമ്പായി കാലപുരിയെ പ്രാപിക്കും.

രണ്ടുകണ്ണിന്റെയും മണികൾ ഏറ്റവും ഉള്ളിലോട്ടു കുഴിഞ്ഞുതാണും കറുത്ത വണ്ണത്തിലും തീരെ ചൈതന്യംകൂടാതെയും മന്ദദൃഷ്ടിയായും വരുന്നതും മരണലക്ഷണമാണു്.

ത്രിദോഷകോപത്തോടുകൂടിയവന്നു് കണ്ണുകൾ തന്നത്താൻ തുറക്കാൻ കഴിഞ്ഞാലും ഉടനടൻ തന്നത്താൻ അടഞ്ഞുപോകുന്നതും എപ്പോഴും തുറന്നതന്നെയിരുന്ന കണ്ണു് പൂപ്പോഴും അടച്ചുകൊണ്ടുതന്നെ കിടക്കുന്നതും കൃഷ്ണമണികൾ ചെറുകിപ്പോകുന്നതും കറുപ്പും ചുകപ്പും കലർന്ന നിറത്തിൽ കൃഷ്ണമണികളെ മറ്റുള്ളവർ പേടിച്ചുപോകത്തക്കവണ്ണം ഇളക്കുന്നതും കണ്ണിൽ പലതരം നിറങ്ങൾ ഉണ്ടാകുന്നതും കണ്ണുകൊണ്ടു പലപ്രകാരത്തിൽ ഉള്ള ചേഷ്ടകളെ കാണിക്കുന്നതും മൃത്യുലക്ഷണങ്ങൾ തന്നെ.

സൌമ്യദൃഷ്ടിയും പ്രസന്നമായ കാന്തിയും സഹജമായുള്ള സൌന്ദര്യവും കണ്ണുകൾക്കു് ഉണ്ടാകുന്നതു് അതിശീഘ്രത്തിൽ രോഗം ശമിക്കുമെന്നുള്ളതിന്റെ ലക്ഷണങ്ങൾ തന്നെ.

ആകൃതിപരീക്ഷ.

വാതം കോപിച്ചവന്റെ ശരീരം കറുത്തിരിക്കുന്നതായിതോന്നും.

പിത്തം കോപിച്ചവന്റെ ശരീരം മഞ്ഞനിറമായിതോന്നും.

വമനക്രിയയ്ക്കു യോഗ്യന്മാർ.

ശരീരത്തിൽ വേദനയോടുകൂടിയവർ കഫകോപത്താൽ പീഡിക്കപ്പെട്ടവർ ഹൃദയ വ്യാധികളം പിടിപെട്ടവർ ശരീപ്രകൃതിയുള്ള വമനചികിത്സ അനുകൂലമായിട്ടുള്ളവർ മനോധൈര്യമുള്ളവർ ഇവർക്ക് രോഗത്തിനു തക്ക വിധത്തിൽ വമനക്രിയ ചെയ്യാം.

വമനചികിത്സ ചെയ്യുത്തക്ക വ്യാധികൾ.

വിഷദോഷം സൂനുരോഗം അഗ്നിമാന്ദ്യം പ്രമേഹം അർബുദം ഹൃദയരോഗം കുഷ്ഠം പിസുപ്പ് മേഹരോഗം അജീർണ്ണം തലച്ചുറ്റൽ വിദ്രധികാ എന്നുള്ള പിടകം (മസൂരി) അപചി എന്നുള്ള പുണ്ണ് കാസം ശ്വാസം പീനസം അണ്ഡവൃദ്ധി (അന്ത്രരോഗം) അപസ്മാരം ജ്വരം ഉന്മാദം രക്തപിത്തം നാസാപാകം താലുപാകം കാക്ഷ്ഠപാകം കണ്ണുസ്രാവം ഉർദ്ധ്വാംഗരോഗം വീക്കം തൊണ്ടക്കുത്ത് അതിസാരം പിത്തരോഗം കഫരോഗം മേദോരോഗം അരുചി ഇവകൾ വമനക്രിയകൊണ്ട് ഭേദമാകും.

വമനക്രിയയ്ക്കു യോഗ്യരല്ലാത്തവർ.

തിമിരരോഗികൾ ഗ്രഹണി മഹോദരംമുതലായ ഉദരരോഗമുള്ളവർ ശരീരം ക്ഷീണിച്ചവർ ഏറ്റവും വയസ്സുചെന്നവർ ഗർഭിണികൾ വളരെ തടിച്ചവർ ക്ഷതകാസമെന്ന രോഗംപിടിപെട്ടവർ രക്തകാസംഉള്ളവർ മദരോഗംപിടിപെട്ടവർ രൂക്ഷശരീരികൾ വിശപ്പുള്ളവർ ഉദാവർത്തരോഗികൾ ഛർദ്ദിക്കുന്നതിന് വളരെപ്രയാസമുള്ളവർ വാതംകോപിച്ചവർ പാണ്ഡുരോഗികൾ ക്രിമിരോഗികൾ ബാലന്മാർ കുടുങ്ങിയവർ തൃഷ്ണാരോഗികൾ നിരൂഹവസ്തി ചെയ്തവർ ഇവരാരും വമനത്തിനു യോഗ്യതയുള്ളവരല്ല. എന്നാൽ പാണ്ഡുരോഗിക്കും വയറ്റിൽ കൃമിവർദ്ധിച്ചവർക്കും തൊണ്ടകുടുങ്ങിയവർക്കും അജീർണ്ണം ഉണ്ടായാൽ വിഷമുണ്ടെങ്കിൽ ഛർദ്ദിപ്പിക്കാൻ പറഞ്ഞിട്ടുള്ള വിധിപ്രകാരം അപ്പോൾ ഛർദ്ദിപ്പിക്കാം.

അതിമധുരകഷായംകൊണ്ടുള്ള വമനം.

പാണ്ഡുരോഗം കൃമി തൊണ്ടവരൾച്ച ഈ വ്യാധികളോടുകൂടിയവർക്കും അജീർണ്ണം ഉണ്ടായാലും ഛർദ്ദിപ്പിച്ചാൽ ശമനം ഉണ്ടാകുന്നവിഷം ഭക്ഷിച്ചവർക്കും കഫകോപത്താൽ പീഡിതരായവർക്കും അതിമധുരകഷായംകൊടുത്തു ഛർദ്ദിപ്പിക്കണ്ടതാകുന്നു.

ബാലന്മാർതുടങ്ങിയുള്ള ശരീരബലംകുറഞ്ഞവരെ ഛർദ്ദിപ്പിക്കുന്നതു്.

സുകുമാരശരീരത്തോടുകൂടിയവർ ശരീരംമെലിഞ്ഞവർ കുട്ടികൾ

വൃദ്ധന്മാർ യോഗ്യപ്പെട്ടവർ മുതലായവരെ ഛർദ്ദിപ്പിക്കരുത്. ഛർദ്ദിപ്പിപ്പാനായി എന്നുള്ളപ്പോൾ കഞ്ഞിയോ പാലോ തൈരോ മോരോ അതുകൂടി പ്പിച്ചു ഛർദ്ദിപ്പിക്കുകയും ചെയ്യാവു. കൂടാതെ സാധാരണ പതിവില്ലാത്തതായും കഫത്തെ വർദ്ധിപ്പിക്കുന്നതുമായുള്ള അഹാരപദാർത്ഥങ്ങളെ കൊടുത്തു രോഗിയുടെ ശരീരത്തിൽ ചേർന്നിരിക്കുന്ന ദോഷങ്ങളെ ഇളക്കിവിട്ട സ്നേഹചികിത്സയും സ്വേദചികിത്സയും ചെയ്തതിന്റെശേഷം വമനംചെയ്താൽ കടലിൽനിന്നും ദോഷങ്ങൾപോകുന്നതുപോലെ വെളിയിൽപ്പോകും.

വമനത്തിനു ഉപയോഗിക്കേണ്ട പൊരുമരുന്നുകൾ.

എഴുപ്രകാരത്തിൽ ഉള്ള വമന ചികിത്സകളിലും ഛർദ്ദിപ്പിക്കുന്നതിനു ഇന്തുപ്പ്, അല്ലെങ്കിൽ തേൻ ഉപയോഗിക്കാം. അതുകൊണ്ടു ചിലപ്പോൾ ബീഭത്സമായവിധത്തിൽ ഛർദ്ദി സംഭവിച്ചേക്കും. അങ്ങനെയുള്ള വമനചികിത്സ, ഹിതമല്ലാത്തവർക്ക് അതിനുപകരം വിരേചന ചികിത്സ ചെയ്യുന്നതാണു് നല്ലതു്.

വമനത്തിനു കഷായം പാകപ്പെടുത്തുന്നമുറ.

കഷായം വയ്ക്കുന്നതിനുള്ള മരുന്നുകൾ നാഴുപലംഉണ്ടെങ്കിൽ അതിൽ നാലിടങ്ങഴി വെള്ളംഒഴിച്ചു്, അടുപ്പിൽവച്ചു വാറിച്ചു പകുതിയാക്കി എടുക്കണം. ഇങ്ങനെ വേണം വമനചികിത്സയ്ക്കുപയോഗിക്കേണ്ട കഷായങ്ങളിൽ അധികവും പാകം ചെയ്യേണ്ടതു്.

വമനത്തിനു ഔഷധങ്ങൾ ഉപയോഗിക്കാനുള്ള അളവു.

വമനത്തിനുള്ള കഷായങ്ങൾ ഉപയോഗിക്കുന്നതിനു മൂന്നുപ്രകാരത്തിൽ അളവുകൾ ഉണ്ടു്. (൧) ജ്യേഷ്ഠമാത്ര, അതായതു നല്ലയൌവനപ്രായക്കാർക്കും വലിയ ബലമുള്ളവർക്കും കൊടുക്കുന്ന വലിയ അളവു് (൨)കനിഷ്ഠമാത്ര അതായതു കുട്ടികൾക്കുംഏറ്റവും ദുർബ്ബലന്മാർക്കും കൊടുക്കുന്ന ചെറിയ അളവു്, (൩) മദ്ധ്യമാത്ര അതായതു മദ്ധ്യവയസ്സുള്ളവർക്കും മദ്ധ്യമബലത്തോടുകൂടിയവർക്കും കൊടുക്കുന്ന മദ്ധ്യമായ അളവു, ഇവയാണു്. ഇവയിൽ ജ്യേഷ്ഠമാത്ര എന്നു പറയുന്നതു രണ്ടുപ്രസ്ഥവും മദ്ധ്യമാത്രയെന്നു പറയുന്നതു ഒരുപ്രസ്ഥവും കനിഷ്ഠമാത്രയെന്നു പറയുന്നതു് മൂന്നുപ്രസ്ഥവും ആണു്. കൂടാതെ കല്ലു്, ചുണ്ണാമ്പു് വേഴ്യം മുതലായതുകൾ വമനത്തിനു ഉപയോഗിക്കേണ്ടതായി വന്നാൽ ജ്യേഷ്ഠമാത്ര മൂന്നുപലവും മദ്ധ്യമാത്ര രണ്ടുപലവും കനിഷ്ഠമാത്ര ഒരുപലവും ആണു്. ഇതു വമനത്തിനു മരുന്നുകൾ ഉപയോഗിക്കാനുള്ള പൊരുപ്രമാണമത്രെ.

വമനാദികാര്യങ്ങളിൽ പ്രസൃതത്തിന്റെ പരിമാണം.

വമനത്തിനും വിരേചനത്തിനും രക്തം കളയുന്നതിനും മരുന്നുകൾ ഉപയോഗിക്കാനുള്ള അളവുകളിൽ പ്രസൃതം എന്നു പറയുന്നതു പതിമൂന്നരപ്പലമാണു് (അതായതു പതിമൂന്നരത്തുടം)

വമനത്തിനുള്ള അളവുകൾ.

വമനത്തിനുള്ള ഔഷധം രണ്ടുവിരൽകൊണ്ടു്, എട്ടുതവണ ഛർദ്ദിയുണ്ടായാൽ, അല്ലെങ്കിൽ പിത്തനീരു വെളിപ്പെട്ടാൽ അതു് ഉത്തമ അളവെന്നും, അറുതവണ ഛർദ്ദിയുണ്ടായാൽ അതു മദ്ധ്യമഅളവെന്നും നാലുമുറയായാൽ ഹ്രസ്വഅളവെന്നും പറയുന്നു.

കഫവാതപിത്തകഫങ്ങൾ കൊണ്ടുണ്ടായ രോഗങ്ങളിൽ വമനത്തിനുള്ള മരുന്നുകൾ.

കടുപ്പവും തീക്ഷ്ണതയും ഉള്ള മരുന്നുകൾ കഫരോഗങ്ങളിലും മധുരവും തണുപ്പും ഏറിയ മരുന്നുകൾ പിത്തരോഗങ്ങളിലും ഏറ്റവും മധുരവും ഉപ്പും പുളിയും ഉഷ്ണവീര്യവുമുള്ള മരുന്നുകൾ വാതകഫരോഗങ്ങളിലും വമനംചെയ്യിക്കുന്നതിലേയ്ക്കു ശ്രേഷ്ഠങ്ങളാകുന്നു.

കഫം മുതലായതുകൾകൊണ്ടുണ്ടായ രോഗങ്ങളിൽ വമനത്തിനുള്ള ഔഷധങ്ങൾ.

കഫകോപത്തിലൊ അല്ലെങ്കിൽ കഫകോപംകൊണ്ടുണ്ടാകുന്ന വ്യാധികളിലൊ തിപ്പലിയും ഇരുപ്പും മലംകാരക്കായുംപൊടിച്ചു് ഉഷ്ണജലത്തിൽ ചേർത്തു കൊടുത്തുവേണം ഛർദ്ദിപ്പിക്കേണ്ടതു്. പിത്തം കൊണ്ടുണ്ടാകുന്ന വ്യാധികളിലും പിത്തപ്രകോപത്തിലും പടോലം ആടലോടകം വേപ്പു് ഇവ തണുത്ത ജലത്തിൽ ഉപയോഗിക്കണം. കഫം വാതം ഇവ രണ്ടുകൊണ്ടും ഉണ്ടായ വ്യാധികളിലൊ അല്ലെങ്കിൽ സന്നിപ്രകോപിച്ചിടുക്കയോഴൊ മലംകാരയുടെ പാലിൽ അരച്ചുകലക്കി കൊടുത്തു ഛർദ്ദിപ്പിക്കണം. അജീർണ്ണത്തിൽ ഇരുപ്പു് ഉഷ്ണജലത്തിൽ കലക്കി കൊടുത്തുവേണം ഛർദ്ദിപ്പിക്കേണ്ടതു്.

വമനോപചാരങ്ങൾ.

വമനചികിത്സ ചെയ്യുന്ന രോഗിയെ മുഴംകാൽ പൊക്കത്തിൽ ഉള്ള ഒരു ആസനത്തിൽ ഇരുത്തി ഛർദ്ദിപ്പിക്കുന്നതിലേയ്ക്കുള്ള മരുന്നുകൾ കുടിപ്പിച്ചതിന്റെശേഷം വൈദ്യൻ ഒരു ചെറിയദണ്ഡുകൊൺ തണ്ടെടുത്തു രോഗിയുടെ വായിൽഇട്ടു പയ്യപ്പയ്യെ രോഗിയുടെ തൊണ്ടയിൽ സ്പർശിച്ചു ഛർദ്ദിയെ ഉണ്ടാക്കണം. രോഗി ഛർദ്ദിച്ചുതുടങ്ങുമ്പോൾ വൈദ്യൻ നെറ്റിയിലും പാർശ്വങ്ങളിലും തലോടി രോഗിക്കു് ഉത്സാഹത്തെ വർദ്ധിപ്പിക്കണം.

ദുർഛർദ്ദി.

വമനം വേണ്ടതുപോലെ ചെയ്യിക്കാത്തതുകൊണ്ട് ഉള്ളിൽതങ്ങിയിരിക്കുന്ന ദോഷങ്ങൾ മുഴുവനും വെളിയിൽ വരാതെയിരുന്നാൽ, അപ്പോൾ വായിൽ നീർ ചുരക്കുകയും (വെള്ളം ഊറുകയും) ഒരുമാതിരി നെഞ്ചിടിപ്പും മാറ്റിൽപിടുത്തവും കടലിൽ വേദനയും ചൊറിച്ചിലും ഉണ്ടാവുകയുംചെയ്യും. ഇങ്ങനെ കണ്ടാൽ വേണ്ടതുപോലെ വമനം ഉണ്ടായില്ലെന്നു വിചാരിച്ചുകൊള്ളണം.

അതിവമനം.

ക്രമത്തിലധികം ഛർദ്ദിപ്പിച്ചാൽ നാവുണക്കം (തണ്ണീർദാഹവും) ഇക്കിളും ഏമ്പക്കവും മയക്കവും നാക്കുതള്ളുകയും നയനവ്യാവൃത്തിയും (കൺചുരുക്കം) താടിയെല്ലിനു ശക്തിക്കുറവും (തളർച്ചയും) രക്തഛർദ്ദിയും ഉമിനീർവർദ്ധനയും തൊണ്ടയ്ക്കുത്തുവേദനയും മറ്റും ഉണ്ടാകും.

അതിവമനംകൊണ്ടുണ്ടാകുന്ന ദോഷങ്ങളെ
ശമിപ്പിക്കുന്നതിനുള്ള വഴി.

വമനം ക്രമത്തിലധികം ഉണ്ടായാൽ മൃദുവിരേചനം ഉണ്ടാകുന്നതിനുള്ള ഉപായങ്ങളെ ചെയ്യണം. അതിവമനംകൊണ്ടു നാക്കുവരണ്ടു ചുരുങ്ങിപ്പോയാൽ സ്നിഗ്ധതയും പുളിരസവും ഉപ്പുരസവും ഉള്ളതും ഹൃദയത്തിനു സന്തോഷത്തെ കൊടുക്കുന്നതും (ഹൃദ്യവും)ആയ ഔഷധങ്ങൾകൊണ്ടു വിധിപ്രകാരം പാകംചെയ്ത നെയ്യ് പാൽമാംസരസം ഇവകൊണ്ട് കബളഗ്രഹം ചെയ്യണം. കബളഗ്രഹം ചെയ്യുന്നതിനുമുമ്പായി പുളിയുള്ള പഴങ്ങൾ ഭുജിക്കുന്നതു ഏറ്റവുംനല്ലതാണ്. നാക്കു വെളിയിലോട്ടു തള്ളിപ്പോയാൽ, എള്ളും മുന്തിരിങ്ങായുംകൂടി അരച്ചു നാക്കിൽ തടവി മെല്ലെച്ചുരുങ്ങി ഉള്ളിലോട്ടു പോകത്തക്കവണ്ണം ആക്കണം. നയനവ്യാവൃത്തിക്കു കണ്ണിൽ നെയ്യു നിറയ്ക്കുകയും താടിയിൽ ഉണ്ടാകുന്ന പിടുത്തത്തിനും തളർച്ചയ്ക്കും സേദചികിത്സയും വാതകഫകോപങ്ങളെ ശമിപ്പിക്കത്തക്ക നസ്യചികിത്സയും ചെയ്യണം. രക്തഛർദ്ദിയുണ്ടായാൽ രക്തപിത്ത ചികിത്സ ചെയ്യണം. കൂടാതെ നെല്ലിക്കാരസാഞ്ജനം ഇരുവേലി മഞ്ഞൾ ചന്ദനം ഇവകൊണ്ടു മന്ദമുണ്ടാക്കി (മരുന്നുതിരി മൗഷധപാകം) അതിൽ നെയ്യു തേൻ പഞ്ചസാര ഇവചേർത്തു സേവിച്ചാൽ നാക്കു വരാംചുരുതലായുപദ്രവങ്ങളും ഛർദ്ദിയും നില്ക്കും.

ക്രമപ്രകാരം ഛർദ്ദിയുണ്ടായതിന്റെ ലക്ഷണങ്ങൾ.

മാറ്റിന്റെ ഉള്ള് (ഹൃദയം) തൊണ്ട ശിരസ്സ് ഇവ ശുദ്ധിയായുകനല്ലതുപോലെ വിശപ്പുണ്ടാവുക, ശരീരത്തിനു ലഘുത്വംവരിക,

കഫപിത്തങ്ങൾ കഴിയുക മുതലായവ ക്രമമായി ഉണ്ടായതിന്റെ ലക്ഷണങ്ങൾ ആണ്.

വമനത്തിന്റെ പഥ്യങ്ങൾ.

ക്രമപ്രകാരം വമനം ഉണ്ടായതിന്റെശേഷം, അപരാഹ്നത്തിൽ (ഉച്ചതിരിഞ്ഞതിനുശേഷം) അഗ്നിബലത്തിനുതക്കപോലെ ചെറുചൂടുവെള്ളത്തിൽ ചമ്പാവരി ഹൃദയത്തിനു ബലം കൊടുക്കുന്ന മാംസങ്ങൾ ഇവകൊണ്ടു യൂഷം ഉണ്ടാക്കി രോഗിക്കു കൊടുക്കണം.

വമനംകൊണ്ടു ശമിപ്പിക്കാവുന്ന വ്യാധികൾ.

മടി അതിനിദ്ര വായുകുത്തുണ്ടാകുന്ന ഉന്മാദം കടവിൽ ഉണ്ടാകുന്ന അരിപ്പ് ഗ്രഹണി വിഷം ഇവകൾ വമനക്രിയകൊണ്ടു ശമിക്കും.

വമനചികിത്സയിൽ അപഥ്യങ്ങൾ.

അജീർണ്ണം ഉണ്ടാക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ ഭക്ഷിക്കുക തണുത്തവെള്ളം കുടിക്കുക വ്യായാമം ചെയ്യുക സംയോഗം ചെയ്യുക എണ്ണതേച്ചുകുളിക്കുക കോപിക്കുക മുതലായവ വമനം ചെയ്വാൻ മൂന്നു ദിവസം കഴിയുന്നതുവരേയും ചെയ്യരുതു്.

വിരേചനവിധി.

വിരേചനത്തിനു മുമ്പേ ചെയ്യേണ്ട ചികിത്സകൾ.

ആദ്യമേ സ്നേഹങ്ങൾകൊണ്ടു്, ശരീരത്തെ സ്നിഗ്ധമാക്കിയതിന്റെശേഷം സ്വേദവിധിപ്രകാരം സ്വേദവും വമനവിധിപ്രകാരം വമനവും ശരിയായിച്ചെയ്തതിൽപിന്നെ കടവിൽ ഉള്ള മലങ്ങൾ വെള്ളിയിൽ പോകത്തക്കവണ്ണം വിരേചനം ചെയ്യിക്കണം. വമനം ചെയ്യിക്കാതെ വിരേചനത്തിനു മരുന്നു കൊടുത്താൽ ആമാശയത്തിനു മേലുള്ള കഫങ്ങൾ കീഴ്പോട്ടുപോയി ഗ്രഹണി എന്ന ഭാവത്തെ അടച്ചുകളയും. ഗ്രഹണി എന്നു പറയുന്നതു്, ചെറുകടലും ആമാശയം എന്നു പറയുന്ന ഇരുപ്പയും തമ്മിൽ ചേരുന്ന സ്ഥാനത്തു് കപാടം പോലെ ഇരിക്കുന്ന ഭാഗമാണു്. കൂടാതെ അഗ്നിമാന്ദ്യം ശരീരത്തിനു ഗുരുത്വം പ്രവാഹിക മുതലായവയും ഉണ്ടാകും. വിരേചിപ്പിക്കുന്നതിനു മുമ്പായി വമനം ചെയ്യിക്കുന്നതിനു സൌകര്യമില്ലാത്തപ്പോൾ, പാചനശക്തിയുള്ള ഔഷധങ്ങൾകൊണ്ടു്, കടലിൽ ചേർന്നിരിക്കുന്ന അപകടമായ ദോഷങ്ങളേയും കഫത്തേയും പക്വംചെയ്യ സ്നേഹവസ്തുക്കൾകൊണ്ടു ശരീരം സ്നിഗ്ധമാക്കി സ്വേദചികിത്സ ചെയ്തതിന്റെ ശേഷം വിരേചനത്തിനു മരുന്നു കൊടുക്കണം.

വിരേചനത്തിനുതക്കകാലം.

ശരീരശുദ്ധിക്കുവേണ്ടി വിരേചിപ്പിക്കുന്നതു് ശരൽക്കാലത്തിലോ വസന്തകാലത്തിലോ വേണം. അപവാദമായ സമയങ്ങളിൽ മറ്റു കാലങ്ങളിലും കൂടിയേതീരൂ എങ്കിൽ വിരേചിപ്പിക്കാം.

വിരേചിപ്പിക്കേണ്ടാത്ത ദോഷങ്ങൾ.

പിത്തകോപംകൊണ്ടുണ്ടാകുന്ന ദോഷങ്ങളിലും അമദോഷംകൊണ്ടുണ്ടാകുന്ന വ്യാധികളിലും ഉദരരോഗങ്ങളിലും വയറുപെരുക്കത്തിനും കടൽ ശുദ്ധിയാക്കുന്നതിനും വിരേചിപ്പിക്കണം.

വിരേചനത്തിന്റെ മഹത്വം.

ലംഘനം, പാചനം എന്നീക്രിയകൾകൊണ്ട് ദോഷങ്ങൾ സ്വസ്ഥതയെ പ്രാപിച്ചാലും ചിലപ്പോൾ അവ പിന്നേയും പ്രകോപിക്കും. വിരേചനം മുതലായ ശോധനക്രിയകൾകൊണ്ട് ആരുടെ ശരീരം ശുദ്ധമാക്കി ചെയ്യപ്പെട്ടിരിക്കുന്നുവോ അവരുടെ ശരീരത്തിൽ വീണ്ടും ആ ദോഷങ്ങൾ കോപിച്ചു രോഗങ്ങളെ ഉണ്ടാക്കുകയില്ല.

വിരേചിപ്പിക്കാൻ പാടില്ലാത്തവർ.

അതിപ്രയത്നംകൊണ്ടു ക്ഷീണിച്ചവരേയും നാട്ടവറംച്ചുയാട്ടുകടിയവരേയും സൂചിശരീരികളേയും ഗർഭിണികളേയും നവജ്വരം പിടിപെട്ടവരേയും പുത്തനായി പ്രസവിച്ച സ്ത്രീകളേയും അഗ്നിമാന്ദ്യമുള്ളവരേയും മദാത്യയമെന്ന രോഗം പിടിപെട്ടവരേയും, ശരീരത്തിൽ, ആയുധങ്ങളോ അസ്ത്രങ്ങളോ മറ്റോ അകപ്പെട്ടവരേയും തൃക്ഷശരീരികളേയും വിരേചിപ്പിക്കാൻ പാടില്ല.

വിരേചിപ്പിക്കാവുന്ന രോഗികൾ.

ജീർണ്ണജ്വരം പിടിപെട്ടവരേയും കൃത്രിമവിഷം അകപ്പെട്ടവരേയും വാതരക്തരോഗികളേയും ഭഗന്ദരരോഗികളേയും അർശോരോഗികളേയും പാണ്ഡുരോഗികളേയും ഉദരരോഗികളേയും ഗ്രന്ഥികൾ (നീർക്കെട്ടുകൾ) പ്ലീഹവ്യാധികൾ അരോചകം യോനിരോഗം പ്രമേഹം ഗുന്മം പ്ലീഹരോഗം വ്രണങ്ങൾ വിദ്രധി ചർദ്ദി വിസ്ഫോടം (പൊള്ളൽ) വിഷൂചിക കൃമി കണ്ണുരോഗങ്ങൾ നാസികാരോഗങ്ങൾ ശിരോരോഗങ്ങൾ വായ്പുണ്ണ് മുതലായ മുഖരോഗങ്ങൾ ലിംഗസംബന്ധമുള്ള രോഗങ്ങൾ ഗുദരോഗങ്ങൾ ശോഫം ക്രിമിരോഗം വാതദോഷം ക്ഷീണം വയറുവേദന മൂത്രമടപ്പ് ഇവകൾ പിടിപെട്ടവരേയും വിരേചിപ്പിക്കണം.

കടലുകളുടെ ഗുണഭേദങ്ങളും വിരേചിപ്പിക്കുന്നതിനുള്ള ഔഷധമാത്രകളും.

പിത്തം വർദ്ധിച്ച കടലോടുകൂടിയവർ മൃദുകോഷ്ഠമായാൽ കഫം അധികമായ കടലോടുകൂടിയവർ മദ്ധ്യകോഷ്ഠമായാൽ വാതകോപംകൊണ്ട് വരണ്ട കടലോടുകൂടിയവർ ക്രൂരകോഷ്ഠമായാൽ അറിയണം. ഇവരിൽ ക്രൂരകോഷ്ഠത്തോടുകൂടിയവരെ സാധാരണ ഔഷധങ്ങൾകൊണ്ട് വിരേചിപ്പിക്കുന്നതു പ്രയാസമാണ്. മൃദുവായ കോഷ്ഠത്തോടുകൂടിയ

വക്ക് കുറഞ്ഞ അളവിലും, മദ്ധ്യമായ (അധികം മൃദുവും അധികം കഠിനവും അല്ലാത്ത) കോഷ്ഠത്തോടുകൂടിയവക്ക് മദ്ധ്യമമായ അളവിലും ക്രൂരകോഷ്ഠത്തോടുകൂടിയവക്ക് കൂടിയ അളവിലും വേണം വിരേചനത്തിനുള്ള മരുന്നുകൾ കൊടുക്കേണ്ടത്. അങ്ങനെ കൊടുക്കുന്ന ഔഷധങ്ങളും വീര്യത്തിൽ മൃദു മദ്ധ്യമം തീക്ഷ്ണം എന്നീ ഗുണങ്ങൾ ഉള്ളവയായിരിക്കേണ്ടതും അത്യാവശ്യമാകുന്നു.

കടലുകളുടെ അവസ്ഥയ്ക്കു യോജിച്ച വിരേചനൌഷധങ്ങൾ.

മൃദുവായ കോഷ്ഠത്തോടുകൂടിയവക്ക് മുന്തിരിങ്ങാപ്പഴം, പാൽ ആവണക്കെണ്ണ ഇവയെ ഉപയോഗിച്ചാലും വിരേചനം ഉണ്ടാകും. മദ്ധ്യമ കോഷ്ഠത്തോടുകൂടിയവക്ക് ത്രികോല്പക്കൊന്ന കടുകരോഹിണി കൊന്ന ഇവകൾ കൊണ്ടുള്ള ഔഷധങ്ങൾ ഉപയോഗിച്ചാൽ വിരേചനം ഉണ്ടാകും. ക്രൂരകോഷ്ഠത്തോടുകൂടിയവക്ക് കള്ളിപ്പാൽ കാട്ടാമക്കള്ളിപ്പാൽ നീർവാളം മുതലായവ കൊണ്ടേ വിരേചനം ഉണ്ടാകൂ.

വിരേചനത്തിൽ ഉത്തമ മദ്ധ്യമ ഹീനയോഗങ്ങൾ.

മുപ്പതുതവണ വിരേചനം ഉണ്ടാവുകയും ഒടുവിലത്തെ വിരേചനത്തിൽ കഫം കൂടി വെള്ളിയിൽ വരികയും ചെയ്താൽ, അതു ഉത്തമയോഗമെന്നും ഇരുപതുതവണ വിരേചനമുണ്ടായാൽ അതു മദ്ധ്യമയോഗമെന്നും പത്തുതവണ വിരേചനമുണ്ടായാൽ അതു് ഹീനയോഗമെന്നും പറയുന്നു.

വിരേചനത്തിനു പൊതുവേയുള്ള കഷായങ്ങളുടെ ഉത്തമ മദ്ധ്യമ ഹീനമാത്രകൾ.

വിരേചനത്തിനു കഷായങ്ങൾ ഉപയോഗിക്കുന്നെങ്കിൽ അവ രണ്ടുപലം അളവിൽ ഉപയോഗിച്ചാൽ ഉത്തമമാത്രയെന്നും, ഒരു പലം ആയാൽ മദ്ധ്യമമാത്രയെന്നും, അരപ്പലം ആയാൽ ഹീനമാത്രയെന്നും പറയുന്നു.

വിരേചനത്തിനു ഉപയോഗിക്കുന്ന കല്കം മുതലായവകളുടെ അളവു്.

കല്കങ്ങൾ, മോദകം, അല്ലെങ്കിൽ ഗുളികകൾ, ചൂർണ്ണങ്ങൾ മുതലായ വിരേചനൌഷധങ്ങളെ വയസ്സു്, വ്യാധി മുതലായവയ്ക്കു തക്കവണ്ണം കാൽപലം അളവിലൊ അരുപ്പലം അളവിലൊ ഒരുപലം അളവിലൊ ഉപയോഗിക്കാം.

വാതാദിദോഷങ്ങൾക്കു പറഞ്ഞ വിരേചനൌഷധങ്ങൾ.

പിത്തം കോപിച്ചുണ്ടാകുന്ന വ്യാധികളിൽ വിരേചിപ്പിക്കുന്നതു് മുന്തിരിങ്ങാപ്പഴവും കടുക്കാത്തോടും മുത്തങ്ങാക്കിഴങ്ങും കടുകരോഹിണിയും പച്ചിലയും പടവലപ്പൂവും സമം ചേർത്തുവച്ചുണ്ടാക്കിയ കഷായത്തിൽ ത്രികോല്പക്കൊന്ന ഉടിച്ചുപൊടിച്ചു ശീലപ്പൊടിതട്ടിയെടുത്ത

പൊടിച്ചേർത്തു കൊടുത്തായിരുന്നാൽ മതിയാകും. കഫം കോപിച്ചുണ്ടാകുന്ന വ്യാധികളിൽ, ത്രിഫലക്കഷായത്തിൽ ഗോമൂത്രവും ത്രികടുവിന്റെ ചൂർണ്ണവും ചേർത്തു സേവിച്ചാൽ വിരേചനം ഉണ്ടാകും. വാതവ്യാധികളിൽ വിരേചിപ്പിക്കേണ്ടതു്, ത്രികോല്പക്കൊന്നവേരും ഇരുപ്പും ചുക്കും ഏതെങ്കിലും കാടിയിൽ അരച്ചുകലക്കി ജാംഗലമാംസരസവും ചേർത്തുവേണം.

ചെറിയവിരേചനൌഷധം.

അവണക്കെണ്ണ ഇരട്ടി ത്രിഫലക്കഷായത്തിലോ പാലിലോ ചേർത്തുകൊടുത്താൽ ഏറ്റവും വേഗത്തിൽ വിരേചനമുണ്ടാകും.

ഒന്നാമത്തെതിനേക്കാൾ കുറഞ്ഞ വിരേചനൌഷധങ്ങൾ.

രോഗികൾക്കു ത്രികോല്പക്കൊന്നവേരും കടുപ്പോലയരിയും തിപ്പലിയും ചുക്കുംകൂടി പൊടിച്ചു ശീലപ്പൊടിതട്ടിയെടുത്ത പൊടി മുൻപറഞ്ഞ ദ്രാക്ഷാദികഷായത്തിൽ ചേർത്തു കൊടുത്തു വർഷകാലത്തിലും; ത്രികോല്പക്കൊന്നവേരും കൊടുത്തുവവേരും മുത്തങ്ങാക്കിഴങ്ങും ഇരുവേലിയും ചന്ദനവും ആതിമധുരവും കൂടി ഇടിച്ചുപൊടിച്ചു ശീലപ്പൊടിതട്ടിയെടുത്ത പൊടിയും പഞ്ചസാരയും ചേർത്ത ദ്രാക്ഷാദികഷായം കൊടുത്തു ശരൽക്കാലത്തിലും; ത്രികോല്പക്കൊന്നവേരും കൊടുവേലിക്കിഴങ്ങും ഞെയമോദകവും നാല്പാമ്പുക്കൊന്നവേരും വയമ്പും കാട്ടെരുമക്കള്ളിയുംകൂടി ചേർത്തു ഇടിച്ചുപൊടിച്ചുണ്ടാക്കിയ പൊടി ചൂടുവെള്ളത്തിൽ കലക്കിക്കൊടുത്തു ഹേമന്തകാലത്തിലും; തിപ്പലിയും ചുക്കും ഇരുപ്പും ത്രികോല്പക്കൊന്നവേരും നാല്പാമ്പുക്കൊന്നവേരുംകൂടി ഉണക്കിപ്പൊടിച്ചു ശീലപ്പൊടി തട്ടിയെടുത്തപൊടി തേനിൽ കുഴച്ചുകൊടുത്തു ശിശിരകാലത്തിലും വസന്തകാലത്തിലും; ത്രികോല്പക്കൊന്നപ്പൊടിസമം പഞ്ചസാരയും ചേർത്തു കൊടുത്തു ഗ്രീഷ്മകാലത്തിലും വിരേചിപ്പിക്കണം.

വിരേചനത്തിനു ഏറ്റവും നല്ലതായ ഞെയമോദകം.

കടുക്കാത്തോടു്, നല്ലമുളകു്, ചുക്കു്, വിഴാലരിക്കായു്, നെല്ലിക്കാത്തോടു, തിപ്പലി, തിപ്പലിമൂലം, ഇലവർങ്ങം, പച്ചില, മുത്തങ്ങാക്കിഴങ്ങു് ഇവസമം, നാഗദന്തിവേരു മൂന്നിരട്ടി ത്രികോല്പക്കൊന്ന ശ്ലക്ഷ്ണചൂർണ്ണമെട്ടിരട്ടി ഇവ എല്ലാംകൂടി ഒന്നിച്ചുചേർത്തു ഇടിച്ചുപൊടിച്ചു പൊടിയാക്കി അരിരട്ടി പഞ്ചസാരയും ചേർത്തു തേനൊഴിച്ചുരച്ചു മൂന്നുകഴഞ്ചുവീതം ഗുളികകളാക്കി ഉരുട്ടിവച്ചിരുന്നു് ഉപയോഗിക്കുന്നതിനു മുമ്പായി മാത്രമുള്ള കാലത്തെ തണുത്തവെള്ളത്തിൽ അരച്ചുകലക്കി കുടിച്ചാൽ നല്ലതുപോലെ വിരേചനം ഉണ്ടാകും. വിരേചനം കുറവായിരുന്നാൽ തണുത്തവെള്ളം പിന്നെയും പിന്നെയും കുടിക്കണം. വിരേചനം അധികം ആയാൽ ചൂടുവെള്ളം കുടിച്ചാൽ ഉടനെ നില്ക്കും. ഈ

ഇതിക ഉപയോഗിച്ചു വയറിളക്കിയാൽ പാനാഹാരവിഹാരങ്ങളിൽ യാതൊരു പഥ്യവും ആവശ്യമില്ല. വിഷജ്വരം, അഗ്നിമാന്ദ്യം, പാണ്ഡു, കാസം, ഗ്രഹണം, അശ്മരി, കൃമി, ഗുല്മം, ഗളഗണ്ഡം, തലച്ചുറ്റ്, ഉദരരോഗങ്ങൾ, ശരീരംചുട്ടനീറ്റം, പ്ലീഹരോഗങ്ങൾ, മേഹം, ക്ഷയം, നേത്രരോഗങ്ങൾ, വാതരോഗങ്ങൾ, വയറുപെരുക്കം, മൂത്രകൃച്ഛ്രം, അശ്മരി, മൂത്രകൃവേദന, പാർശ്വവേദന, തുടകഴപ്പ്, നട്ടുവേദന, വയറുവേദന ഇവകൾക്കു ഇതിക ഏറ്റവും നല്ലതാണ്. ആവശ്യംപ്രതി പതിവായി ഈ മരുന്നുപയോഗിച്ചാൽ വേഗത്തിൽ ജരാനരയും വാർദ്ധക്യവും പിടികൂടുകയില്ല.

വിരേചനത്തിനുള്ള മരുന്നുകൾ സേവിച്ചതിൻെറശേഷം ചെയ്യേണ്ട വിധികൾ.

വിരേചനത്തിനുള്ള ഔഷധംസേവിച്ചതിൻെറശേഷം തണുത്ത വെള്ളംകൊണ്ടു കണ്ണുകഴുകുകയും നല്ല വാസനയുള്ള പരിമളവസ്തുക്കളെ മണക്കുകയും ചെയ്തിട്ടു താംബൂലം ധരിക്കണം. അധികം കാറ്റു തട്ടാത്ത സ്ഥലത്തിരിക്കുകയും മലശോധനയ്ക്കു പോകണമെന്നതോന്നിയാൽ ഒട്ടും താമസിക്കാതെ മലശോധനയ്ക്കു പൊയ്ക്കൊണ്ടിരിക്കുകയും ചെയ്യണം. കിടന്നുറങ്ങുകയും തണുത്തവെള്ളം തൊടാതിരിക്കുകയും ഇളം ചൂടുള്ള വെള്ളം ഉപയോഗിക്കുകയും ചെയ്യണം. പഥ്യനഷ്ടികിത്സയിൽ കഫവും ഔഷധവും പിത്തവും ഒടുവിൽ വായുവും വെളിപ്പെട്ടുന്നതുപോലെ വിധിതെറ്റാതെ ചെയ്യുന്ന വിരേചനത്തിൽ മലവും പിത്തവും ഔഷധവും ഒടുവിൽ കഫവും മുറയ്ക്കു പോകും.

ദുർവിരേചനത്തിൻെറ ലക്ഷണങ്ങളും ചികിത്സയും.

വേണ്ടപോലെ വിരേചനം ഉണ്ടായില്ലെങ്കിൽ അതു ദുർവിരേചനം അകുന്നു. ദുർവിരേചനംകൊണ്ടു ഒടിവയറ്റിൽ സ്തംഭനവും വയറുവേദനയും മലത്തിനും വായുവിനും സ്തംഭനവും കടലിവേദനയും ശരീരത്തിൽ തടിപ്പും ചുട്ടനീറ്റവും ഗ്രന്ഥിയും അരുചിയും വയറുപെരുക്കവും തലച്ചുറ്റലും ഛർദ്ദിയും മറ്റും ഉണ്ടാകും. മേല്പറഞ്ഞ ദോഷശാന്തിക്കു പാചനശക്തിയുള്ള സ്നേഹദ്രവ്യങ്ങൾ ഉപയോഗിച്ചു, വയറ്റിലുള്ള മലാദികളെ പാകമാക്കുകയും കടലുകളെ സ്നിഗ്ധപ്പെടുത്തുകയുംചെയ്തു വീണ്ടും വിരേചനം ഉണ്ടാകത്തക്കവണ്ണം അകത്തിക്കണം. അങ്ങിനെ ചെയ്താൽ മേല്പറഞ്ഞ ഉപദ്രവങ്ങൾ മാറി അഗ്നിദീപനവും ശരീരത്തിനു ലഘുതയും ഉണ്ടാവുകയും മറ്റു ക്ഷോഭകർമ്മം നീങ്ങുകയും ചെയ്യും.

അതിവിരേചനത്തിൻെറ ലക്ഷണങ്ങളും ചികിത്സയും.

മോഹാലസ്യം ഗുഹ്യഭ്രംശം(മൂലംതള്ളുക)വയറുവേദന അധി

കംകഫം വെളിക്കുപോവുക മാംസംകഴുകിയ വെള്ളംപോലെയുള്ളതും കൊഴുപ്പ് ഒഴുക്കിൽ വെള്ളംപോലെയുള്ളതും തേയ മലംപോവുക കേരംപോവുക മുതായവ ക്രമത്തിൽകൂടിയ വിരേചനത്തിന്റെ ലക്ഷണങ്ങൾ ആണ്. അതിവിരേകിയുടെ ശരീരം തണുത്ത വെള്ളം കൊണ്ടു നല്ലപോലെതുടച്ച് അരികഴുകിയ തണുത്തവെള്ളവും തേനും കൂടിചേർത്തു കുടിക്കാൻ കൊടുത്തു മൃദുവായ വമനം ചെയ്യിക്കണം. മാമ്പട്ടയരച്ച് തയിരിലോ കാടിയിലോ കലക്കി നാഭിയിൽ ഇട്ടാൽ ക്രമത്തിലധികമായ ഭേദിയെനിൽക്കും. വെള്ളാട്ടിൻപാൽ വിഷ്കിരംവഴുത്തൽപെട്ട പക്ഷികളുടെ മാംസരസം മാൻമാംസരസം ഇവയിൽ ഏതെങ്കിലും കുറിനോടുകൂടെ ചമ്പാവരിയോ നവരയരിയോകൊണ്ടു കഞ്ഞിയുണ്ടാക്കിയ അന്നമോ, ചെറുകടലപ്പരിപ്പു പാകംചെയ്തതാ അല്ലമായി ഭക്ഷിക്കുന്നതു നല്ലതാണ്. ക്രമത്തിലധികമായി വിരേചനം തുടങ്ങിയാൽ ഒട്ടും താമസിക്കാതെ ഗ്രാഹികളും തണുത്തവയും അയഷധങ്ങളെയും പദാർത്ഥങ്ങളേയും ഉപയോഗിച്ചു മദ്ധ്യത്തെ വൈദ്യൻ തടുത്തുകൊള്ളേണ്ടതാകുന്നു.

ക്രൂരകോഷ്ഠം വിരേചനമുപയോഗിച്ചതിന്റെ ലക്ഷണങ്ങളും
അതിന്റെശേഷമുള്ള ഉപചാരങ്ങളും.

ശരീരത്തിനു ലഘുത്വമുണ്ടാവുക മനസ്സിനു തൃപ്തിതോന്നുക യുഷ്മാക്കുക അന്നത്തിന്റെ ദർശനത്തിൽകൂടി കീഴ്പോട്ടു സഞ്ചരിക്കുകയും ചെയ്താൽ രോഗിക്കു ക്രൂരകോഷ്ഠം വിരേചനവും സുഖവും ഉണ്ടായതായി വിചാരിക്കാം. അതിന്റെശേഷം കുടലിൽ വലിച്ചിരിക്കുന്ന ദോഷം മുതലായവയെ പചിപ്പിക്കുന്ന പാചനൌഷധങ്ങളെ രാത്രിയിൽ ഉപയോഗിക്കുന്നതു വളരെ നല്ലതാണ്.

വിരേചനത്തിന്റെ ഉപയോഗം.

വിരേചനമുണ്ടാക്കുന്നതിനു മുമ്പ്പ്രയോഗിക്കാറുള്ള ഔഷധങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് ഇന്ദ്രിയങ്ങൾക്കു ബലവും ബുദ്ധിക്കു തെളിവും അഗ്നിദീപനവും ധാതുക്കൾക്കു പുഷ്ടിയും ആയുസ്സിനു വർദ്ധനയും ഉണ്ടാകും.

വിരേചനത്തിനു മുമ്പു സേവിച്ചുവർ ചെയ്യാൻ
പാടില്ലാത്തവ കർമ്മം.

കൊടുംകാറ്റേൽക്കുകയോ തണുത്തജലം ഉപയോഗിക്കുകയോ തൈലാഭ്യംഗം ചെയ്കയോ ഇരുന്നുമുണ്ടാകുന്ന ആഹാരങ്ങൾ ഭക്ഷിക്കുകയോ വ്യായാമം ചെയ്കയോ സ്ത്രീസംഗം ചെയ്കയോ ചെയ്യരുത്.

വിരേചനത്തിൽ പത്ഥ്യങ്ങൾ.

ചമ്പാവരി, നവരയരി, ചെറുപയറ്, ഇവകൾ കൊണ്ടുണ്ടാ

ക്കിയ കഞ്ഞികൂടിക്കുകയോ ജാംഗ്രമാംസരസത്തോടുകൂടിയോ വിഷ്കിരവഗ്ഗത്തിൽ പെട്ട പക്ഷികളുടെ മാംസരസത്തോടുകൂടിയോ ചമ്പാവരികൊണ്ടുണ്ടാക്കിയ അന്നം ഭക്ഷിക്കുകയോ ചെയ്യണം.

പത്താം അദ്ധ്യായം.

വസ്തിവിധി.

രണ്ടുപ്രകാരത്തിലുള്ള വസ്തികർമ്മം.

വസ്തിയെന്നു പറയുന്നത് ഏതെങ്കിലും യന്ത്രങ്ങൾകൊണ്ട് ഔഷധദ്രവ്യം വഴിയായി തൈലംമുതലായവയെ ഉള്ളിൽകടത്തി കുടലിനെ കഴുകുന്ന ഉപായമാകുന്നു. ഉത്തരവസ്തിയെന്നു പറയുന്നത് മൂത്രദ്വാരത്തേയോ ഗർഭപാത്രത്തേയോ കഴുകുന്നതാകുന്നു. അങ്ങനെയുള്ള വസ്തി അനുവാസനം, നിരൂഹം ഇങ്ങനെ രണ്ടുപ്രകാരത്തിൽ ഉണ്ട്. ഇതിൽ സ്നേഹദ്രവ്യങ്ങളെക്കൊണ്ട് ചെയ്യുന്ന വസ്തി അനുവാസനവും, കഷായം, പാൽ, തൈലം മുതലായവ ചേർത്തു ചെയ്യുന്ന വസ്തിനിരൂഹവും ആകുന്നു. വസ്തികൊണ്ടു അതായത് മൂത്രാശയംകൊണ്ട് ചെയ്യപ്പെടുന്നതിനാൽ ഈ ചികിത്സയ്ക്കു വസ്തിയെന്നു പറയുന്നു. മൻകാവങ്ങളിൽ മൃഗങ്ങളുടെ കട്ടിയുള്ള മൂത്രാശയങ്ങളെ എടുത്തു, പിച്ചാംകുഴലിനു പകരമായി ദ്രവമാർഗ്ഗത്തിൽകൂടെ ഔഷധങ്ങളെ പിച്ചിക്കടത്തിവരികയായിരുന്നു. അതുകൊണ്ടത്രെ ആ യന്ത്രവും ചികിത്സയും വസ്തിയാനിത്തീർന്നത്. ഉത്തരവസ്തിക്ക് ആ പേരു ഉണ്ടായത് അനുവാസനത്തിനും നിരൂഹത്തിനുംശേഷം ചെയ്യുന്നതുകൊണ്ടത്രെ.

മൂന്നുവസ്തികളും ചെയ്യുന്നക്രമം.

ഇവയിൽ അനുവാസനവസ്തിയെ ആദ്യമായും അതിന്റെശേഷം നിരൂഹവസ്തിയേയും അതിന്റെ ശേഷം ഉത്തരവസ്തിയേയും പറഞ്ഞു വിവരിക്കുന്നു.

മാത്രാവസ്തി.

അനുവാസനവസ്തിയിൽ മാത്രാവസ്തിയെന്നൊരുവക വസ്തിയുണ്ട്. മാത്രാവസ്തിയെന്നത് ആ വസ്തികർമ്മത്തിനായി ഉപയോഗിക്കുന്ന ഔഷധങ്ങളുടെ അല്ലെങ്കിൽ ക്രിയകളുടെ ഭേദംകൊണ്ടുണ്ടായതല്ല. ഔഷധങ്ങളുടെ അളവുകളിലുള്ള ഭേദംകൊണ്ടുണ്ടായതാണ്. അനുവാ

സനവസ്തിയിൽ ഒന്ന് അല്ലെങ്കിൽ രണ്ടുപലം അളവിൽ തൈലം മുതലായത് ഉപയോഗപ്പെടുത്തിയാൽ അതു മാത്രാവസ്തിയെന്നു പറയും.

അനുവാസനവസ്തിക്കു തക്കവരും അല്ലാത്തവരും.

രൂക്ഷശരീരത്തോടുകൂടിയവരും വർദ്ധിച്ച ജഠരാഗ്നിയുള്ളവരും ഏറ്റവും വലിയ വാതകോപത്തോടു കൂടിയവരുമായ അളുകൾ അനുവാസനവസ്തിക്കു യോഗ്യരാകുന്നു. കൃമിരോഗി, മേഹരോഗി, സ്ഥൂലശരീരി, മഹോദരം മുതലായ ഉദരവ്യാധികളാൽപീഡിക്കപ്പെട്ടവർ ഇവർ അനുവാസനവസ്തിക്കു തക്കവാല്ല.

നേത്രവിവരണം.

നേത്രം എന്നു പറയുന്നത് തോൽ അല്ലെങ്കിൽ മൃഗങ്ങളുടെ മൂത്രാശയംകൊണ്ടുണ്ടാക്കിയ വസ്തിയിൽ ചേർത്തു ഗുദത്തിൽ കടത്തി മരുന്നുകഷായം പീച്ചി പ്രവേശിപ്പിക്കുന്നതിനു ഉപയോഗമായ കുഴൽ ആണ്. ആ കുഴൽ പൊന്നുമുതലായ ലോഹങ്ങൾകൊണ്ടോ മരം മുള മുതലായവകൊണ്ടോ ടാമുള്ള വേറെ ഏതെങ്കിലും തണ്ടുകൾകൊണ്ടോ ദന്തംകൊണ്ടോ കാളമുതലായ മൃഗങ്ങളുടെ കൊമ്പുകൾകൊണ്ടോ രത്നംകൊണ്ടോ ഉണ്ടാക്കിക്കൊള്ളണം. ആറുവയസ്സുവരെ പ്രായമുള്ള കുട്ടികൾക്കു ഉപയോഗിക്കുന്നതിലേക്കുള്ള കുഴൽ ആറംഗുലം നീളമുള്ളതായും; അതിനുമേൽ പന്ത്രണ്ടുവയസ്സുവരെ പ്രായമുള്ളവർക്കു ഉപയോഗിക്കുന്ന കുഴൽ എട്ട് അംഗുലം നീളമുള്ളതായും; പന്ത്രണ്ടുവയസ്സിനുമേൽ പ്രായമുള്ളവർക്കു എല്ലാം ഉപയോഗിക്കുന്ന കുഴൽ പന്ത്രണ്ടംഗുലം നീളമുള്ളതായും ഇരിക്കേണ്ടതാകുന്നു. അവയിൽ ആറു അംഗുലം നീളമുള്ള നേത്രത്തിനു് (കുഴലിനു്) ഒരു പയറു കടക്കത്തക്കവണ്ണവും എട്ട് അംഗുലം നീളമുള്ളതിനു് ഒരു ചെറുകടലയ്ക്കാ കടക്കത്തക്കവണ്ണവും പന്ത്രണ്ടംഗുലം നീളമുള്ളതിനു ഒരു ലന്തയ്ക്കാ കടക്കത്തക്കവണ്ണവും ദ്വാരം ഉണ്ടായിരിക്കണം. നേത്രം അല്ലെങ്കിൽ കുഴൽ ഉണ്ടാക്കുന്നതു് മീഴമീഴ്പ്പായിയും അടി കനത്തു തല ചെറുതായി പശുവിൻവാലു പോലെയും വേണ്ടതും അതിന്റെ അടി രോഗിയുടെ പെരുവിരലോളവും മുന ചൂണ്ടുവിരലോളവും വണ്ണമുള്ളതായും ഗുളികപോലെ കുറഞ്ഞൊന്നരുണ്ട മിനുമിനുപ്പുള്ള മുഖത്തോടുകൂടിയതായും ഇരിക്കണം. നേത്രത്തിന്റെ (കുഴലിന്റെ) അടിക്കു നാലുരോഗത്തിനു മുകളിലും മുനയിൽ നാലുരോഗത്തിനു കീഴിലും ഓരോ കണ്ണികവീതം ഉണ്ടായിരിക്കണം. അതിൽ അടിക്കുള്ള കണ്ണികവരെ വസ്തി കെട്ടി നല്ലതുപോലെ ബന്ധിച്ചുകൊള്ളണം.

രണ്ടുവസ്തിക്കും കൊള്ളരുതാത്തവർ.

അജീർണ്ണം ഉന്മാദം വാതവേദന മനോവ്യസനം മൂർച്ഛ അരുചി ഛർദ്ദി ശ്വാസം കാസം ഇവയാൽ പീഡിക്കപ്പെട്ടവർ അനുവാസ

നവസ്തി എന്നുപറയുന്ന സ്നേഹവസ്തിക്കും അനുവാസനവസ്തിയെന്നും കഷായവസ്തിയെന്നും പറയുന്ന നിരൂഹവസ്തിക്കും യോഗ്യന്മാരല്ല.

വസ്തിക്കുകൊള്ളിക്കാവുന്ന വസ്തുക്കൾ.

മാൻ ആട് പശു പന്നി എരുമ ഇവയിൽ ഏതെങ്കിലും ഒരു മൃഗത്തിന്റെ മൂത്രാശയം എടുത്തു വസ്തിയെന്ന യന്ത്രമായിട്ടുണ്ടാക്കിക്കൊള്ളാം. ഇങ്ങനെയുള്ള മൂത്രാശയം കിട്ടാതെവന്നാൽ ഏതെങ്കിലും തോലുകൊണ്ടും വസ്തിയുണ്ടാക്കാം. ഇതിനുവേണ്ടിയുപയോഗിക്കുന്ന മൃഗസഞ്ചിമുതലായവയെ ആട്ടുമാനിത്തുവാലുള്ള മരുന്നുകഷായം കൊണ്ടുണ്ടാക്കിയ കഷായത്തിൽ മർദ്ദിച്ചു് ഒരുമാതിരി നിറവും മിനുമിനുപ്പും മൃദുത്വവും ദൃഢതയും ഉണ്ടാകത്തക്കവണ്ണം പതംവരുത്തണം.

വ്രണവസ്തിയുടെ മാത്രം.

വ്രണങ്ങളെ കഴുകുന്നതിനുപയോഗിക്കുന്ന വസ്തിക്കു് ഏട്ടംഗുലം നീളമുള്ളതും വഴുവഴുപ്പായിരിക്കുന്നതുമായ നേത്രത്തെ (കുഴലിനെ) അതിൽ ബന്ധിക്കണം. അതു് കുഴകന്റെ തുവലിന്റെ ദ്വാരംപോലെ അകൃതിയിൽ പയറു കടക്കത്തക്കവണ്ണം ദ്വാരമുള്ളതായിരിക്കണം.

വസ്തിയുടെ മഹിമ.

വസ്തിയെ ക്രമം തെറ്റാതെ ഉപയോഗിച്ചുവന്നാൽ, ശരീരത്തിനു് പുഷ്ടിയും വളർച്ചയും നിറവും തേജസ്സും ആരോഗ്യവും ഉണ്ടാവുകയും ആയുസ്സു വർദ്ധിക്കുകയും ചെയ്യും.

അനുവാസനവസ്തിക്കു് തക്കകാലങ്ങൾ.

വസന്തഋതുവിൽ നാലുകാലവേളയിൽ, അനുവാസനവസ്തി ചെയ്യണം. ഗ്രീഷ്മം, ശരത്തു്, വർഷം ഈ ഋതുക്കളിൽ രാത്രിയിൽ ആണു് വസ്തി വയ്ക്കേണ്ടതു്.

ക്രമം തെറ്റിയ അനുവാസനവസ്തികൊണ്ടുണ്ടാകുന്ന ദോഷങ്ങൾ.

ഏറ്റവും ചണ്ണപ്പുഴുപ്പുള്ളതായ ആഹാരങ്ങൾ ഉപയോഗിച്ചയുടനെ അനുവാസനവസ്തി ചെയ്യാൻ പാടില്ല. എണ്ണമയമുള്ള വസ്തുക്കൾ ഉപയോഗിച്ചതുകൊണ്ടുള്ള സ്നേഹം ഉള്ളിൽ കിടക്കുമ്പോൾ വസ്തിവച്ചു് വീണ്ടും സ്നേഹം ഉള്ളിലേക്കടത്തിയാൽ രോഗിക്കു് മദവും മൂർഛയും ഉണ്ടാകും. അധികം രൂക്ഷമായ ആഹാരങ്ങൾ ഭുജിച്ചയുടനേയും അനുവാസനവസ്തി ചെയ്താൽ ശരീരത്തിന്റെ ബലത്തിനും നിറത്തിനും ഹാനിയുണ്ടാകും. അനുവാസനവസ്തിയും നിരൂഹവസ്തിയും കുറഞ്ഞ അളവിൽ ഉപയോഗിച്ചാൽ, അതു വേണ്ടുപോലെയുള്ള ഫലത്തെ ചെയ്യുകയില്ല. കണക്കിൽ കൂടുതലായി ഉപയോഗിച്ചാൽ ആ വസ്തികർമ്മംകൊണ്ടു്, അനാഹവും ക്ലമവും അതിസാരവും ഉണ്ടാകും.

അനുവാസനവസ്തിയുടെ ഉത്തമമദ്ധ്യമഹീനമാത്രകർം.

അനുവാസന വസ്തിയിൽ സ്നേഹം മുതലായവകളെ ആറുപലം അളവിൽ ഉപയോഗിച്ചാൽ ഉത്തമമാത്രയെന്നും മൂന്നുപലം അളവിൽ ഉപയോഗിച്ചാൽ മദ്ധ്യമമാത്രയെന്നും ഒന്നരപ്പലം അളവിൽ ഉപയോഗിച്ചാൽ ഹീനമാത്രയെന്നും പറയുന്നു.

ശതാഹ്വാതൈലവിശേഷവും അനുവാസനത്തിനൊത്ത അവസ്ഥയും.

ചതകുപ്പ, ഇരുവേലി ഇവ പൊടിച്ചു് എണ്ണയിൽ ചേർത്തു് വസ്തി ചെയ്യുന്നതിനുമുമ്പേ വിരേചിക്കുന്നതിനായി കൊടുക്കണം. അരിച്ചുണ്ണം ഉത്തമമാത്ര ആയിരുന്നാൽ ആറുമാഷവും മദ്ധ്യമമാത്ര ആയിരുന്നാൽ നാലുമാഷവും ഹീനമാത്രയായിരുന്നാൽ രണ്ടു മാഷവും ഇടവീതം എണ്ണയിൽചേർത്ത് ഉപയോഗിക്കണം. ഇതിനെ ഉപയോഗിച്ചു വിരേചനമുണ്ടായതിന്റെ ശേഷം ഏഴുദിവസം കഴിഞ്ഞതിൽപിന്നെ ശരീരത്തിന് സാമാന്യം ബലമുണ്ടായിരുന്നാൽ അനുവാസനത്തിനവേണ്ട മറ്റു എല്ലാ അവസ്ഥകളും ഒത്ത മനുഷ്യന് ആഹാരം കഴിഞ്ഞതിന്റെ ശേഷം അനുവാസനവസ്തി ചെയ്യാം.

അനുവാസനം ചെയ്യേണ്ടക്രമം.

അനുവാസനവസ്തിക്ക് യോഗ്യതയുള്ള മനുഷ്യനെ ആദ്യമായി അഭ്യംഗം ചെയ്യിച്ചു് ഉണ്ണുജലംകൊണ്ടു് വിയർപ്പിച്ചു വിധിപ്രകാരം ഭക്ഷണം കഴിപ്പിച്ചു്; കുറഞ്ഞൊന്നുലാത്തിച്ചതിന്റെ (അഞ്ഞൂറ്റം ഇരുന്നൂറ്റം നടത്തിയതിന്റെ) ശേഷം ഒപാനവായു, മലം മൂത്രം ഇവകളെ വിസർജ്ജിപ്പിച്ചതിൽപിന്നെ സ്നേഹവസ്തി പ്രയോഗിക്കണം. ഇടത്തുവശത്തോട്ടു് ചരിഞ്ഞും ഇടത്തുകാൽ നീട്ടിയും മറ്റൊരുകാൽ മടക്കിയും രോഗിയെക്കിടത്തി ഗുദത്തിൽ അല്പം എണ്ണ തടവി വസ്തിയുടെ നേത്രത്തെ (വസ്തി ബന്ധിച്ചിരിക്കുന്ന കുഴലിനെ) മുമ്പായി ഗുദത്തിനകത്തു ചെലുത്തണം. ഇതിനുമുമ്പുതന്നെ വസ്തിയേയും നേത്രത്തേയും (കുഴലിനേയും) നല്ലതുപോലെ തുടച്ചുകെട്ടി ബലപ്പെടുത്തി വച്ചിരിക്കണം. നേത്രത്തിന്റെ പുറം ഗുദദ്വാരത്തിൽ കടത്തിയതിന്റെ ശേഷം വസ്തിക്കകത്തു് സ്നേഹത്തെ കഴിച്ചു് വൈദ്യൻ തന്റെ ഇടതുകൈകൊണ്ടു് കുഴൽപിടിച്ചു രോഗിയുടെ ഗുദത്തിനകത്താക്കി മറ്റൊരു കയ്യുകൊണ്ടു്, വസ്തിയെന്ന സഞ്ജ്ഞയെ ഒരു ചെറിയ വേഗത്തിൽ അമർത്തണം. വസ്തി ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ കോട്ടുവാ ചുമ തുമ്മൽ ഇവ വരാതെ സൂക്ഷിച്ചിരിക്കുകയും മുപ്പതു മാത്ര ഏകദേശം മുപ്പതു വിനാഴികകൊണ്ടു് വസ്തി ചെയ്യവസാനിപ്പിക്കുകയും വേണം. ഇപ്രകാരം സ്നേഹത്തെ അകത്തുകടത്തിയതിന്റെ

ശേഷം, ആ രോഗി മലർന്നുകിടന്നവണ്ണം തന്നെ ഏറക്കുറെ ഏഴുനീ ണ്ണുന്ന സമയംവരെ അനങ്ങാതെ ഇരിക്കണം. രോഗിയുടെ ശരീരം മുഴുവനും നല്ലതുപോലെ നീട്ടിക്കിടന്നു് അവന്റെ രണ്ടു കാലുകളേയും മൂന്നുതവണ സാവധാനമായി മടക്കി ഭൂമിയിൽ ചവിട്ടുന്നതിനു പറയണം. അരയ്ക്കുതാഴെയും അരയുടെ രണ്ടുവശങ്ങളിലും തട്ടിക്കൊട്ടുന്നു കിടക്കയിൽ അരയെ തൂക്കിത്തൂക്കി അനക്കിക്കൊള്ളുന്നതുവളരെ നല്ലതാണു്. അതുകൊണ്ടു് സ്നേഹം ശരീരത്തിൽ വ്യാപിക്കുന്നതുകൂടാതെ കുടലിൽനിന്നും മലങ്ങൾ പതുക്കെപ്പുതുക്കെ വെളിക്കാവുന്നതിനും സംഗതിവരും. ഇപ്രകാരം വസ്തി ചെയ്തു് അവസാനിപ്പിച്ചതിന്റെശേഷം രോഗിക്കു് തന്റെ ഇഷ്ടംപോലെ സുഖമായി ഉറങ്ങിക്കൊള്ളുന്നതിൽ വിരോധമില്ല.

അനുവസാനവസ്തി ക്രമപ്രകാരം നിറവേറിയെന്നുള്ളതിന്റെ ലക്ഷണങ്ങൾ.

വസ്തിക്കുപയോഗിച്ച സ്നേഹം അപാനവായുവിനോടും മലത്തോടുംകൂടി യാതൊരു പ്രയാസവും കൂടാതെ അതിവേഗത്തിൽ വെളിക്കുവന്നാൽ അനുവാസനവസ്തി നല്ലതുപോലെ നിറവേറിയെന്നു തിച്ചയാക്കാം.

അനുവാസനവസ്തി ചെയ്തതിന്റെശേഷം കൊടുക്കേണ്ട ആഹാരങ്ങൾ.

മുമ്പെ ഭുജിച്ച ആഹാരം നല്ലതുപോലെ ദഹിച്ചതിന്റെയും വസ്തിവെച്ചു് ഉള്ളിൽ കടത്തിയ സ്നേഹം മുഴുവനും വെളിക്കായതിന്റെയും ശേഷം സന്ധ്യയ്ക്കു് നല്ലതുപോലെ വിശപ്പുണ്ടെങ്കിൽ, അവനു വീണ്ടും ലഘുവായ ആഹാരസാധനങ്ങളെ വേണ്ടുകണക്കിനു കൊടുക്കണം.

സ്നേഹം കുടലിൽതങ്ങി ദോഷംഉണ്ടാക്കാതെ ഇരിക്കാനുള്ള ഉപായം.

അനുവാസനവസ്തി ചെയ്തവനു് പിറ്റേദിവസം ഇളംചൂടുള്ള വെള്ളമോ കൊത്തമ്പാലരിയും ചുക്കുംകൂടിചേർത്തുണ്ടാക്കിയ കഷായമോ കുടിയ്ക്കുന്നതിനു കൊടുക്കണം. അങ്ങനെചെയ്താൽ വസ്തിചെയ്തു് അകത്താക്കിയ സ്നേഹത്തിൽ ഏതെങ്കിലും ഭാഗം കുടലിൽ തങ്ങിച്ചേർന്നു ദോഷത്തെ ഉണ്ടാക്കാതെ അകും.

എത്രതവണ അനുവാസനം ചെയ്യുന്നതെന്നു്.

മുകളിൽപ്പറഞ്ഞ വിധിപ്രകാരം ആറുതവണയോ ഏഴുതവണയോ എട്ടുതവണയോ ഒമ്പതുതവണയോ സ്നേഹവസ്തി ചെയ്യാം. എന്നാൽ ഓരോ തവണ അനുവാസനവസ്തി ചെയ്യുന്നതിനിടയിൽ ഒരുപ്രാവശ്യമെങ്കിലും നിരൂഹവസ്തിയും ചെയ്യേണ്ടതാകുന്നു.

ഓരോ സ്നേഹവസ്തികൊണ്ടും ഉണ്ടാകുന്ന ഗുണങ്ങൾ.

അദ്യം ചെയ്യുന്ന വസ്തികൊണ്ട്, തുടകളുടെയിടയിൽ ഉള്ള ഭാഗങ്ങളും മൂത്രാശയവും സ്നിഗ്ധമാകും. രണ്ടാമത്തെ തവണയും വസ്തിയെ നല്ലതുപോലെ ചെയ്യ അവസാനിപ്പിച്ചാൽ, ശിരസ്സിനെ സംബന്ധിച്ചുള്ള വാതദോഷം നിവൃത്തിയാകും. മൂന്നാമത്തെതവണ ചെയ്യുന്ന വസ്തികൊണ്ട് ശരീരത്തിനു ബലവും നിറവും ഉണ്ടാകും. നാലാമത്തെ തവണയും അഞ്ചാമത്തെ തവണയും ചെയ്യുന്നവസ്തികൊണ്ട് രസധാതുവും രക്തധാതുവും സ്നിഗ്ധമാകും. ആറാമത്തെ പ്രാവശ്യമുള്ള വസ്തികൊണ്ട് മാംസവും ഏഴാംപ്രാവശ്യത്തെ വസ്തികൊണ്ട് മേദസ്സും എട്ടാമത്തേതും ഒമ്പതാമത്തേതും തവണയിലെ വസ്തികൾകൊണ്ട് മുറയ്ക്ക് എല്ലും മജ്ജയും സ്നിഗ്ധമാകും. ഇപ്രകാരം പിന്നേയും ഒമ്പതുതവണ സ്നേഹവസ്തി പ്രയോഗിച്ചാൽ ശുക്ലത്തിൽഉള്ള ദോഷങ്ങളേയും നല്ലതുപോലെ തീർക്കും. ഇങ്ങനെ മുന്നൂറിപ്പതിനാലുതവണ ഈ വസ്തി ചെയ്യുന്നവർക്ക് അനായേളവും ബലമുണ്ടാകും. അവർ ബലാൽക്കാരമായികൂതിം മുതലായവയെജയിക്കുന്നതിനുവേണ്ട ശക്തിയുള്ളവരായിത്തീരുകയും ദേവതകൾക്കുതുല്യം തേജസ്സുള്ളവരായി ഭവിക്കുകയും ചെയ്യും.

ദിവസംതോറും അനുവാസനവും നിരൂഹവും ചെയ്യേണ്ടവർ.

വാതം ഏറ്റവും കോപിച്ചു രൂക്ഷതവും വർദ്ധിച്ച ശരീരത്തോടുകൂടിയ രോഗിയെ വൈദ്യൻ ദിവസംപ്രതിയും അനുവാസനവസ്തിചെയ്യിക്കണം. ഇതിനു വിപരീതമായി കഫം കൂടിയും സ്നിഗ്ധതവർദ്ധിച്ചും ഉള്ള ശരീരത്തോടുകൂടിയവരെ നിരൂഹവസ്തിയും മേൽപ്രകാരം ചെയ്യിക്കണം.

വളരെക്കാലത്തോളവും അനുവാസനവസ്തി ചെയ്യിക്കേണ്ടവർ.

രൂക്ഷശരീരികർക്കു ഹീനമാത്രയിൽ സ്നേഹവസ്തിയെ വളരെനാളോളവും നിർത്തിച്ചെയ്യുന്നതു നല്ലതാണ്. അതുപോലെതന്നെ ഏറ്റവും സ്നിഗ്ധതയോടുകൂടിയവർക്കു ഹീനമാത്രയിൽ കഷായവസ്തി ചെയ്യുന്നതും ഉത്തമമത്രേ. കൂടാതെ സ്നേഹവസ്തി ചെയ്തഉടൻതന്നെ ആ സ്നേഹം മുഴുവനും പെളിയിൽ പൊയ്പോകുന്ന രോഗിക്കു വീണ്ടും അപ്പോൾതന്നെ മറ്റൊരുതവണകൂടി ചെറിയഅളവിൽ അനുവാസനവസ്തിയെ പ്രയോഗിക്കേണ്ടതു് ആവശ്യമാണ്. അവന്റെ ശരീരം നല്ലതുപോലെ സ്നിഗ്ധമായിരിക്കുന്നുവോ അവന്റെ ശരീരത്തിൽ സ്നേഹം തങ്ങുകയില്ല.

അനുവാസനവസ്തികൊണ്ട് മലം ശുദ്ധിയായില്ലെങ്കിൽ ചെയ്യേണ്ട ഉപായങ്ങൾ.

ശുദ്ധിയില്ലാത്ത രോഗിക്കു പല തവണ അനുവാസനവസ്തി

വച്ചിട്ടും അകത്തുകടത്തിയ സ്നേഹം മലങ്ങളോടുകൂടെ വെളിയിൽ വരാതെയിരുന്നാൽ ശരീരം നുരുമ്പി നോവുകയും വയറുപെരുക്കവും ശൂലയും (വയറുവേദനയും) ശ്വാസകാസവും പക്വാശയം എന്ന പറയപ്പെട്ടുന്ന പെരുകുടലിൽ ഭാരം തോന്നുകയും മറ്റും ചെയ്യും. അങ്ങനെ സംഭവിച്ചാൽ ഉടനെ തീക്ഷ്ണഗുണമുള്ള ഔഷധങ്ങളെക്കൊണ്ടു നിരൂഹവസ്തി ചെയ്യണം. അല്ലെങ്കിൽ തീക്ഷ്ണഗുണമുള്ള ഔഷധങ്ങൾ കൊണ്ടുണ്ടാക്കിയ ഫലവർത്തിനേഹദ്രാവത്തിൽ ചെലുത്തി മലമിളക്കണം. അപാനവായുവും മലവും ഉള്ളിൽ കടത്തിയ സ്നേഹവും കീഴ്പോട്ടിറങ്ങി വെളിയിലാകത്തക്കവണ്ണം തീക്ഷ്ണതയേറിയ നസ്യവും വിരേചനവും ചെയ്യിക്കുന്നതും കൊള്ളാം. വസ്തിവച്ചു അകത്താക്കിയസ്നേഹം അക്കം വെളിയിൽ വരാതെ ഇരുന്നിട്ടു യാതൊരു ദോഷവും ഇല്ലാത്തതായും ശരീരം രൂക്ഷമായിട്ടിരിക്കുന്നതായും കാണപ്പെട്ടാൽ ആ സ്നേഹത്തെ വെളിക്കാക്കുന്നതിനായി പ്രയത്നിക്കണമെന്നില്ല. ശരീരം ഏറ്റവും രൂക്ഷമായിട്ടിരുന്നാൽ അകത്താക്കിയ സ്നേഹം മുഴുവനുമോ ഒരുപാതിയോ ശരീരത്തിൽ പിടിക്കുന്നതുമേറ്റവും നല്ലതാകുന്നു. സാധാരണയായി മറ്റുള്ളവക്കു വസ്തിവച്ചകത്താക്കിയ സ്നേഹം ഒരുദിവസം കഴിഞ്ഞിട്ടും വെളിയിൽ വരാതെയിരുന്നാൽ, പിറേറദിവസം വിരേചനാദികളായ ശോധനചികിത്സകൾചെയ്തു ആ സ്നേഹത്തെ വെളിപ്പെടുത്തേണ്ടതാകുന്നു. അതുകൊണ്ടു സ്നേഹവസ്തിയിൽ ആദ്യംപ്രയോഗിച്ച സ്നേഹം വെളിയിൽ വരാതെയിരുന്നാൽ പിന്നെയും സ്നേഹംകൊണ്ടുതന്നെ ശോധനചെയ്യുന്നതു അബദ്ധമാണു്.

അനുവാസനത്തിനുള്ള ഗ്രന്ഥുച്യാദിതൈലം.

അമൃതു്, അവനക്കിൻവേരു, പുങ്കിൻവേരു, ചെറുതേക്കു്, അടലോടകത്തിൻവേരു, ശതാവരിക്കിഴങ്ങു്, കരിംകുറുഞ്ഞിവേരു, കാട്ടുകോവ ഇവ രാസ്നാപലം യവധാന്യം, ഉഴുന്നു്, അളിവത്തു്, ലന്തക്കുരു്, കുരിര ഇവ കാരോന്നും ഇരുപതുപലം ഇവയെല്ലാംകൂടി അറുപത്തിനാലിടങ്ങഴിവെള്ളത്തിൽ കഷായംവച്ചു് പതിനാറിടങ്ങഴിയാക്കി അതിൽ നാലിടങ്ങഴി എണ്ണയൊഴിച്ചു് ജീവനീയഗണത്തിൽ പറഞ്ഞിട്ടുള്ള മരുന്നുകൾ അരച്ചു കല്ലോലക്കി കാച്ചി അരിച്ചു ഒരുകൊണ്ടു് വിഷ്ണുവിധത്തിൽ ഉള്ള വാതരോഗങ്ങളിലും അനുവാസനവസ്തി ചെയ്യുന്നതു് ഏറ്റവും നല്ലതാകുന്നു.

ക്രമംതെറ്റിയ അനുവാസനവസ്തികൊണ്ടുണ്ടാകുന്ന ദോഷങ്ങൾ.

വസ്തികർമ്മം ചെയ്യുമ്പോൾ താഴെപ്പറയുന്ന എഴുപത്തിരണ്ടു പ്രകാരത്തിൽഉള്ള ദോഷങ്ങൾ സംഭവിക്കാതെ സൂക്ഷി

ച്ചുകൊള്ളണം. അവയിൽ ൧൧-ദോഷങ്ങൾ വസ്തിയുടെ നേത്രം അതായതു കഴലീന്റെ ആകൃതി ശരിയായിട്ടിരിക്കാത്തതുകൊണ്ടുണ്ടാകുന്നവയാണു്. അവ—(൧) ഏറ്റവും പരുത്തുപോവുക (൨) ഏറ്റവും കഠിനമായിപ്പോവുക (൩) വളഞ്ഞതായിരിക്കുക (൪) ഏറ്റവും ചെറുതായിപ്പോവുക (൫) പിളർപ്പുള്ളതായിരിക്കുക (൬) കണ്ണിക അടുത്തുപോവുക (൭) കണ്ണികളുടെ ഇടയിൽ അയിപ്പോവുക (൮) ദ്വാരം ചെറുതായിപ്പോവുക (൯) ദ്വാരം വലുതായിപ്പോവുക (൧൦) നീളം കൂടിപ്പോവുക (൧൧) നീളം കുറഞ്ഞുപോവുക ഇവയാണു്. കഴൽ അകത്തോട്ടു കടത്തുന്നതിൽ അറുവിധദോഷങ്ങൾ സംഭവിക്കാതെ സൂക്ഷിക്കേണ്ടതുണ്ടു് അവ—(൧) ഉലഞ്ഞുപോവുക (൨) ഇളകിപ്പോവുക (൩) ഒരുവശത്തോട്ടായിപ്പോവുക (൪) കുറുകേപായുക (൫) ഗുദത്തിന്റെ അടിയിൽ കേടുതട്ടുക (൬) ഗുദത്തിന്റെ മേൽഭാഗത്തിൽ കേടുണ്ടാക ഇവയാണു്. വസ്തിക്കു അഞ്ചുവിധദോഷങ്ങൾ ഉണ്ടായിരിക്കരുതു് അവ—(൧) ഏറ്റവും വലുതായിപ്പോവുക (൨)ഏറ്റവും ചെറുതായിപ്പോവുക (൩) വേണ്ടാത്തയിടങ്ങളിൽ ദ്വാരമുണ്ടായിരിക്കുക (൪) ഏറ്റവും വിസ്താരമായിരിക്കുക (൫) നല്ല ഘനമില്ലാത്തതായിരിക്കുക ഇവയാണു്. വസ്തിയെ അമർത്തുന്നതിലും നാലുവിധദോഷങ്ങൾ സംഭവിക്കാതെസൂക്ഷിക്കേണ്ടതായിട്ടുണ്ടു്. അവ—(൧) വളരെ ബലത്തോടുകൂടെ അമർത്തുക (൨) ഏറ്റവും സാവധാനമായി അമർത്തുക (൩)അടിക്കടി പയ്യുപ്പയ്യെ അമർത്തുക (൪) വളരെ താമസിച്ചുതാമസിച്ചമർത്തുക ഇവ. വസ്തിക്കുള്ള ദ്രവ്യങ്ങളെ സംബന്ധിച്ചും പതിനൊന്നുദോഷങ്ങൾ സംഭവിക്കാതെനോക്കേണ്ടതാണു്. അതായതു് (൧) പാകമാകാത്തദ്രവ്യങ്ങൾ (൨) അളവിൽകുറഞ്ഞദ്രവ്യങ്ങൾ (൩) അളവിൽ ഏറ്റവും കൂടിയവ (൪) അധികം തണുത്തതു് (൫) വലിയചൂടുകൂടിയതു് (൬) ഏറ്റവും തൈക്ഷ്ണ്യമേറിയതു് (൭)വളരെകുറഞ്ഞവീര്യമുള്ളതു് (൮) ഏറ്റവും സ്നിഗ്ധമായതു് (൯) ഏറ്റവുംരൂക്ഷമായതു് (൧൦) വലിയ ഘനത്തോടുകൂടിയതു് (൧൧) ഏറ്റവും ദ്രവമായതു്. ശയനസംബന്ധമായും ഏഴുദോഷങ്ങൾ ഉണ്ടാകും. അവ—(൧) തലകമർത്തിവച്ചുകിടക്കുക (൨) തല അധികം നിവർത്തിവച്ചുകിടക്കുക (൩) കുനിഞ്ഞുകൊണ്ടു കിടക്കുക (൪) കുത്തിയിരിക്കുക (൫) ശരീരം വളച്ചു കിടക്കുക (൬) തലതാഴ്ത്തിയും നടുവു് ഉയർത്തിയും വെക്കുക (൭) വലതുവശത്തോട്ടു കമിഴ്പ്രമായിക്കിടക്കുക ഇവ. ഈ നാല്പത്തിനാലു ദോഷങ്ങളും വൈദ്യന്റെ നോട്ടക്കുറവുമൂലം ഉണ്ടാകാവുന്നതാണു്. രോഗിയുടെക്രമംതെറ്റിനു പ്രവൃത്തികളുടെകൊണ്ടുണ്ടാകാവുന്ന ദോഷങ്ങൾ ൧൫-ഉണ്ടു്. അവ—(൧) ശരീരത്തിനു അയാസം ഉണ്ടാക്കുക (൨) മനസ്സിനെ വ്യസനിപ്പിക്കുക (൩) സംയോ

ഗം ചെയ്യുക (൬) പകൽ ഉറങ്ങുക (൭)ഉറക്കെ സംസാരിക്കുക (൮) വാഹനങ്ങളിൽ കയറി സവാരിചെയ്യുക (൯) വളരെനേരം കാടിത്തന്നെയിരിക്കുക (൧൦) സ്നാനംചെയ്യുക (൧൧) അധികമായി സഞ്ചരിക്കുക (൧൨) തണുത്തവെള്ളം ഉപയോഗിക്കുക (൧൩) അപഥ്യമായ അഹാരങ്ങളെ ഭക്ഷിക്കുക (൧൪) പതിവില്ലാത്ത ഭക്ഷണപദാർത്ഥങ്ങളെ ഭക്ഷിക്കുക (൧൫) കാറ്റിനു എതിരായി ഇരിക്കുക (൧൬) ചെന്നിൽ കൊള്ളുക (൧൭) അമിതഭക്ഷണം ചെയ്യുക ഇവയാണ്. വൈദ്യന്റേയും രോഗിയുടേയും അജാഗ്രതമൂലം ഉണ്ടാകുന്നതായി പത്തുദോഷങ്ങൾ ഉണ്ട്. അവ—(൧) വാതംകോപിക്ക (൨) പിത്തംകോപിക്കുക (൩) കഫംകോപിക്കുക (൪) അഹിതാഹാരദോഷംകൊണ്ട് അനുവാസനത്തിനു വികാരം സംഭവിക്കുക (൫) മലബന്ധം സംഭവിക്കുക (൬) സ്നേഹം കുടലിനകത്തു വളരെ ദൂരത്തോളവും പ്രവേശിച്ചുപോവുക (൭) സമയത്തു ചികിത്സചെയ്യാതെ അനുവാസനം ചെയ്യിക്കുക (൮) ശരീരം ഏറ്റവും തണുത്തുപോവുക (൯) പട്ടിണികിടന്നവനെ അനുവാസനം ചെയ്യിക്കുക (൧൦) ഏറ്റവും കുറച്ചു അഹാരം കഴിച്ചവനെ അനുവാസനം ചെയ്യിക്കുക ഇവം വൈദ്യന്റെ ഗുണക്കുറവുകൊണ്ടുണ്ടാകുന്നതായി ഇനിയും കൻപത്തുദോഷങ്ങൾ ഉണ്ട്. അവ—(൧) വേണ്ടിടത്തോളവും അനുവാസനം ചെയ്യാതെയിരിക്കുക (൨) വയറുപെരുക്കം ഉണ്ടാവുക (൩) അസനക്കുട്ടുണ്ടാവുക (൪) അസനദ്രവത്തിൽനിന്നും ഏതെങ്കിലും ദോഷമുള്ള ദ്രവം ഴുകുക (൫) വയറുകുട്ട് (൬) ഹൃദയം പട്ടാപടാ എന്നു തുടിക്കുക (൭) ശരീരത്തിൽ വേദനയുണ്ടാവുക (൮) അളവിൽക്കവിഞ്ഞു വസ്തി ചെയ്യുക (൯) ജീവശക്തിയെ കുറയ്ക്കുക ഇവയാണ്.

അനുവാസനത്തിനു ശേഷമുള്ള അന്നപാനാദികളുടെ ക്രമം.

അനുവാസനം ചെയ്തതിന്റെശേഷം, പാനം, അഹാരം, വിഹാരം, ഇവയും മറ്റു പരിഹരിക്കവേണ്ടിയവയും സ്നേഹപാനവിധിയിൽ പറഞ്ഞിട്ടുള്ളതുപോലെ അല്പംപോലും തെറ്റാതെ ചെയ്യുകൊള്ളേണ്ടതാകുന്നു.

നിരൂഹവസ്തിവിധി.

നിരൂഹം അല്ലെങ്കിൽ അസ്ഥാപനവസ്തിയും അതിന്റെ ഭേദങ്ങളും.

അനേകകാരണങ്ങളേക്കൊണ്ട് നിരൂഹവസ്തി പലവിധത്തിൽ പിരിച്ചിരിക്കുകയാണ്. അതതു കാരണങ്ങൾക്ക് മഹർഷികൾ പേരുകളും ഏർപ്പെടുത്തിയിട്ടുണ്ട്. അതായതു്, (൧) മൃദുവസ്തി (൨) ഉല്ലേശാദിവസ്തി (൩) ശോധനവസ്തി (൪) ലേഖനവസ്തി (൫) ബൃംഹണവസ്തി (൬) പിച്ഛിലവസ്തി (൭) മധുതൈലവ

സ്ഥി (ഖ) ദീപനവസ്തി (ൻ) യുക്തരഥവസ്തി (ഗ) സിദ്ധവസ്തി ഇവയാണ്. നിരൂഹത്തിനു അസ്ഥാപനം എന്നും മറ്റൊരു പേരുകൂടിയുണ്ട്. കോപിച്ച ദോഷങ്ങളേയും ധാതുക്കളേയും വീണ്ടും അതാതിന്റെ സ്ഥാനങ്ങളിൽ, സ്ഥാപിക്കുന്നതിനുള്ള ശക്തി ഈ വസ്തിയ്ക്കുള്ളതുകൊണ്ടാണ് ഇതിനെ അസ്ഥാപനവസ്തിയെന്നു പറയുന്നത്.

നിരൂഹവസ്തിയിൽ കഷായാദികർക്കുള്ള പൊതുവിധി.

നിരൂഹവസ്തിയിൽ ഒന്നേകാൽ ഇടങ്ങഴി അളവിൽ കഷായം മുതലായതുകൊണ്ട് അകത്താക്കിയാൽ അതു് ഉത്തമമാത്രയെന്നും ഒരിടങ്ങഴികഷായം അകത്താക്കിയാൽ അതു് മദ്ധ്യമമാത്രയെന്നും മുന്നാഴികഷായം മുതലായതു് അകത്താക്കിയാൽ അതു് ഹീനമാത്രയെന്നും പറയുന്നു.

നിരൂഹവസ്തിക്കു് യോഗ്യരല്ലാത്തവർ.

ഏറ്റവും സൂക്ഷ്മമായ ശരീരത്തോടുകൂടിയവരും കടൽ മുതലായവയിൽ പിടിക്കുടിയ ദോഷങ്ങളോടുകൂടിയവരും ഉരക്ഷതരോഗികളും ക്ഷീണിച്ചവരും പെരുപെരുക്കം, ചർദ്ദി, അരസ്സ്, ചുമ, കാസം, ശ്വാസം, ഹൃത്തിൽ വക്കം, അതിസാരം, വഷൂചി, കൃമി, മധുമേഹം, ജലോദരം ഇവയാൽ പീഡിക്കപ്പെട്ടവരും ഗർഭിണികളും, നിരൂഹവസ്തിക്കു യോഗ്യരല്ല.

നിരൂഹവസ്തിക്കു യോഗ്യതയുള്ളവർ.

വാതരോഗികൾ, ഉദാവർത്തരോഗികൾ, വാതരക്തരോഗികൾ, വിഷമജ്വരരോഗികൾ മൂർദ്ധരോഗികൾ നാഡീവ്രണത്തോടുകൂടിയവർ മഹോദരം മുതലായ ഉദരവ്യാധികളോടുകൂടിയവർ വയർവീർപ്പുള്ളവർ മൂത്രകൃച്ഛ്രരോഗികൾ അശ്മരീരോഗികൾ ഒരണ്ഡവൃദ്ധിയുള്ളവർ രക്തപ്രകോപത്തോടുകൂടിയവർ അഗ്നിമാന്ദ്യരോഗികൾ പ്രമേഹികൾ ശൂല അരുചിത്വം ഇവയോടുകൂടിയവർ ഹൃദയരോഗികൾ ഇവരെല്ലാം നിരൂഹവസ്തിക്കു യോഗ്യന്മാരാകുന്നു.

നിരൂഹവസ്തിയുടെ ക്രമം.

മലമൂത്രവായുക്കളെ നല്ലതുപോലെ വിസർജ്ജനം ചെയ്തതിന്റെ ശേഷം സ്നേഹവിധികൾകൊണ്ടും സ്നേഹകർമ്മങ്ങൾകൊണ്ടും ശരീരത്തെ ഒരു വിധത്തിൽ മൃദുവാക്കി രോഗത്തിനു മുമ്പായി മദ്ധ്യാഹ്നത്തിൽ, രോഗിയെ പീഠത്തിനകത്തിരുത്തി അനുവാസനവസ്തിയെപ്പോലെ അവന്റെ സ്ഥിതികർമ്മം വ്യാധികർമ്മം തുടങ്ങിയതുപോലെ നിരൂഹവസ്തിയെ നിർവ്വഹിക്കണം. വസ്തിചെയ്ത അവസാനിച്ചതിന്റെ ശേഷം, അകത്താക്കിയ ഔഷധവും, മലവും പെട്ടെന്നു പുറപ്പെടാതിരിക്കുന്നതിനായി ഒരു മുഹൂർത്തകാലം (രണ്ടുനാഴിക) വരെ ഇങ്ങനെതന്നെ ഇരിക്കണം.

ത്തിലുള്ള ശീതോപചാരങ്ങളും ചെയ്യണം. അല്ലെങ്കിൽ ഏതു സിര യാണൊ കീറിയതു ആ സിരയെ ആദ്യം കീറിയസ്ഥലത്തിനു മുകളിൽ വീണ്ടുംകീറിയാലും അല്ലെങ്കിൽആസ്ഥലം ക്ഷാരംകൊണ്ടാ അഗ്നികൊണ്ടോ ചുട്ടാലും ചോരനില്ക്കും. തുറപ്പുംസത്തോടുകൂടിയ വസ്ത്രംകൊണ്ടു മുറിവിന്റെ മുഖംമൂടി രക്തത്തെ നിറുത്തുകയും തണുത്ത പദാർത്ഥങ്ങൾകൊണ്ടു രക്തത്തെ കട്ടിയാക്കി അതിനെ വലിക്കാതെ ആക്കുകയും ചെയ്യുക രക്തത്തെ തടുക്കാം. ക്ഷാരങ്ങൾ മുറിവിന്റെ മുഖത്തെ പാകമാക്കി രക്തത്തെ തടുക്കും. സിരയിലുള്ള മുറിവിന്റെ മുഖത്തെ ചുട്ടാൽ ആ രക്തക്കുഴൽ ചുരുങ്ങി രക്തംപോക്കു നിൽക്കും.

അണ്ഡവീക്കത്തിൽ സിരാമോക്ഷം.

ഇടതുവശത്തെ ബീജം വീങ്ങിയിരുന്നാൽ വലത്തെ കയ്യുടെ പെരുവിരലിനു് അടിയിലുള്ള സിരയെ ചുട്ടകയും വലതുവലത്തെഅണ്ഡം വീങ്ങിയാൽ ഇടതുകരത്തിന്റെ പെരുവിരലിനടിയിലുള്ള സിരയെ ചുട്ടകയും അണ് വേണ്ടതു്. ഇങ്ങനെ ആ അവയവങ്ങളിലുള്ള സിരകളേ ചുട്ടുന്നതിലുള്ള പ്രഭാവംകൊണ്ടു് അണ്ഡങ്ങൾക്കു് വീക്കമില്ലാതാകുന്നു.

വിഷൂചികയിൽ സിരാമോക്ഷം.

വിഷൂചികായോഗത്തിൽ കാലിന്റെരണ്ടടിയുകളിൽ (കണങ്കാലിൽ) ചൂടുവെക്കുന്നതുകൊണ്ടു് ഛർദ്ദി വലിക്കും. ഇതുകൊണ്ടു് ഛർദ്ദി വലിക്കുന്നതു് കണങ്കാലുകളിൽ ചൂടുവയ്ക്കുമ്പോൾ രസധാതുവും കഫവും - വർദ്ധിച്ചോടുന്നതായ കുഴലുകൾ ചുരുങ്ങുന്നതുകൊണ്ടത്രേ.

യകൃത്തിന്റേയും പ്ലീഹയുടേയും വീക്കത്തിൽ സിരാമോക്ഷം.

കുട്ടികളുടെ വയറ്റിൽ യകൃത്ത് എന്നുപറയുന്ന കല്ലിലും പ്ലീഹഎന്നു പറയുന്ന മണ്ണിലും രക്തദോഷംവർദ്ധിച്ചു വീങ്ങുമ്പോൾ ആ അവയവങ്ങൾക്കു് നേരെ വയറ്റിൽ ചൂടുവയ്ക്കുന്നതുകൊണ്ടു് അവിടെയുള്ള രക്തക്കുഴലുകൾ ചുരുങ്ങി ആ അവയവങ്ങളുടെ വീക്കംശമിക്കും.

ദൂഷിച്ചരക്തത്തെ ബാക്കിയുള്ളേടത്തുനിന്നു കളയുക.

ദൂഷിച്ചരക്തം കുറെ കിടന്നിരുന്നാലും അതുകൊണ്ടു് വീണ്ടും രോഗമുണ്ടാവുകയില്ല. അതുകൊണ്ടു ദോഷത്തോടുകൂടിയരക്തം കൊള്ളാതാക്കി നിറുത്തുന്നതു് ഗുണമാണു്. അതിനെ അളവിൽകവിഞ്ഞു് പുറപ്പെടുക്കുന്നതു് ഒരിക്കലും ശരീരത്തിനു് ഹിതമല്ല.

കണങ്കാലിൽകൂടിയായി ചോരകളയുന്നതുകൊണ്ടുള്ള ദോഷങ്ങൾ.

കണങ്കാലിൽകൂടിയായി ചോരകളഞ്ഞാൽ കണ്ണുകൾക്കു് കേടുണ്ടാവുകയും അക്ഷേപകമെന്നവാതം സംഭവിക്കുകയും നാക്കുണങ്ങും തിമി

മെന്ന നേത്രരോഗവും തലവേദനയും പാർശ്വവായുവും ശ്വാസകാസവും ഇങ്ങിളും ശരീരം ചുട്ടുനീറ്റവും പാണ്ഡുവും ഉണ്ടാവുകയും അഥവാ മരണംതന്നെ നേരിടുകയും ചെയ്യും.

രക്തത്തിന്റെ മാഹാത്മ്യം.

ശരീരം ഉണ്ടായതും പോഷിക്കുന്നതും ജീവിക്കുന്നതും എല്ലാം രക്തംകൊണ്ടുതന്നെയാണ്. രക്തം ഇല്ലെങ്കിൽ ശരീരത്തിൽനിന്ന് ജീവൻ പൊയ്പോകും. അതുകൊണ്ട് രക്തത്തെ രക്ഷിക്കുന്നതിൽ എപ്പോഴും ശ്രദ്ധിച്ചുകൊള്ളേണ്ടതാണ്.

ചോരകളയുന്നതിൽ ശീതോപചാരംകൊണ്ടുണ്ടാകുന്ന വിക്കത്തിന്റെ പരിഹാരങ്ങൾ.

ചോരകളഞ്ഞതിന്റെശേഷം ശീതോപചാരംചെയ്ത് അതുകൊണ്ട് വായു കോപിച്ച് വേദനയോടുകൂടെ ആ സ്ഥലത്ത് വീക്കം ഉണ്ടായാൽ ചെറുചൂടോടുകൂടിയ നെയ്കൊണ്ട് കിഴിഉഴിഞ്ഞാൽ വേദനയും വീക്കവും ശമിക്കും.

ചോരകളഞ്ഞതിൽവച്ചുണ്ടായ ബലഹാനിയെ തീർക്കുന്നതിനുള്ള ഔഷധങ്ങൾ.

രക്തമോക്ഷണംകൊണ്ട് ക്ഷീണിച്ചുവശ്ശ് കലമാൻ മുയൽ ആട്ട് കൃഷ്ണമൃഗം വെള്ളാട്ട് ഇവയിൽ ഏതിന്റെഎങ്കിലും മാംസരസമോ പാലോ പാനംചെയ്യുന്നതിനു കൊടുക്കേണ്ടതാണ്. ഞവരയരി കൊണ്ടുണ്ടാക്കിയ അന്നം ഭക്ഷിക്കണം.

രക്തമോക്ഷണംനല്ലതുപോലെ നിറവേറിയതിന്റെ ലക്ഷണങ്ങൾ.

ശരീരത്തിലുണ്ടായിരുന്ന സുഖക്കേടുകൾക്കും വ്യാധികൾക്കും ദോഷപ്രകോപങ്ങൾകൊണ്ടുസംഭവിച്ചിട്ടുള്ള ഉപദ്രവങ്ങൾക്കും ശാന്തതയും മനസ്സുഖവും രക്തമോക്ഷണം വഴിപോലെ നിറവേറിയതിന്റെ ലക്ഷണങ്ങളാകുന്നു.

ചോരകളഞ്ഞതിൽപിന്നെ ആചരിക്കേണ്ട പത്ഥ്യങ്ങൾ.

വ്യായാമം സ്ത്രീസംയോഗം തണുത്തവെള്ളത്തിൽ സ്നാനം അധികവലിയ കാറ്റേറ്റ് കുളിക്കുകയോ കാറ്റുള്ളേടത്തു സഞ്ചരിക്കുകയോ കോപിക്കുകയോ പകൽ ഉറങ്ങുകയോചെയ്യുക. ക്ഷാരവും പുളിപ്പും എരുവും ഉള്ള ആഹാരങ്ങൾ ഭക്ഷിക്കുകയോ കുറഞ്ഞനേരംമാത്രം ഊണുകഴിക്കുകയോ ദുഃഖിക്കുകയോ വാടിക്കുകയോ അജീർണ്ണം ഉണ്ടാകുന്ന ആഹാരങ്ങൾ ഭക്ഷിക്കുകയോ ചെയ്യുക മുതലായവ ശരീരത്തിനുവേണ്ട ബാധമുണ്ടാകുന്നതുവരെ ചെയ്യാൻ പാടില്ലാത്തതാകുന്നു.

പതിനാറാം അദ്ധ്യായം.

പഞ്ചകഷായങ്ങൾ.

(ക) സ്വരസം (ഖ) കല്കം (ഗ) കഷായം (ഘ) ഹിമം (ങ) ഫാണ്ടം ഇവയാണ് പഞ്ചകഷായങ്ങൾ. ഇവയിൽ സ്വരസത്തേക്കാൾ കല്കവും കല്കത്തേക്കാൾ കഷായവും കഷായത്തേക്കാൾ ഹിമവും ഹിമത്തേക്കാൾ ഫാണ്ടവും ലഘുവാകുന്നു. ദ്രവ്യങ്ങൾക്ക് ലഘുഗുണം ഗുരുഗുണം രണ്ടുഗുണങ്ങളുണ്ട്. ഇതിൽ കടൽമുതലായ പാചനാവയവങ്ങൾക്ക് യാതൊരു പ്രയാസവും ഉപദ്രവവും ഇല്ലാതെ ദഹിക്കുന്നതായ പദാർത്ഥങ്ങൾ ലഘുഗുണത്തോടുകൂടിയവകളും; അല്പമോ അല്ലെങ്കിൽ അധികമോ പ്രയാസത്തോടും ഉപദ്രവത്തോടും കൂടെ വളരെ നേരം കൊണ്ടു ദഹിക്കുകയോ അല്ലെങ്കിൽ ദഹിക്കാതിരിക്കുകയൊ ചെയ്യുന്ന വസ്തുക്കൾ ഗുരുഗുണത്തോടുകൂടിയവകളുമാകുന്നു.

സ്വരസകല്പന.

(ക) ശുദ്ധസ്വരസം (ഖ) നിശ്ശോഷിതസ്വരസം (ഗ) പക്വസ്വരസം (ഘ) പുടകപാകസ്വരസം ഇങ്ങിനെ സ്വരസങ്ങൾനാലുവിധത്തിലുണ്ട്.

ശുദ്ധസ്വരസം.

പുത്തനായി കൊണ്ടുവന്ന മരുന്നുകളെ നുറുക്കിഇടിച്ച് വസ്ത്രത്തിലിട്ട് പിഴിഞ്ഞു നിറെടുക്കുന്നതു് ശുദ്ധസ്വരസം ആകുന്നു.

നിശ്ശോഷിതസ്വരസം.

മുകളിൽപറഞ്ഞ സാധാരണസ്വരസത്തിനുപയോഗമായ വസ്തുക്കൾ ഉണങ്ങിപ്പോയാൽ അവകളിടിച്ചുപൊടിച്ചു നാലുപലം ചൂണ്ണം രണ്ടിരട്ടി വെള്ളത്തിലിട്ട്, ഒരു രാപ്പകൽ മൂഴുവൽ വച്ചിരുന്നു വടികെട്ടി അരിച്ചെടുക്കുന്നതു് നിശ്ശോഷിതസ്വരസമാകുന്നു.

പക്വസ്വരസം.

സ്വരസത്തിനുള്ള ഔഷധങ്ങൾ നീരോടുകൂടെ കിട്ടാതെ ഇരുന്നാൽ ഉണങ്ങിയതിനെ ഗ്രഹിച്ചു് എട്ടിരട്ടിവെള്ളത്തിൽ ഇടിച്ചുചേർത്തു് പാകമാക്കി നാലൊന്നായി വറ്റിച്ചു് അരിച്ചെടുക്കുന്നതു പക്വസ്വരസമാകുന്നു.

സ്വരസങ്ങൾ ഉപയോഗിക്കുന്നേരമുള്ളു്.

സ്വരസം അധികം ഗുരുത്വമുള്ളതായിരുന്നാൽ അരപ്പലവും നിശ്ശോഷിതസ്വരസം പക്വസ്വരസം ഇവ രണ്ടോരോപലപ്രമാണവും ഉപയോഗിക്കാം.

സ്വരസത്തിൽ ചേർക്കുന്നമറ്റുവസ്തുക്കളുടെ അളവു്.

തേൻ പഞ്ചസാര ക്ഷാരങ്ങൾ ജീരകം ഇന്തുപ്പു് നെയ്യു് തൈലം മറ്റു പലവിധ ചൂർണ്ണങ്ങൾ മുതലായവ അവശ്യമാണെങ്കിൽ അതുകൾപലം വീതം സ്വരസത്തിൽ ചേർത്തുപയോഗിക്കാം.

പുടപാകസ്വരസങ്ങൾ.

ചില മരുന്നുകൾ പുടമിട്ടു് പാകമാക്കിയതിൽപിന്നെ അതിന്റെ കല്പം പിഴിഞ്ഞും സ്വരസം ഗ്രഹിക്കുന്ന പതിവുണ്ടു്. ഏതുമരുന്നിൽ നിന്നു് സ്വരസം എടുക്കണമൊ ആ ഔഷധങ്ങൾ എടുത്തു് ചില ഇലകൾകൊണ്ടു് മരുപ്പട്ട എന്നതുപോലെ ചുറ്റണം. ഇങ്ങനെ ചുറ്റുന്നതിനു് പൊങ്കുമിഴി ആൽ ഞാവൽ മുതലായ മരങ്ങളുടെ ഇലകളാണു നല്ലതു്. ഇലപൊതിഞ്ഞതിന്റെ മേൽ രണ്ടംഗുലംഘനത്തിൽ മണ്ണംപൊതിഞ്ഞു് മണ്ണുമുക്കുന്നതുവരേ പുടത്തിൽവച്ചു തീയെരിച്ചു് എടുത്തു് മണ്ണും ഇലയും കളഞ്ഞു് മരുന്നിന്റെനീരു് പിഴിഞ്ഞെടുക്കുന്നതാണു് പുടപാകസ്വരസം. പുടപാകം ചെയ്യാതെ നീരെടുക്കുന്നതിനു പ്രയാസമുള്ള മരുന്നുകളും പാകംചെയ്യാതെ സ്വരസം ഉപയോഗിപ്പാൻ പാടില്ലാത്തമരുന്നുകളും വേണം ഇങ്ങിനെ പുടപാകചെയ്ത സ്വരസം എടുക്കേണ്ടതു്.

പുടപാകസ്വരസത്തെ ഉപയോഗിക്കുന്നതിനും മരുന്നുകൾ ചേർക്കുന്നതിനുമുള്ള അളവുകൾ.

പുടപാകംകൊണ്ടു് പാകംചെയ്തെടുത്ത സ്വരസങ്ങൾ സാധാരണ ഒരുതവണയ്ക്കു് കഴ പലംവീതം ഉപയോഗിക്കാം. ഈ സ്വരസത്തിൽ തേൻചേർക്കേണ്ടിവന്നാൽ കൽപലംവീതം ചേർക്കയും കല്പം ചൂർണ്ണം ദ്രവപദാർത്ഥങ്ങൾ മുതലായവകളെ സാധാരണസ്വരസത്തിനു ചേർക്കുന്നതുപോലെ ചേർക്കയും ചെയ്യണം.

കഷായകല്പന.

ഉണങ്ങിയതു് അല്ലെങ്കിൽ പശിമയുള്ളതായ ഔഷധങ്ങളേ തിളപ്പിച്ചു് അരിച്ചെടുക്കുന്ന കഷായത്തേ കഷായം എന്നുപറയുന്നു. മരുന്നുമുതലായതുകളേ തിളപ്പിച്ചു് എടുക്കുന്നതെല്ലാം കഷായം എന്നു് സാമാന്യമായി പറയുന്നുണ്ടെങ്കിലും സ്വരസം കഷായം ഫാണ്ടം ശീതകഷായം കല്പം എന്നീ അഞ്ചിനും പൊതുവായിട്ടുള്ളതു് കഷായം എന്നാണു്. കഷായത്തിനു് ഉപയോഗമായ മരുന്നു് ദ്രവ്യത്തെ ഇടിച്ചു പതിനാറിരട്ടി അതായതു് പതിനാറുപലം അല്ലെങ്കിൽ കരിങ്കഴി വെള്ളത്തിൽചേർത്തു് മണ്ണാത്തിൽ എട്ടിൽ ഒരുഭാഗം അയിവറ്റിച്ചു് അരിച്ചെടുത്തു് ഉപയോഗിക്കണം. ഈ കഷായം വയ്ക്കുന്നതു് കമലാഗ്നിയായി തീയെരിച്ചുവേണ്ടതും, ഉപയോഗിക്കുന്നതു് ചെറു

ചൂടോടുകൂടെ ആയിരിക്കേണ്ടതും ആകുന്നു. ഇങ്ങനെ പാകംചെയ്യുന്നതിനു് കഷായം ശൃതം കഷായം നിര്യൂഢം എന്നീ പേരുകളും ഉണ്ടു്.

കഷായത്തെ ഉപയോഗിക്കേണ്ട അളവു്.

നല്ല പാകതയും പരിചയവുമുള്ള വൈദ്യന്റെ ഉപദേശപ്രകാരം കഷായത്തെ നല്ലതുപോലെ പാകംചെയ്തു മുന്നൂഴുജിച്ചു ആഹാരത്തിന്റെ രസം നല്ലതുപോലെ ജീർണ്ണമായതിന്റെശേഷം സാധാരണ ഒരു പലം അതായതു് ഒരു തുടംവീതം ഒരുനേരം ഉപയോഗിക്കേണ്ടതാണു്.

കഷായത്തിൽ ഔഷധങ്ങൾ ചേർക്കേണ്ട അളവു്.

കഷായത്തിൽ പഞ്ചസാര ചേർക്കേണ്ടിവന്നാൽ വാതദോഷം കോപിച്ചുണ്ടാകുന്ന വ്യാധികളിൽ നാലിൽ ഒരുപങ്കും പിത്താധികമായ വ്യാധികളിൽ എട്ടിൽ ഒരുപങ്കും കഫാധികമായ രോഗത്തിൽ പതിനാറിൽ ഒരുപങ്കും ചേർക്കണം. തേൻ ചേർക്കുന്നതു വാതാധികമായ വ്യാധികളിൽ കഷായത്തിന്റെ പതിനാറിൽ ഒരുപങ്കും പിത്താധികമായ വ്യാധികളിൽ എട്ടിൽ ഒരുപങ്കും കഫാധികമായ വ്യാധികളിൽ നാലിൽ ഒരുപങ്കും ആയിരിക്കണം. ജീരകം ഗ്രന്ഥി കായങ്കം ഉപ്പുകം കന്മദം പെരുങ്കായം തൃകടുകം ഇവയെ കഷായങ്ങളിൽ ചേർക്കുന്നതായിരുന്നാൽ ശാണപ്രമാണം ഉപയോഗിക്കാം. പാൽ നെയ്യു് ശർക്കര തൈലം ഇവകളേയും ഇതരപദാർത്ഥങ്ങളേയും കല്ക്കം ചൂർണ്ണം മുതലായവയും കഷായത്തിൽ കാൽപലംവീതം ചേർക്കേണ്ടതാകുന്നു.

കഷായം ഉണ്ടാക്കുന്നതിലേക്കുള്ള ഉപദേശങ്ങൾ.

പാത്രത്തിന്റെ മുഖം അടച്ചു് കഷായം കുറുക്കരുതു്. മുഖം അടച്ചു് കഷായം കുറുക്കിയാൽ അതിൽ ഒഴിച്ചിട്ടുള്ള വെള്ളം നല്ലതുപോലെ വറ്റുകയില്ല. അതുകൊണ്ടു് കഷായം മുതലായവയെ കുറുക്കുന്നതു് പാത്രത്തിന്റെ വായടയ്ക്കാതെ വേണ്ടതാകുന്നു.

യവാഗൂ.

നാലുപലം അതായതു് നാഴി അളവുള്ള ഏതെങ്കിലും പദാർത്ഥത്തെ നാലിടങ്ങഴി വെള്ളത്തിൽചേർത്തു പാകതിയാക്കി വറ്റിച്ചെടുക്കുന്നകഴമ്പായ ഒരുവിധദ്രവം യവാഗൂ എന്നു പറയപ്പെടുന്നു.

പ്രമഥ്യാ.

ഏതെങ്കിലും ഒരുപലം വസ്തു ചൂർണ്ണമാക്കി എട്ടുപങ്കുജലത്തിൽ (അതായതു് ഇരുനാഴി) കഷായംപോലെ കാച്ചിയെടുക്കുന്നതിനു് പ്രമഥ്യാ എന്നുപേർ. ഇതു് ഒരുനേരം രണ്ടുതുടംവീതം ഉപയോഗിക്കാം.

യൂഷം.

കഷായത്തിൽ ചേർക്കേണ്ട പ്രധാനവസ്തു ഒരുപലവും ചുക്കു്തി

പുലി ഇവ അരയ്ക്കാൽപലവും ഇടങ്ങഴി വെള്ളത്തിൽചേർത്തു കഞ്ഞി പോലെ കാച്ചിയെടുക്കുന്നതു് യൂഷം ആകുന്നു.

പേയം.

ഒരുപലം ഔഷധം പൊടിച്ചു് നാലിടങ്ങഴി വെള്ളത്തിലിട്ടു പകുതിയാക്കി വറ്റിച്ചെടുക്കുന്നതു് പേയമാകുന്നു. ഇതു് മറ്റാഹാരപദാർത്ഥങ്ങളോടുകൂടെ ഉപയോഗിക്കേണ്ടതാണു്.

ഉഷ്ണോദകം.

ശുദ്ധജലത്തെ ചൂട്ടിൽ ഒരുപങ്കോ നാലിൽ ഒരുപങ്കോ പകുതിയോ വറ്റിച്ചു് എടുക്കുന്നതു് ഉഷ്ണോദകമാകുന്നു. ഉഷ്ണജലത്തെ രാത്രി ഉപയോഗിച്ചാൽ കഫവികാരം അമവാതം മേദോരോഗം കാസം ശ്വാസം ജ്വരം ഇവയെ നീക്കും. മൂത്രാശയത്തിലുള്ള ദോഷങ്ങളേ ശമിപ്പിക്കുകയും മൂത്രത്തെ ധാരാളമായി വെളിപ്പെടുത്തുകയും ചെയ്യും.

ക്ഷീരപാകവിധി.

ഏതെങ്കിലും ഔഷധപദാർത്ഥങ്ങൾ ചേർത്തു് പാലു പാകംചെയ്യണമെങ്കിൽ എത്രമാത്രം ഔഷധം ഉണ്ടോ അതിൽ എട്ടിരട്ടിപ്പാലും പാലിൽ നാലിരട്ടി ജലവും ചേർത്തു എന്തെങ്കിലും പാൽ ചേർത്തിട്ടുണ്ടോ അതുമാത്രം ശേഷിക്കുന്നതുവരെ കാച്ചി അരിച്ചു സേവിക്കണം. മരുന്നുകൾ യാതൊന്നും ചേർക്കാതെ പാൽമാത്രം ആയിരുന്നാൽ പാലിൽ നാലുപങ്കു ജലംചേർത്തു് വെള്ളം മുഴുവൻ വറ്റിച്ചു പാലാക്കി ഉപയോഗിക്കണം. അങ്ങനെ ഉപയോഗിച്ചാൽ അജീർണ്ണവും വയറുവേദനയും മറ്റും ശമിക്കും.

അന്നപാകവിധികൾ.

ഇനി രോഗികൾക്കുതക്ക അന്നങ്ങളെ പാകംചെയ്യുന്നതിലേക്കുള്ള വിധികളെപ്പറ്റിപ്പറയാം.

യവാഗൂ (കഞ്ഞി.)

അരി പയറു് ഉഴുന്നു് എള്ളു് ഇവയിൽ ഏതെങ്കിലും എടുത്തു പൊടിച്ചു് ആ പദാർത്ഥത്തിൽ ആറിരട്ടി ജലംചേർത്തു് അല്പം കുഴമ്പു പരുവത്തിൽ പാകമാക്കുന്നതിനു യവാഗൂ എന്നു പറയപ്പെടുന്നു. രോഗികൾക്കു ഈ ആഹാരം ഏറ്റവും നല്ലതാകുന്നു. ഇതു്, ഗ്രാഹിയും ബല്യവും തൃപ്തിയും വാതഹരവും ആണു്.

വിലേപി.

മുകളിൽ പറഞ്ഞതുപോലെ അരി മുതലായവകളെപ്പൊടിച്ചു് അതിൽ നാലിരട്ടി ജലവും ചേർത്തു് യവാഗൂവിനെക്കാൾ കുറേക്കൂടി ഘനമായി (വറ്റിച്ചു) പാകംചെയ്താൽ ആ ആഹാരപദാർത്ഥം 'വിലേപി' എന്നു പറയപ്പെടും. ഇതു് ബൃംഹണവും തൃപ്തിയും പുഷ്ടിയും മധുരവും പിത്തഹരവും ആകുന്നു.

പേയവും യൂഷവും.

മുകളിൽപ്പറഞ്ഞ അരി മുതലായ സാധനങ്ങളിൽ ഏതെങ്കിലും ഒന്നു പൊടിച്ചു് അതിൽ പതിനാലുപങ്കു ജലവും ചേർത്തു് അധികം ദ്രവമായും അല്പം കൊഴുപ്പോടുകൂടെയും പാകം ചെയ്യുന്ന കഞ്ഞിയാണു് പേയം എന്നു പറയപ്പെടുന്നതു്. ഇതിനെക്കാൾ കുറേക്കൂടി പറിയതായ കഞ്ഞിയാണു് യൂഷം. പേയം യൂഷത്തിനെക്കാൾ ഗുണത്തിൽ ലഘുവാകുന്നു. ഗ്രാഹി എന്ന ഗുണവും ധാതുപുഷ്ടിയെ വർദ്ധിപ്പിക്കുന്ന ശക്തിയും അതിനുണ്ടു്. യൂഷവും വേഗത്തിൽ ദഹിക്കത്തക്കവണ്ണം ലഘുതരത്തോടുകൂടിയതും ബല്യവും കണ്ഠ്യവും കഫഹരവും ആയിട്ടുള്ളതും ആകുന്നു.

മണ്ഡം.

നാലുപലം അല്ലെങ്കിൽ നാഴി അരി പതിന്നാലിരട്ടി വെള്ളത്തിൽ പാകംചെയ്തു അതിൽനിന്നും വാറുനീക്കി കഞ്ഞിമാത്രം എടുക്കുന്നതാണു് മണ്ഡം എന്നു പറയുന്നതു്. ഈ കഞ്ഞി ഏറ്റവും വേഗത്തിൽ ദഹിക്കുന്നതും മധുരവും ആകുന്നു. ഇതിൽ ചുക്കും ഇന്തുപ്പുംകൂടി ചേർത്തു ഉപയോഗിക്കുന്നതു് ഏറ്റവും പാചനവും ദീപനവും ആണു്.

അഷ്ടഗുണമണ്ഡം.

കൊത്തമ്പാലരി ചുക്കു് തിപ്പലി നല്ലമുളകു് ഇന്തുപ്പു് ഇവയും മോരും എണ്ണയിൽ പൊരിച്ച പെരുംകായവും മേൽപ്പറഞ്ഞ മണ്ഡത്തിൽ (കഞ്ഞിത്തെളിയിൽ) ചേർത്താൽ അതിനു് അഷ്ടഗുണമണ്ഡം എന്നുപേർ. ഇതു് ദീപനവും വസ്തിസംശോധനവും രക്തപിത്തനാശനവും അയാസത്തെ തീർത്തു് ബലത്തെ ഉണ്ടാക്കുന്നതും ജ്വരശമനവും സന്നിപാതഹരവും ആകുന്നു.

വാട്യമണ്ഡം.

യവധാന്യത്തെ നല്ലതുപോലെ കഴുകി ഉണക്കിയതിന്റെ ശേഷം അതിനെ ചുവക്കെ വറുത്തു് മണ്ഡമായി പാകംചെയ്താൽ അതിനു് വാട്യമണ്ഡം എന്നു പറയപ്പെടുന്നു. അതു കഫപിത്തഹരവും കണ്ഠ്യവും രക്തപിത്തശോധനവും ആകുന്നു.

ലാജമണ്ഡം.

നെൽപ്പൊരിയൊ (മലരൊ) വറുത്ത അരിയൊകൊണ്ടു് മുൻപറഞ്ഞതുപോലെ പാകം ചെയ്യുന്ന കഞ്ഞിക്കു് ലാജമണ്ഡം എന്നു പറയപ്പെടുന്നു. ഇതു് കഫപിത്തഹരവും ഗ്രാഹിയും ആണു്. ദാഹത്തേയും ജ്വരത്തേയും ശമിപ്പിക്കും.

ഫാണ്ടകല്പന.

കഷായത്തിനു് ആവശ്യമുള്ള മരുന്നുകൾ ഒരു പലം എടുത്തു ന

ല്ലതുപോലെ ഇടിച്ചു അരിൽ നാലുപലം നല്ലതുപോലെ തിളച്ചവെ
ള്ളം ചേർത്തു അല്പനേരം അടച്ചുവെച്ചിരുന്നു, വസ്ത്രംകൊണ്ടു മൺ
പാത്രത്തിന്റെ അരിച്ചെടുക്കുന്നതിനു ഫാണ്ടം അല്ലെങ്കിൽ പുണ്ഡരീകം
എന്നു പറയപ്പെടുന്നു. ഇതു ഒരുതവണ രണ്ടുപലം (രണ്ടുതുടം) വീതം
ഉപയോഗിക്കാം. കഷായത്തിൽ ചേർക്കുന്നതിനു പറഞ്ഞക്രമത്തിനു
തേൻ പഞ്ചസാര ശർക്കര മുതലായവയും ചേർത്തുകൊള്ളേണ്ടതാകുന്നു.

മധുകപുഷ്പാദിഫാണ്ടം.

ഇലിപ്പപ്പൂ, അതിമധുരം ചന്ദനം ഈന്തപ്പഴം (പരുഷകം
അല്ലെങ്കിൽ ചീനിന്തൽ) താമരവളയം താമരപ്പൂവു് പാച്ചോറിന്തൊ
ലി പെരിംകുമിഴ് നാഗപ്പൂവു് ത്രിഫല ഇവനീണ്ടിക്കഴഞ്ഞു മുന്തിരി
ങ്ങാപ്പഴം മലർ ഇവ ഇടിച്ചുപൊടിച്ചു് തിളച്ചവെള്ളത്തിൽ ഇട്ടു
അല്പം കഴിഞ്ഞതുടനേ അരിച്ചെടുത്തു് പഞ്ചസാരയും തേനും ചേ
ർത്തു ഉപയോഗിച്ചാൽ വാതപിത്തജ്വരവും ശരീരത്തിലുള്ള ചൂട്ടനീ
ർക്കുരുവും ചൂടും നാവുണക്കം മൂർച്ഛയും മനോവികാരങ്ങളും തലച്ചു
റ്റും രക്തപിത്തവും മദവും മറ്റും നില്ക്കും. ഈ ഔഷധങ്ങൾ കൊ
ണ്ടും ഹിമകഷായം അതായതു് ശീതകഷായംവെച്ചു് ഉപയോഗിച്ചാ
ലും മേൽപ്പറഞ്ഞ രോഗങ്ങൾ എല്ലാം ശമിക്കും.

മന്ദങ്ങൾ.

മന്ദമെന്നുപറയുന്നതു് കടഞ്ഞു പാകംവരുത്തുന്ന ഔഷധമാണു്.
അതും രണ്ടുവിധത്തിൽ ഫാണ്ടത്തിൽ ചേർന്നതുതന്നെ. പാകം ചെ
യ്യേണ്ട പദാർത്ഥങ്ങൾ പൊടിച്ചു് ഒരുപലംഔഷധത്തിനു് നാലുപലം
അതായതു് നാഴിവീതം തണുത്ത ജലം ചേർത്തു് ഒരു മൺപാത്രത്തിലാ
ക്കി നല്ലതുപോലെ കടഞ്ഞെടുക്കണം. ഈ ഔഷധം ഒരു തവണ ര
ണ്ടുപലം അതായതു് രണ്ടുതുടംവീതം ഉപയോഗിക്കാം.

ഹിമകല്പന.

കഷായത്തിനു് ഉപയോഗിയ്ക്കുന്ന പദാർത്ഥങ്ങൾപൊടിച്ചു് ഒരു
പലം മരുന്നിനു് ആറുപലം ജലംവീതം ചേർത്തു് രാത്രി മുഴുവൻ വച്ചി
രുന്നു് രാവിലേ അരിച്ചെടുക്കുന്ന കഷായമാണു് ഹിമം എന്നും ശീത
കഷായമെന്നും പറയുന്നതു്.

കല്കകല്പന.

ഉണങ്ങിയതോ ഉണങ്ങാത്തതോആയ വസ്തുക്കളെ കല്ലിൽവച്ചു
ച്ചെടുക്കുന്നതിനു് കല്കമെന്നു് പറയപ്പെടുന്നു. ഇതിനു പ്രത്യേക
അവയവം എന്നും പേരുകൾ ഉണ്ടു്. കല്കങ്ങളേ സാധാരണ കാൽപ്പ
ലം അളവിൽ ജലത്തോടുകൂടെ ഉപയോഗിക്കാം.

കല്കം ഉണ്ടാക്കുവാൻ ചേർക്കുന്ന പദാർത്ഥങ്ങളുടെ അളവുകൾ.

കല്കരൂപത്തിൽ തേൻ നെയ്യു് എണ്ണ ഇവ രണ്ടിലൊന്നും ശർക്കര പ

ഞെസാര ഇവ കല്ക്കത്തിനുസമവും മറ്റുള്ള ദ്രവപദാർത്ഥങ്ങൾ നാലിരട്ടിയും ചേർക്കണം.

ചൂർണ്ണകല്പന.

നല്ലതുപോലെ ഉണങ്ങിയ ഔഷധങ്ങളെ ഇടിച്ചുപൊടിച്ചു് നല്ല പൊടിയാക്കി ശീലമന്നിതട്ടിയെടുക്കുന്നതാകുന്നു ചൂർണ്ണം എന്നു പറയുന്നതു്. ഇതു് ഒരു തവണ സാധാരണ കാൽപ്പലം വീതം ഉപയോഗിക്കാം.

ചൂർണ്ണത്തിൽ ചേർക്കുന്ന പദാർത്ഥങ്ങളുടെ സാധാരണ അളവു്.

ചൂർണ്ണത്തിൽ ശർക്കര ചൂർണ്ണത്തിനു സമവും; പഞ്ചസാര രണ്ടിരട്ടിയും ചേർക്കേണ്ടതാകുന്നു. ചൂർണ്ണങ്ങളിൽ പെരുംകായത്തെ പൊരിച്ചുചേർത്താൽ ഉപയോഗിക്കുന്നവർക്കു കുമട്ടൽ (മനംമറി) ഉണ്ടാകാതെ ഇരിക്കും.

ചൂർണ്ണങ്ങൾക്കു് അനുപാനം ഭാവന മുതലായതുകൾ.

ചൂർണ്ണങ്ങളെ ലേഹ്യംപോലെ ഉപയോഗിക്കേണ്ടിയിരുന്നാൽ അതിനോടുകൂടെ തന്നെ മുതലായ ഏതു ദ്രവപദാർത്ഥങ്ങളെയും രണ്ടിരട്ടി ഉപയോഗിക്കണം. ചൂർണ്ണങ്ങൾ ദ്രവപദാർത്ഥങ്ങളിൽ കലക്കി ഉപയോഗിക്കേണ്ടിയിരുന്നാൽ ചൂർണ്ണത്തിൽ നാലിരട്ടിയിൽ കുറയാതെ ദ്രവപദാർത്ഥങ്ങൾ ചേർത്തുകൊള്ളണം. ചൂർണ്ണം ലേഹ്യം ഗുളിക കല്കം ഇവയ്ക്കു് അനുപാനമായി ഉപയോഗിക്കുന്ന ദ്രവപദാർത്ഥങ്ങൾ വാതരോഗങ്ങളിൽ മുന്നുപലവും പിത്തരോഗങ്ങളിൽ രണ്ടുപലവും കഫരോഗങ്ങളിൽ ഒരു പലവും ഉപയോഗിക്കേണ്ടതാകുന്നു. വെള്ളത്തിൽ കഴിച്ചു എണ്ണ നൊടിയിടയ്ക്കു ആ വെള്ളത്തിൽ എങ്ങും വ്യാപിക്കുന്നതുപോലെ ഔഷധവും അനുപാനബലംകൊണ്ടു് അംഗങ്ങളിൽ നല്ലതുപോലെ വ്യാപിക്കും. ചൂർണ്ണങ്ങളെ ചില ദ്രവപദാർത്ഥങ്ങളിൽ ഊറവെയ്ക്കുന്നതിനു ഭാവനചെയ്ക എന്നു പറയുന്നു. ഭാവനചെയ്യുന്നപൊടിമുഴുവൻ മുങ്ങത്തക്കവണ്ണമുള്ള ദ്രവത്തിൽവേണം ഭാവന ചെയ്യേണ്ടതു്.

ഗുളികാ കല്പന.

ഗുളികയ്ക്കു് വടകം വടി മോടകം വടികാ പിണ്ഡി ഗുഡം വത്തി എന്നിങ്ങനെ പേരുകൾ ഉണ്ടു്. ശർക്കര പഞ്ചസാര ഗുൽഗുലു ഇവയിൽ എതെങ്കിലും തന്നെ അടുപ്പിൽ വച്ചുരുക്കി അവയിൽ ആവശ്യമുള്ള ഔഷധങ്ങളുടെ പൊടിചേർത്തു് മർദ്ദിച്ചു ഉരുട്ടി എടുക്കുന്നതും അഗ്നിയിൽ വച്ചുരുക്കാതെ ഗുൽഗുലു തേൻ മുതലായ ദ്രവദ്രവ്യങ്ങളും ഔഷധങ്ങളുടെ പൊടിയുംചേർത്തുച്ചു ഉരുട്ടിയെടുക്കുന്നതും ഗുളികയാകുന്നു.

ഗുളികകളിൽചേർക്കേണ്ട പദാർത്ഥങ്ങളുടെ
അളവു മുതലായതുകർം.

ഗുളികകളിൽ പഞ്ചസാര ചേർക്കേണ്ടിവന്നാൽ ചൂർണ്ണത്തിനെന്നാലിരട്ടിയും ശർക്കരയായിരുന്നാൽ രണ്ടിരട്ടിയും ഗുൽഗുലു തേൻഇവ മഭാഗവും ഇതരദ്രവപദാർത്ഥങ്ങൾ പൊടിയിൽ രണ്ടിരട്ടിയുംചേർക്കണം. അവരവരുടെ ശരീരബലത്തിനു തക്കപോലെയും ഔഷധങ്ങളുടെ വീര്യത്തിനു തക്കപോലെയും കർമ്മപ്രമാണത്തിൽ അധികമാകാതെ ഗുളികകളുടെ അളവുകർം ഏർപ്പെട്ടുത്തേണ്ടതാകുന്നു.

ലേഹ്യകല്പന.

ലേഹ്യവും പരിമാണവും.

കാഥം മുതലായതിനെ അതായതു് സ്വരസം കല്കം കാഥം ഫാണ്ടം ഹിമം എന്നിങ്ങനെ അഞ്ചുവിധ കഷായങ്ങളേയും വീണ്ടും കാച്ചി പാകപ്പെടുത്തുന്നതിൽവെച്ചു് വറ്റി ഘനമായി വരുന്ന പാകമാണു് ലേഹ്യം എന്നു പറയുന്നതു്. ഇതിനു് രസക്രിയാ അവലേഹം ലേഹം എന്നും കൂടി പേരുകർം ഉണ്ടു്. ലേഹ്യങ്ങർം ഉപയോഗിക്കുന്ന പരിമാണം രണ്ടു പലംവീതമാണു്.

ലേഹ്യത്തിൽ ചേർക്കേണ്ട വസ്തുക്കളുടെ
അളവുകർം.

ലേഹ്യത്തിൽ പഞ്ചസാര ചേർക്കേണ്ടതായിരുന്നാൽ പൊടിയിൽ നാലിരട്ടിയും ശർക്കരയായിരുന്നാൽ രണ്ടിരട്ടിയും ദ്രവപദാർത്ഥങ്ങർം അതായതു് പാൽ നെയ്യു് തേൻ മുതലായവ ആയിരുന്നാൽ നാലിരട്ടിയും ഉപയോഗിക്കേണ്ടതാകുന്നു. ലേഹ്യത്തിനു് എവിടെയും പൊതുപ്രമാണം ഇതുതന്നെ.

ലേഹ്യപാകത്തിന്റെ ലക്ഷണങ്ങർം.

ലേഹ്യം നല്ലതുപോലെ പാകമായ അവസ്ഥയിൽ വരുമ്പോർം പായു് രാജിപോലെ വലിച്ചാൽ വരും. അതിനെ ജലത്തിൽ ഇട്ടാൽ താഴും. വിരലുകർംകൊണ്ടു് താഴ്ത്തിനാൽ കുഞ്ഞാനുറപ്പായിരിക്കുന്നതുകൂടാതെ അതിൽ വിരലുകളിലുള്ള രേഖകളുടെ മുഴയും പതിയും. കൂടാതെ ചേർക്കപ്പെട്ട ഔഷധങ്ങളുടെ രുചിയും ഗുണവും നിറവും നല്ലതുപോലെ പ്രകാശിക്കുകയും ചെയ്യും.

ലേഹ്യത്തിനു് അനുപാനങ്ങർം.

പാൽ കരിമ്പിൻനീരു് പഞ്ചകോലകഷായംകൊണ്ടുണ്ടാക്കിയ യൂഷം ആടലോടകകഷായം ഇവയെല്ലാം അനുപാനങ്ങളാണു്.

സ്നേഹകല്പന.

നൂതനമെങ്കിലും തൈലമെങ്കിലും പാകംചെയ്യേണ്ടതായിരുന്നാൽ അതിൽചേർക്കുന്ന കല്കദ്രവ്യങ്ങളേക്കാർം നെയ്യോ അല്ലെങ്കിൽ എണ്ണ

മോ നാലുമടങ്ങും നെയ്യിലും തൈലത്തിലും നാലിരട്ടി കഷായവെള്ള മോ മറ്റേതെങ്കിലും ദ്രവസാധനങ്ങളോ ചേർത്തു പാകപ്പെടുത്തേണ്ടതാകുന്നു. ഈ തൈലത്തേ അല്ലെങ്കിൽ ഘൃതത്തേ ഒരുപലം പരിമാണത്തിൽ സാധാരണ ഉപയോഗിക്കാം. കൂടാതെ കഷായത്തിൽ ഇടുന്ന ഔഷധങ്ങൾ ഒരു പങ്കായിരുന്നാൽ അതിൽ നാലുപങ്കു ജലം ചേർത്തു് നാലിൽ ഒരു ഭാഗമാക്കി ആ കഷായംകൊണ്ടും നെയ്യും തൈലവും പാകമാക്കാം.

സ്നേഹപാകത്തിൽ വിശേഷവിധികൾ.

കഷായത്തിൽ ഇടുന്ന മരുന്നുകൾ അവയുടെ ഗുണമനുസരിച്ചു് മൃദുപദാർത്ഥങ്ങൾ കഠിനപദാർത്ഥങ്ങൾ അതികഠിനപദാർത്ഥങ്ങൾ മദ്ധ്യമപദാർത്ഥങ്ങൾ എന്നു് നാലുവിധത്തിലുണ്ടു്. ഇവയിൽ മൃദുപദാർത്ഥങ്ങൾ കഷായത്തിലിടുന്നതു് നാലിരട്ടി വെള്ളത്തിലും കഠിനപദാർത്ഥങ്ങൾ എട്ടിരട്ടി വെള്ളത്തിലും അതികഠിനപദാർത്ഥങ്ങൾ പതിനാറിരട്ടി വെള്ളത്തിലും ഇടേണ്ടതാകുന്നു. മൃദുവും കഠിനവും അല്ലാത്ത വസ്തുക്കൾ എട്ടുമടങ്ങു് വെള്ളത്തിൽ കഷായത്തിൽ ഇടണം. കഷായത്തിൽ ചേർക്കുന്ന മരുന്നുകൾ കാല്പലംമുതൽ ഒരുപലത്തിൽ അധികപ്പെടാതെ ഇരുന്നാൽ ജലം അതിന് പതിനാറിരട്ടി ചേർക്കണം. മരുന്നുകൾ ഒരു പലത്തിനുമേൽ നാലുപലത്തിനകമായിരുന്നാൽ എട്ടുപങ്കും നാലുപലത്തിനുമേൽ പതിനാറുപലത്തിനകമായിരുന്നാൽ ആറിരട്ടിയും പതിനാറുപലത്തിനുമേൽ നാലായിരത്തി ഒന്നൂറ്റാറുപലത്തിനകമായിരുന്നാൽ നാലുപങ്കും ജലം ചേർക്കണം. കേവലം ജലം കൊണ്ടോ കഷായങ്ങൾകൊണ്ടോ സ്വരങ്ങൾകൊണ്ടോ സ്നേഹപാകം ചെയ്യണമെന്നുപറയുന്നസ്ഥലത്തു് ആറായിൽ കല്കവും മുറയ്ക്കു സ്നേഹത്തിൽ നാലിൽ ഒരുപങ്കു് ആറിൽ ഒരുപങ്കു് പുട്ടിൽ ഒരുപങ്കു് ഈ ക്രമത്തിനു് ചേർക്കണം. അതായതു് ശുദ്ധജലത്തിൽ പാകംചെയ്യുന്ന സ്നേഹത്തിനു് സ്നേഹത്തിൽ നാലിൽ ഒരുഭാഗം കല്കവും കഷായത്തിൽ പാകം ചെയ്യുന്നതിനു് സ്നേഹത്തിൽ ആറിൽ ഒരു ഭാഗം കല്കവും സ്വരസങ്ങളിൽ (ഇടിച്ചുപിഴിഞ്ഞ നീരുകളിൽ) പാകം ചെയ്യുന്നതിനു് സ്നേഹത്തിൽ പുട്ടിലൊരു പങ്കു കല്കവും ചേർക്കേണ്ടതാണു്.

ഏതെങ്കിലും സ്നേഹപാകത്തിൽ തൈർ പാൽ മാംസരസം മോരു് ഇവയിൽ ഏതെങ്കിലും ചേർക്കണമെന്നുപറഞ്ഞിരുന്നാൽ അതിൽ കല്കത്തേ സ്നേഹത്തിന്റെ പുട്ടിലൊരുഭാഗം ചേർത്താൽ മതിയാകും. ഇല്പകാരം പാൽമുതലായവകൊണ്ടു് പാകപ്പെടുത്തുന്ന സ്നേഹങ്ങളിൽ കല്കപദാർത്ഥങ്ങൾ നല്ലതുപോലെ പാകമാക്കുന്നതിനു് നാലുപങ്കു ജലം കൂടി ചേർക്കേണ്ടതു് ആവശ്യമാകുന്നു. അഞ്ചിനം ഭാവപദാ

ത്തങ്ങളിൽ കുറയാതെ കുറച്ചുചേർത്ത് പാകംചെയ്യുമ്പോൾ അവയിൽ ഓരോ ദ്രവപദാർത്ഥവും സ്നേഹത്തിനുതുല്യം ചേർക്കണം. ദ്രവപദാർത്ഥങ്ങൾ അഞ്ചിൽ കുറവായിരുന്നാൽ സ്നേഹത്തിനേഴാം നാലിരട്ടി ചേർത്താൽ മതിയാകും. ജലംചേർക്കണമെന്നു പറയാതെ വേറെ ദ്രവപദാർത്ഥങ്ങൾകൊണ്ടു ഒരുസ്നേഹം പാകം ചെയ്യണമെന്നു പറഞ്ഞിരുന്നാൽ സ്നേഹം നല്ലതുപോലെ പാകം ആകുന്നതിനു് അതിൽ നാലിരട്ടിജലം ചേർക്കുന്നതുകൂടാതെ കല്കവും ജലം ഒഴിച്ചു് നല്ലതുപോലെ മർദ്ദിച്ചു് ഉപയോഗിക്കണം. ഒരു സ്നേഹപാകത്തിനു കഷായംമാത്രം ഇന്ന ഔഷധങ്ങൾകൊണ്ടു് പാകംചെയ്യണമെന്നു പറയുകയും കല്കം മുതലായതു് പറയാതിരിക്കുകയും ചെയ്താൽഅതിൽ കഷായത്തിൽഉപയോഗിച്ച വസ്തുക്കളെല്ലാം കല്കമായും ചേർക്കേണ്ടതാണു്. കല്കം ചേർക്കാതെ സ്നേഹം പാകംചെയ്യുന്നതായിരുന്നാൽ സ്വരസം മുതലായ ഏതെങ്കിലും ദ്രവപദാർത്ഥങ്ങൾ ചേർക്കണം. ദ്രവപദാർത്ഥത്താൽ മാത്രം പാകംചെയ്യുന്ന സ്നേഹത്തിൽ ഏതെങ്കിലും പുഷ്പങ്ങളെ കല്കമായി ഉപയോഗിക്കണം. അപ്പോൾ ആ സ്നേഹത്തിൽ നാലിരട്ടി ജലവും ചേർക്കണം. അങ്ങനെ സ്നേഹങ്ങളിൽ പുഷ്പകല്കം ചേർക്കേണ്ടതായിരുന്നാൽ സ്നേഹത്തിന്റെ എട്ടിലൊരുപങ്കാണു് ചേർക്കേണ്ടതു്.

സ്നേഹം പാകമായതിന്റെ ലക്ഷ്യങ്ങൾ.

സ്നേഹത്തിൽഇട്ട കല്കങ്ങളിൽ കുറഞ്ഞൊന്നെടുത്തു വിരൽകൊണ്ടു ഉരുട്ടിയാൽ തിരിപോലെ ഉരുണ്ടു വരികയും അതിനെ തിയ്യിൽ ഇട്ടാൽ ചുടർചുടർ എന്നുള്ള ശബ്ദം ഇല്ലാതിരിക്കുകയും ചെയ്യുന്നതു് സ്നേഹം പാകമായതിന്റെ സാധാരണ ലക്ഷ്യങ്ങൾ ആണു്. കൂടാതെ അതിൽചേർത്തിട്ടുള്ള സ്നേഹം, കല്കദ്രവ്യങ്ങൾ ഇവയ്ക്കു സ്വാഭാവികമായ ഗന്ധം നിറം രുചി ഇവകളും സ്നേഹം നല്ലതുപോലെ പാകമാകുന്ന അവസരത്തിൽ ഉണ്ടാകും. തൈലപാകത്തിൽ അതു് നല്ലതുപോലെ പാകംവരുമ്പോൾ ചെറുകുമിളികൾ ഉയരുകയും ശരിയായ വാസനയുണ്ടാകുകയും ചെയ്യും. ഘൃതപാകത്തിൽ അതു പാകമാകുന്ന അവസരത്തിൽ നുരകളുണ്ടായതിന്റെ ശേഷം അവ അടങ്ങി നെയ്യു തെളിയുകയും വാസന മുതലായതുണ്ടാവുകയും ചെയ്യും.

മൂന്നുപ്രകാരത്തിൽഉള്ള സ്നേഹപാകങ്ങൾ.

മൃദു, മദ്ധ്യമം, കഠിനം ഇങ്ങനെ സ്നേഹപാകം മൂന്നവിധത്തിൽ ആകുന്നു. അവയിൽ അല്പം കഷായം മുതലായവയുടെ രസത്തോടുകൂടിയ കല്കമുള്ള സ്നേഹപാകത്തെ മൃദുപാകമെന്നും രസം ഇല്ലാതെ അല്പംമൃദുവായിട്ടുള്ള കല്കത്തോടുകൂടിയ സ്നേഹപാകത്തെ മദ്ധ്യമപാക

മെന്നും അല്പം ഉറപ്പായ കല്ലുമുള്ള സ്നേഹപാകത്തെ, കഠിനപാക മെന്നും പറയപ്പെട്ടുന്നു.

ഉപയോഗിക്കാൻ പാടില്ലാത്ത സ്നേഹപാകങ്ങൾ.

ദഗ്ധപാകമെന്നും അമപാകമെന്നും ഉപയോഗിക്കാൻ പാടി ല്ലാത്തതായ രണ്ടുവിധ സ്നേഹപാകങ്ങൾ ഉണ്ട്. കഠിനപാകത്തിന് മേൽഉള്ളതു് ദഗ്ധപാകവും, അതായതു് കല്ലും ഏറ്റവും ഉറച്ച പാകവും; മൃദുപാകത്തിലും കുറഞ്ഞപാകം അതായതു് അല്പമല്ലാതെ കൂടുതൽ രസം കല്ലുത്തിൽ ഉള്ളതായ പാകം അമപാകവും അത്രേ. ഇവയിൽ ദഗ്ധപാകത്തിൽ ഉള്ള സ്നേഹം, താപത്തെ ഉണ്ടാക്കുന്ന തായോ അധികവും യാതൊരു ഫലവും ഇല്ലാത്തതായോ തീരും. അമ പാകത്തോടുകൂടിയ സ്നേഹം തീരെ വീര്യമില്ലാത്തതായും ഗുരുത്വത്തോ ടുകൂടിയതായും അഗ്നിമാന്ദ്യത്തെ ഉണ്ടാക്കുന്നതായും ചേർക്കും.

പാകഭേദംകൊണ്ടുള്ള ഉപയോഗഭേദം.

മുമ്പേപറഞ്ഞ മൂന്നുവിധ സ്നേഹപാകങ്ങളിൽ, മൃദുപാകംചെയ്ത സ്നേഹം നസ്യംചെയ്യുന്നതിനും മദ്ധ്യമപാകത്തിലുള്ള സ്നേഹം സക ലവിധത്തിലുള്ള ചികിത്സകർക്കും കഠിനപാകത്തിൽ ഉള്ള തൈലം അഭ്യംഗത്തിനും ഉപയോഗിക്കേണ്ടതാകുന്നു.

സ്നേഹപാകത്തിൽ ഉപയോഗിക്കേണ്ട സമയം.

ഘൃതം, തൈലം, സ്നേഹം മുതലായവയെ ഒരുദിവസംകൊണ്ടു് പാകംചെയ്തു് ഉപയോഗിക്കരുതു്. ഇവയെ ചിലദിവസം പഴകിയ തിൽപിന്നെ പാകപ്പെടുത്തിയുപയോഗിച്ചാൽ വിശേഷഗുണങ്ങളെ ചെയ്യും.

അടുപ്പിൽനിന്നും ഇറക്കിയതിന്റെശേഷം ചേർക്കേണ്ടവ.

ഏലം ചന്ദനത്തൈലം അകിലെണ്ണ തക്കോലപ്പൊടി ജടാമാഞ്ചി പ്പൊടി കച്ചോലപ്പൊടി നിർമ്മുസ്സ് പച്ചില പച്ചക്കർപ്പൂരം കസ്തൂ രിമഞ്ഞൾ നഖം എന്ന സുഗന്ധദ്രവ്യം പൂഴിക് മുതലായ വാസനാ ദ്രവ്യങ്ങൾ എണ്ണ അടുപ്പിൽനിന്നും ഇറക്കിയതിനുശേഷം ചേർക്കേണ്ട താണു്.

ദോഷകോപം അനുസരിച്ചുള്ള തൈലപാകങ്ങൾ.

കല്ലും എടുത്തുനോക്കിയാൽ അല്പം നീരാട്ടുകൂടെ മെഴുകുപത ത്തിൽ ഇരിക്കുന്നതായ മൃദുപാകത്തിൽ തയ്യാറാക്കിയ തൈലം വാത രോഗങ്ങൾക്കും കല്ലും ഉരുട്ടുമ്പോൾ കയ്യിൽ ഒട്ടുന്നതായ ചിക്കണപാ കമെന്നു പറയുന്ന മദ്ധ്യമപാകത്തിൽ തയ്യാർചെയ്ത തൈലം പിത്ത രോഗികൾക്കും, കല്ലും തൈലത്തിനു മേൽവരാതെ മണൽപോലെ കാ

ണപ്പെട്ടന്നതും ഖരപാകമെന്നുകൂടി പറയപ്പെട്ടന്നതുമായ കഠിനപാകത്തിൽ തയ്യാറാക്കിയ തൈലം കഫരോഗികൾക്കും വിശേഷപ്പെട്ടതാകുന്നു.

തൈലശുദ്ധി.

കല്ക്കം ഇടിച്ചുപൊടിച്ചു എണ്ണയിൽ ഇട്ടു കാച്ചി മരുന്നിന്റെ നിറം വരുമ്പോൾ തീരിച്ചെടുക്കുന്ന തൈലങ്ങൾ ഉടൻ ഉപയോഗിക്കാം. അതു നല്ലതുപോലെ തേച്ചുപിടിപ്പിച്ചാൽ ശുദ്ധിവരും.

കല്ക്കങ്ങൾ അരച്ചു അടതട്ടി എണ്ണയിൽ ഇട്ടു കാച്ചുന്ന തൈലം അറിയുടനെ ശുദ്ധിയാകും.

കഷായം, പാൽ, ഔഷധങ്ങളുടെ നീര് മുതലായവയെ കന്നിച്ചു ചേർത്തോ ഇവ ഒറവ്വു ചേർത്തോ കാച്ചുന്ന തൈലങ്ങളിൽ, ഏഴിലധികം ഔഷധങ്ങൾ ഇല്ലെങ്കിൽ മുപ്പതുനാഴികയ്ക്കുകം ഉപയോഗിക്കാതെ മൂന്നുദിവസംവരെ വച്ചിരുന്നതിന്റെശേഷം ഉപയോഗിക്കേണ്ടതാകുന്നു.

കൂടുതൽ ഔഷധങ്ങൾ ചേർത്തുണ്ടാക്കുന്നതായ തൈലംപ്രധാനികം മൂന്നുദിവസത്തിനുമേൽ നാല്പതു ദിവസംവരെ ഒരുവിധം പഴക്കമുള്ള അറുപതാംവെള്ള എന്നുപറയുന്ന ധാന്യത്തിൽ കുഴിച്ചുവച്ചിരുന്നതിന്റെശേഷം എടുത്തുപയോഗിക്കേണ്ടതാകുന്നു.

തൈലപാത്രം.

സ്വർണ്ണാദികളായ ലോഹപാത്രങ്ങളെക്കാൾ നല്ലതു മൺപാത്രമാണു്. സ്നേഹങ്ങൾ പാകംചെയ്യുമ്പോൾ പാത്രത്തിനു കേടുപറ്റി അപകടങ്ങൾ ഒന്നും സംഭവിക്കാതെ കമ്പിക്കൊണ്ടു ചുറ്റി ചെമ്മണ്ണും ചാണകവുംകൂടി കുഴച്ചു പൊതിഞ്ഞുണക്കി എടുത്തുപയോഗിക്കുന്നതു് ഏറ്റവും നല്ലതാകുന്നു.

മെഴുകുതൈലം.

നാലഞ്ചിടങ്ങഴി കൊള്ളുന്നതുക്കു ഒരു കഴുത്തുനീണ്ട പെരുംകുടത്തിൽ പാകത്തിനുവേണ്ടുന്ന എണ്ണ എടുക്കത്തക്ക കരുക്കാളി മരുന്നുകളും പൊടിച്ചിട്ടു് അതിന്റെ വാഴ്പ്പാപ്പും വായുള്ളതും വലിയകുടത്തിന്റെ നാലിൽ ഒരുപങ്കു ഒഴിവുള്ളതുമായ മറ്റൊരു ചെറുകുടം കൊണ്ടു് കമഴ്ത്തിയടച്ചു പൊത്തുവാ (വായുടെയും തമ്മിൽ ചേരുന്ന സ്ഥലം) മൺപുശി രുൽകൊണ്ടു് രണ്ടുകുടങ്ങളുടെയും വായ് ചേരത്തക്കവണ്ണം വലിച്ചുകെട്ടി അതിന്റെമേൽ ഏഴു ശീലാൺചെയ്തു രണ്ടു കുടങ്ങളുടേയും മദ്ധ്യഭാഗത്തിൽ വലിയ കുടത്തിന്റെ മേൽപുറത്തിൽ മൂന്നുവിരൽ കുടക്കത്തക്കവണ്ണം ഒരു ദ്വാരം ചെറിയ കുടത്തിന്റെ കീഴ്പുറത്തിൽ ഒരു ഉഴുന്നു കുടക്കത്തക്കവണ്ണം രണ്ടു മൂന്നു ദ്വാരങ്ങളും ഉണ്ടാക്കി വലിയ കുടത്തിൽ ഉണ്ടാക്കിയ ദ്വാരത്തിൽക്കൂടെ

പുക വെളിപ്പെടാതെ ഒരു കാട്ടുകൊണ്ടുമൂടി പകുതിയും ചാണകം അപ്പി അവിടം മേൽപ്പുറമായും ചെറിയ കുടത്തിന്റെ വായ് കീഴ്പ്പുറമായും വരത്തക്കവണ്ണം ചരിച്ച് ആവിയടുപ്പിൽ (പുകയടുപ്പിൻമേൽ) വച്ച് (അതാതു വലിയ കുടം ചരിച്ചുവച്ചാൽ) അതിന്റെ നീളം മുഴുവൻ അടുത്തതക്കവണ്ണം കുടത്തിന്റെ അടിപരപ്പ് (അടിയിലെ പള്ള) അകത്തോട്ടു കടന്നിരിക്കത്തക്കവണ്ണവും ഉള്ള അടുപ്പിൽവച്ച് അടുപ്പും കുടവുംകൂടി ചേർത്ത് മൺപൂശി ചെറിയ കുടത്തിന്റെ കീഴ്വശത്തിൽ ഉള്ള ദ്വാരങ്ങൾക്കു നേരെ ഒരു പാത്രംവച്ചു തീയെരിച്ചാൽ പുകയോടുകൂടെ തൈലം ഇറങ്ങും. തൈലം ഇറങ്ങുന്നതുവരെ തീയെരിക്കുകയും തീ തൈലത്തോടുകൂടിവരുന്ന പുകയോടു സംബന്ധപ്പെടാതെ മൈനിച്ചു നോക്കിക്കൊള്ളുകയും ചെയ്യുന്നതാകുന്നു. തീ കടന്നാൽ കുടംവെടിച്ച് തൈലം നഷ്ടമാകുകയും മറ്റപകടങ്ങൾ ഉണ്ടാകുകയും ചെയ്യും.

ഇങ്ങനെ തൈലം എടുക്കുന്നതിൽ ചിലപ്പോൾ എടുക്കുന്ന തൈലം ഉറഞ്ഞും ചിലപ്പോൾ ഉറയാതെ എപ്പോഴും ദ്രവമായിത്തന്നെയും ഇരിക്കും. ചെറിയകുടം അധികം കീഴ്പോട്ടു താണിരിക്കുന്നതും തുല്യമായിരിക്കുന്നതും ആണ്. താണിരുന്നാൽ തൈലം ഇരിക്കെത്തിരിക്കെ കട്ടിയായിപ്പോകും. അതു ശരീരത്തിൽ പുരട്ടുന്നതിനു നന്നല്ലതാണ്. പുരിയാൽ വിയർപ്പിനെ ഉണ്ടാക്കും. അകത്തുകൊടുക്കാൻ കൊള്ളുകയില്ല. ഉറയാത്തതു ശരീരത്തിൽ തേയ്ക്കുകയും ഉള്ളിൽ കൊടുക്കുകയും ചെയ്യാം.

മെഴുകുതൈലം എടുക്കാനുള്ള മറെറാരു വിധി.

വാവട്ടം ചെറുതായ ഒരു മൺകുടത്തിൽ തൈലത്തിനുള്ള മരുന്നുകൾ ഇട്ട് വായ് മറെറാരു ചട്ടികൊണ്ടു നല്ലതുപോലെ മൂടി ശീലമൺചെയ്യുണക്കി കുടത്തിന്റെ കഴുത്തിൽ ഒരു ദ്വാരം ഉണ്ടാക്കി മുന്നുമുഴം നീളമുള്ളതും ഒരുതല പെരുവിരൽ കടക്കത്തക്കവണ്ണവും ഒരുതല ചൂണ്ടുവിരൽ കടക്കത്തക്കവണ്ണവും ദ്വാരമുള്ളതുമായ ഒരു പിത്തളക്കുഴൽ കൊണ്ടുവന്ന് ഈഴ് ശീലമൺ ചെയ്യുണക്കി വലിയതവ കുടത്തിന്റെ കഴുത്തിൽ ഉള്ള ദ്വാരത്തിൽ ഒന്നര അംഗുലം കടക്കത്തക്കവണ്ണം ചെലുത്തി സന്ധിയിൽ നല്ലതുപോലെ മൺപൂശിയുണക്കി ആവി (പുക) അടുപ്പിൽമേൽവച്ച് കുടവും അടുപ്പുമായി ചേർത്തു കുടത്തിന്റെ കഴുത്തുമുതൽ അടുപ്പിന്റെ മേൽഭാഗംവരെ സമം കളിമണ്ണും ചാണകപൂകയായി ചേർത്തു കുടത്തെ ചുറിനിന്നും ഒരു രാത്രി മുഴുവൻ വച്ചിരുന്നതിന്റെശേഷം പിറേറദ്ദിവസം തീയെരിച്ചാൽ കുഴലിന്റെ വായിൽകൂടി തൈലം ഇറങ്ങും.

കഴിഞ്ഞെലം.

ഒരു കുടത്തിന്റെ അടിയിൽ മൂന്നു ചെറിയ ദ്വാരങ്ങൾ ഉണ്ടാക്കി അതിൽ തൈലം എടുക്കാനുള്ള മരുന്നുകൾ ഇട്ട്, വാവട്ടം മറ്റൊരു ചേരുന്ന ചട്ടികൊണ്ട് നല്ലതുപോലെ മൂടി ശീലമൺ ചെയ്യണക്കി ഭൂമിയിൽ കുടംവയ്ക്കുന്നതിനും, അതിനെ ചുറ്റി പുരുവും അടുക്കി പുടം ഇടേണ്ടതിനും എത്രമാത്രം സ്ഥലംവേണമോ അതുയും വീതിയിലും ആഴത്തിലും കുഴിതോണ്ടി ബലപ്പെടുത്തി അതിനടിയിൽ നടുക്ക് ഒരു ചെറിയ ദ്വാരം ഉണ്ടാക്കി അതിൽ ഒരു പിഞ്ഞാണമോ പളുങ്കുപാത്രമോ വച്ച്, അതിന്റെ മുകളിൽ, കുടത്തിന്റെ ദ്വാരം ഇട്ടഭാഗം, നടുവിൽ ഇഷ്ടികത്തക്കവണ്ണം വച്ച് ശീലമൺകൊണ്ട് പിഞ്ഞാണവുംകുടവും തമ്മിൽ ചേർത്തു ചുറ്റി ബന്ധിച്ച് എരു അടുക്കി പുടം ഇട്ട്, ആറിയതിന്റെശേഷം എരുവിൻചാമ്പൽമാറ്റിപിഞ്ഞാണവും കുടവും കൂടി ബന്ധിച്ച ശീല യഴിച്ച്, പിഞ്ഞാണത്തിൽ ചാമ്പൽ വീഴാതെ കുടം മേല്പോട്ട് എടുത്തതിന്റെശേഷം പിഞ്ഞാണത്തിൽ ഇരിക്കുന്ന തൈലം എടുത്ത് നല്ലതുപോലെ അരിച്ചു സൂക്ഷിക്കണം.

കഴിഞ്ഞെലമെടുക്കാനുള്ള മറ്റൊരു വിധി.

ഒരു കുടത്തിന്റെ അടിയിൽ മൂന്നു ചെറിയ ദ്വാരങ്ങൾ ഉണ്ടാക്കി അതിൽ എണ്ണ എടുക്കാനുള്ള മരുന്നുകൾ ഇട്ട്, മുഖംമൂടി ശീലമൺചെയ്യ ഭൂമിയിൽ ഒരു ചെറിയ കുഴി എടുത്ത് അതിൽ ഒരു പിഞ്ഞാൺപാത്രംവച്ച് പിഞ്ഞാണത്തിന്റെ നടുവിൽ, കുടത്തിന്റെ ചുവട്ടിൽ ഇട്ട ദ്വാരങ്ങൾ ഇരിക്കത്തക്കവണ്ണം വച്ച്, പിഞ്ഞാണിയും കുടവും കൂടിച്ചേർത്ത്, ശീലമൺചെയ്യ കുടം മറയത്തക്കവണ്ണം ചാണകവറളികൾ അടുക്കി പുടം ഇട്ടൽ അടിയിൽ ഇരിക്കുന്ന പിഞ്ഞാൺപാത്രത്തിൽ തൈലം ഇറങ്ങും.

കുപ്പിപുടത്തൈലം.

ചെറിയ വിത്തുകളിൽനിന്നോ ഗന്ധകം ഹരം പാഷാണം മുതലായവകളെ അരച്ച് ഗുളികകളാക്കിയൊ തൈലം എടുക്കണമെങ്കിൽ, ഒരു കുപ്പിക്ക എഴു ശീലമൺചെയ്യണക്കി അതിനകത്തു മരുന്നുകൾ അക്കി, വായിൽനിന്നും കഴുത്തുവരെ ബ്രാണ്ടിക്കുപ്പിയിൽമേൽ കെട്ടിയിരിക്കുന്ന കമ്പികെട്ടി അകത്താക്കിയ മരുന്നുകൾ വെളിയിൽ വരാതെയിരിക്കത്തക്കവണ്ണം അടച്ചോ ചകരിയോ മാറ്റ വല്ല സാധനങ്ങളുമോ കഠാരപോലെ കെട്ടി കുപ്പിയുടെ വായിൽ ചെരുകിയൊ ശരിയാക്കിയതിന്റെ ശേഷം ഗ്ലോപ്പിന്റെ ആകൃതിയിൽ ഉള്ള ഒരു മൺപാത്രത്തിന്റെ ചുവട്ടിൽ മുകളിൽപ്പുറത്തു കുപ്പിയുടെ വായ് കഴുത്തുവരെ കടക്കത്തക്കവണ്ണം ഒരു ദ്വാരം ഉണ്ടാക്കി, അതിനെ

ഒരു ഇരിമ്പുട്ടുപ്പിൻമേൽ വച്ചു് മരുന്നുകർം ഇട്ട കുപ്പിയെ തലകിഴക്കാൻ തൂക്കായി അതിന്റെ ദ്വാരത്തിൽ ചേരുന്ന ദ്വാരവും കുപ്പിയും കൂടി മൺചെത്തു കളിമൺ പൂശിയുണക്കി കുപ്പിയെച്ചുറ്റി അരയടി ഘനത്തിൽ എരുവട്ടക്കി കുപ്പിയുടെ വായ്ക്കു നേരെ ഒരു പിഞ്ഞാൺ പാത്രം വച്ചു പുടമിട്ടാൽ തൈലം ആ പിഞ്ഞാൺ പാത്രത്തിൽ ഇറങ്ങും.

സന്താനവിധി.

ഔഷധിവകകർം ചില ദ്രവപദാർത്ഥങ്ങളിൽ അധികം ദിവസത്തോളവും ഇട്ടുവച്ചിരുന്നു് ആ മരുന്നുകർംക്കു് സത്വങ്ങളെ വർദ്ധിപ്പിക്കുന്നതിനു സന്താനം എന്നാണു് പേരു് (അതായതു്. മൂലികമുതലായതുകർം ഏതെങ്കിലും തക്ക ദ്രവപദാർത്ഥങ്ങളിൽ ചേർത്തു് ഒരു ദിവസം വച്ചിരുന്നു് പുളിപ്പിച്ചതിന്റെ ശേഷം വാറ്റുയന്ത്രങ്ങൾവഴി ആവിയായി ഇറക്കിയും മറു പല വിധത്തിലും പാകംചെയ്യുന്ന മദ്യങ്ങളുടെ പാകമുറ. ആസവം അരിഷ്ടം മുതലായവയും ഇതിൽ ഉൾപ്പെട്ടും.)

ദ്രാവകം(തിരിർ.)

ഏതെങ്കിലും ഔഷധങ്ങളുടെ വേരോ പട്ടയോ (തൊലിയോ) വിത്തോ ഇലയോ പുഷ്പമോ ഏതെങ്കിലും മാംസങ്ങളോ ഫലങ്ങളോ ഉപ്പുവകകളോ ഇവയെ ഓരോന്നോ അല്ലെങ്കിൽ യോഗത്തിനൊത്തവണ്ണം തമ്മിൽ ചേർത്തോ നുറുക്കി വെള്ളത്തിൽ ഇട്ടു് കുറേദിവസം അതിൽ ഇട്ടു നനപ്പിക്കണമെങ്കിൽ അപ്രകാരം ചെയ്തതിനുശേഷമോ അല്ലെങ്കിൽ അപ്പോൾതന്നെയോ ഒരു മൺകലത്തിൽ ആക്കി അതിന്റെ വായ്ക്കു ചേരുന്ന ഒരു ദ്രാവകയന്ത്രം അതായതു് സ്ലോപ്പിന്റെയോ പൂച്ചട്ടിയുടേയോ ആകൃതിയിൽ ഉണ്ടാക്കിയ മൺപാത്രംകൊണ്ടടച്ചു ശീലമൺ ചെയ്തു് അടുപ്പിൽ വച്ചെരിച്ചു് ആ ചാലയിൽ ആവി നീർ ഇറങ്ങുന്നതിനായി ചെയ്തിട്ടുള്ള കുഴൽവഴിയായി ശ്ലേഖരിക്കുന്ന നീരാണു് ദ്രാവകം. ഇങ്ങനെ ദ്രാവകം എടുക്കുമ്പോൾ ചാലയുടെ മേൽഭാഗം മൂടി അതിൽ എപ്പോഴും തണുത്ത ജലം നിറുത്തി കൊള്ളുകയും ചൂടുപിടിക്കുംപോൾ അതിൽ ഉണ്ടാക്കിയിട്ടുള്ള കുഴൽവഴി വെള്ളം കളയുകയും ചെയ്യണം. തണുത്തവെള്ളം ഒഴിച്ചിട്ടുള്ള മേൽപ്പാത്രത്തിലെ ദ്വാരം വെള്ളം മൂടാകുന്നതുവരെ അടച്ചുവിടുകയും ചൂടാകുമ്പോൾ തുറക്കുകയും ചെയ്താൽ ആ ദ്വാരത്തിൽവച്ചു ശീലമൺചെയ്തിട്ടുള്ള കുഴൽവഴി ചൂടുവെള്ളം വെളിയിലേക്കു പൊയ്ക്കൊള്ളും. അതിനുതാഴെ ചാലയിൽ തുറന്നിട്ടുള്ള ദ്വാരത്തിൽവച്ചു ശീലമൺചെയ്തിരിക്കുന്ന കുഴൽവഴി ചൊട്ടിയിറ്റുന്ന ദ്രാവകം മറെറാരുപാത്രം വച്ചെടുത്തു കൊള്ളേണ്ടതുമാകുന്നു.

മാംസങ്ങളുടെയും മറ്റും ദ്രവകം എടുക്കാനുള്ളമറ്റൊരുയന്ത്രം.

മാംസങ്ങളുടേയും മറ്റും ദ്രവകം കൂടുതൽ അളവിൽ എടുക്കേണ്ട തായിരുന്നാൽ അഞ്ചാറിടങ്ങഴിവെള്ളം കൊള്ളുന്നതും ഈയ്യം പൂശിയ തുമായ ഒരു പിത്തളത്തകലയുടെ വാവട്ടം ചുറിക്കയറിട്ട കെട്ടി അ തിൽ മൂന്നു കയറുകൾകൊട്ടി ഉറിപോലെ അകത്തോട്ടുതൂക്കി അതിനടി യിൽ ഒരു പുറമ്പുവളയം വച്ചു് അതിൽ വാവട്ടം വലിയ ഒരു മൺക ലമോ കോപ്പയൊ വച്ചു അതിന്റെ വാവട്ടവും ഉയ്യത്തകലയുടെ വാവ ട്ടം കെട്ടിയതുപോലെ കെട്ടി അതിൽനിന്നും കുറുക്കെ കന്നിന്റെ മേ ൽ ഒന്നു ചെല്ലുത്തക്കവണ്ണം രണ്ടുകയറുകൾ കെട്ടിയതിന്റെ ശേഷം പാകത്തിനായി ഒരുക്കിവച്ചിട്ടുള്ള സൂപ്പോ ദ്രവകം എടുക്കേണ്ട മറോ രെങ്കിലുമോ പിത്തളത്തകലയ്ക്കകത്തു തൂങ്ങുന്ന മൺകലത്തിനു് നാല ഞ്ചുവിരൽക്കിട താഴെയിരിക്കത്തക്കവണ്ണം വച്ചിട്ടു് പിത്തളത്തകലയു ടെ വായ്ക്കുതുല്യമായതും ദ്വാരമില്ലാത്തതും കൈപിടിയുള്ളതും പുനലൂ (വച്ചുപീഞ്ഞി)പോലെവായുള്ളതുമായി തകരംകൊണ്ടു ഒരു മൂടിയുണ്ടാ ക്കി അതിനടിയിൽ മോതിരംപോലെ ഒരു തകരവളയം പറിച്ചു് അതിനടിയിൽ യോഗത്തിൽ ചേർക്കേണ്ടതിനു തക്കവണ്ണം കസ്തൂരി കുങ്കുമപ്പൂ ഏലത്തരി പച്ചകർപ്പൂരം അത്തർ മുതലായ സുഗന്ധദ്രവ്യങ്ങ ളെ ഒരു തുണിയിൽ അയച്ചുകെട്ടി എല്ലാം ശരിയാക്കിയതിന്റെ ശേ ഷം പിത്തളത്തകലയെ അടുപ്പേൽവച്ചു് അതിന്റെ മേൽമൂടിയേ അ തിന്റെ കീഴുള്ള കിഴിക്കെട്ടു് അകത്തു ഉറിയിൽ തൂങ്ങിക്കിടക്കുന്ന മ ൺകലത്തിന്റെ നടുക്കു ഒരു അംഗുലം മേൽ നില്ക്കത്തക്കവണ്ണം വച്ചു് വാവട്ടം വഴി ഉള്ളിൽ ഉള്ള അവി വെളിയിൽപോകാതെ ഒരു തുണി ശുദ്ധജലത്തിൽ നനച്ചു് പിഴിഞ്ഞു് വായചുറ്റി മൂടിയുടെ വാ നിറ യെ ജലം ഒഴിച്ചു് തിയ്യിരിക്കണം.

മുകളിൽ ഒഴിച്ചിരിക്കുന്ന വെള്ളത്തിനു ചൂടുപിടിക്കുംപോൾ ക രണ്ടികൊണ്ടോ തവികൊണ്ടോ മറ്റോ ആ ജലം പകർന്നുകളഞ്ഞിട്ടു് വേറെജലം ഒഴിക്കണം. ഇങ്ങനെ ഒരു അല്ലെങ്കിൽ മുക്കാൽ മണിക്കൂർ നേരം തീ എരിച്ചതിന്റെ ശേഷം മുകളിൽ ഒഴിച്ചിട്ടുള്ള വെള്ളം മു ഴുവനും അല്പവും നില്ക്കാതെ കോരിക്കളയുകയും വാവട്ടം കെട്ടിനിട്ടുള്ള ഈറത്തുണി അഴിച്ചെടുക്കുകയും ചെയ്തതിന്റെ ശേഷം മേൽമൂടിയെടു ത്തുനോക്കുംപോൾ പാത്രത്തിൽ ഇട്ട ദ്രവ്യങ്ങളുടെ നീര് അവിയായി മേൽപ്പോട്ടു പൊങ്ങി കിഴിക്കെട്ടു വഴിയായി ചെട്ടി ഉറിയിൽ വച്ചി രിക്കുന്ന മൺപാത്രം നിറയെ വീണിരിക്കും. ഒരു സൂചിങ്ങ ഇരുമുകപ്പി യുടെ മുനമേക്കുരുമ്പോലെ വളച്ചു് ക്ഷമയോടുകൂടെ ആ കയറ് മ ൺകലത്തിന്റെ വാമിൽ കുറുക്കെകെട്ടിയിട്ടുള്ള കയറുകളുടെ നടു

വിൽ കൊള്ളുത്തി വെളിക്കെടുത്തു് മറെറാരു പാത്രത്തിൽ ആക്കിക്കൊള്ളണം. പിത്തളയുകലയിൽ നിറച്ചിട്ടുള്ള ദ്രവ്യത്തിന്റെ പകുതി ദ്രാവകം എടുക്കുന്നതുവരെ ഇങ്ങനെ ചെയ്യാം.

കുറഞ്ഞ അളവിൽ ദ്രാവകം എടുക്കാനുള്ളയന്ത്രം.

കുറഞ്ഞ അളവിൽ ദ്രാവകം എടുക്കുന്നതിനു് ഒരു കുടത്തിൽപകുതിയോളവും നിറയേ ദ്രവ്യങ്ങൾ ഇട്ടു് അതിന്റെ വായ്ക്കു ഒത്തതും അടി ഉള്ളിലോട്ടു ഉന്തിയതുമായ ഒരു കുപ്പിയുടെ ചുവട്ടിൽ അതായതു് അകത്തോട്ടു ഉന്തിയിരിക്കുന്നതിന്റെ നടുക്കു് ഒരു ദ്വാരം ഉണ്ടാക്കി കുടത്തിന്റെ കഴുത്തിൽകുടത്തി കുപ്പിയുടെ കഴുത്തിനും കുടത്തിന്റെ കഴുത്തിനും വലിവായി കമ്പികൊണ്ടുകെട്ടി കുപ്പിയുടെ ചുവടും കുടത്തിന്റെ കഴുത്തും കൂടിചേർത്തു് ശീലമൺചെയ്തു് ഉണങ്ങിയതിന്റെ ശേഷം അടുപ്പിൽവച്ചു് എരിക്കുമ്പോൾ കുപ്പിയുടെവായു് ഒരു അടപ്പിട്ടു അടച്ചുകൊള്ളുകയും ഒരു തുണിനനച്ചു പിഴിഞ്ഞു് കുപ്പിയിൽ ചുററിക്കൊള്ളുകയും തുണിയുടെ കുളുമ്പോയി ചൂടുപിടിക്കുംപോൾ എല്ലാം വീണ്ടും വീണ്ടും നനച്ചുപിഴിഞ്ഞു ചുററികൊള്ളുകയും ചെയ്താൽ കുടത്തിനകത്തു കിടക്കുന്ന ദ്രവ്യത്തിൽനിന്നും പൊങ്ങുന്ന ആവി കുപ്പിക്കകത്തു കടന്നു് ദ്രാവകമായിത്തീരും. ഉന്തിയിരിക്കുന്നതിനു നിരപ്പിൽ ദ്രാവകം നിറയുംപോൾ കുപ്പിയുടെ അടപ്പു പതുക്കേ ഇളക്കി കുപ്പി ഇളകാതെ ചാച്ചു് ദ്രാവകം മറെറാന്നിൽ പകർന്നതിന്റെ ശേഷം വീണ്ടും പഴയപോലെ ആവശ്യമുള്ളിടത്തോളവും ദ്രാവകം കിട്ടുന്നതുവരെ എടുക്കാം.

അയമോദകദ്രാവകം.

ഇരുനാഴുരി അയമോദകം ഇടിച്ചു ഒരു മൺകുടത്തിൽ ഇട്ടു് രണ്ടിടങ്ങഴി വെള്ളംഒഴിച്ചു ഒരു രാത്രിമുഴുവൻ വച്ചിരുന്നതിന്റെ ശേഷം എടുത്തു് യന്ത്രത്തിൽഇട്ടു് ഇടങ്ങഴിയിൽ കുറയാതെ ദ്രാവകം എടുത്തു ഒരുനേരം ഒരുപലം വീതം ദിവസം നാലെണ്ണുതവണയിൽ കുറയാതെ സേവിച്ചാൽ അജീർണ്ണം വയറിളക്കം ഛർദ്ദി മുതലായവ ശമിക്കും.

കർപ്പൂരാദിദ്രാവകം.

ഇരുനാഴുരി കാമവും ഏ-പലം കർപ്പൂരവുംകൂടി ഇടിച്ചു ഒരു മൺകുടത്തിൽ ഇട്ടു് നേരഇടങ്ങഴി വെള്ളംഒഴിച്ചു് ഒരു ദിവസം രാത്രി വച്ചിരുന്നതിന്റെ ശേഷം മുന്നാഴുരിയിൽ കുറയാതെ ദ്രാവകം എടുത്തുവച്ചിരുന്നു ഒരുനേരം ഒരുപലത്തിനുമേൽ രണ്ടുപലത്തിനകം വീതം ദിവസംപ്രതി രണ്ടുമൂന്നു പ്രാവശ്യം കൊടുത്താൽ അജീർണ്ണം പുളിച്ചുതികട്ടൽ വയറുവേദന വാന്തിഭേദി മുതലായവശമിക്കും.

ജീരകദ്രാവകം.

ഇരുന്നാഴി ജീരകംഇടിച്ചു ഒരു മൺകുടത്തിൽ ഇട്ടു മൂന്നിടങ്കഴി വെള്ളം ഒഴിച്ചു ഒരു രാത്രിമുഴുവൻ വച്ചിരുന്നതിന്റെ ശേഷം എടുത്തു നേരഇടങ്കഴിയിൽ കുറയാതെ ദ്രാവകം എടുത്തു്, ഇതിൽ ഓരോചലം വീതം ഓരോനേരത്തേക്കു നാലഞ്ചുതവണയുപയോഗിച്ചാൽ ദാഹം ശമിക്കുകയും മൂത്രത്തിന്റെയും മലത്തിന്റെയും ക്രമക്കേടുകളെ ശരിയാക്കുകയും ഗർഭിണികളുടേയും പ്രസവിച്ച സ്ത്രീകളുടേയും നീരു തണ്ണീർദാഹം മുതലായി പല പ്രകാരത്തിൽ ഉള്ള സുഖക്കേടുകളെ മാറ്റുകയും ചെയ്യും.

താഴംപൂദ്രാവകം.

ഇടിച്ചുപൊടിച്ച ഒരുറാത്തൽ താഴംപൂവ് മൺകുടത്തിൽ ആക്കി ഞെരിഞ്ഞിൽവെള്ളത്തിൽ ഇട്ട ഒരുരാത്രി വച്ചിരുന്നതിന്റെ ശേഷം പിറേദിവസം ഇരുന്നാഴിദ്രാവകത്തിനുവണ്ടി എടുത്തു് തവണയ്ക്കു ഒരുപലം വീതം മൂന്നുതവണ സേവിച്ചാൽ ഉഷ്ണസംബന്ധമായ സകല വ്യാധികളേയും ശമിപ്പിക്കും. മസൂരിദീനക്കാക്കു കൊടുത്താൽ ചൂടു തീരുകയും രോഗം തീരുകയും ചെയ്യും.

നറുനീണ്ടി കുട്ടിത്തക്കോളിചിറ്റൽ ചന്ദനക്കട്ട മുതലായ പല സാധനങ്ങളിൽനിന്നും ഇങ്ങനെനീരെടുത്തു ഓരോ രോഗങ്ങൾക്കും കൊടുത്താൽ നല്ല ഫലസിദ്ധിയുണ്ടാകും.

ശംഖദ്രാവകം.

അന്നഭേദി തോലാ-൨രൂ. വെടിയുപ്പുതോലാ-൨രൂ. പടികാരം തോലാ-൨൨. ഇന്തുപ്പു തോലാ ൨൨. കറിയുപ്പു തോലാ-൫. മയിൽതുത്ഥം തോലാ ൫. നവക്ഷാരം തോലാ രൂ. വെങ്കാരം തോലാ രൂ. പൂനീരു തോലാ രൂ. ഇവയിൽ അന്നഭേദിയെ ചുവക്കവറുത്തും മയിൽതുത്ഥത്തെ വെളുക്കെവറുത്തും മറ്റുള്ളവയെ കല്ലുരലിൽഇട്ട ഇടിച്ചും യന്ത്രത്തിൽഇട്ട് ദ്രാവകം എടുത്തു തവണയ്ക്കു അഞ്ചുമുതൽ ൧൦-തുള്ളിവരെ ഓരോ ഔൺസ് വെള്ളത്തിൽചേർത്തുകൊടുത്താൽ ജ്വരക്കട്ടികം എന്നുപറയുന്ന ഈർൽവീക്കം രൂ ദിവസത്തിനകം ശമിക്കും. ഇരുപതുദിവസം സേവിക്കുമ്പോൾ ഭേദമാകുന്ന ലക്ഷണങ്ങൾ കാണാം. ഗ്രഹം, വായു, സൂതകവായു, വയറുവേദന മുതലായവകൾക്കും ഏറ്റവും നല്ലതാകുന്നു.

ഗന്ധകദ്രാവകം.

ശുദ്ധിചെയ്ത ഗന്ധകം, പടികാരം, വെടിയുപ്പു്, ഇവഅരയ്ക്കുപലംവീതം നന്നിച്ചുചേർത്തു് ഇടിച്ചു മുൻപറഞ്ഞതുപോലെ ദ്രാവകം

ഗന്ധപ്പച്ച.

പയറുപോലെ ചെറുതാക്കി കഴികെട്ടി കറവാർവാഴനീരിൽമുപ്പ ഉണക്കിയെടുത്തതിന്റെ ശേഷം എട്ടത്താൽ ശുദ്ധിയാകും.

സഹസ്രവേധി.

നാരങ്ങാനീരിൽ ഉരയ്ച്ചിട്ടെടുത്താൽ സഹസ്രവേധി ശുദ്ധിയാകും.

മായാക്ഷ്.

പശുവിൻ നെയ്യ് പുരട്ടി വറുത്തു ചെടിക്കുമ്പോൾ എടുത്തു യോഗങ്ങളിൽ ചേർത്തുകൊള്ളണം.

പവിഴപ്പുറ്റ്.

ആട്ടിൻപാലൊഴിച്ചു രണ്ടുയാമം തിളപ്പിച്ചെടുത്താൽ ശുദ്ധിയാകും.

മയിൽപീലി.

ചട്ടിയിലിട്ടുകരിച്ചെടുത്താൽ എല്ലായോഗങ്ങളിലുംചേർക്കാം.

മുത്തുച്ചിപ്പി.

കാരുമണ്ണ അരച്ചുകലക്കിയ വെള്ളത്തിൽ രണ്ടുയാമം തിളപ്പിച്ചാൽ ശുദ്ധിയാകും.

കന്നാരമസ്മം.

മൂന്നുപലംകന്നാരം കൽച്ചുണ്ണാമ്പുകലക്കിയ ജലത്തിലും കറവാർവാഴനീരിലും മുമ്മൂന്നുദിവസം അരച്ചു, ഏഴാംദിവസം കഴിയുമ്പിയിൽ ഇട്ടു പുങ്കിൻ്റെചേരിൻതൊലിയിടിച്ചുപഴിഞ്ഞു അതിലൊഴിച്ചു നാലുയാമം നല്ലതുപോലെ അരച്ചു അരയണനീളവും വണ്ണവുംഉള്ള വില്ലകളായി തട്ടിവെയിലത്തുവച്ചുണക്കി ചട്ടിയിൽവച്ചു മേൽച്ചട്ടി മൂടി ശീലമൺചെയ്തു ഇരുപത്തിനാലു വറളികൊണ്ടു പുടം ഇട്ടാൽഭസ്മമാകും.

ശുദ്ധിചെയ്ത കൽനാരം കുപ്പമേനിച്ചാറൊഴിച്ചരച്ചുവില്ലുതട്ടിയുണക്കി ചട്ടിയിൽവച്ചു മേൽച്ചട്ടിമൂടി ശീലമൺചെയ്തുണക്കി ൪൬-വറളികൊണ്ടു പുടം ഇട്ടാൽഭസ്മമാകും.

ശിലാസത്തുഭസ്മം.

ശുദ്ധിചെയ്ത ശിലാസത്തു കടവാടിയുടെ കൊഴുന്നരച്ചു കവചം ചെയ്തു ചുണ്ണാമ്പുകൊണ്ടു ശീലമൺചെയ്ത് ൫൦-വറളികൊണ്ടുപുടം ഇട്ടാൽഭസ്മമാകും.

ശിലാസത്തും സമം പൊരികാരവും കൂട്ടിപൊരിച്ചു ചെറുനാരങ്ങാനീരൊഴിച്ചരച്ചു വില്ലകാം തട്ടിയുണക്കി ചട്ടികത്താക്കി മേൽച്ചട്ടിമൂടി ൫൦- വറളികൊണ്ടു പുടം ഇട്ടാൽ ഭസ്മമാകും.

രണ്ടുപലം കർപ്പൂരശിലാസത്തു ഒരുകുട്ടിയായി കൊണ്ടുവന്നു പനംതണ്ടു് ഇടിച്ചുപിഴിഞ്ഞ നീരിൽ മൂന്നുദിവസം ഇട്ടുവച്ചിരുന്നതി

ന്റെശേഷം അടുപ്പിൽവച്ചു ചെറുകെത്തിളപ്പിച്ചു്, നീരുവറ്റിച്ചു വാങ്ങി കട്ടയെടുത്ത നല്ലതുപോലെ ശുദ്ധിയാക്കി പുളിയാൽ അരച്ചു തേങ്ങപ്പാൽമാത്രം കവചം ചെയ്ത നാലഞ്ചു ശിലമൺചെയ്ത രണ്ടുമണിക്കൂർ ഉണക്കി നല്ല-വറളികൊണ്ടു പുടം ഇട്ടാൽ സ്മമാകും.

മാൻകൊമ്പുസ്മം.

മാൻകൊമ്പു ചീളുചീളായിക്കീറി പാഴയിൽചെറുകി അരുടിച സം വച്ചിരുന്നതിന്റെശേഷം പുടത്തു, ഉപ്പുമ്പിന്റെ ഇലഅരച്ചു വള രെക്കനത്തിൽ പൊതിഞ്ഞു അഞ്ചുചീലമൺചെയ്ത അഞ്ചുവറളിക ണ്ടു പുടം ഇട്ടാൽ സ്മമാകും.

ഭൃംഗരാജശുദ്ധി.

ഇതിനെ മൺപാത്രത്തിൽ ഇട്ട പശുവിൻപാലൊഴിച്ചു മൂന്നയാ മം വയ്ക്കുക. മണ്ണെല്ലാം കക്കും. അതിന്റെ ശേഷം വെള്ളത്തിലിട്ട കഴുകിയെടുത്തുകൊള്ളുക.

ഇന്ദ്രഗോപം(തുമ്പലപ്പുഴു)

അതിലുള്ള തൈലം പോകത്തക്കവണ്ണം സ്ഫടികപാത്രത്തിൽഇട്ട ഉണക്കിയാൽ ശുദ്ധമാകും.

അതിവിടയം.

ഗോമൂത്രം കഴിച്ചു ഡോളായന്ത്രത്തിൽ പചിച്ചെടുത്താൽ ശുദ്ധി യാകും.

സൽഗ്രഹണബലിജാരിതരസം.

ഒരു വലിയ മൺപാത്രത്തിനകത്തു ചുറും വിളുമ്പുണ്ടാക്കി ഒരു വിളുമ്പിനകത്തു അടപ്പലിവിരിക്കത്തക്കവണ്ണമുള്ള ഒരു അടപ്പുചട്ടി കൊണ്ടു് അതു് മൂടിമൂടിയും വിളുമ്പുംചേർത്തു ചുണ്ണാമ്പുശീ നല്ലതു പോലെ അടച്ചു, അമൂടിക്കകത്തു രസവും രസത്തിനു സമം ഗന്ധക വുംപൊടിച്ചിട്ടു മേൽച്ചട്ടി മൂടി മേൽച്ചട്ടിക്കകത്തു ചാന്തുൽ നിരത്തി അതിനകത്തു നാലഞ്ചു വറളികൾ അടുക്കി പുടം ഇടണം. തീതന്നു ഞ്ഞാൻ ഒരു ഞായതിനുശേഷം ചാന്തുൽ മുതലായതെല്ലാം കളഞ്ഞുവെ ച്ചുജാരണമായ ഗന്ധകത്തോടുകൂടിയ രസം പുടത്തു പിന്നെയും അ തുപോലെ ഗന്ധകം ചേർത്തു ഇതുപോലെ പുടം ഇടണം. ഇങ്ങനെ അഷ്ടവ ണ ഗന്ധകം ചേർത്തു പുടം ഇട്ടാൽ അറു പങ്ക ഗന്ധകം രസത്തോടു കൂടെചേരും. ഇതാണുജാരണമെന്നു പറയുന്നതു്. ഇങ്ങനെഗന്ധകജാ രണംചെയ്ത രസം അഗ്നിദീപനം ചെയ്യുന്നതിനും മറ്റുള്ള പല സം ഗതികളിൽ ഉപയോഗിക്കുന്നതിനും തക്കതായിരിക്കുന്നു.

ആൺചരക്കുകളും പെൺചരക്കുകളും.

ആൺചരക്കുകൾ എന്നു പറയുന്നതു് വെടിയുപ്പു് കല്ലുപ്പു് മുതലായ ഉപ്പുവർഗ്ഗങ്ങളും പെൺചരക്കു് എന്നു പറയുന്നതു പടികാരം പഴംപുളി മുതലായ പുളിവർഗ്ഗങ്ങളും ആണു്. അതായതു് ഉപ്പു് ശുക്ലവും പുളി ശോണിതവും ആണു്. ശോണിതത്തിൽ ശുക്ലം ചേർന്നാൽ രൂപമുണ്ടാകുന്നതുപോലെ പുളിപ്പേറിയ ചരക്കുകളോടു് ഉപ്പുചരക്കുകൾ ചേരുമ്പോൾ മറെറാരു രൂപം ഉണ്ടാകും. അതായതു് രസം ഉപ്പും അല്ലെങ്കിൽ ആൺചരക്കും അതുമല്ലെങ്കിൽ ശുക്ലവും ആണു്. അതുപോലെതന്നെ ഗന്ധകം പുളിയും അല്ലെങ്കിൽ പെൺചരക്കും അതുമല്ലെങ്കിൽ ശോണിതവും ആയതുകൊണ്ടു് രണ്ടുകൂടി ചേരുമ്പോൾ രണ്ടുമല്ലാത്ത മൂന്നാമതൊരു രൂപത്തോടുകൂടിയ കഞ്ജളിയായിത്തീരുന്നു. വെടിയുപ്പു് ആൺചരക്കു് പടികാരം പെൺചരക്കു് കല്ലുപ്പു് ആൺചരക്കു് പഴംപുളി പെൺചരക്കു് ചൂടൻ ആൺതുരിശു് പെൺകാന്തം ആൺകാടി പെൺചവ്വീരം ആൺപുളിയാരൽ പെൺഅഭ്രകം ആൺപുളിങ്ങിക്കീര പെൺഗൈരിപ്പാഷാണം ആൺപുളിമങ്ങ പെൺവെള്ളുപ്പാഷാണം ആൺപനംകള്ളു് പെൺവൈക്രാന്തം ആൺമാക്ഷികം പെൺതങ്കം ആണു് മനയോല പെൺഇങ്ങനെ സകലചരക്കും ആൺപെൺഭേദംവ്യത്യാസവും അവതമ്മിൽ ചേരുമ്പോൾ അവസ്ഥാഭേദവും ഉണ്ടു്.

ശുദ്ധിചെയ്യാത്ത മരുന്നുകൾ സേവിച്ചുണ്ടാകുന്ന വികാരങ്ങൾക്കു മരുമരുന്നുകൾ.

അഭ്രകം—ശോധനയും മാരണവും ശരിയാകാത്ത അഭ്രം സേവിച്ചുണ്ടാകുന്ന വികാരത്തിനു് കാച്ചിത്തണുത്ത വെള്ളത്തിൽ നെല്ലിക്കാത്തോടു് അരച്ചുകലക്കി മൂന്നുദിവസം മുടങ്ങാതെ സേവിച്ചാൽ ശമിക്കും.

അടയ്ക്കാ—അടയ്ക്കാതിന്നുണ്ടാകുന്ന വികാരത്തിനു നനഞ്ഞവസ്ത്രത്തിന്റെ കാറൽക്കനം.

അരിതാലം—പഴുത്ത താളിമാതളക്കാരസം അല്പാല്പമായ കൂടക്കൂടെ കുടിച്ചാൽ അരിതാലം ഭക്ഷിച്ചുണ്ടായ വികാരം ശമിക്കും.

ആട്ടിറച്ചി—ആട്ടിറച്ചി ഭക്ഷിച്ചുണ്ടായ അജീർണ്ണത്തിനു് ഏലത്തരിയും പടവലത്തിന്റെ വേരും ചൂടുവെള്ളത്തിൽ അരച്ചു സേവിച്ചാൽ മതിയാകുന്നതാണു്.

ഇരുമ്പിൻകിട്ടം—കടുക്കാപൊടിച്ചു് തേനിൽ കുഴച്ചു് സേവിച്ചാൽ ഇരുമ്പിൻകിട്ടം സേവിച്ചുണ്ടായ വികാരം ശമിക്കും.

ഇരുമ്പ് ആയസ്സൂരന്തം—ഏലത്തരിപൊടിച്ച് കല്കണ്ടം ചേർത്ത് സേവിച്ചാൽ ഇരുമ്പും ആയസ്സൂരന്തവും സേവിച്ചുണ്ടായ വികാരം ശമിക്കും.

ഉപ്പുരസം—നെയ്യ് തൈര് പഞ്ചസാര ഇവ സേവിച്ചാൽ ഉപ്പുരസം അധികം സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

ഉമ്മത്ത്—കുന്നിരിക്കാരരിയുടെ നീരെടുത്ത് സേവിക്കുകയോ തണ്ടത്തവെള്ളത്തിൽ കുഴച്ചുരുട്ടിപ്പു പിഴിഞ്ഞ നീര് സേവിക്കുകയോ പശുവിൻപാലു് പഞ്ചസാരചേർത്ത് ഇടങ്ങഴിയോളവും കുടിക്കുകയോ ചെയ്താൽ ഉമ്മത്ത് സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

ഉരുക്ക്—ഇരുമ്പിന്റെ വികാരശാന്തിക്ക് പറഞ്ഞതരുന്നുകൾ സേവിക്കുകയോ തിരുകൊല്ലക്കൊന്നപ്പൊടിയും ഇന്തുപ്പുംകൂടി ചൂടുവെള്ളത്തിൽ കലക്കി സേവിക്കുകയോ ചെയ്താൽ ഉരുക്കുസേവിച്ചുണ്ടാകുന്ന വികാരത്തിനു ശമനം ഉണ്ടാകും.

ഉഴുന്ന്—ചുക്കുവെള്ളത്തിൽ ഇന്തുപ്പുചേർത്തു കുടിച്ചാൽ ഉഴുന്നുകുഴിച്ചുണ്ടാകുന്ന അജീർണ്ണം ശമിക്കും.

എരിരസം—പുതിയവെണ്ണ ശർക്കര നെയ്യ് ഇവ സേവിച്ചാൽ അധികം എരിയുപയോഗിച്ചതു കൊണ്ടുണ്ടാകുന്ന വികാരം ശമിക്കും.

കഞ്ഞിവു്—അപ്പോൾ കറന്ന ചൂടുള്ളപാലു കുടുകുടെ കുടിക്കുകയും അതുകൊണ്ടു് തലയ്ക്കു് ധാരചെയ്യുകയും ചെയ്താലോ കരിക്കിൻ വെള്ളം മേൽപ്രകാരം ഉപയോഗിച്ചാലൊ കഞ്ഞിവു് സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

കടല—ചുക്കുവെള്ളത്തിൽ ഇന്തുപ്പും ജീരകവും പൊടിച്ചുചേർത്തു് സേവിച്ചാൽ കടല സേവിച്ചുണ്ടാകുന്ന അജീർണ്ണം ശമിക്കും.

കണവീരം—എരുമപ്പാലും തൈരും പഞ്ചസാരയും ചേർത്തു കുടുകുടെ കൊടുക്കുകയൊ അല്ലെങ്കിൽ എരുമപ്പാലിൽ വെള്ളെരിക്കിന്റെ ചേരിലെ തൊലി അരച്ചുകലക്കി സേവിക്കുകയോ ചെയ്താൽ കണവീരം (അരളി) കൊണ്ടുള്ള വിഷവും വികാരവും ശമിക്കും.

കന്മദം—മുളകുപൊടിച്ചു നെയ്യിൽകലക്കി ഏഴുദിവസം സേവിച്ചാൽ കന്മദം സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

കരിമ്പു—ചുക്കുവെള്ളമോ മുളകുവെള്ളമോ സേവിച്ചാൽ കരിമ്പിൻനീർ സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

കർപ്പൂരം—കൊത്തമ്പാലരിചതച്ചിട്ടു വെന്തുതണുത്ത വെള്ളം പഞ്ചസാരചേർത്തു കുടിയ്ക്കുകയൊ അല്ലെങ്കിൽ എരുമച്ചാണകം പിഴി

ത്തനീരിൽ പഞ്ചസാരചേർത്തു സേവിക്കുകയോ ചെയ്താൽ കർപ്പൂരം സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

കറുപ്പ്—കറുത്ത ചുണ്ടയില പിഴിഞ്ഞനീരും പശുവിൻപാലും അരത്തുടംവീതം എടുത്തു സേവിക്കുകയും അല്ലെങ്കിൽ വയമ്പ്, ഇരുപ്പ്, തിപ്പലി, മലങ്കാരയ്യ ഇവ മുക്കാൽകഴഞ്ചുവീതം കന്നരത്തുടം വെള്ളത്തിൽ അരച്ചുകലക്കികുടിക്കുകയും, ചെയ്താൽ കറുപ്പുസേവിച്ചുണ്ടാകുന്ന വികാരം ശമിക്കും. പൊൻകാരവും തുരിശും കൂറയ്ക്കു നെയ്യിൽ ചാലിച്ചുകൊടുത്താൽ ഉടനെ ഛർദ്ദിയുണ്ടായി കറുപ്പിന്റെ വിഷം തീരും.

കാഞ്ഞിരക്കുരു—നെയ്യും തേനും പഞ്ചസാരയും ചേർത്ത് കുടിക്കുടെ സേവിച്ചാൽ കാഞ്ഞിരക്കുരു ഭക്ഷിച്ചുണ്ടായ വികാരത്തിനു ശാന്തിയുണ്ടാകും.

കായം—പശുവിൻപാൽ കാച്ചി പഞ്ചസാരചേർത്ത് കുടിക്കുടെ കൊടുത്താൽ കായം സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

കുരുത്തിയ്യം—വെളുത്ത വയമ്പും കടുക്കായുംകൂടി പൊടിച്ചു സമം പഞ്ചസാരയും ചേർത്തു മൂന്നുദിവസം സേവിച്ചാൽ കുരുത്തിയ്യം സേവിച്ചുണ്ടായ വികാരം ശമിക്കും.

കയ്യുരസം—മധുദ്രവ്യം സേവിച്ചാൽ കയ്യുരസം അധികം സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

ഗന്ധകം—പശുവിൻപാലും നെയ്യും ചേർത്തു സേവിക്കുകയും അല്ലെങ്കിൽ കരിമ്പൂവും (ഗ്രാമ്പൂവും) വയമ്പും സമംപൊടിച്ചുനെയ്യുചേർത്തു സേവിക്കുകയും ചെയ്താൽ ഗന്ധകം സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

ചതുരക്കള്ളി—തണുത്ത വെള്ളത്തിൽ പഞ്ചസാരകലക്കി സേവിക്കുകയോ രസ്സം നനച്ചു് അതിന്റെ കാറു പുല്ലുകയോ തണ്ണപ്പുള്ള മരച്ചുവട്ടിൽ ഇരുന്നു കാറേല്ക്കുകയോ കോല്പുളിയില തണുത്തവെള്ളത്തിൽ അരച്ചു ലേപനം ചെയ്യുകയോ ചെയ്താൽ ചതുരക്കള്ളിമൂലം ഉണ്ടായ വികാരം ശമിക്കും.

എരിക്കിൻപാലിന്റെ വിഷത്തിനും ഇതുപോലെ ചെയ്യണം.

ചവർപ്പുരസം—ക്ഷാരദ്രവ്യങ്ങൾ സേവിച്ചാൽ ചവർപ്പുരസം സേവിച്ചുണ്ടാകുന്ന വികാരങ്ങൾ ശമിക്കും.

ചുവന്നകുന്നി—ചെറുചീരനീരു് പഞ്ചസാരചേർത്തു സേവിക്കുകയോ അല്ലെങ്കിൽ പശുവിൻപാലു കുടിക്കുകയോ ഇതുകൊണ്ടു ശമിച്ചില്ലെങ്കിൽ ഈന്തപ്പഴം മുന്തിരിങ്ങാപ്പഴം മധുരപ്പുളി ഞെരിഞ്ഞാമ്പുളി മാതളക്കാ പരുത്തിക്കഫലം ഇവ എല്ലാറ്റിന്റെയും കഷായമോ

നീരോ തേൻ ചേർത്തു സേവിക്കുകയൊ ചെയ്താൽ കുന്നിക്കുരുവിന്റെ വികാരങ്ങൾ ശമിക്കും.

ചെമ്പു്—വരിനെല്ലിന്റെ അരി അല്ലെങ്കിൽ വേരു കാച്ചിത്തണുത്ത വെള്ളത്തിൽ അരച്ചുകലക്കി പഞ്ചസാരചേർത്തു മൂന്നുദിവസം കാലത്തെ സേവിച്ചാൽ ചെമ്പു സേവിച്ചുണ്ടായ വികാരം ശമിക്കും.

ചേക്കുരുവു്—ചെറുചീരനീരു പഞ്ചസാരചേർത്തു സേവിച്ചാൽ ചേക്കുരു കൊടുത്തുണ്ടാകുന്ന വിഷം ശമിക്കും. സമം ചെറുചീരമൂലവും കടുക്കുംകൂടി വെണ്ണയിൽ അരച്ചു ലേപനംചെയ്കയോ അല്ലെങ്കിൽ ദേവതാരം മുത്തങ്ങാ കടുക് ഇവ സമംപൊടിച്ചു വെണ്ണചേർത്തു ലേപനം ചെയ്കയോ ചെയ്താൽ ഇതു തട്ടിയുണ്ടാകുന്ന ശോഫാദിവികാരങ്ങൾ (ചാരാട്ടിനെന്നുപറയുന്നതു്) ശമിക്കും.

നീർവാളം—കൊത്തമ്പാലരി പൊടിച്ചു തൈരിൽ കലക്കി പഞ്ചസാരയും ചേർത്തു കൊടുത്താൽ നീർവാളം സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

പവിഴം—ചശ്ശുവിൻ പാലിൽ തേനും പഞ്ചസാരയും ചേർത്തു സേവിച്ചാൽ, പവിഴം സേവിച്ചുണ്ടായ വികാരം ശമിക്കും.

പാലു്—പാലുസേവിച്ചുണ്ടായ അജീർണ്ണത്തിനു് പഞ്ചസാരയോ ചുക്കുവെള്ളമോ രണ്ടുംകൂടിയോ സേവിക്കണം.

പാമ്പിൻവിഷം—കാട്ടുപാവലിന്റെ കിഴങ്ങു നുറുക്കി അരട്ടിൻ മുതൽത്തിൽ പലപ്രാവശ്യവും ഭാവനചെയ്തരച്ചു ഗുളികയാക്കി കാടിയിൽ അരച്ചു നസ്യംചെയ്കയും ത്രിഫല ചന്ദനം കൊട്ടം ഇത്തി ഇവ നെയ്യിലരച്ചു് സേവിയ്കയും കോർംവായിൽ തേയ്കയും കൊഴുപ്പ കാട്ടുവെള്ളരി ചുറൻകിഴങ്ങു് ഇവ മാരാന്നിന്റെയും സ്വരസംസേവിക്കയും ചെയ്യുന്നതു് ഹിതമാകുന്നു. തുരിശു് വയമ്പു് മലംകാരയ്ക്കാ ഇവ പാലിൽ അരച്ചുകലക്കി കുടിക്കുന്നതും മുളകുപൊടി നെയ്യുചേർത്തു സേവിക്കുന്നതും വിഷശമനമാകുന്നു.

പൂകയില—അകത്തിയിലനീരോ തേങ്ങാപ്പാലോ കരിക്കിൻ വെള്ളമോ ഇവ ഏതെങ്കിലും കൂടിച്ചാൽ പൂകയിലസേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

പുളിരസം—ഏലത്തരി ചുക്കു് ഇവ ക്ഷോദംവരുത്തു് പഞ്ചസാരചേർത്തു സേവിച്ചാൽ പുളിരസം സേവിച്ചുണ്ടായ അജീർണ്ണം ശമിക്കും.

മദ്യം—വീണ്ടും മദ്യം സേവിയ്കയും നാരങ്ങാരസം മദ്യത്തിൽ ചേർത്തു സേവിയ്കയും ചെയ്താൽ മദ്യം സേവിച്ചുണ്ടായ വികാരം ശമിക്കും.

മനയോല—പശുവിൻ പാൽ തേൻചേർത്തു മൂന്നുദിവസം കുടിച്ചാൽ മനയോല സേവിച്ചുണ്ടായ വികാരം ശമിക്കും.

മന്താരം—(ചുവന്നപൂവുള്ള എരിക്ക്) ചതുരക്കള്ളിപ്പാൽ സേവിച്ചുണ്ടാകുന്ന വികാരത്തിനു പറഞ്ഞിട്ടുള്ളതുപോലെ ചെയ്താൽ എരിക്കിന്റെ പാൽ സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

മാക്കീരം—മുതിരക്കഷായമോ താളിമാതളക്കഷായമോ സേവിച്ചാൽ മാക്കീരം സേവിച്ചുണ്ടാകുന്ന വികാരം ശമിക്കും.

മുത്തു—പശുവിൻപാലിൽ നെയ്യും പഞ്ചസാരയും തേനുംചേർത്തു സേവിച്ചാൽ മുത്തുസേവിച്ചുണ്ടായ വികാരം ശമിക്കും.

രസ്നം—വിധിപ്രകാരം പാകംചെയ്തിട്ടുള്ള ഗന്ധകം സേവിക്കുകയോ അല്ലെങ്കിൽ രണ്ടുഗ്രാംപ്രമാണം ഗന്ധകം വെറ്റിലയിൽ പൊതിഞ്ഞു ചവച്ചിറക്കുകയോ മുന്തിരിങ്ങാ കുമ്പളങ്ങാ തുളസിയില ശതകുപ്പ ഗ്രാമ്പൂവു് നാഗപ്പൂവു് ഇവയെല്ലാംകൂടിയോ ഓരോന്നോ ഗന്ധകത്തോടു് സമഭാഗമായി ചേർത്തു് പാലിൽകലക്കി സൂര്യരശ്മി തട്ടിച്ചു സേവിക്കുകയോ പെറ്റിവനീരു് കയ്യോന്നിനീരു് തുളസിനീരു് അട്ടിൽപാലു് ഇവസമം നെയ്യുചേർത്തു് ശരീരംമുഴുവൻ നനയത്തക്കവണ്ണം മൂന്നുദിവസം മുഴുവൻ പൂശുകയും നാലാംദിവസം കാച്ചിത്തണുത്ത വെള്ളത്തിൽ കുളിയ്ക്കുകയും ചെയ്താൽ വികാരം മുതലായതുകം ശമിക്കും.

വത്സനാഭം—മുളകുവെള്ളം കുടിക്കുകയും ത്രിഫലക്കഷായം സേവിക്കുകയും നെയ്യും പാവും ഉപയോഗിക്കുകയും ചെയ്താൽ വത്സനാഭത്തിന്റെ വികാരം ശമിക്കും.

വെളുത്തീയം—ആട്ടുകൊട്ടപ്പാലയുടെ വേരു് ചൂടുവെള്ളത്തിൽ അരച്ചുകലക്കി പഞ്ചസാരചേർത്തു മൂന്നുദിവസം സേവിച്ചാൽ വെളുത്തീയം സേവിച്ചുണ്ടായ വികാരംശമിക്കും.

വെള്ളി—തേനും പഞ്ചസാരയും സമഭാഗമായി എടുത്തു മൂന്നുദിവസം സേവിച്ചാൽ വെള്ളിസേവിച്ചുണ്ടായ വികാരംശമിക്കും.

വെള്ളോട്ടു—കോൽപൂളിയുടെ പഴുത്തുണങ്ങിയ കായ് തണുത്തവെള്ളത്തിൽ കലക്കി സേവിച്ചാൽ വെള്ളോട്ടു സേവിച്ചുണ്ടായ വികാരം ശമിക്കും.

വൈരം—പശുവിൻപാലിൽ നെയ്യും തേനും പഞ്ചസാരയും ചേർത്തു സേവിച്ചാൽ വൈരംസേവിച്ചുണ്ടായ വികാരം ശമിക്കും.

സ്വർണ്ണം—കടുക്കാ പൊടിച്ചു് പഞ്ചസാരചേർത്തു് മൂന്നുദിവസം സേവിച്ചാൽ, സ്വർണ്ണം സേവിച്ചുണ്ടായ വികാരം ശമിക്കും.

പതിനെട്ടാംഅദ്ധ്യായം.

യന്ത്രങ്ങൾ.

കവചീയന്ത്രം.

അധികം ചെറുതല്ലാത്തതും അധികം വലുതല്ലാത്തതും ദൃഢമായതും ആയ ഒരു കുപ്പിയെ ചെളിഅരച്ചു തേച്ചുതായ തുണികൊണ്ട് എല്ലാസ്ഥലവും നല്ലതുപോലെചുറ്റി മണ്ണരച്ചുപൂശി വെയിലത്തുവച്ചുണക്കി മരുന്നുകഠം കുപ്പിക്കകത്താക്കി അതിന്റെ വായ്മൂടി പാത്രത്തിൽവച്ച് തീയിട്ട രസാദികളെ പാകംചെയ്യുന്ന യന്ത്രമാണ് കവചീയന്ത്രം.

വാലുകായന്ത്രം.

രസംമുതലായ ധാതുവർഗ്ഗങ്ങളെ ഔഷധമാക്കുന്നതിനു വേണ്ടി അതിനെ ഒരു കുപ്പിയിൽ അക്കി ഒരു വിസ്താരമുള്ള വലിയ മൺപാത്രത്തിന്റെ അടിയിൽ മണ്ണിട്ട് അതിൽ ആ കുപ്പിവച്ചു ചുറ്റും കുപ്പിയുടെ കഴുത്തുവരെമണ്ണിട്ട് അടുപ്പിൽവച്ചു തീയ്യെരിക്കുന്നതിനെ വാലുകായന്ത്രം എന്നു പറയുന്നു.

ഡോളായന്ത്രം.

ശുദ്ധിചെയ്യേണ്ടതായ വസ്തുവിനെ ഒരു വസ്ത്രത്തിൽ കിഴിയായികെട്ടി പകുതി വരേ ഏതെങ്കിലും ദ്രവപദാർത്ഥങ്ങൾ (കഷായം കാടിമുതലായവ) അടങ്ങിയ ഒരു മൺപാത്രത്തിന്റെ വായ്ത്തലക്കൽ കുറുകേ ഒരു കമ്പുവച്ചു കെട്ടി അതിൽ മരുന്നു കിഴി കീഴ്പോട്ട കെട്ടിത്തൂക്കി, അടുപ്പിൽ വച്ചു തീയ്യെരിച്ചു ഔഷധത്തെ സ്വേദിപ്പിക്കുന്നതിനു ഡോളായന്ത്രം എന്നു പറയപ്പെടുന്നു.

വിദ്യാധരയന്ത്രം.

അടിയിലത്തെ മൺപാത്രത്തിൽ രസംവച്ചു ആ മൺപാത്രത്തിന്റെ മുഖം മറ്റൊരു മൺപാത്രത്തിന്റെ മൂടികൊണ്ടു മൂടി, അടിയിലെ പാത്രത്തിന്റെ മുഖവും മുകളിലെ പാത്രത്തിന്റെ ചുവട്ടം തമ്മിൽ ചേരുന്ന സ്ഥലത്തു ശീലമൺ ചെയ്തു മുകളിലത്തെ പാത്രത്തിനകത്തു ജലംനിറച്ചു അടുപ്പിൽവച്ചു അടിയിലത്തെ പാത്രത്തിന്റെ ചുവട്ടിൽ അഞ്ചുയാമം തീയെരിച്ചു അറിതണുത്തതിന്റെ ശേഷം ശീലമൺഉടച്ചു മേൽപാത്രം എടുത്താൽ അതിന്റെ ചുവട്ടിൽ രസം പറ്റിയിരിക്കും. ഇങ്ങനെ പറ്റിയിരിക്കുന്ന രസം എടുത്തു കൊള്ളണം. ഇങ്ങനെ രസം എടുക്കുന്ന യന്ത്രമാണ് വിദ്യാധരയന്ത്രം.

ഡമരുകയന്ത്രം.

അടിയിൽ ഒരു മൺപാത്രം വച്ചു അതിന്റെ വാ ചേരുന്ന മറ്റൊരു മൺപാത്രത്തിന്റെ വാകൊണ്ടു മൂടി രണ്ടുവായും തമ്മിൽ ചേരുന്ന സ്ഥലം ശീഖമൺചെയ്യുന്നക്കിയെടുക്കുന്നയന്ത്രം ഡമരുകയന്ത്രം.

ഇഷ്ടികായന്ത്രം.

മദ്ധ്യത്തിൽ കുഴിയോടുകൂടിയ ഒരു ചെങ്കല്ലുണ്ടാക്കി അതിൽ ൪ സം മുതലായതുകൊണ്ടുവച്ചു മേൽച്ചുട്ടികൊണ്ടു മൂടി ഇഷ്ടികയും ശരാവ വും (മേൽമൂടിയും) തമ്മിൽ ചേരുന്ന ഭാഗം മണ്ണും ഉപ്പുംകൂടി അരച്ചു പൂശി അതിന്റ മുകളിൽ മണ്ണിട്ട ലംബപുടം ഇടുന്ന യന്ത്രം ഇഷ്ടികാ യന്ത്രം ആകുന്നു.

ക്ഷാരപാകയന്ത്രം.

ഒരു വലിയ മൺപാത്രത്തിനകത്ത് ചുറ്റിലും ചെറിയ തടമു ണ്ടാക്കി അതിനടി വെള്ളമൊഴിച്ചു് ചുറ്റുമുള്ള തടവിൽ കൊണ്ടടങ്ങി യിരിക്കത്തക്കവണ്ണമുള്ള ഒരു ചട്ടികൊണ്ടു മൂടി ചട്ടിയും തടവും ത മ്മിൽ ചേരുന്ന സ്ഥലത്ത പഴുതുകൾ നാലുവശമുള്ളതെല്ലാം ചുണ്ണാ മ്പുപൂശി നല്ലതുപോലെ അടച്ചു അതിന്റെ മുകളിൽ രസവും രസ ത്തിനു സമം ഗന്ധകയും വച്ചു മറ്റൊരു ചട്ടികൊണ്ടു മൂടി ശീലമൺ ചെയ്തു മേൽ ചട്ടിയിൽ ഒരു വിശിഷ്ടസ്ഥാനത്തിൽ മണൽ ഇട്ട നാല ഞ്ചു വാരളികൊണ്ടു പുടമിടുന്നതു ക്ഷാരപാകയന്ത്രമാകുന്നു.

മൂശകർമ്മം.

അന്ധമൂശ.

പശുവിൻമൂലയുടെ ആകൃതിയിൽ ഉള്ളതും നടുവിൽ സുഷിര ത്തോടുകൂടിയതുമായ മൂശ അന്ധമൂശയാണ്.

വജ്രമൂശ.

രണ്ടുഭാഗം ഉമിക്കരിയും ഒരു ഭാഗം പുറ്റുമണ്ണും ഒരുഭാഗം ലോഹ കിട്ടവും ഒരു ഭാഗം വെളുത്ത കൽപൊടിയും സമം തലമുടിയും ചേ ർത്ത് ആട്ടിൻപാലൊഴിച്ചു രണ്ടു യാമം അരച്ചു മൂശയുണ്ടാക്കി ഉണ ക്കി എടുക്കുന്നതു വജ്രമൂശ. ഇതിൽ രസം ഒഴിച്ചു് ഇതിന്റെ കല്ലും കൊണ്ടുതന്നെ അടച്ചു് രസം ഭസ്മമാക്കുകയും മറ്റും ചെയ്യാം.

മൂടങ്ങൾ.

കക്കടപുടം.

പതിനാറു അംഗുലം അകലവും പതിനാറു് അംഗുലം നീളവു ള്ള കുഴിയിൽ കീഴും മേലും വരളികൾ അടുക്കി നടുവിൽ പുടം ഇ ടേണ്ട വസ്തുവച്ചു ചെയ്യുന്ന പുടം കക്കടപുടം.

മഹാപുടം.

രണ്ടുഗജം വീതിയും രണ്ടുഗജം നീളവും രണ്ടുഗജം താഴ്ചയും ഉള്ള കുഴിയിൽ ആയിരം വരളികർക്കിടയിൽവച്ചു ചെയ്യുന്ന പുടം മഹാപുടം.

ഗജപുടം.

പതിമൂന്നേമുക്കാൽ ഗജം നീളവും പതിമൂന്നേമുക്കാൽ ഗജംവീതിയും പതിമൂന്നേമുക്കാൽ ഗജം താഴ്ചയും ഉള്ള ഒരു കുഴിയെടുത്തു അതിന്റെ മുക്കാൽഭാഗംവരെ വരളികർം അടുക്കി അതിനു മുകളിൽ പുടം ഇടേണ്ടതായ ഭാണ്ഡംവച്ച് അതിനു മുകളിൽ ഭൂമി നിരപ്പുവരെ വരളികർംമൂടി ഇടുന്ന പുടമാണ് ഗജപുടം. ചിലർ രണ്ടുമുഴം ഘനവും വിസ്തീർണ്ണവും ഉള്ള കുഴി ഉണ്ടാക്കിയും ഗജപുടം ഇടുന്നു.

മറ്റു പുടങ്ങൾ.

ഒന്നോ രണ്ടോ വരളികൊണ്ടു പുടമിടുന്നതു ഘാടപുടവും മൂന്നുവരളികൊണ്ടു പുടം ഇടുന്നതു് ഛെത്താംപുടവും അയിരം വരളികൊണ്ടു പുടമിടുന്നതു് ഘനപുടവും ആണ്.

അഗ്നികർം.

ഒരു വിരൽ ഘനത്തിൽ എരിക്കുന്നതു ദീപാഗ്നിയും മൂന്നുവിരൽ ഘനത്തിൽ എരിക്കുന്നതു കമലാഗ്നിയും നാലോ അഞ്ചോ വിരൽഘനത്തിൽ എരിക്കുന്നതു ഗാഢാഗ്നിയും ആണ്.

പത്തൊൻപതാം അദ്ധ്യായം.

വർഗ്ഗങ്ങളും ഗുണപാകവും.

ഓരോ മരുന്നുകളും ഗുണം കുറയാതെ ഇരിക്കുന്ന കാലങ്ങൾ.
വീര്യംനിലനിൽക്കുന്നു.

മരുന്നുകളുടെ പേര്.	വർഷം.	മാ.	ദി.
൧. ഭസ്മങ്ങൾ	നൂറ്	"	"
൨. സിന്ദൂരങ്ങൾ	൫൦൦	"	"
൩. കെട്ടുവകകൾ	൧൦൦	"	"
൪. ദ്രാവകങ്ങൾ	൪൦	"	"
൫. രസായനങ്ങൾ	൫	"	"
൬. തൈലങ്ങൾ	"	൯	"

മരുന്നുകളുടെപേര്.	വർഷം.	മാസം.	ദി.
൧. ലോഹ്യങ്കരം	"	൫	
൨. മാവനദ്രവ്യങ്കരം	൧	"	"
൩. ഹരിദ്രാകരം	"	"	൧൫
൪. വടകങ്കരം	"	൩	"
൫. ഘൃതങ്കരം	"	൬	"
൬. ഷർബത്തുകൾ	"	൧	"
൭. മെഴുകുകരം	൧	"	"
൮. ധാതുവർഗ്ഗമാത്രകരം	൧൦	"	"
൯. സാമാന്യവർഗ്ഗമാത്രകരം	൬	"	"
൧൦. പ്ലാസ്തിരികരം	"	"	"
൧൧. ഗുപ്തമൂർണ്ണങ്കരം	൧	"	"
൧൨. ലേപനവില്ലാകരം	൩	"	

വൃഷ്യവർഗ്ഗം.

൧. ജീവകം ൨. ഇടവകം ൩. മേദ ൪. മഹാമേദ ൫. കാകോളി ൬. ക്ഷീരകാകോളി ൭. ഋദ്ധി ൮. വൃദ്ധി ൯. കാട്ടുപയറ് ൧൦. കാട്ടുഴുന്ന് ൧൧. അടപൊതിയൻ ൧൨. അതിമധുരം ൧൩. നായ്ക്കുണ ൧൪. മാംസരോഹിണി ൧൫. ബലാചതുഷ്ടയം (മഹാബലാ=മഞ്ഞക്കുറുന്തോട്ടി അതിബലാ=ഉഴുകട=ഉഴുപ്പൻ. ബലാ=സാധാരണകുറുന്തോട്ടി നാഗബലാ=വലിയഉഴുകം) ൧൬. കുറുപ്പുരുത്തി ൧൭. കാട്ടുപരുത്തി ൧൮. പനിക്കിഴങ്ങ് ൧൯. പാൽമുതക്ക് ൨൦. അമുക്കുരം ൨൧. വയൽച്ചുള്ളി ൨൨. നറുനീണ്ടിരണ്ടും ൨൩. സ്വാമൂലി (സാലാമിസ്രി) ൨൪. ആകാശവള്ളി (മൂടില്ലാത്താളി) ൨൫. പാതാളഗരുഡക്കൊടി ഇവയാണ്.

ഈ വൃഷ്യവർഗ്ഗത്തിൽപ്പെട്ട മരുന്നുകൾ വീര്യവർദ്ധനകാരികളും (ശുക്ലം കാമംഭോഗം ഇവയെ വർദ്ധിപ്പിക്കുന്നതുകൾ) ബാർഹ്യകാരികളും (ശരീരത്തിനു ബലത്തെഉണ്ടാക്കുന്നവകളും) സ്നിഗ്ദ്ധകാരികളും (ധാതുക്കളുടെ ചൂടിനെകുറച്ചു അവയ്ക്കു വളച്ചുയും ശരീരത്തിനു കൊഴുപ്പും കാന്തിയും വർദ്ധിപ്പിക്കുന്നതുകളും) ശീതളകാരികളും(വർദ്ധിച്ചചൂടിനെക്കുറച്ചു ദാഹത്തെ ശമിപ്പിക്കുന്നവകളും) ശമനകാരികളും (ഉണ്ടാക്കാതെ ധാതുക്കളുടെ ചൂടിനെക്കുറച്ചു വേദനയെ ശമിപ്പിച്ചു നിദ്രയെഉണ്ടാക്കുന്നതുകളും) ആണ്.

ഇവയിൽ ൧൩മുതൽ ൨൫ വരെ മരുന്നുകൾക്കുമായും അഷ്ടവർഗ്ഗം എന്നൊരു പേരുകൂടി ഉണ്ട്. അവ തന്നുത്തുമധുരമുള്ളതും ബൃംഹണവും ശുക്ലവൃദ്ധിയെ ചെയ്യുന്നതും ഗുരുവും ഭഗ്നത്തിനായും ഛതഞ്ഞതിനേയുംമറ്റും തമ്മിൽചേർക്കുന്നതും ബലത്തെ വർദ്ധിപ്പിക്കുന്നതും

വാതത്തേയും പിത്തത്തേയും രക്തദോഷത്തേയും ദാഹത്തേയും ചുട്ടു നീറ്റത്തേയും ജ്വരത്തേയും മേഹത്തേയും ക്ഷയത്തേയും നശിപ്പിക്കുന്നതും എല്ലാ ഔഷധങ്ങളിൽവച്ചും ശ്രേഷ്ഠമായതും സാധാരണേ കിട്ടുന്നതല്ലാത്തതും ആകുന്നു. അതുകൊണ്ടു ഇതിനുപകരം ഇതിന്റെ പ്രതിനിധികളെചേർത്താൽ മതിയാകും. അതായതു ജീവകവും ഋഷഭകവും കിട്ടാത്തപ്പോൾ അമുതിന്റെ വേരും കുമ്പിൾവേരും മേദയ്ക്കുപകരം അമുക്കുരവും മഹാമേദയ്ക്കുപകരം നറുനീണ്ടിക്കിഴങ്ങും കാകോളിക്കും ക്ഷീരകാകോളിക്കുംപകരം ശതാവരിക്കിഴങ്ങും വൃദ്ധിക്കുംവൃദ്ധിക്കും പകരം കുറുന്തോട്ടിയും മഞ്ഞക്കുറുന്തോട്ടിയുംചേർത്താൽ മതിയാകും.

ഇവയിൽ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള മരുന്നുകൾ ജീവനീയഗണങ്ങൾ ആണ്. ഇതിൽ വൃദ്ധിയും വൃദ്ധിയുംഒഴിച്ചു മറ്റു പത്തു മരുന്നുകൾ മാത്രവും ജീവനീയഗണമെന്നും പാഞ്ഞുവരാറുണ്ട്. ജീവനീയഗണം ആയുസ്സിനേയും ശുക്ലത്തേയും വർദ്ധിപ്പിക്കുന്നതും ശരീരത്തെതടിപ്പിക്കുന്നതും തണുത്തതും സ്നേഹത്തോടുകൂടിയതും ഗർഭത്തെ ഉടൻതന്നെ ഉണ്ടാക്കുന്നതും മുലപ്പാലിനേയും കഫത്തേയും വർദ്ധിപ്പിക്കുന്നതും പിത്തത്തേയും രക്തദുഷ്യത്തേയും ശമിപ്പിക്കുന്നതും ദാഹം ശോഷം ജ്വരം ചുട്ടുനീറ്റം രക്തപിത്തം ഇവയെ നശിപ്പിക്കുന്നതും ആകുന്നു.

രസായനഗണം.

൧. സോമവള്ളി ൨. വെളുത്തസോമവള്ളി ൩. മറിക്കുന്നി(പൊത്തിക്കീര) ൪. നെല്ലിക്കാ ൫. ഉലുവാ ൬. ആശാളി ൭. പെരുംചീരകം ൮. കറാശാണി ൯. ചിറ്റമൃത് ൧൦. ചേർക്കുരു ൧൧. ഗുഗ്ഗുലു ൧൨. നിലപ്പനക്കിഴങ്ങ് ൧൩. ശതാവരിയും മഹാശതാവരിയും ൧൪. കയ്യോന്നി രണ്ടും ൧൫. മണിത്തക്കാളി ൧൬. ശംഖപുഷ്പം ൧൭. ബ്രഹ്മി ൧൮. കറുകൽ ൧൯. ഇലവു് ഈ പതിനാലു മരുന്നുകളും രസായനവർഗ്ഗത്തിൽപ്പെട്ടവയും ആയുസ്സിനേയും ആരോഗ്യത്തേയും വർദ്ധിപ്പിക്കുന്നതും ജരാനരകളെ ഇല്ലാതാക്കുന്നതും ഗ്രഹപീഡകളെ തീർക്കുന്നതും സ്വരത്തേയും ബുദ്ധിയേയും നന്നാക്കുന്നതും സ്മൃതിയെ വർദ്ധിപ്പിക്കുന്നതും ധാതുപുഷ്ടിയെ ചെയ്യുന്നതും വ്യാധികളെ നശിക്കുന്നതും കുറച്ചു കുറച്ചു ശരീരത്തെ ആരോഗ്യസ്ഥിതിയിൽ കൊണ്ടുവരുന്നതും വ്രണം രക്തദോഷം മുതലായവയെ തീർക്കുന്നതുമായ ഔഷധങ്ങൾ ആണ്.

ഇവയിൽ അഞ്ചുമുതൽ പതിമൂന്നുവരെയുള്ള മരുന്നുകൾക്കു ചതുർജ്ജീരകം എന്നുകൂടിപ്പേരുണ്ട്. ഇവ ഒന്നിച്ചുചേർന്നാൽ വാതത്തേയും അജീർണ്ണത്തേയും ശൂലം അധ്മാനം പാർശ്വശൂല ഹൃൽപീഡ വേദന ഇവയെ ശമിക്കും.

ഇവയിൽ ഗുൽഗുലു മാധുര്യംകൊണ്ടു വാതത്തേയും കഷായരസംകൊണ്ടു പിത്തത്തേയും കയ്പുരസംകൊണ്ടു കഫത്തേയും ശമിപ്പിക്കു

ന്നതും സൂക്ഷ്മനാഡികളിൽ പ്രവേശിച്ച ദോഷങ്ങളെ തിക്കുന്നതും മുറിവുകളെ കൂട്ടിപിടിപ്പിക്കുന്നതും അപചി വ്രണം പ്രമേഹം അശ്മരി കയും പിടകഗ്രന്ഥി (മുഴ) വീക്കം അർശസ്സ് ഗണ്ഡമാല ക്രിമി വാതരക്തം ഇവകളെ വിശേഷിച്ചും ശമിപ്പിക്കുന്നതും ചുമ ഛർദ്ദി നമ്മുടെ പ്ലീഹ ഗുല്മം ഗ്രഹപീഡ ഇവയെ ഇല്ലാതാക്കുന്നതും മേദസ്സിനെ ക്ഷയിപ്പിക്കുന്നതും മലത്തിനെ അയവു വരുത്തുന്നതും ശുക്ലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുന്നതുമാണ്.

ചിറ്റമൃത് വിശേഷിച്ചും അഗ്നിവർദ്ധനയേയും മലശോധനയേയും മൂത്രശുദ്ധിയേയും വസ്തിശുദ്ധിയേയും ചെയ്യുന്നതും വേദനകളെ ശമിപ്പിക്കുന്നതും വ്രണങ്ങളെ കരിക്കുന്നതും പറങ്കിപ്പുണ്ണിനു മുറിവും നല്ലതും ആണ്. ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കുകയും ഗർഭസന്ധാനത്തെ ചെയ്യുകയും എല്ലാപ്രകാരത്തിലും ഉള്ള ത്രിദോഷങ്ങളേയും രക്തദോഷങ്ങളെയും തിക്കുകയും ചെയ്യും. നിലപ്പന അസ്ഥിസ്രാവത്തിനു വിശേഷിച്ചും നല്ലതാണ്.

വാതഹൃവർഗ്ഗം.

൧. കൊത്തമ്പാലരി ൨. അലസി ൩. തകരം ൪. സർണ്ണുലി ൫. പുനർണ്ണവ ൬. കല്ലാറ് ഇവ വാതഹൃവർഗ്ഗങ്ങൾ ആണ്.

പിത്തഹൃവർഗ്ഗം.

൧. കുടമ്പായൽ ൨. കരിംപായൽ ൩. കലിംഗശുണ്ഠി (കോലിഞ്ചി) ൪. കരിവേപ്പ് ൫. പച്ചകപ്പുല്ല് ൬. വഞ്ചി ൭. ആറുവഞ്ചി ൮. നീർക്കടമ്പ് ൯. കുന്നകറുകപ്പുല്ല് ൧൦. വെളുത്ത കറുകപ്പുല്ല് ൧൧. മീനകണ്ണിക്കുറുക ൧൨. ചെറുപുള്ളടി ൧൩. തേക്കമരം ൧൪. പടവലം ൧൫. ഈന്തപ്പന ൧൬. പാരുവമരം ൧൭. ചടച്ചി ൧൮. കാക്കപ്പനച്ചി ഇവ പിത്തത്തെ ശമിപ്പിക്കുന്ന മരുന്നുകൾ ആകുന്നു.

കഫഹൃവർഗ്ഗങ്ങൾ.

൧. അരത്ത ൨. ചിറ്റരത്ത ൩. നല്ലമുളക് ൪. ചുക്ക് ൫. തിപ്പലിമൂലം ൬. ചെവിയം ൭. ചുവന്നതും വെളുത്തതും ആയ അവണക്കുരു ൮. വെറ്റിലക്കൊടി ൯. കുവളം ൧൦. കുമിഴ ൧൧. പാതിരിയും വെൺപാതിരിയും ൧൨. മുഞ്ഞ ൧൩. പലകപ്പയ്യാനി ൧൪. ഓരില ൧൫. മൂവില ൧൬. വഴുതിന ൧൭. കണ്ടകാരിച്ചുണ്ട ൧൮. ഞെരിഞ്ഞിൽ ൧൯. മുരിങ്ങ ൨൦. അങ്കോലം (ഞെഴിഞ്ഞിൽ) ൨൧. മുതണക്കപ്പുല്ല് ൨൨. നാൽമുകപ്പുല്ല് ൨൩. ശ്രാവണിയും, മഹാശ്രാവണിയും ൨൪. കടലാടി ൨൫. ചുവന്ന കടലാടി ൨൬. തമിഴാമ ൨൭. ചുവന്ന തമിഴാമ ൨൮. ഇത്തിർക്കണ്ണി ൨൯. മുക്കുറ്റി (തൊട്ടാവാടി) ൩൦. കിണികിണിപ്പാല (നിലംപാല) ൩൧. തുമ്പ ൩൨. തൊഴുകണ്ണി ൩൩.

കാട്ടുപാവൽ ൩൨. തുളസിഭേദം ൩൪. ചെറുതുളസി ൩൫. ഭൂമ്യാമലകം ൩൬. കടലാടി ൩൭. തൊട്ടാവാടി ൩൮. കാകജംഘാ ൩൯. പുഴുക്കടിഞ്ഞിൽ ൪൦. ചെറുതേക്ക് ൪൧. കടൽനാര ൪൨. നാഗദമനി (സർപ്പാക്ഷി) ൪൩. ഫാസ്റ്റിശ്രുണ്ഡി ൪൪. തേർവാഴ ൪൫. വാതുഴിഞ്ഞാൽ ൪൬. പുഴമുഞ്ഞ ൪൭. കാട്ടുപീച്ചിൽ.

ഇവയിൽ ൧-മുതൽ ൫-വരെയുള്ള മരുന്നുകൾക്ക് വലിയ പഞ്ചമൂലമെന്ന പേരുണ്ട്. ഇതു തിക്തരസത്തോടും കഷായരസത്തോടും കൂടിയതും കഫത്തേയും പിത്തത്തേയും ശമിപ്പിക്കുന്നതും മധുരരസമുള്ളതും ശ്വാസത്തേയും കാസത്തേയും ശമിപ്പിക്കുന്നതും ഉഷ്ണഗുണമുള്ളതും ലഘുവും അഗ്നിദീപനകരവും ആകുന്നു.

൬-മുതൽ ൧൦-വരെയുള്ള മരുന്നുകൾ ചെറിയ പഞ്ചമൂലവും ഇവ ശരീരത്തെ തടിപ്പിക്കുകയും ശരീരത്തിനു ബലമുണ്ടാക്കുകയും എല്ലാ ദോഷങ്ങളേയും ശമിപ്പിക്കുകയും അധികം തണുത്തതും ഉഷ്ണിച്ചതും അല്ലാത്തതും കഷായരസത്തോടും തിക്തരസത്തോടും കൂടിയതും ആകുന്നു.

ദശമൂലം.

വലിയ പഞ്ചമൂലവും ചെറിയ പഞ്ചമൂലവും കൂടിയതു ദശമൂലം. ഇതു ത്രിദോഷത്തേയും ശ്വാസകാസങ്ങളേയും ശിരോരോഗത്തേയും ഹൃദ്രോഗത്തേയും ശോഫത്തേയും ജ്വരത്തേയും അനാഹത്തേയും പാർശ്വരോഗങ്ങളിലും മറ്റുമുള്ള വേദനകളേയും ആമവിഷത്തേയും ശമിപ്പിക്കും.

വമനോപയോഗവർഗ്ഗം.

൧. മലംകാരയ്യാ ൨. എരിക്കിൻവേരിലെത്തൊലി ൩. ചെറുപ്പുന്നയിരു. കിലുകിലുപ്പ ൫. ദേവതാളി ൬. പേച്ചുര ൭. വലിയകാക്കത്തൊണ്ടി ഇവ വമനക്രിയയ്ക്കു കൊണ്ടാൽ മരുന്നുകൾ ആണ്. ഇവയിൽ ദേവതാളി എലിവിഷത്തിനു ഏറ്റവും നല്ല ഔഷധമാകുന്നു.

വിരേചനീയവർഗ്ഗം.

൧. കടുക്കാ ൨. സുന്നാമുക്കി ൩. കൊന്നത്തൊലി ൪. യവാക്ഷാരം (കൊട്ടത്തുവകഷായത്തിൽ കരിയിൻനീരു ചേർത്തു മുക്കിൻ വേരുകൊണ്ടു കുഴക്കിയുണ്ടാക്കുന്നതു) ൫. ചെറിയ കാട്ടുപെള്ളരി ൬. കടുകുരോഹിണി ൭. ലോഹിതം (ചോകം) ൮. വെളുത്തതും ചുവന്നതുമായ എരിക്ക് ൯. ചതുരക്കള്ളി ൧൦. ചിത്രമൂലം ൧൧. വെളുത്ത തിരുകോല്പക്കൊന്ന ൧൨. ചുവന്ന തിരുകോല്പക്കൊന്ന ൧൩. ചെറിയ നാഗദന്തി ൧൪. വലിയ നാഗദന്തി ൧൫. ഞരമ്പ ൧൬. കൊഴിഞ്ഞിൽ ൧൭. കൊട്ടത്തുവ ൧൮. കറാൽവാഴ ൧൯. തായമാണാ ൨൦. മാർക്കണ്ഡികാ ൨൧. മുള്ളിലവു ൨൨. കരിരം (കരിമുള്ളി) ൨൩. ചേമന്തി ൨൪. പടോലം. ൨൫. തിരുകോല്പക്കൊന്ന

സംഗ്രാഹിയഗ്ഗം.

൧. അവിയൽ (കറുപ്പ്) ൨. താതിരിപ്പൂവ് ൩. കാക്കപ്പനച്ചി ൪. മായാക്ക് ൫. പ്ലാശിൻകറ ൬. ഏഴിലംപാല ൭. വിലപ്പശ (ഇളയകുവളക്കായുടെ അകത്തെപ്പശ) ൮. കടകപ്പാലയരി ൯. മാങ്ങായണ്ടി ൧൦. കറിങ്ങോലിക്കാതൽ ൧൧. വെളുത്തകറിങ്ങോലിക്കാതൽ ൧൨. കരിവേലപ്പട്ട ൧൩. പാച്ചോറ്റിത്തൊലി ൧൪. ഞാഴൽപ്പൂവ് ൧൫. കടകപ്പാലവേരിലെ തൊലി ൧൬. പാടത്താളി ൧൭. അകാശവല്ലി ൧൮. മീൻങ്ങാണി ൧൯. നീർത്തിപ്പച്ചി ൨൦. വിടത്തൽ ൨൧. മയിലോശികാ ൨൨. താമരക്കുരു ൨൩. പോരാൽ ൨൪. ഞരയാൽ ൨൫. വേർവേലം ൨൬. കാരിലവ് ൨൭. പടുകയണ ൨൮. ഇലവിൻപശ ൨൯. മുക്കുറ്റി (തീണ്ടാനാഴി) ഇവ മലത്തെപ്പിടിക്കുന്ന സംഗ്രാഹിദ്രവ്യങ്ങളാകുന്നു.

സ്വേദോപയോഗവഗ്ഗം.

൧. മരമഞ്ഞൾ ൨. രസാഞ്ജനം ൩. എരിക്കിൻവേരിലെ തൊലി ൪. ബ്രഹ്മി ഇവ വിയർപ്പിനെ ഉണ്ടാക്കും.

ശിരോവിരേചനീയവഗ്ഗം.

൧. ഭൃതാംശകം (തുമ്പ; ചെറുപ്പടി) ൨. പുകയില ൩. കുന്നിക്കുരുവും ൪. പൂതച്ചുടയൻ ൫. ദേവതാളിക്കുരുവ് ഇവ ശിരോവിരേചനീയങ്ങളായ മരുന്നുകൾ ആണ്.

മൂത്രവിരേചനീയവർഗ്ഗം

൧. രാമിലത്താമര ൨. കല്ലുർവഞ്ചി ൩. ഭൃശക്കാ ൪. കുശ ൫. കുമവിക്കുരുവ് ൬. അംപൊട്ടൽ ൭. രാമച്ചം ൮. നീലക്കുമ്പിന്റെ വേര് ൯. ഞെരിഞ്ഞിൽ ൧൦. മുളവേര് ൧൧. ദർഭവേര് ൧൨. വേഴൽ ൧൩. മുരിങ്ങപ്പുല്ല് ൧൪. കാട്ടുള്ളി ൧൫. സപ്തപ്പോള ൧൬. പത്രുഷകം ൧൭. തിരുവാട്ടപ്പശ (സാമ്പ്രാണി) ൧൮. നീർമാതളം ൧൯. അലിലകല്ലുർവഞ്ചി ൨൦. കുരുട്ടുവെള്ളരി ൨൧. മുള ഇവ മൂത്രത്തെ വിരേചിപ്പിക്കുന്ന ദിവ്യൌഷധങ്ങൾ ആണ്.

മൂത്രസംഗ്രഹണീയവർഗ്ഗം.

൧. അത്തി ൨. കാട്ടത്തി (തേരകം) ൩. ഞെമ ൪. ചിരിപ്പീച്ചിൽ ഇവ മൂത്രത്തെ തടുക്കുന്ന മരുന്നുകൾ ആണ്.

അർത്തവപ്രവർത്തകവർഗ്ഗം.

൧. ചെന്നിനായകം ൨. അരേണുകം ൩. മേത്തോമ്മി ൪. പൊൻകാരം ൫. സ്രാവികാ ൬. ഉറുഞ്ചി (പശക്കൊട്ടയരി) ഇവ അർത്തവത്തെ ഉണ്ടാക്കുന്നവകളും ഗർഭപാതനത്തെ ചെയ്യുന്നവകളുമാണ്.

അന്തർവസംഗ്രാഹിവർഗ്ഗം.

൧. അശോകം ൨. കോലരക്ക് ൩. കറുത്തകോലരക്ക് ൪. കുടകപ്പാലവേർപ്പുറം ൫. തിരുതാളി ൬. ചെന്തായമരക്കിഴങ്ങ് ൭. ചെറുചീര ൮. പീതചന്ദനം ൯. രക്തചന്ദനം ൧൦. പത്തംഗം. ൧൧. ശാലോടവൃക്ഷം ൧൨. കുക്കുരുവൃക്ഷം (റാക്കിലമരം) ൧൩. ത്രിസന്ധി (പൂവു മേല്പോട്ടു മുഖമായി നില്ക്കുന്ന തരുമാതിരി ചെമ്പരത്തി) ൧൪. ചെമ്പരത്തി ൧൫. അമരാലു ൧൬. ചിറ്റരയാലു ൧൭. വിശല്യകരണി ൧൮. നീർപ്പിര ൧൯. മരുതു ഇവ ഗർഭജനകങ്ങളായ ഔഷധങ്ങളാണു്.

ദീപനപാചനവർഗ്ഗം.

൧. ഇഞ്ചി ൨. അരത്തിപ്പലി ൩. വെളുത്ത കൊടുവേലിയും ചുവന്ന കൊടുവേലിയും ൪ അയമോദകം ൫. കാശാണിക്കാരം ൬. ശതകുപ്പ ൭. കായം ൮ അജമോദാണിയൻ ൯. വലിയവാലുഴിഞ്ഞം ൧൦. ഇരുവേലി ൧൧. കരിക്കായം ൧൨. സോമനാദികായം ൧൩. പുളിയാറൽ ൧൪. പുളിയഞ്ചിര ൧൫ നറുവുണ്ണു് ഇവ ദഹനത്തെ ഉണ്ടാക്കുന്നതും ജഠരാഗ്നിയെ വർദ്ധിപ്പിക്കുന്നതുമായ ഔഷധങ്ങൾ ആണു്.

സമുത്തേജനീയവർഗ്ഗം.

(൧) പനച്ചി (൨) കഞ്ഞാവു് (൩) ചടയൻകഞ്ഞാവു് (൪) ഉമ്മത്തു് ൫. മീറ ൬. റൂമിമുസ്തക്കാ ഇവ സമുത്തേജനീയവർഗ്ഗങ്ങൾ ആകുന്നു.

ഗന്ധവർഗ്ഗം.

(൧) കസ്തൂരി (൨) കർപ്പൂരം (൩) ചീനക്കർപ്പൂരം (൪) ഹിമകർപ്പൂരം (൫) വണ്ണകർപ്പൂരം (൬) കുങ്കുമം (൭) ചന്ദനം (൮) അകിൽ (൯) കാരകിൽ (൧൦) തിരുവട്ടപ്പശ (സാംപ്രാണി.) (൧൧) വലിയ ഏലത്തരി (൧൨) ചെറിയഏലത്തരി (൧൩) ഏലവങ്കം (൧൪) ജാതിക്കാ (൧൫) ഇലവങ്കപ്പൂവു് (൧൬) ജടാമാഞ്ചി (൧൭) മുരാമാഞ്ചി (൧൮) കർപ്പോലം (൧൯) ചെറുകർപ്പോലം (൨൦) ജാതിപത്രി (൨൧) കക്കോലം (തക്കോലം) (൨൨) ഗന്ധകോകിലാ (൨൩) ഗന്ധമാവതീ (൨൪) പച്ചില (൨൫) ലതാകസ്തൂരി (൨൬) വെരികിൻചട്ടം (൨൭) അറബിക്കുന്തിരിക്കം (൨൮) ദേവതാരം (൨൯) തുംപുണ്ണരി (൩൦) നാഗ്രണം (൩൧) മുത്തങ്ങായും പെരുമുത്തങ്ങായും (൩൨) ഉലുവാ (൩൩) വെളുത്തജീരകവും കറുത്തജീരകവും പെരുംജീരകവും (൩൪) കാട്ടുജീരകം (൩൫) കന്നൂരം) (൩൬) ചോലരസം (കൽപൂവു്) (൩൭) ചാരളം (൩൮) നാഗപ്പൂവു് (൩൯) കരിംകർപ്പോലം (൪൦) തുണിനാറംകം (൪൧)അടവിക്കർപ്പോലം(൪൨)പവിഴക്കൊടി (൪൩) പ്രപൌണ്ഡരികം (൪൪) ചോനകപ്പുല്ലു് (൪൫) കർപ്പൂരതുളസി (൪൬) മക്കിപ്പൂവു്,

(൨൭) ആകാശമാഞ്ചി (൨൮) ഗോപീചന്ദനം (൨൯) വെരുകിൻപുഴുക്.

ജ്വരംഘ്നവർഗ്ഗം.

(൧) വേപ്പ് (൨) നിലവേപ്പ് (കിരിയാത്തു്) (൩) ഉത്തരാകിരിയാത്തു് (൪) അമൃതു് (൫) അതിവിടയം (൬) ചെമ്മരം (താളിമാതളപ്പൂപോലെ ചുവന്ന പൂവുള്ള മുള്ളിലവു്) (൭) വിഷ്ണുക്രാന്തി (൮) കരിനൊച്ചിയും വെൺനൊച്ചിയും (൯) കിരിവള്ളി (൧൦) ചന്ദനം (൧൧) വലിയവേപ്പു് (൧൨) പെരുംകുരുമ്പ (൧൩) വലിയകടമ്പു് (൧൪) അവിമരം (൧൫) ചേമന്തി (൧൬) സുദർശനവള്ളി (൧൭) കുന്നിറം ഇവ ജ്വരഹരങ്ങളായ ദിവ്യൌഷധങ്ങൾ ആകുന്നു.

കാസഘ്നവർഗ്ഗം.

(൧) താന്നിക്കാ (൨) തിപ്പലി (൩) കുവാരു് (൪) കക്കടകശൃംഗി (൫) ചെറുകുമിഴു് (൬) ചെറുതേക്കു് (൭) ആടലോടകം (൮) ആടുകൊട്ടപ്പാല (൯) കീഴാനെല്ലി (൧൦) ചമത (൧൧) വയമ്പു്.

കണ്ഡൂഘ്നവർഗ്ഗം.

(൧) മഞ്ഞൾ (൨) കാട്ടുമഞ്ഞൾ (൩) മാങ്ങാമഞ്ഞൾ (൪) കർപ്പൂരമഞ്ഞൾ (൫) പതുമുകം (൬) ഗോരോചന (൭) ഏലാവാലുകം (൮) കുഴിമുത്തങ്ങാ (൯) കൊട്ടം (൧൦) കുന്നിരണ്ടും (൧൧) കണവീരം (അലരി) (൧൨) നെന്മേനിവാക (൧൩) പെരുമരുതു് (വെൺമരുതു്. ഇതിന്റെ കറ ചെഞ്ചല്യം) (൧൪) പച്ചിലമരം (൧൫) പയൻ (൧൬) ഈന്തൽ (൧൭) ഇരുപൂർ (൧൮) വേങ്ങ (൧൯) ഓടൽ (൨൦) വലിയകാക്കത്തൊണ്ടി (൨൧) ഉങ്ങു് (൨൨) വലിയഉങ്ങു് (൨൩) എരുക്കിൻവേരു (൨൪) വലിയപ്ലാശു (൨൫) രുദ്രാക്ഷം (൨൬) കാട്ടുപരുത്തി ഇവ കണ്ഡൂഘ്നവർഗ്ഗത്തിൽപ്പെട്ട മരുന്നുകൾ ആകുന്നു.

കൃമിഘ്നവർഗ്ഗം.

(൧) വിഴാലരി (൨) മുരിക്കു് (൩) കാർകോളി (൪) കമ്പില്യം (൫) പേരാത്ത (൬) കടുംബിനി (വലിയനിലയാവു) (൭) എരിച്ചെവി (൮) ചമത.

സന്ധാനീയവർഗ്ഗം.

(൧) ധനപാവുക്കം (൨) നീർമരുതു് (൩) മഞ്ഞലോം പാണ്ട (൪) ചെഞ്ചല്യം.

ക്ഷതഘ്നവർഗ്ഗം.

(൧) വെള്ളത്താവണക്കു (൨) വള്ളിമുല്ല.

ഫലവർഗ്ഗം.

മാങ്ങ.

പച്ചമാങ്ങ—മൂന്നുദോഷങ്ങളേയും വർദ്ധിപ്പിക്കും. രക്തദോഷത്തെ ഉണ്ടാക്കും. തൊലികളഞ്ഞുണക്കിയ മങ്ങാ—വാതങ്ങളേ ശമിപ്പിക്കും. മലത്തെ ഇളക്കും. കണ്ണിമാങ്ങാ—കഫത്തെ ശമിപ്പിക്കും. വാതപിത്തങ്ങളേ വർദ്ധിപ്പിക്കും. രുചിയേ ഉണ്ടാക്കും. ഉപ്പിനോട്ടു ചേർത്താൽ രക്തദോഷത്തെ ചെയ്യും. പഴുത്തമാങ്ങാ—വാതത്തെ ശമിപ്പിക്കും കഫം, ബലം, മാംസം, അഗ്നി, ഇവയേയും കുറഞ്ഞൊന്നു പിത്തത്തെയും വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെയും സുഖത്തെയും ഉണ്ടാക്കും. ശുക്ലത്തെ വർദ്ധിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യും. നിറത്തെ നന്നാക്കും. ശ്രമത്തെയും തണ്ണീർദ്ദാഹത്തെയും തീർക്കും. മാങ്ങാത്തിര—വാതം, പിത്തം, തണ്ണീർദ്ദാഹം ഛർദ്ദി ഇവയേ ശമിപ്പിക്കും. മലത്തെഇളക്കും രുചിയേ ഉണ്ടാക്കും. മാന്തളിർ—കഫപിത്തങ്ങളേ ശമിപ്പിക്കുകയും രുചിയേ ഉണ്ടാക്കുകയും ചെയ്യും. മാവിൻപൂവു—കഫം, പിത്തം, രക്തദോഷം, അതിസാരം, പ്രമേഹം, ഇവയേ ശമിപ്പിക്കുകയും വാതത്തെ വർദ്ധിപ്പിക്കുകയും രുചിയേ ഉണ്ടാക്കുകയും മലത്തെ പിടിപ്പിക്കുകയും ചെയ്യും. തൊലി—കഫം, പിത്തം, രക്തദോഷം, പ്രമേഹം ഇവയേ ശമിപ്പിക്കുകയും വ്രണത്തെ ഉണക്കുകയും രുചിയേ ഉണ്ടാക്കുകയും മലത്തെ ബന്ധിക്കുകയും യോനി ശുദ്ധിയേ ചെയ്കയും ചെയ്യും. മങ്ങാ അണ്ടി—പിത്തം രക്തദോഷം ജ്വരം തണ്ണീർദ്ദാഹം ചൂടുനീർൽ വിഷൂചി ഇവയേ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും.

പ്ലാവു്

പച്ചപ്ലാക്കാ—വാതത്തെയും കഫത്തെയും മേദസ്സിനേയും വർദ്ധിപ്പിക്കുകയും പിത്തത്തേയും രക്തദോഷത്തെയും ചൂടുനീറ്റത്തെയും ക്ഷതം ക്ഷയം ഇവയേയും ശമിപ്പിക്കും. ബലത്തേയും മാംസത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. രുചിയേ ഉണ്ടാക്കും. പഴുത്തതു്—വാതം പിത്തം രക്തദോഷം ചൂടുനീർൽ ക്ഷതം ക്ഷയം ഇവയേ ശമിപ്പിക്കുകയും കഫത്തേയും ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കുകയും ദാഹത്തെ തടിപ്പിക്കുകയും രുചിയേ ഉണ്ടാക്കുകയും ക്രിമിയേ പൊടിപ്പിക്കുകയുംചെയ്യും. പൊടിച്ചക്ക—മൂന്നു ദോഷങ്ങളേയും ശമിപ്പിക്കയും ശുക്ലത്തെ വർദ്ധിപ്പിക്കുകയും മുഖശുദ്ധിയെചെയ്കയുംചെയ്യും. കുരുവു്—മലത്തെ പിടിപ്പിക്കുകയും ശുക്ലത്തെ വർദ്ധിപ്പിക്കുകയും മൂത്രത്തെ പെരിപ്പിക്കുകയും ചെയ്യും.

ഈത്തപ്പഴം.

വാതം പിത്തം രക്തദോഷം ജ്വരം അതിസാരം ക്ഷതം ക്ഷയം കോച്ചുവാതം ഛർദ്ദി വിഷപ്പു് തണ്ണീർദാഹം ചുമ വായുമുട്ടൽ

മദം മൂർച്ഛ മദ്യവികാരം ഇവയേ ശമിപ്പിക്കുകയും, കഫത്തേയും ക്രിമിയേയും ശുക്രത്തേയും ബലത്തേയും വർദ്ധിപ്പിക്കുകയും രുചിയേയും വിഷ്ടംഭത്തേയും ഉണ്ടാക്കുകയും പുഷ്ടിയേയും ഹൃദയപ്രസാദത്തേയും ചെയ്യുകയും തൃപ്തനായിരിക്കുകയും ചെയ്യും.

തണ്ണിമത്തൻ.

ഇതിന്റെ മദ്യമഥവം പിത്തം ചൂട്ടനീറൽ ഇവയേ ശമിപ്പിക്കുകയും വാതം കഫം ബലം ഇവയേ വർദ്ധിപ്പിക്കുകയും മലത്തേ തടുക്കുകയും പുഷ്ടിയും തൃപ്തിയും ഉണ്ടാക്കുകയും ശുക്ലത്തെ വർദ്ധിപ്പിക്കുകയും ഉറപ്പിക്കുകയും ഉഷ്ണിദ്യാനത്തെ ചെയ്കയും ചെയ്യും. പഴുത്തകായ് — വാതം കഫം ആനാഹം അശ്മരി ഇവയെ ശമിപ്പിക്കയും പിത്തത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും രുചിയേയും ഹൃദയപ്രസാദത്തേയും ഉണ്ടാക്കുകയും ചെയ്യും.

മത്തങ്ങാ.

മൂത്രത്തെ വർദ്ധിപ്പിക്കുകയും ബലത്തെ ഉണ്ടാക്കുകയും കോഷ്ഠശുദ്ധിയേ ചെയ്കയും പിത്തത്തേയും വാതത്തേയും ശമിപ്പിക്കയും കഫത്തേയും ശുക്രത്തേയും ബലത്തേയും വർദ്ധിപ്പിക്കുകയും ചെയ്യും. തണ്ണിത്തതും സ്നിഗ്ധനത്തോടുകൂടിയതും രുചിയുള്ളതുമാണ്. ഉന്മാദത്തെ ശമിപ്പിക്കും. പക്വമില്ലാത്തകായ് പിത്തത്തേയും രക്തദോഷത്തേയും മൂത്രകൃച്ഛ്രത്തേയും ഉണ്ടാക്കും.

മുള്ളൻവെള്ളരി.

പിത്തം രക്തദോഷം ചൂട്ടനീറൽ തണ്ണീർദാഹം ക്ലമം അശ്മരി ഉന്മാദം ഇവയേ ശമിപ്പിക്കും. രുചിയേ ഉണ്ടാക്കുകയും മൂത്രത്തേ പെരുപ്പിക്കുകയും ചെയ്യും. അതിന്റെകൂടെ പിത്തം രക്തദോഷം മൂത്രകൃച്ഛ്രം ഇവയേ ശമിപ്പിക്കുകയും മൂത്രത്തേ പെരുപ്പിക്കുകയുംചെയ്യും.

വെള്ളത്തവെള്ളരി.

പിത്തത്തേയും കഫത്തേയുംമൂത്രകൃച്ഛ്രത്തേയും അശ്മരിയേയും പ്രമേഹം ചൂട്ടനീറൽ മെലിവ് ഇവയേയും ശമിപ്പിക്കും. മലത്തേ പിടിപ്പിക്കും വയറടപ്പിനേ ഉണ്ടാക്കും.

അടയ്ക്കാ.

പഴുത്തത് കഫപിത്തങ്ങളെ ശമിപ്പിക്കയും വായിലെ അഴുക്ക് ദുർഗ്ഗന്ധം പുഴുപ്പ് വൈരസ്യം ഇവയേ കളകയും ലഹരിയേ ഉണ്ടാക്കുകയും രുചിയേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും മലത്തെ ഇളക്കുകയും മൂന്നുദോഷങ്ങളേയും ശമിപ്പിക്കുകയും ചെയ്യും. പച്ചക്കാ കഫത്തേ അലിയിപ്പിക്കുകയും പിത്തം അധ്മാനം ഇവയേ ശമിപ്പിക്കുകയും കണ്ഠത്തിൽ തടവിനേ ഉണ്ടാക്കുകയും മലത്തെ ഇളക്കുകയും അഗ്നിമാന്ദ്യത്തേയും ഉഷ്ണിദ്യാനത്തേയും ചെയ്കയുംചെയ്യും. പച്ചക്കാ ഉണങ്ങി

യാൽ രുചിയെ ഉണ്ടാക്കുകയും ആമത്തെ പചിപ്പിക്കുകയും മലത്തെ ഇളക്കുകയും കണ്ഠശൂലയെ ചെയ്യുകയും ചെയ്യും. പച്ചക്കാ—പുഴുങ്ങി ഉണങ്ങിയാൽ മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. പക്വതി മുപ്പായതു്—പുഴുങ്ങി ഉണങ്ങിയാൽ ഏറ്റവും നല്ലതു്. ഇളയ അടയ്ക്കാ—എല്ലാദോഷങ്ങളേയും ശമിപ്പിക്കും. ഏതുവിധത്തിലുള്ള അടയ്ക്കായും വെറ്റിലയോടുകൂടാതെ ഭക്ഷിച്ചാൽ രോഗത്തെവർദ്ധിപ്പിക്കുകയും വാതം പാണ്ഡു മെലിവു് ഇവയെ ഉണ്ടാക്കുകയും ചെയ്യും. ഇതിന്റെകറ വാതത്തെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. മോഹത്തെഉണ്ടാക്കും പൂവ് മൂന്നുദോഷങ്ങളേയും ശമിപ്പിക്കും. ബലത്തെവർദ്ധിപ്പിക്കും.

കരിമ്പന.

ഓഴുത്ത പനങ്കാ പിത്തത്തേയും രക്തദോഷത്തേയും കഫത്തേയും വർദ്ധിപ്പിക്കും. മലത്തേയും മടിയേയും ബലത്തേയും ശുക്രത്തേയും ഉണ്ടാക്കും. പിത്തത്തെ ശമിപ്പിക്കുമെന്നും കൃമിയേയും കഫത്തേയും നശിപ്പിക്കുമെന്നും അഭിപ്രായവ്യത്യാസം ഉണ്ടു്. മൂത്രത്തെ വർദ്ധിപ്പിക്കും. പഴുത്ത കായുടെ ഉള്ളിലെ കഴമ്പ് വാതപിത്തങ്ങളെ ശമിപ്പിക്കുകയും മൂത്രത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയുംചെയ്യും. ഇളയകായുടെ വെള്ളം പിത്തത്തെ ശമിപ്പിക്കുകയും ശുക്രത്തേയും മുലപ്പാലിനേയും വർദ്ധിപ്പിക്കുകയും ഏറ്റവും മടത്തെ ഉണ്ടാക്കുകയും ചെയ്യും. ഏട്ടുത്തുവച്ചു താമസിച്ചു പുളിച്ചവെള്ളം—വാതത്തെ ശമിപ്പിക്കുകയും പിത്തത്തെ കോപിപ്പിക്കുകയും ചെയ്യും. ഇളയകായുടെ ഉള്ളിലെകഴമ്പു്—വാതപിത്തങ്ങളേ ശമിപ്പിക്കും. കഫം മൂത്രം ശുക്രം ഇവയേ വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. ഇതിന്റെ ചേരു് വാതം പിത്തം വ്രണം ശ്രമം സർവ്വാംഗസന്താപം മെലിവ് തണ്ണീർദാഹം ഇവയേ ശമിപ്പിക്കും. മലത്തിനു അയവുവരുത്തും. വസ്തിശുദ്ധിയേചെയ്യും.

വ്ളാർമരത്തിൻകായു്.

ഇതിന്റെ പഴുത്ത കായു് വാതം, കഫം, ചുമ, വായുമുട്ടൽ, തണ്ണീർദോഹം, ഇക്കിൾ, വിഷം, ഛർദ്ദി, ശ്രമം വാട്ടം ഇവയേശമിപ്പിക്കും. കണ്ഠശൂലയേചെയ്യും രുചിയേ ഉണ്ടാക്കും. ഇതിന്റെ വിഷ്ടംഭരോഗത്തേയും ശിരോരോഗത്തേയും വിഷം, വിസൂചി, ഇവയേയും ശമിപ്പിക്കും. ഇതിന്റെ എണ്ണ കഫം, പിത്തം, ഛർദ്ദി, ഇക്കിൾ പുലിവിഷം ഇവയേശമിപ്പിക്കും. മലത്തെ പിടിക്കും. ഇല—അതിസാരത്തിനും ഛർദ്ദിക്കും നല്ലതാണു്. പൂവു്—എത്ര വിഷവും ശമിപ്പിക്കും.

ആറുഞാവൽ (കാട്ടുഞാവ)

ഇതിന്റെ പഴം ഞാവൽ പഴം പോലെ ഗുണത്തോടു കൂടിയതും

മാജസ്സിനേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും അഗ്നിമാന്ദ്യത്തെ ചെയ്യുകയും ചെയ്യും.

തൈർവെള്ളം.

ബലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും ക്ലമത്തെ തീർക്കുകയും ആമത്തെ പചിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും ഹൃദയപ്രസാദത്തെ വരുത്തുകയും ഉറച്ചു കൂടിക്കിടക്കുന്ന മലങ്ങളെ വേഗത്തിൽ ഇളക്കുകയും സ്രോതസ്സുകളെ ശുദ്ധിയാക്കുകയും വാതം കഫം തണ്ണീർദാഹം മഹോദരം അർശസ്സ് പ്ലീഹ വയറുവീർപ്പ് ശൂലം പാണ്ഡു വായുമൂട്ടൽ ഗുല്മം ഇവയെ ശമിപ്പിക്കുകയും ചെയ്യും.

പശുവിൻതൈര്.

വാതത്തെ ശമിപ്പിക്കുകയും ബലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും ഹൃദയപ്രസാദത്തെ വരുത്തുകയും മലത്തെ പിടിപ്പിക്കുകയും പുഷ്ടിയെ ചെയ്യുകയും പരിശുദ്ധമായും മംഗലപ്രദമായും ഇരിക്കുകയും ചെയ്യും.

എരുമത്തൈര്.

വിശേഷാൽ രക്തത്തെ ദൂഷിപ്പിക്കുകയും, ശ്രമത്തെ തീർക്കുകയും കഫത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും വാതത്തേയും പിത്തത്തേയും ശമിപ്പിക്കുകയും ചെയ്യും.

ആട്ടിൻതൈര്.

സാധാരണതൈരിന്റെ ഗുണത്തിനു പുറമെ ശുക്രത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും ആമത്തെ പചിപ്പിക്കുകയും മലത്തെ പിടിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും ത്രിദോഷം ക്ഷയം വായുമൂട്ടൽ ചുമ രക്തദോഷം അർശസ്സ് നേത്രരോഗം ഇവയെ ശമിപ്പിക്കുകയും ചെയ്യും.

വെണ്ണ.

കഫത്തേയും ശുക്രത്തേയും ബലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും ഓമ്മയെ കൊടുക്കുകയും മലത്തെ പിടിപ്പിക്കുകയും പുഷ്ടിയെ ചെയ്യുകയും വാതം പിത്തം രക്തദോഷം ചുട്ടനീറൽ തണ്ണീർദാഹം ക്ഷയം അർശസ്സ് ചുമ വായുമൂട്ടൽ അർദ്ദിതവാതം ശ്രമം ശൂലം വ്രണം ഇവയെ ശമിപ്പിക്കുകയും ചെയ്യും.

പാലിൽനിന്നും അപ്പോൾ കടഞ്ഞെടുത്ത വെണ്ണ.

ബലത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും സൌന്ദര്യത്തെ ഉണ്ടാക്കുകയും സന്തോഷത്തെ കൊടുക്കുകയും മലത്തെ പിടിപ്പിക്കുകയും പിത്തം രക്തദോഷം നേത്രരോഗം ഇവയെ ശമിപ്പിക്കുകയും ജീവ

നമായും ബൃംഹണമായും മാധുര്യവും സ്നിഗ്ധതയും ശൈത്യവും ഉള്ള തായും ഇരിക്കുകയും ചെയ്യും.

പശുവിൻവെണ്ണ.

സാധാരണയുള്ള വെണ്ണയുടെ ഗുണത്തിനുപുറമേ വാതം ക്ഷയം ശ്രമം സർവ്വാംഗശൂലം ഇവയെ ശമിപ്പിക്കുകയും കഫത്തേയും ശുക്ലത്തേയും ബലത്തേയും കാന്തിയേയും വർദ്ധിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും മലത്തെ പിടിപ്പിക്കുകയും സുഖത്തെ വർദ്ധിപ്പിക്കുകയും പുഷ്ടിയെ ചെയ്യുകയും ചെയ്യും. കുട്ടികർക്കും വയസ്സുചെന്നവർക്കും കണ്ണിനും ഹിതമായിട്ടുള്ളതാകുന്നു.

എരുമവെണ്ണ.

വിശേഷാൽ പിത്തത്തെ ശമിപ്പിക്കുകയും ബലത്തെ വർദ്ധിപ്പിക്കുകയും മഹോദരത്തെ ഉണ്ടാക്കുകയും ചെയ്യും.

ആട്ടിൻവെണ്ണ.

ഇതു ത്രിദോഷത്തെയും വിശേഷാൽ കഫം ക്ഷയം ചുമ നേത്രരോഗം ഇവയേയും ശമിപ്പിക്കും.

നെയ്യ്.

അല്പമായി കഫത്തെ ദ്രവിപ്പിക്കുകയും ശുക്ലത്തേയും ബലത്തേയും ആയുസ്സിനേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും ഓജോവർദ്ധനത്തേയും സൌന്ദര്യത്തേയും അംഗങ്ങൾക്കു മാർദ്ദവത്തേയും ബുദ്ധിയേയും മാംസശക്തിയേയും കൊടുക്കുകയും ബീജബലം ഇല്ലാത്ത പുരുഷന്മാർക്കും വന്ധ്യകളായ സ്ത്രീകൾക്കും കുട്ടികൾക്കും യുവാക്കന്മാർക്കും വയസ്സുചെന്നവർക്കും അടി ഏറ്റു ക്ഷീണിച്ചവർക്കും ക്ഷതക്ഷീണന്മാർക്കും തീപ്പൊള്ളിയ വ്രണമുള്ളവർക്കും ഹിതത്തെ കൊടുക്കുകയും സ്വരത്തെ നന്നാക്കുകയും പിത്തം വാതം നേത്രരോഗം വിഷം അപസ്മാരം അലക്ഷ്മി രാക്ഷസപീഡ ഉദാവർത്തം പുരാണജ്വരം ഉന്മാദം ശൂലം അനാഥം വ്രണം ഇവയേ ശമിപ്പിക്കുകയും ചെയ്യും.

പശുവിൻനെയ്യ്.

സാധാരണ നെയ്യിന്റെ ഗുണങ്ങൾ കൂടാതെ വിശേഷാൽ വാതം പിത്തം കഫം വിഷം ശ്രമം അലക്ഷ്മി പാപം ഗ്രാഹപീഡ ഇവയെ ശമിപ്പിക്കുകയും ബലത്തേയും ശുക്രത്തേയും അഗ്നിയേയും ആയുസ്സിനേയും ഓജസ്സിനേയും തേജസ്സിനേയും സ്മൃതിയേയും ബുദ്ധിയേയും സൌന്ദര്യത്തേയും ദേഹകാന്തിയേയും വർദ്ധിപ്പിക്കുകയും പുഷ്ടിയേ ചെയ്യുകയും അംഗങ്ങൾക്കു ഉറപ്പുവരുത്തുകയും കണ്ണിനു ഏറ്റവും നന്മയെ ചെയ്യുകയും രുചിയെ ഉണ്ടാക്കുകയും നൈർമ്മല്യത്തെ ക്ഷയിപ്പിക്കാതെ നിലനിർത്തുകയും ജരാവ്യാധിയെ ഇല്ലാതാക്കുകയും ചെയ്യും.

എരുമനെയ്യ്.

വിശേഷാൽ വാതം പിത്തം രക്തദോഷം അർശസ്സ് ഗ്രഹണി ഇവയെ ശമിപ്പിക്കുകയും കഫത്തേയും ബലത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും മോഹകാന്തിയെ ഉണ്ടാക്കുകയും കണ്ണിനു നന്മയെ ചെയ്യുകയും ചെയ്യും.

ആട്ടിൻനെയ്യ്.

സാധാരണ നെയ്യിന്റെ ഗുണത്തോടുകൂടിയതും വിശേഷാൽ ചുമ വായുമുട്ടൽ ക്ഷയം അർശസ്സ് ഇവയെ ശമിപ്പിക്കുകയും അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കുകയും കണ്ണിനു് ഏറ്റവും ഹിതത്തെ ചെയ്യുകയും ചെയ്യും.

കറിയാട്ടിൻപാലു്.

അഗ്നിയേയും വാതാധികമായിരിക്കുന്ന ചുമയേയും ശമിപ്പിക്കുകയും കഫപിത്തങ്ങളേയും ധാതുക്കളേയും വർദ്ധിപ്പിക്കുകയും രക്തദോഷം വായുമുട്ടൽ ഇക്കിൾ ഇവയെ ഉണ്ടാക്കുകയും മുടിയെ നന്നാക്കുകയും ശുക്രത്തെ വർദ്ധിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യും. വാതശോണിതം ഉള്ളവക്ക് ധാരയ്ക്കു നല്ലതാണു്.

കറിയാട്ടിൻതൈരു്.

രക്തപിത്തം ഗ്രഹണം അർശസ്സ് കഫം ഈ രോഗങ്ങൾക്കു വിരുദ്ധത്തെ ചെയ്യുകയും പിത്തകഫങ്ങളെ വർദ്ധിപ്പിക്കുകയും വാതത്തെ ശമിപ്പിക്കുകയും ചെയ്യും. കഫത്തേയും മേദസ്സിനേയും ദഹിപ്പിക്കുകയും അർശസ്സിനെ വർദ്ധിപ്പിക്കുകയും ചെയ്യും.

കറിയാട്ടിൻനെയ്യ്.

അസ്ഥികളെ വലിപ്പിക്കും. കണ്ണിനു ഹിതത്തെ ചെയ്യും. വാതം കഫം അഗ്നി വീക്കം മെലിവു് യോനിദോഷം വിഷം വിറയൽ ഇവയെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കുകയില്ല.

മൂത്രവർഗ്ഗം.

പശുവിൻമൂത്രം (ഗോമൂത്രം.)

സ്രോതസ്സുകളെ വെടിപ്പാക്കുകയും തടഞ്ഞിരിക്കുന്ന വായുവിനെ നേരെയാക്കുകയും കഫം വാതം ഗുല്മം മഹോദരം ആനാഹം ചൊറി മലബന്ധം നേത്രരോഗം മുഖരോഗം വിഷം ശിരസ്സു് അമദോഷം വസ്തിനോവു് വയറുനോവു് കൃമി അതിസാരം ചുമ വായുമുട്ടൽ ജ്വരം കണ്ണുരോഗം വീക്കം കാമല പാണ്ഡു അർശസ്സ് മലശോധി മൂത്രത്തടവു് കൃമി വാതരോഗം മേദസ്സ് ഇവയെ ശമിപ്പിക്കുകയും ചെയ്യും. ഇതു് എല്ലാ മൂത്രങ്ങളിലും ശ്രേഷ്ഠവും പരിശുദ്ധവും ഗുണവുമാകുന്നു. മൂത്രം എന്നുള്ള വിധിയിൽ രണ്ടിനെയും ഗോമൂത്രമെന്നു തന്നെ ചേർത്തുകൊള്ളണം.

എരുമമൂത്രം.

അനാഹം മഹോദരം വീക്കം ഗുൽമം കഫം ശ്വാസം നേത്രരോഗം അർശസ്സ് ചൊറി പ്രമേഹം വിഷൂചിക പാണ്ഡു ഇവയെ ശമിപ്പിക്കും. മലത്തിനു് അയവുവരുത്തും.

കോലാട്ടിൻമൂത്രം.

മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. കഫം മഹോദരം പ്ലീഹ വായുമുട്ടൽ വിഷം ഗുന്മം നാഡീവ്രണം കാമല പാണ്ഡു ചുമ ശൂല അർശസ്സ് ഇവയെ ശമിപ്പിക്കും. ചെവിക്കുത്തിനെ തീർക്കും.

ആനമൂത്രം.

വാതത്തേയും കഫത്തേയും ഭൂതാവേശത്തേയും ഇക്കിൾ വായുമുട്ടൽ ശൂലം വിഷം മണ്ഡലകുഷ്ഠം അർശസ്സ് ശ്വിത്രം ഗുന്മം കൃമി മൂത്രത്തടയ് ഇവയേയും ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കുകയും മലത്തെ ഇളക്കുകയും ചെയ്യും.

കുഴുതമൂത്രം.

വാതം കഫം കൃമി വ്രണം കുട്ടവിഷം ഉന്മാദം ചിരങ്ങ് കൃമി ഛർദ്ദി വിറയൽ ഗ്രഹണി പ്രമേഹം അപസ്മാരം ഗ്രഹപീഡ ഭൂതാവേശം ഇവയെ ശമിപ്പിക്കുകയും അഗ്നിയെ വർദ്ധിപ്പിക്കുകയുംചെയ്യും.

കുറിയാട്ടിൻമൂത്രം.

വാതം വീക്കം അർശസ്സ് പ്രമേഹം മലബന്ധം മഹോദരം ശൂലം വിഷം ചുമ വായുമുട്ടൽ പ്ലീഹ ഇവയെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കുകയില്ല.

കുതിരമൂത്രം.

കഫം വാതം വിഷം കൃമി വ്രണം കൃമി ഉന്മാദം ചിരങ്ങ് ശ്വിത്രം ഛർദ്ദി ഇവയെ ശമിപ്പിക്കും. പിത്തത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെ ഇളക്കും.

കഴുതകത്തിൻമൂത്രം.

വാതം കഫം കൃമി വീക്കം ശൂലം മഹോദരം വൃദ്ധി ഇവയെ ശമിപ്പിക്കുകയും മലത്തെ ഇളക്കുകയും ചെയ്യും.

മനുഷ്യമൂത്രം.

വാതം കഫം രക്തദോഷം കുട്ടവിഷം സ്ഥാവരാദിവിഷം തൃഗ്ദോഷം കൃമി ഭൂതാവേശം വ്രണം ഇവയെ ശമിപ്പിക്കും. അന്നത്തെ പചിപ്പിക്കും.

മൂലപ്പാലു്.

സാമാന്യം പാലിനുള്ള എല്ലാ ഗുണത്തോടുകൂടിയും വിശേഷാൽ വാതം പിത്തം രക്തദോഷം ഇവയെ ശമിപ്പിക്കുന്നതും അന്നത്തെ പചിപ്പിക്കുന്നതും അഗ്നിയെ വർദ്ധിപ്പിക്കുന്നതും കണ്ണിൽ നിറു

ഉത്തമനതിനും ഒഴിക്കുന്നതിനും നസ്യത്തിനും ഏറ്റവും നല്ലതായിട്ടുള്ളതും ചതവ് മുറിവ് നോവ് മുതലായ നേത്രദോഷങ്ങളെ ശമിപ്പിക്കുന്നതും സപ്തധാതുക്കളേയും കുറുപോലെ വർദ്ധിപ്പിക്കുന്നതും സ്നേഹനമായും ജീവനമായും ചേർക്കുന്നതും ആകുന്നു.

മുലപ്പാലിൽനിന്നും ഉണ്ടാകുന്ന നെയ്യ്.

കണ്ണിന് ഏറ്റവും നല്ലതും ഗ്രഹപീഡയെ തീർക്കുന്നതും അമൃതം പോലെ ഹിതമായിട്ടുള്ളതും ശരീരപുഷ്ടിയെ ഉണ്ടാക്കുന്നതും അഗ്നിയെ വർദ്ധിപ്പിക്കുന്നതും രുചിയെ ഉണ്ടാക്കുന്നതും ത്രിദോഷം രക്തദോഷം പ്രമേഹം മൂർച്ഛ കുഷ്ഠം ഉന്മാദം അപസ്മാരം യോനിരോഗം വിഷം ഇവയെ ശമിപ്പിക്കുന്നതും ആകുന്നു.

കരിമ്പിൻനീര്.

കഫം മൂത്രം ശുക്ലം ബലം ഇവയെ വർദ്ധിപ്പിക്കുകയും ദേഹത്തെ തടിപ്പിക്കുകയും മലത്തിനു അയവു വരുത്തുകയും പിത്തം രക്തദോഷം ഇവയെ ശമിപ്പിക്കുകയും ജീവനമായിരിക്കുകയും വാതത്തെ ശമിപ്പിക്കുകയും കൃമിയെ പെരുപ്പിക്കുകയും പിത്തത്തെയും രക്തദോഷത്തെയും ശമിപ്പിക്കുകയും ചെയ്യും.

നീലക്കരിമ്പിൻനീര്.

സാമാന്യം കരിമ്പിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ബലത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും ദേഹത്തെ തടിപ്പിക്കുകയും ഹൃദയപ്രസാദത്തെ വരുത്തുകയും മൂന്നു ദോഷങ്ങളെയും ശമിപ്പിക്കുകയും ചെയ്യും.

വെള്ളക്കരിമ്പ്.

ഗുണംകൊണ്ടു സാമാന്യം കരിമ്പിനോടൊത്തതും വിശേഷാൽ രുചിയേയും അഗ്നിയേയും വർദ്ധിപ്പിക്കുന്നതുമാകുന്നു.

ശർക്കര.

ശുക്രത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും ഹൃദയപ്രസാദത്തെ വരുത്തുകയും രുചിയെ ഉണ്ടാക്കുകയും പത്ഥ്യമായിരിക്കുകയും വാതം പിത്തം രക്തദോഷം ചുട്ടനീറൽ ശ്രമം ഇവയെ ശമിപ്പിക്കുകയും പുഷ്ടിയെ ഉണ്ടാക്കുകയും ചെയ്യും. കഫത്തെ വർദ്ധിപ്പിക്കുകയില്ല. മറ്റൌഷധങ്ങളോടു ചേർന്നാൽ ഇതു ത്രിദോഷത്തെയും ജ്വരത്തെയും പാണ്ഡുവിനേയും പ്രമേഹത്തേയും ശമിപ്പിക്കുകയും മലമൂത്രങ്ങളുടെ തടവിനെ തീർക്കുകയും ബലത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. പുതിയതായിരുന്നാൽ വാതത്തേയും കാഞ്ഞൊന്നു പിത്തത്തെയും ശമിപ്പിക്കും. കഫത്തേയും കൃമിയേയും ബലത്തേയും ഉണ്ടാക്കും. മലത്തെ ഇളക്കുകയും മൂത്രത്തെ വർദ്ധിപ്പിക്കുകയും അഗ്നിമാന്ദ്യത്തെ ഉണ്ടാക്കുകയും രക്തദോഷത്തെ ചെയ്യുകയും ചെയ്യും.

പഞ്ചസാര.

ബലത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും ഏറ്റവും രുചിയെ ഉണ്ടാക്കുകയും വാതം പിത്തം രക്തദോഷം സർവ്വാംഗസന്താപം മൂർച്ഛ ഛർദ്ദി ജ്വരം ഭ്രമം തണ്ണീർത്താഹം ചുമ ശ്രമ വിഷം മൂത്രദോഷം ക്ഷതം ക്ഷയം ഇവയെ ശമിപ്പിക്കുകയും ചെയ്യും.

കല്ക്കണ്ടം.

കഫത്തേയും ശുക്രത്തേയും ബലത്തേയും വർദ്ധിപ്പിക്കുകയും ദേഹത്തെ തടിപ്പിക്കുകയും വിശേഷിച്ചും ഛർദ്ദിയെ ശമിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും വാതം പിത്തം രക്തദോഷം കഫം വായുമൂട്ടൽ വ്രണം ഇക്കിൾ മൂർച്ഛ ക്ഷതം ക്ഷയം തണ്ണീർദാഹം ഇവയെ ശമിപ്പിക്കുകയും ചെയ്യും. കണ്ണിനു വളരെ നല്ലതാകുന്നു.

പതിയൻശർക്കര.

വാതം പിത്തം ശ്രമം മൂത്രത്തടവ് ഇവയെ ശമിപ്പിക്കുകയും കഫത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും ദേഹത്തെ തടിപ്പിക്കുകയും വസ്തിശുദ്ധിയെ ചെയ്യുകയും ചെയ്യും.

തേൻ.

ബലത്തേയും ശുക്രത്തേയും ബുദ്ധിയേയും അഗ്നിയേയും കുറഞ്ഞൊന്നു വാതത്തേയും വർദ്ധിപ്പിക്കുകയും ചെറിയ നാഡികളിൽ പ്രവേശിച്ചു ദോഷത്തെ ശമിപ്പിക്കുകയും മേദസ്സിനെ ക്ഷയിപ്പിക്കുകയും ദേഹകാന്തിയേയും ഹൃദയപ്രസാദത്തേയും സന്ദേഹത്തേയും ഉണ്ടാക്കുകയും സ്വരത്തെ നന്നാക്കുകയും രുചിയെ ഉണ്ടാക്കുകയും സ്രോതസ്സുകളെ വെടിപ്പാക്കുകയും അധിമാംസം മുതലായവയെ മുറിച്ചുകളകയും വ്രണത്തെ വെടിപ്പാക്കുകയും കൂട്ടിപ്പിടിപ്പിക്കുകയും ഏതിനോടു ചേരുന്നുവോ അതിന്റെ ഗുണത്തെ ചെയ്യുകയും കഫംപിത്തം രക്തദോഷം കഫം അർശ്സ് ചുമ വായുമൂട്ടൽ പ്രമേഹം കൃമി തണ്ണീർദാഹം ക്ലമം ഛർദ്ദി അതിസാരം ഇക്കിൾ ചുട്ടനീറൽ ക്ഷയം ഉരക്ഷതം വിലക്കം വിഷം വയറടപ്പ് മദം നേത്രരോഗം ഇവയെശമിപ്പിക്കുകയുംചെയ്യും.

ചെറുതേൻ.

സാധാരണ തേനിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ വാതം പിത്തം പ്രമേഹം നേത്രരോഗം ഇവയെ ശമിപ്പിക്കുകയും അധിമാംസം മുതലായവയെ ഉരുക്കുകളകയും മലത്തെ പുറത്തുതള്ളുകയും ചെയ്യും.

മാക്ഷികം എന്ന തേൻ.

സാധാരണ തേനിന്റെ ഗുണത്തോടുകൂടിയതും വിശേഷാൽ കാമല അർശ്സ് ഉരക്ഷതം ക്ഷയം ചുമ വായുമൂട്ടൽ ഇവയെ ശമിപ്പിക്കുന്നതും വ്രണലേപനത്തിൽ ഏറ്റവും നല്ലതും ആകുന്നു.

പൈത്തികമെന്ന തേൻ.

(ഏറ്റവും ചെറിയ ഈച്ചയുടെ തേൻ.)

വിശേഷാൽ കഫം പ്രമേഹം മൂത്രകൃച്ഛ്രം ഗ്രന്ഥി കണ്ണിലെ മറിവു് വ്രണം ഇവയെ ശമിപ്പിക്കുകയും വാതം പിത്തം രക്തദോഷം ചുട്ടനീറൽ ഇവയെ ഉണ്ടാക്കുകയും ദേഹത്തെ തടിപ്പിക്കുകയും മദത്തെ ഉണ്ടാക്കുകയും മലത്തെ ഇളക്കുകയും ചെയ്യും.

നല്ലെണ്ണ (എള്ളെണ്ണ.)

നല്ലെണ്ണ തേച്ചാൽ പ്രമേഹം യോനിരോഗം കണ്ണുരോഗം ശിരോരോഗം ഇവയെ ശമിപ്പിക്കുകയും അഗ്നിയെ വർദ്ധിപ്പിക്കുകയും ഓജസ്സിനെ കൊടുക്കുകയും വ്രണത്തെ വാട്ടുകയും പുഷ്ടിയേയും ലാവണ്യത്തേയും ചെയ്യുകയും തൊലിക്കു മിനുസമുണ്ടാക്കുകയും മുടിയെ നന്നാക്കുകയും ചെയ്യും. കണ്ണിനു ഏറ്റവും നല്ലതാണു്. ഒടിവു് ചതവു് മുറിവു് പിളർപ്പു് തുടങ്ങിയുള്ളവ ഇതുകളിൽ വിശേഷിച്ചും ഉപയോഗിക്കാം. വസ്തിചെയ്യുന്നതിനും കുടിക്കുന്നതിനും അന്നസംസ്കാരത്തിനും നസ്യത്തിനും കണ്ണുപൂരണത്തിനും കണ്ണിൽ നിറുത്തുന്നതിനും കഴിക്കുന്നതിനും തേയ്ക്കുന്നതിനും മുഴുകുന്നതിനും എല്ലാ എണ്ണകളിലുംവച്ചു് ശ്രേഷ്ഠം നല്ലെണ്ണയാണു്. ഇതു ദിവസവും വായിൽ കൊണ്ടാൽ പല്ലുകൾക്കു് ഉറപ്പുണ്ടാവുകയും രുചി വർദ്ധിപ്പിക്കുകയും ചെയ്യും. വിധിപ്രകാരം ശീലിച്ചാൽ ജരാനരകളെ തീർക്കും. കുടിച്ചാൽ വാതം കഫം ചൊറി ചിരങ്ങു് ഇവയെ ശമിപ്പിക്കുകയും വ്രണങ്ങളെ ഉണക്കുകയും ക്രിമികളെ നശിപ്പിക്കുകയും പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കുകയും അഗ്നിദോഷത്തെ ചെയ്യുകയും ഏറ്റവും ചെറുതായ നാഡികളിൽ പ്രവേശിച്ചു ദോഷങ്ങളെ ശമിപ്പിക്കുകയും മലത്തേയും മൂത്രത്തേയും തടുക്കുകയും മെലിഞ്ഞവരെ തടിപ്പിക്കുകയും തടിച്ചവരെ മെലിയിക്കുകയും അംഗങ്ങൾക്കും ശുക്രത്തിനും ഉറപ്പുവരുത്തുകയും ബലത്തെ വർദ്ധിപ്പിക്കുകയും അധിമാംസം മുതലായവയെ മുറിച്ചു കളയുകയും ഗർഭാശയശുദ്ധിയെ ചെയ്യുകയും ചെയ്യും.

ആവണക്കെണ്ണ.

പിത്തത്തെ കോപിപ്പിക്കുകയും അഗ്നിയേയും ബലത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും ബുദ്ധിയെ നന്നാക്കുകയും ദേഹകാന്തിയെ വരുത്തുകയും യോനിശുദ്ധിയെ ചെയ്യുകയും മലത്തെ ഇളക്കിപുറത്തുകളയുകയും യൌവ്വനത്തെ നിലനിറുത്തുകയും സ്രോതശ്ശുദ്ധിയെ ചെയ്യുകയും ശുക്രദോഷത്തെ തീർക്കുകയും ഏറ്റവും ചെറുതായ നാഡികളിൽ കടന്ന ദോഷങ്ങളെ ശമിപ്പിക്കുകയും വാതം കഫം വിഷമജ്വരം ഹൃദ്രോഗം കോഷ്ഠശൂലം പൃഷ്ഠശൂലം ഗുഹ്യാദിശൂലം മഹോദരം കൃമി കഫം അനാഹം ഗുന്മം അപസ്മാരം ശ്ലീപദം അംഗഗ്രഹം വീ

ക്കും വാതരക്തം ശൂലം ഉദാവർത്തം ജീർണ്ണജ്വരം വൃദ്ധി ഗ്രന്ഥി വിദ്രധി ആമവാതം ഇവയെ ശമിപ്പിക്കുകയും ചെയ്യും.

വേപ്പെണ്ണ.

പിത്തത്തേയും രക്തത്തേയും ദൂഷിപ്പിക്കുകയും മേദസ്സിനേയും ധാതുക്കളേയും ശുക്രത്തേയും ക്ഷയിപ്പിക്കുകയും വിശേഷിച്ചും കഫം കുഷ്ഠം വ്രണം ജ്വരം കൃമി അർശ്ശസ്സ് പ്രമേഹം ശിരോരോഗം വീക്കം ഇവയെ ശമിപ്പിക്കുകയുംചെയ്യും.

കടുകെണ്ണ.

വാതം കഫം മേദസ്സ് പ്രമേഹം അർശസ്സ് ശിരോരോഗം കണ്ണ രോഗം ചൊറി കുഷ്ഠം കൃമി ശ്വിത്രം കോഠം ദുഷ്ടവ്രണം ഇവയെ ശമിപ്പിക്കുകയും രക്തപിത്തത്തെ ഉണ്ടാക്കുകയുംചെയ്യും. ശുക്രത്തെ ക്ഷയിപ്പിക്കും. കണ്ണിനു നല്ലതാണ്. അഗ്നിയെ വർദ്ധിപ്പിക്കും ലേഖനമായിരിക്കും.

കർപ്പൂരതൈലം.

കഫം വാതം ജ്വരം ശൂലം അപസ്മാരം ആമവാതം വയറുവീർപ്പ് ശിരോരോഗം മൂർച്ച ചതവ് ഇവയെ ശമിപ്പിക്കുകയും പിത്തത്തെ വർദ്ധിപ്പിക്കുകയും വയറുവീർപ്പിനെ ഉണ്ടാക്കുകയും പല്ലിനു ഉറപ്പുവരുത്തുകയും ചെയ്യും.

കശകശഎണ്ണ.

വാതത്തെ ശമിപ്പിക്കുകയും കഫത്തേയും ശുക്രത്തേയും ബലത്തേയും വർദ്ധിപ്പിക്കുകയും ചെയ്യും.

തേങ്ങാഎണ്ണ.

വാതം പിത്തം ചുമ വായു മൂത്രക്ഷയം പ്രമേഹം ഇവയെ ശമിപ്പിക്കുകയും കഫത്തേയും ക്ഷയിച്ചുപോയ ധാതുക്കളേയും വിശേഷാൽ ശുക്രത്തേയും വർദ്ധിപ്പിക്കുകയും ശുക്രത്തിനു ഉറപ്പുവരുത്തുകയും മൂർച്ചയെ കൂട്ടിപ്പിടിപ്പിക്കുകയും ബുദ്ധിപ്രസാദത്തെ ചെയ്യുകയും മുടിയെ നന്നാക്കുകയും അഗ്നിമാന്ദ്യത്തെ ഉണ്ടാക്കുകയും മലമൂത്രങ്ങളെ പുറത്തുകളയുകയും ചെയ്യും. പഴയതേങ്ങാഎണ്ണ വ്രണത്തിനുപയോഗത്തിങ്കൽ ഏറ്റവും നല്ലതാകുന്നു.

നീരേട്ടി (മരവട്ടി)എണ്ണ.

കഫം വാതം അർശസ്സ് ജ്വരം ഛർദ്ദി വിഷം കൃമി പാണ്ഡു പ്രമേഹം ചൊറി വ്രണം ചിരങ്ങ് കുഷ്ഠം ഇവയെ ശമിപ്പിക്കും.

ദേവതാരത്തിന്റെ എണ്ണ.

വാതം കഫം അർശസ്സ് കുഷ്ഠം കൃമി വാതരക്തം വിഷം ചൊറി ദുഷ്ടവ്രണം ഇവയെ ശമിപ്പിക്കുകയും പിത്തത്തേയും രക്തദോഷ

ത്തേയും ഉണ്ടാക്കുകയും മേദസ്സിനേയും ശുക്രത്തേയും ക്ഷയിപ്പിക്കുകയും ചെയ്യും.

നാഗദന്തി എണ്ണ.

നാഗദന്തിയുടെ കരുവിൽനിന്നും എടുക്കുന്നഎണ്ണ വാതം കഫം അർശ്സ്സ് കൃമി പ്രമേഹം മൂർഛ കൃമി അനാഹം മഹോദരം സന്ന്യാസം ശിരോരോഗം ഹനുസ്തംഭമെന്ന വാതം അർദ്ദിതവാതം ആമവാതം വീക്കം ചുമ ഇവയെ ശമിപ്പിക്കുകയും രക്തപിത്തത്തെ ഉണ്ടാക്കുകയും ചെയ്യും. ഏറ്റവും മലത്തെ ഇളക്കും. ദുഷ്ടവ്രണങ്ങളെ വെടിപ്പാക്കുകയും ശുക്ലത്തേയും മേദസ്സിനേയും ക്ഷയിപ്പിക്കുകയും ചെയ്യും.

താന്നി എണ്ണ.

വാതത്തേയും പിത്തത്തേയും ശമിപ്പിക്കുകയും കഫത്തെ വർദ്ധിപ്പിക്കുകയും മുടിയെ നന്നാക്കുകയും മലമൂത്രങ്ങളുടെ തടവിനെ തീർക്കുകയും അഗ്നിമാന്ദ്യത്തെ ഉണ്ടാക്കുകയും കഫത്തെ ഛർദ്ദിപ്പിക്കുകയും അർശ്സ്സിനെ ശമിക്കുകയുംചെയ്യും.

ചേരിൻഎണ്ണ (തേങ്ങയുടെ എണ്ണ)

വാതം കഫം കൃമി കുഷ്ഠം രക്തദോഷം പ്രമേഹം ഇവയെ ശമിപ്പിക്കുകയും ഛർദ്ദിയേയും വികാരത്തേയും ഉണ്ടാക്കുകയും മേദസ്സിനെ ക്ഷയിപ്പിക്കുകയും ചെയ്യും.

ചെറുപ്പുന്ന എണ്ണ (വാല്പുഴുവത്തിന്റെ എണ്ണ.)

വാതം കഫം കുഷ്ഠം കൃമി പ്രമേഹം അർശ്സ്സ് വ്രണം വിഷം ശിരോരോഗം ഇവയെ ശമിപ്പിക്കുകയും പിത്തത്തെ വർദ്ധിപ്പിക്കുകയും ശുക്രത്തേയും മേദസ്സിനേയും ക്ഷയിപ്പിക്കുകയും ബുദ്ധിയേയും സ്വരത്തേയും നന്നാക്കുകയും സ്മൃതിശക്തിയെ കൊടുക്കുകയും ഛർദ്ദിയെ ഉണ്ടാക്കുകയും മലത്തെ പുറത്തു കളയുകയും ചെയ്യും.

കടുക്കാ എണ്ണ.

മൂന്നു ദോഷങ്ങളേയും പല പ്രകാരത്തിൽ ഉള്ള രക്തദോഷങ്ങളേയും ശമിപ്പിക്കും.

ആടലോടകം എണ്ണ.

വാതം കഫം കൃമി കുഷ്ഠം അർശ്സ്സ് ഇവയെ ശമിപ്പിക്കുകയും പിത്തരക്തങ്ങളെ ദുഷിപ്പിക്കുകയും ബലത്തേയും ശുക്രത്തേയും മേദസ്സിനേയും ക്ഷയിപ്പിക്കുകയും ദുഷ്ടിദുഷണത്തെ ചെയ്യുകയും ചെയ്യും.

എരുക്കെണ്ണ.

വാതം കഫം കൃമി കുഷ്ഠം പ്രമേഹം ശിരോരോഗം ഇവയെ ശമിപ്പിക്കുകയും മലത്തിനെ അയവു വരുത്തുകയും ചെയ്യും.

ഉണ്ടെണ്ണ (പുങ്കെണ്ണ.)

പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കുകയും പുഴുക്കിയാൽഎ

ല്ലാ പ്രകാരത്തിലും ഉള്ള ത്രിദോഷങ്ങളെ തീക്ഷ്ണമേദസ്സിനേയും ശുക്രത്തേയും ക്ഷയിപ്പിക്കുകയും ശരീരശോഭയെ വളരെക്കാലത്തേയ്ക്കു നിലനിർത്തുകയും വാതം കഫം നേത്രരോഗം കൃമി ചൊറി കുമിൾ ശസ്ത്രക്ഷതം ഇവയെ ശമിപ്പിക്കുകയും ചെയ്യും.

ഇരിപ്പ എണ്ണ.

വാതപിത്തങ്ങളെ ശമിപ്പിക്കുകയും കഫത്തെ വർദ്ധിപ്പിക്കുകയും മുടിയെ നന്നാക്കുകയും സപ്താംഗസന്താപത്തെ തീക്ഷ്ണമാക്കുകയും കഫപിത്തങ്ങളെ ശമിപ്പിക്കുകയും ചെയ്യും.

ഞകിലെണ്ണ.

മേദസ്സിനേയും ശുക്രത്തേയും ക്ഷയിപ്പിക്കുകയും രക്തത്തേയും പിത്തത്തേയും ദൂഷിപ്പിക്കുകയും ദുഷ്ടവ്രണങ്ങളെ വെടിപ്പാക്കി ഉണക്കുകയും വാതം കഫം കൃമി വാതരക്തം ശസ്ത്രക്ഷതം ചൊറി വിഷം ഇവയെ ശമിപ്പിക്കുകയും ചെയ്യും.

കാടി.

പാണ്ഡുരോഗം രാജയക്ഷ്മാവ് വീക്കം ക്ഷതം ക്ഷയം ശ്രമം കുറഞ്ഞജ്വരം ഇതുകൾക്കു കാടി ഏറ്റവും ഗുണത്തെ ചെയ്യുകയും അഗ്നിയെ വർദ്ധിപ്പിക്കുകയും മലത്തെ ഇളക്കുകയും രുചിയെ ഉണ്ടാക്കുകയും അന്നത്തെ പചിപ്പിക്കുകയും ഹൃദയപ്രസാദത്തെ വരുത്തുകയും ഒഴുക്കിയാൽ ചൂടുനീരിനേയും ജ്വരത്തേയും ശമിപ്പിക്കുകയും കുടിച്ചാൽ വാതം കഫം വീക്കം മൂർച്ഛാ ശ്രമം ശ്വാസം ആധ്മാനം ഇവയെ ശമിപ്പിക്കുകയും അഗ്നിയെ വർദ്ധിപ്പിക്കുകയും ചെയ്യും. കൃമിപിത്തം മെലിവ് മൂർച്ഛ ചുഴൽച്ച ലഹരി ചൊറി ഇതുകളിൽ കാടിയുടെ പ്രയോഗം നന്നല്ല. മാഷാദിവടകങ്ങളെക്കൊണ്ടും കാടിയുണ്ടാക്കാം, ഒരു ഗുണം കൂടിയതായിരിക്കുകയും വാതം ശ്വാസം അഷ്ടവർണ്ണം മലമൂത്രങ്ങളുടെ തടവ് ഇവയെ ശമിപ്പിക്കുകയും ഏറ്റവും അന്നത്തെ പചിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും വസ്തിശുദ്ധി ചെയ്യുകയും ചെയ്യും.

ചെന്നെല്ല മുതലായവ കൊണ്ടുണ്ടാക്കിയ കാടി.

വാതരോഗം അരുചി ശ്രമം ക്ലമം വസ്തിശൂല ഇവയെ ശമിപ്പിക്കുകയും അഗ്നിയെ വർദ്ധിപ്പിക്കുകയും ഹൃദയപ്രസാദത്തെ വരുത്തുകയും ഒഴുക്കിയാൽ ചൂടുനീരിനെ തീക്ഷ്ണമാക്കുകയും കുടിച്ചാൽ കഫം വാതം തണ്ണീർദാഹം ഇവയെ ശമിപ്പിക്കുകയും പിത്തത്തെ വർദ്ധിപ്പിക്കുകയും അന്നത്തെ പചിപ്പിക്കുകയും കഫിപിത്തക്കൊണ്ടാൽ വായിയെ ദുർഗ്ഗന്ധം വൈരസ്യം മലംവറൾച്ച അണ്ണാക്കിലും മറ്റും തടഞ്ഞിരിക്കുന്ന കഫം ഇവയെ ശമിപ്പിക്കുകയും ചെയ്യും. കഷായവസ്തുക്കളേറ്റവും നല്ലതാകുന്നു.

അരിക്കാടി.

മലത്തെ പിടിപ്പിക്കുകയും വിഷം ഛർദ്ദി ചൂടുനീർ വ്രണം തണ്ണീർദാഹം ഇവയെ ശമിപ്പിക്കുകയും ചെയ്യും.

ഉമികളഞ്ഞ യവംകൊണ്ടുണ്ടാക്കിയ കാടി.

സാധാരണ കാടിക്കുള്ള ഗുണത്തിനു പുറമേ കഫം, കൃമി, ഗ്രഹണി ഗുല്മം അർശസ്സ് പാണ്ഡുരോഗം ശിരോരോഗം ശൈഥില്യം അനാഹം അസ്ഥിനോവു് ദേഹംകഴപ്പു് ജ്വരവ്യാധി ഹൃദ്രോഗം ഇവയെ ശമിപ്പിക്കുകയും ധാതുക്കളേയും ബലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും ആമത്തെ പചിപ്പിക്കുകയും മലത്തെ ഇളക്കുകയും മൂടിയെ നന്നാക്കുകയും ചെയ്യും.

ഉമികളയാത്ത യവംകൊണ്ടുണ്ടാക്കിയ കാടി.

വിശേഷാൽ ഹൃദ്രോഗം പാണ്ഡു കൃമി ഇവയെ ശമിപ്പിക്കുകയും പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കുകയും അഗ്നിയെ വർദ്ധിപ്പിക്കുകയും ആമത്തെ പചിപ്പിക്കുകയും വസ്തിയിലെ വേദനയെ ശമിപ്പിക്കുകയും ചെയ്യും.

കോതമ്പുകാടി.

ഉമികളഞ്ഞ യവംകൊണ്ടുണ്ടാക്കിയ കാടിയുടേയും കോതമ്പു കൊണ്ടുണ്ടാക്കിയ കാടിയുടേയും ഗുണങ്ങൾ മിക്കവാറും ഒരുപോലെ ആകുന്നു.

അഗശിഎണ്ണ (അലിസി എണ്ണ.)

കഫപിത്തങ്ങളെ വർദ്ധിപ്പിക്കുകയും വാതത്തെ ശമിപ്പിക്കുകയും മലത്തെ വർദ്ധിപ്പിക്കുകയും ബലത്തെ ഉണ്ടാക്കുകയും ചൂടയേ ശമിപ്പിക്കുകയും രക്തദോഷത്തെ ഉണ്ടാക്കുകയും ചെയ്യും. കണ്ണിനു നന്നല്ല. വാതശമനത്തിനു്, വസ്തികർമ്മം അഭ്യംഗം നസ്യം കർണ്ണപൂരണം അന്നപാനം ഇവകൾക്കു ഉപയോഗിക്കാം.

കുന്തിരിക്കത്തൈലം.

വിസ്ഫോടത്തേയും വ്രണത്തേയും കൃമിയേയും ചൊറി ചിരങ്ങു് ക്രിമി ഇവകളേയും വാതം കഫം ഇവകളേയും ശമിപ്പിക്കും.

വടാമത്തൈലം

ശിരോരോഗങ്ങളേയും വാതപിത്ത കോപങ്ങളേയും ചൂടുനീർക്കെട്ടിനേയും ശമിപ്പിക്കുകയും ധാതുപുഷ്ടിയേയും ശുക്ലവൃദ്ധിയേയും ഉണ്ടാക്കുകയും ചെയ്യും. സൌന്ദര്യത്തെ വർദ്ധിപ്പിക്കുകയും ദുർഗന്ധത്തെ ഇല്ലാതാക്കുകയും ചെയ്യും. വാജീകരണമാകുന്നു.

ജാതിക്കാത്തൈലം.

അഗ്നിയെ വർദ്ധിപ്പിക്കുകയും ദഹനത്തെ ഉണ്ടാക്കുകയും ആമത്തെ ശമിപ്പിക്കുകയും ആധ്മാനം അക്ഷേപകം ശൂലം ഇവകളെ

ഇല്ലാതാക്കുകയും അമവാതത്തെ തീക്ഷ്ണമാക്കുകയും ബലത്തെ കൊടുക്കുകയും ചെയ്യും എന്നവേഷ്ടം എന്ന വ്രണത്തെ ശമിപ്പിക്കുകയും ചെയ്യും.

ലവംഗതൈലം.

അഗ്നിയെ വർദ്ധിപ്പിക്കുകയും വാതത്തെ ശമിപ്പിക്കുകയും ദന്തവേഷ്ടം മുറിവ് ചതവ് ഇവകളെ ശമിപ്പിക്കുകയും ഗർഭിണികളുടെ ഛർദ്ദിയെ നിർത്തുകയും ചെയ്യും.

ആയമോദകതൈലം.

അഗ്നിയെ വർദ്ധിപ്പിക്കുകയും ശൂലം ആക്ഷേപകം എന്ന വാതരോഗം ആധ്മാനം അജീർണ്ണം അർശസ്സ് ഗ്രഹണി ഇവകളെ ശമിപ്പിക്കുകയും ചെയ്യും.

ശതകുപ്പതൈലം.

അഗ്നിയെ വർദ്ധിപ്പിക്കുകയും ആധ്മാനം വാതം ഇവയെ ശമിപ്പിക്കുകയും ചെയ്യും.

ജീരകതൈലം.

ശതകുപ്പയുടെ തൈലത്തിന്റെ ഗുണങ്ങളോടു കൂടിയതാകുന്നു.

ചന്ദനതൈലം.

പ്രമേഹത്തെയും വ്രണങ്ങളേയും ഉരക്ഷതത്തെയും ശമിപ്പിക്കും. ശുക്ലവൃദ്ധിയെ ഉണ്ടാക്കും.

മാംസവർഗ്ഗം.

മാംസങ്ങൾ പന്ത്രണ്ട് പ്രകാരത്തിൽ ഉണ്ട്. അതായത് ക. ജങ്ഘാലം ഖ. വിഷ്കിരം ഗ. പ്രതുദം ഘ. ഗുഹാശയം ങ. പ്രഹസം ച. പക്ഷിമൃഗം ഛ. വിലേശയം ജ. ഗ്രാമ്യം ഝ. ഖലേചരം ഞ. പ്ലവം ട. കോശസ്ഥം ഠ. പാദി ഡ. മത്സ്യം ഇവയാണ്.

ജങ്ഘാലമൃഗങ്ങൾ.

കേഴമാൻ മരമാൻ മാൻ കൃഷ്ണമൃഗം കുരങ്ങ് പുള്ളിമാൻ മറിമാൻ വെളുത്തതോമയും മുതുകിൽ ചാരനിറവും ഉള്ള വലിയമാൻ മുതലായവയുടെ മാംസങ്ങൾ വാതപിത്തങ്ങളെ ശമിപ്പിക്കുകയും ബലത്തെ വർദ്ധിപ്പിക്കുകയും വസൂശുദ്ധിയെ ചെയ്യുകയും ഹൃദയപ്രസാദത്തെ വരുത്തുകയും കഫപിത്തങ്ങളെ ശമിപ്പിക്കുകയും അല്പമായി വാതത്തെ വർദ്ധിപ്പിക്കുകയും ചെയ്യും.

വിഷ്കിരങ്ങൾ.

ചീവൽ കുതിരുവുക്കി കുറുമുള്ള് ചെങ്ങാലിപ്പുള്ള് കരിമാപ്പുള്ള് കപിതാരിപ്പുള്ള് തേറമ്പട്ട ചേറമ്പോത്ത് അരിൽ കാട കാടയ്ക്കായ് തൈത്തിരിപ്പുള്ള് ഇരുവാച്ചാത്തൻ മൈൽ കോഴി കൊത്തിരം കാക്കത്തമ്പുരാൻ കണ്ണൻപീച്ചി പിതച്ചൊങ്ങാലി വാഴപ്പഴുത്തി വണ്ണാത്തിപ്പുള്ള് ഇത്യാദി പക്ഷിമൃഗം വിഷ്കിരങ്ങൾ ആണ്. അതായത്

കൊത്തിച്ചിതറി ക്ഷീണിക്കുന്നതുകൊണ്ടും, വിഷ്കിരവർഗ്ഗത്തിൽപ്പെട്ട പക്ഷികളുടെ മാംസങ്ങൾ മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുകയും ബലത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും ചെയ്യും. പത്ഥ്യമായും ഇരിക്കും.

പ്രതുദങ്ങൾ.

വെൺവട്ടച്ചാവൽ നത്ത കുട്ടമച്ചാത്തൻ കിളി പഞ്ചവർണ്ണക്കിളി കട്ടയുടപ്പൻ കുയിൽ വെൺപ്രാവ് മാടപ്രാവ് കുരികിൽ മുതലായവയാണ്. ഇവ കൊത്തിത്തിന്നുന്നതുകൊണ്ടു പ്രതുദങ്ങൾ എന്നു പറയുന്നു. ഇവയുടെ മാംസം കഫപിത്തങ്ങളെ ശമിപ്പിക്കുകയും മൂത്രത്തെ തടുക്കുകയും മലത്തെ കുറയ്ക്കുകയുംചെയ്യും. ഇവയിൽ പഴങ്ങൾ ഭക്ഷിക്കുന്നവയുടെ മാംസം അല്പമായി വാതത്തെ വർദ്ധിപ്പിക്കും.

ഗുഹാശയങ്ങൾ.

സിംഹം കടുവാ ചെന്നായ് പുലി കുറുക്കൻ പൂച്ച കാട്ടുപൂച്ച മുതലായവ ഗുഹാശയങ്ങൾ ആകുന്നു. ഇവയുടെ മാംസം വാതത്തേയും നേത്രരോഗങ്ങളേയും ഗ്രഹ്യരോഗങ്ങളേയും ശമിപ്പിക്കുകയും ബലത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. മാംസം ക്ഷീണിക്കുന്ന ഗുഹാശയങ്ങളുടെ മാംസത്തിനും മേല്പറഞ്ഞ ഗുണങ്ങൾ കുറഞ്ഞതായിക്കാണും.

പ്രസഹങ്ങൾ.

കാക്ക പരുന്ത് മൂങ്ങാ അളിക്കങ്കുരുവി കഴുകൻ കുതളക്കഴുകൻ അഴുകരൽ കുട്ടകൊത്തി മുതലായവ പ്രസഹങ്ങളാകുന്നു. ഇവയുടെ മാംസം ഗുഹാശയജന്തുക്കളുടെ മാംസത്തിന്റെ ഗുണത്തോടുകൂടിയതും വിശേഷാൽ രാജയക്ഷ്മാവ് സ്മൃകാഭിന്നം ഉന്മാദം മെലിവു ഇവയെ ശമിപ്പിക്കുന്നതും ശുക്രത്തെ വർദ്ധിപ്പിക്കുന്നതും ആകുന്നു.

വിലേശയങ്ങൾ.

ഉടുമ്പ് മുയൽ പാമ്പ് എലി മുള്ളൻ മുതലായി പൊത്തിൽ ശയിക്കുന്നവകൾ വിലേശങ്ങളും അവയുടെ മാംസം വാതം ചുമ വായുമൂട്ടൽ മെലിവു ഇവയെ ശമിപ്പിക്കുകയും കഫപിത്തങ്ങളെ വർദ്ധിപ്പിക്കുകയും ദേഹത്തെതടിപ്പിക്കുകയും മലമൂത്രങ്ങളെ തടുക്കുകയും ചെയ്യുന്നതുമാകുന്നു.

ഗ്രാമ്യങ്ങൾ.

കോലാട്ട് കുറിയാട്ടു കാള പശു കുതിര ഒട്ടകം കഴുത മുതലായവ ഗ്രാമ്യമൃഗങ്ങളാകുന്നു.

കോലാട്ടിൻമാംസം.

ഇതിന്റെ മാംസം ത്രിദോഷത്തേയും ക്ഷീണത്തേയും ശമിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും ശുക്രത്തേയും ബലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കുകയും ദേഹത്തെ തടിപ്പിക്കുകയും ഏറ്റവും വേഗത്തിൽ ദഹിക്കുകയും യാതൊരു ദോഷത്തേയും കോപിപ്പിക്കാതെ

ഇരിക്കുകയും കഫാദികളെ ദഹിപ്പിക്കാതെ ഇരിക്കുകയും ചെയ്യും. ഇതിന്റെ ആണ്ഡം രുചിയെ ഉണ്ടാക്കുകയും ശിരോരോഗങ്ങളെ ശമിപ്പിക്കുകയും കിഞ്ചിൽകരം ശുക്ലത്തെ വർദ്ധിപ്പിക്കുകയും കരൾ നേത്രരോഗങ്ങളെ ശമിപ്പിക്കുകയും ചെയ്യും.

ചെമ്മരി(കുറി)യാട്ടിൻമാംസം.

പിത്തകഫങ്ങളേയും ബലത്തേയും വർദ്ധിപ്പിക്കുകയും അല്പമായി വാതത്തെ ശമിപ്പിക്കുകയും സ്രോതസ്സുകൾക്കു ക്ലേദത്തെ വരുത്തുകയും ഏറ്റവും ശരീരത്തെ പോഷിപ്പിക്കുകയും ചെയ്യും. കോലാട്ടിൻ (വേലിയാട്ടിൻ) മാംസത്തേക്കാൾ വളരെ ഗുണം കുറഞ്ഞതാണ്.

കാള.

ഇതിന്റെ മാംസം അഗ്നിയേ വർദ്ധിപ്പിക്കുകയും ശരീരത്തെ തടിപ്പിക്കുകയും മൂത്രത്തെ പെരുപ്പിക്കുകയും കേവലവാതം ശ്രമം അത്യഗ്നി ശ്വാസകാസം വിഷമജ്വരം പീനസം വായുമുട്ടൽ മെലിവ് ഇവയെ ശമിപ്പിക്കുകയും പിത്തം കഫം ബലം ശുക്രം ഇവയെ വർദ്ധിപ്പിക്കുകയും ചെയ്യും.

പശു.

കാളമാംസത്തിന്റെ ഗുണങ്ങൾ എല്ലാം പശുവിൻമാംസത്തിനും ഉണ്ട്. വിശേഷാൽ കാളമാംസത്തേക്കാൾ വേഗത്തിൽ ദഹിക്കുകയും രുചിയെയുണ്ടാക്കുകയും ആയുസ്സിനെവർദ്ധിപ്പിക്കുകയുംചെയ്യും.

ഒട്ടകം.

ബലത്തേയും ശുക്ലത്തേയും പിത്തത്തേയും കുറഞ്ഞൊന്നു കഫത്തേയും വർദ്ധിപ്പിക്കുകയും മൂത്രത്തെ പെരുപ്പിക്കുകയും പുഷ്ടിയെ ചെയ്യുകയും വാതം നേത്രരോഗം ഇവയെ ശമിപ്പിക്കുകയും അഗ്നിയെ വർദ്ധിപ്പിക്കുകയും ചെയ്യും.

കുതിര.

കഫം പിത്തം ബലം ശുക്രം അഗ്നി ഇവയെ വർദ്ധിപ്പിക്കുകയും മൂത്രത്തെ പെരുപ്പിക്കുകയും പുഷ്ടിയെ ചെയ്യുകയും വാതത്തേയും നേത്രരോഗത്തെയും ശമിപ്പിക്കുകയും ചെയ്യും.

കഴുത.

ഇതു മിക്കവാറും കുതിരമാംസത്തിന്റെ ഗുണത്തോടു കൂടിയതാകുന്നു.

ക്രൂരേചരങ്ങൾ.

പോന്നു് എരിമ വാർമാൻ (കാണ്ടാമൃഗം) പന്നി ചമരിമാൻ അന മുതലായതുകൾ ക്രൂരേചരങ്ങൾ ആണ്. ഇവയുടെ മാംസം പൊതുവേ വാതപിത്തങ്ങളെ ശമിപ്പിക്കുകയും കഫത്തേയും ബലത്തേയും മൂത്രത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കുകയും ചെയ്യും.

പോത്തു്.

മേദ്രുബലത്തെ ചെയ്യുകയും കഫത്തേയും ശുക്രത്തേയും മുലപ്പാലിനേയും വൎദ്ധിപ്പിക്കുകയും നിദ്രയെ ഉണ്ടാക്കുകയും മൂത്രത്തെ പെരുപ്പിക്കുകയും ദേഹത്തെ തടിപ്പിക്കുകയും വാതത്തെ ശമിപ്പിക്കുകയും ചെയ്യും. പിത്തത്തെ വൎദ്ധിപ്പിക്കുകയില്ല.

കാട്ടുപന്നി.

ഇതിന്റെ മാംസം വാതത്തെ ശമിപ്പിക്കുകയും കഫത്തേയും ശുക്രത്തേയും ബലത്തേയും വൎദ്ധിപ്പിക്കുകയും രുചിയേ ഉണ്ടാക്കുകയും ശ്രമത്തെ തീൎക്കുകയും പുഷ്ടിയേയും അംഗങ്ങൾക്കു ഉറപ്പിനേയും ഉറക്കത്തേയും വിയൎപ്പിനേയും വരുത്തുകയും മൂത്രത്തെ പെരുപ്പിക്കുകയും ചെയ്യും.

പ്ലവങ്ങൾ,

അരയന്നം വണ്ടാരംകോഴി കാരണം കൊക്കു് കളക്കോഴി അന്നീൎപക്ഷി താറാവു് പാത്ത വെള്ളിൎപക്ഷി ഇത്യാദികൾ പ്ലവങ്ങൾ ആകുന്നു. ഇവയുടെ മാംസം വാതം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കുകയും, ബലത്തേയും ശുക്രത്തേയും വൎദ്ധിപ്പിക്കുകയും മലമൂത്രാദികളെ പുറത്തുകളയുകയും വാതകഫങ്ങളെ വൎദ്ധിപ്പിക്കയുംചെയ്യും.

പാദികൾ.

മുതല ആമ ചീങ്കണ്ണി മുതലായവയാണു്. വാതപിത്തങ്ങളെ ശമിപ്പിക്കുകയും കഫത്തേയും ശുക്രത്തേയും ബലത്തേയുംവൎദ്ധിപ്പിക്കുകയും ദേഹത്തെ തടിപ്പിക്കുകയും മലത്തെ തടുക്കുകയും ചെയ്യും.

പണ്ണഗങ്ങൾ.

കുരങ്ങു് മരപ്പട്ടി കാട്ടുപൂച്ച മുതലായവയാകുന്നു. ഇവയുടെ മാംസം അൎശ്ശസ്സു് രക്തദോഷം ചുമ വായുമുട്ടൽ, മെലിവു് ഇവയെ ശമിപ്പിക്കുകയും ശുക്രത്തെ വൎദ്ധിപ്പിക്കുകയും മലമൂത്രങ്ങളെ പുറത്തുകളയുകയും ചെയ്യും. കണ്ണിനു നല്ലതാകുന്നു.

കോശസ്ഥങ്ങൾ.

ശംഖു് മുത്തു് കക്കാ ഞവഞ്ഞു് (നത്തയ്യാ) ഞണ്ടു് മുതലായവ കോശസ്ഥങ്ങൾ ആകുന്നു. ഇവയുടെ മാംസത്തിന്റെ പൊതുവേയുള്ള ഗുണം വാതപിത്തങ്ങളെ ശമിപ്പിക്കുകയും കഫത്തേയും ശുക്രത്തേയും ബലത്തേയും വൎദ്ധിപ്പിക്കുകയും ദേഹത്തെ തടിപ്പിക്കുകയും മലത്തെ തടുക്കുകയും ആകുന്നു.

മത്സ്യങ്ങൾ.

വാതത്തെ ശമിപ്പിക്കുകയും ദേഹത്തെ തടിപ്പിക്കുകയും മൂത്രത്തെ

പെരുപ്പിക്കുകയും കഫത്തേയും ശുക്രത്തേയും പിത്തത്തേയും ബല ത്തേയും വർദ്ധിപ്പിക്കുകയും മലത്തെ പുറത്തു കളയുകയും രുചിയെ ഉ ണ്ടാക്കുകയും കഫം മുതലായവയെ ദഹിപ്പിക്കുകയും ചെയ്യും. ഇതു് മ ദ്യപാനികൾക്കും വ്യായാമം കൊണ്ടും വഴിനടപ്പുകൊണ്ടും ക്ഷീണിച്ച വർക്കും, സ്ത്രീസംഭോഗക്കാർക്കും, ജഠരാഗ്നിയും ബലമുള്ളവർക്കും നല്ലതാണു്. മത്സ്യം ഭക്ഷിക്കുന്നവരെ രോഗങ്ങളും വാതം ഉപദ്രവിക്കുന്നില്ലെന്നാണു് രാജവല്ലഭമതം.

നാടേയമത്സ്യങ്ങൾ.

നാടേയമത്സ്യങ്ങൾ വാതത്തെ ശമിപ്പിക്കുകയും കഫം, പിത്തം രക്തദോഷം, ശുക്ലം, ബലം മാംസം ഇവയെ വർദ്ധിപ്പിക്കുകയും, ദോഷ ത്തെ തടിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും മലത്തെ കുറയ്ക്കുകയും ചെയ്യും. അഗ്നിബലമുള്ളവർക്കും സ്ത്രീസേവയിലും മദ്യപാനത്തിലും അസക്തിയോടു കൂടിയവർക്കും നല്ലതാണു്.

സാമുദ്രമത്സ്യങ്ങൾ.

വാതത്തെ ശമിപ്പിക്കുകയും കുറഞ്ഞൊരു പിത്തത്തെ വർദ്ധിപ്പി ക്കുകയും കഫത്തേയും ശുക്രത്തേയും മലത്തേയും പെരുപ്പിക്കുകയും മുറവും ബലത്തെ വർദ്ധിപ്പിക്കുകയും ചെയ്യും.

ആറ്റുമീൻ.

വാതത്തെ ശമിപ്പിക്കുകയും പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കുകയും ചെയ്യും. കഫത്തേയും ശുക്രത്തേയും ബലത്തേയും വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. മലത്തെക്കുറയ്ക്കും.

കിണറുമീൻ.

കഫത്തേയും ശുക്രത്തേയും മൂത്രത്തേയും വർദ്ധിപ്പിക്കുകയും അ ഗ്നിയേയും കൃമിയേയും മലബന്ധത്തേയും ഉണ്ടാക്കുകയും ചെയ്യും. നാടേയമത്സ്യങ്ങളിൽ രക്തമെയും വച്ചു കിണറിലേ മത്സ്യം വാതത്തെ ശമിപ്പിക്കും.

പൊയ്കമീൻ.

വാതത്തെ ശമിപ്പിക്കുകയും ബലത്തെ വർദ്ധിപ്പിക്കുകയും ചെയ്യും.

കൽത്തൊട്ടിയിലെ മീൻ.

പിത്തത്തെ വർദ്ധിപ്പിക്കും. ശുശ്രുതന്റെ അഭിപ്രായം മറ്റുള്ള നാടേയമത്സ്യങ്ങളെ അപേക്ഷിച്ചു വാതശമനമെന്നാണു്.

തടാകത്തിലെ മീൻ.

തടാകത്തിലെ മീൻ ശുക്രത്തേയും ബലത്തേയും മൂത്രത്തേയും വ ർദ്ധിപ്പിക്കും.

കുളത്തിലെമീൻ.

കിണറിലേയും കൽത്തൊട്ടിയിലേയും മത്സ്യങ്ങളുടെ ഗുണത്തേക്കാൾ കൂടിയഗുണത്തോടുകൂടിയവയാകുന്നു.

ഊറ്റുകുഴിമിലെ മീൻ.

തടാകത്തിലെ മത്സ്യങ്ങളുടെ ഗുണത്തോടുകൂടിയവയും വിശേഷാൽ ബലത്തേയും ആയുസ്സിനേയും ബുദ്ധിയേയും വർദ്ധിപ്പിക്കുന്നതും കണ്ണിനു് ഏറ്റവും നല്ലതുമാകുന്നു.

ഉവർചെള്ളത്തിലെമീൻ.

വിശേഷാൽ പിത്തത്തേയും ചുട്ടനീറലിനേയും വയറടപ്പിനേയും ഉണ്ടാക്കുകയും മലത്തെ പിടിപ്പിക്കുകയും കണ്ണിനു ദോഷത്തെ ചെയ്യുകയും ചെയ്യും.

വറുത്തമീൻ.

വിദാഹത്തേയും അപഥ്യാഹാരമെന്ന വാതരോഗത്തേയും ഉണ്ടാക്കും.

ചുട്ടമീൻ.

ഗുണമേറിയതും പുഷ്ടിയേയും ശുക്രത്തേയും ബലത്തേയും ഉണ്ടാക്കുന്നതും ആണു്.

ഉണങ്ങിയമീൻ.

വളരെ താമസിച്ചു ദഹിക്കുന്നതും മലത്തെ തടുക്കുന്നതും ബലത്തെ വർദ്ധിപ്പിക്കാത്തതും അപഥ്യമായിട്ടുള്ളതും ആകുന്നു.

പഥ്യമായ മത്സ്യങ്ങൾ.

ആകൽമീനും (വരാലും) ചെങ്കവരാമീനും ആമയും മത്സ്യങ്ങളിൽവച്ചു പഥ്യമായതാകുന്നു.

സാരാ ൃമാംസഗുണം.

ദോഷത്തെ തടിപ്പിക്കുകയും സന്തോഷത്തെ കൊടുക്കുകയും ഹൃദയപ്രസാദത്തെ വരുത്തുകയും വാതത്തെ ശമിപ്പിക്കുകയും കഫത്തേയും ശുക്രത്തേയും ബലത്തേയും വർദ്ധിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും ചെയ്യും.

ക്ഷേണോചിതമായ മാംസം.

അപ്പോൾ കൊന്നെടുത്ത നല്ല ഗന്ധത്തോടുകൂടിയ യൌവ്വനമുള്ളതിന്റെ വാരിയെല്ലും അതിന്റെ ഇടയിലുള്ള മാംസവും ഒഴിച്ചുള്ള മാംസം നല്ലതാണു്. നന്നാ പ്രായം കുറഞ്ഞതിന്റേയും ഏറ്റവും വയസ്സുചെന്നതിന്റേയും മെലിഞ്ഞതിന്റേയും പരിചയിച്ചിട്ടില്ലാത്ത ആഹാരവിഹാരാദികളോടു കൂടിയതിന്റേയും രോഗം പിടി

ചെട്ടതിന്റേറയും വിഷമേറേറതിന്റേറയും തീപ്പൊള്ളിയോ വെള്ള ത്തിൽ വീണോ വിഷം തീണ്ടിയോ മരിച്ചതിന്റേറയും താനേമരിച്ച തിന്റേറയും ജാംഗലദേശത്തിൽ സഞ്ചരിക്കുന്ന പോത്തു മുതലായതി ന്റേറയും അനൂപദേശത്തിൽ സഞ്ചരിക്കുന്ന മാൻ മുതലായതിന്റേറയും മാംസം ക്ഷീണിക്കുന്നതു്.

മുട്ടകർം.

മുട്ടകർം എല്ലാം ഗുരുത്വത്തോടുകൂടിയതും ശുക്ലത്തേയും ധാതുക്ക ളേയും വർദ്ധിപ്പിക്കുന്നതും വാജീകരണത്തെ ചെയ്യുന്നതും ആണു്. വി ശേഷിച്ചും വാതപിത്തങ്ങളെ ശമിപ്പിക്കുകയും ഹൃദയപ്രസാദത്തെ വ രുത്തുകയും രുചിയെ ഉണ്ടാക്കുകയും ചെയ്യും. മത്സ്യത്തിന്റെ മുട്ട മറ്റുള്ള എല്ലാ മുട്ടകളെക്കാളും രുചികരവും വാതപിത്തങ്ങളെ ശമി പ്പിക്കുന്നതും ആണു്. പക്ഷികളുടെ മുട്ട വിശേഷിച്ചും വാതത്തെ ശമിപ്പിക്കുകയും ഏറവും ശുക്ലത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. ഛം സത്തിന്റെ മുട്ട വാതത്തെ ശമിപ്പിക്കുകയും പുഷ്ടിയെ ചെയ്യുകയും ബലത്തെ വർദ്ധിപ്പിക്കുകയും എല്ലാ രോഗങ്ങളിലും പത്ഥ്യമായിരിക്ക കയും ചെയ്യും. കോഴിമുട്ട ബലത്തേയും കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും വിശേഷിച്ചും വാതത്തെ ശമിപ്പിക്കുകയും ചെയ്യും.

ചെറുമീൻ.

മൂന്നുദോഷങ്ങളേയും ശമിപ്പിക്കുകയും മലത്തെപിടിപ്പിക്കുകയും രുചിയെ ഉണ്ടാക്കുകയും പത്ഥ്യമായിരിക്കുകയും ചെയ്യും. ഗ്രഹണീ രോഗികൾക്കുനല്ലതാണു്. നന്നാച്ചെറിയതു് വാതത്തെയും ചൂടയേയും ശമിപ്പിക്കും.

ജാംഗലമാംസം.

ജാംഗലദേശത്തിലും ആകാശത്തിലും സഞ്ചരിക്കുന്ന മൃഗങ്ങളു ടേയും പക്ഷികളുടേയും മാംസങ്ങൾ ജാംഗലമാംസങ്ങളാകുന്നു.

അനൂപമാംസം.

അനൂപദേശത്തിലും ജലത്തിലും സഞ്ചരിക്കുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും മാംസങ്ങൾ അനൂപമാംസങ്ങളാകുന്നു.

സാധാരണം.

ജാംഗലവും അനൂപവുമല്ലാത്ത സാധാരണ ദേശത്തിൽ സഞ്ച രിക്കുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും മാംസം സാധാരണമാംസം എന്നു പറയപ്പെടുന്നു.

മദ്യവർഗ്ഗം.

മദ്യം വിധിയനുസരിച്ചു സേവിച്ചാൽ വാതത്തെയും കഫത്തേ യും ശമിപ്പിക്കുകയും പിത്തത്തേയും രക്തത്തേയും ദൂഷിപ്പിക്കുകയും

ബുദ്ധിയേയും അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കുകയും മലമൂത്രങ്ങളുടെതടവിനെ തീക്കുകയും വസ്തി ശുദ്ധിയെചെയ്യുകയുംആമത്തെ പചിപ്പിക്കുകയും ശുക്ലത്തിനു ഉറപ്പു വരുത്തുകയും സ്വരത്തെ നന്നാക്കുകയും ഇന്ദ്രിയങ്ങൾക്കു ഉണർച്ചയേയും ആരോഗ്യത്തേയും ഉണ്ടാക്കുകയും ഏറ്റവും ചെറുതായ നാഡികളിൽ കടന്നു ദോഷങ്ങളെ ശമിപ്പിക്കുകയും എല്ലാ സ്രോതസ്സുകളേയും ശുദ്ധിയാക്കുകയും കൃശശരീരികളെ സ്ഥൂലശരീരികളാക്കുകയും സ്ഥൂലശരീരികളെ കൃശശരീരികളാക്കുകയും ഭയം ശോകം ശ്രമം ഇവയെ തീക്കുകയും ഉറക്കമില്ലാത്തവക്കു ഉറക്കത്തെ ഉണ്ടാക്കുകയും വാക്കിനെ പ്രവൃത്തിപ്പിക്കുകയും, രുചിയെ ഉണ്ടാക്കുകയും ദേഹകാന്തിയെ കൊടുക്കുകയും വീര്യത്തേയും ലഘിമയേയും ഉണ്ടാക്കുകയും ചെയ്യും.

പുതിയമദ്യം.

മൂന്നുദോഷങ്ങളേയും കോപിപ്പിക്കുകയും വിശേഷിച്ചും കഫത്തെ ഭേദിപ്പിക്കുകയും മലത്തെ ഇറക്കിപ്പുറത്തുകളയുകയും ശരീരത്തെ ഏറ്റവും തടിപ്പിക്കുകയും വിദാഹത്തെ (ചുട്ടനീറക്കത്തെ)ഉണ്ടാക്കുകയും ചെയ്യും.

അണ്ടുപഴകിയ മദ്യം.

വാതകഫങ്ങളെ ശമിപ്പിക്കുകയും സ്രോതസ്സുകളെ വെടിപ്പാക്കുകയും സന്തോഷത്തെ ഉണ്ടാക്കുകയും ചെയ്യും.

ഗൌഡമദ്യം.

ശർക്കരയും താതിരിപ്പൂവും കൂട്ടുതലായിചേർത്തുണ്ടാക്കുന്നമദ്യമാണു് ഗൌഡമദ്യം എന്നുപറയുന്നതു്. ഇതു് വിശേഷാൽ വാതത്തെ ശമിപ്പിക്കുകയും പിത്തത്തേയും അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കുകയും അമത്തെ പചിപ്പിക്കുകയും അധോവായുവിന്റേയും മലമൂത്രങ്ങളുടേയും തടവിനെ തീക്കുകയും ശരീരത്തിനു നിറത്തെഉണ്ടാക്കുകയും പുഷ്ടിയേയും തൃപ്തിയേയും കൊടുക്കുകയും കാമോദ്ദീപനത്തെ ചെയ്യുകയും പഥ്യമായിരിക്കുകയും ചെയ്യും.

മാധ്വീ.

പുഷ്പവേപും തേനുംകൂട്ടിഉണ്ടാക്കുന്ന മദ്യമാണു് മാധ്വീഎന്നു പറയുന്നതു്. ഇതു് വിശേഷാൽ വാതപിത്തം കാമില കുഷ്ഠം ഗുല്മം പാണ്ഡു അർശ്ശസ്സു് പ്രമേഹം പ്ലീഹ വിഷം വീക്കം പീനസം ക്ഷയ ഇവയെ ശമിപ്പിക്കുകയും ഉറച്ചിരിക്കുന്ന കഫാദികളെ മുറിച്ചുകളയും വ്രണപ്രസാദത്തെ ഉണ്ടാക്കുകയും ചെയ്യും.

സുരാ.

അരിപ്പൊടികൊണ്ടുണ്ടാക്കുന്ന മദ്യമാണു് സുരഎന്നു പറയുന്നതു് ഇതു് കഫത്തേയും മേദസ്സിനേയും മൂലപ്രാണിനേയും വർദ്ധിപ്പിക്കുകയും

രക്തത്തെ നന്നാക്കുകയും അഗ്നിയേയും ബലത്തേയും പുഷ്ടിയേയും വ
ർദ്ധിപ്പിക്കുകയും വാതം, പീക്കം ഗുല്മം അർശ്ശസ്സ്, ഗ്രാഹണി ഉദരം മൂത്രകൃ
ച്ഛ്രം ഇവയെ ശമിപ്പിക്കുകയും ചെയ്യും. ക്ഷീണത്തെതീർക്കുന്ന ഔഷ
ധങ്ങളിൽവച്ച് ഇതു് ഏറവും ഉത്തമമാകുന്നു.

പൈഷ്ടീ.

ഗൌഡമദ്യത്തിനു പഠഞ്ഞ ഗുണങ്ങളിൽ കൂടുതലായി വാതത്തേ
യും കഫത്തേയും ശമിപ്പിക്കുകയും ഏറവും അഗ്നിയെ വർദ്ധിപ്പിക്ക
കയുംചെയ്യും. ഇതു് പലതരത്തിൽ ഉള്ള ധാന്യങ്ങളെകൊണ്ടുണ്ടാക്ക
ുന്നതുകൊണ്ടു് മദ്യം അനേകം.

മധുകീ.

ഇരിപ്പപ്പൂകൊണ്ടുണ്ടാക്കുന്ന മദ്യമാണു് മധുകീ എന്നു പറയുന്ന
തു്. സാധാരണ മദ്യത്തിനുള്ള ഗുണങ്ങൾക്കു പുറമെ കഫത്തെ ശമിപ്പി
ക്കുകയും വാതപിത്തങ്ങളെ കോപിപ്പിക്കുകയും അഗ്നിയേയും ബല
ത്തേയും പുഷ്ടിയേയും കാമോദ്ദീപനത്തേയും ഉണ്ടാക്കുകയും ചെയ്യും.
ചുട്ടനീറക്കത്തേയും ലഹരിയേയും അധികമായി ഉണ്ടാക്കും.

മാർദ്വീക (മുന്തിരിച്ചാരായം.

മുന്തിരിങ്ങാപ്പഴം കൊണ്ടുണ്ടാക്കുന്ന മദ്യമാണു് മാർദ്വീകമദ്യം എ
ന്നുപറയുന്നതു്. ഇതു് സാധാരണമദ്യങ്ങളുടെ ഗുണങ്ങൾക്കു പുറമേ ര
ക്തദോഷത്തെ ഉണ്ടാക്കുകയും പാണ്ഡു പ്രമേഹം കൃമി, വിഷമജ്വരം,
ഇവയെ ശമിപ്പിക്കുകയും കറഞ്ഞൊന്നു വാതപിത്തങ്ങളെ വർദ്ധിപ്പി
ക്കുകയും, അഗ്നിയെ വർദ്ധിപ്പിക്കുകയും, ബലത്തേയും പുഷ്ടിയേയും ഉ
ണ്ടാക്കുകയും; മലത്തെ പുറത്തുകളയുകയും ഹൃദയപ്രസാദത്തെ ഉണ്ടാ
ക്കുകയും അധിമാംസം മുതലായവയെ ഉരുക്കുകളയുകയും ചെയ്യും. ഇ
തു് അധികം ചുട്ടനീറക്കത്തെ ഉണ്ടാക്കുകയും രക്തപിത്തത്തെ കോ
പിപ്പിക്കുകയും ഇല്ല.

ഖാജ്ജൂരാ.

ഇതു് ഈന്തപ്പഴംകൊണ്ടുണ്ടാക്കുന്ന മദ്യമാണു്. മുന്തിരിങ്ങാച്ചാരാ
യത്തിന്റെ കറഞ്ഞ ഗുണത്തോടുകൂടിയതും വാതത്തെ വർദ്ധിപ്പിക്കുന്ന
തും ആകുന്നു. വിശദമായിരുന്നാൽ കഫത്തെ ശമിപ്പിക്കുകയും രുചി
യെ ഉണ്ടാക്കുകയും ശരീരത്തെ കൃശമാക്കുകയും ഹൃദയപ്രസാദത്തെ വ
രുത്തുകയും ഇന്ദ്രിയങ്ങൾക്കു ഉണർച്ചയെ കൊടുക്കുകയുംചെയ്യും.

ശീധു.

ശീധു എന്നു പറയുന്നതു് കരിമ്പിൻനീരുകൊണ്ടുണ്ടാക്കുന്ന മദ്യ
മാണു്. ഇതു് വാതം, പിത്തം, അഗ്നി, ബലം ഇവയെ വർദ്ധിപ്പിക്ക
കയും രുചിയെ ഉണ്ടാക്കുകയും ഹൃദയപ്രസാദത്തെ വരുത്തുകയും,
സ്വരത്തെ നന്നാക്കുകയും സ്നിഗ്ദ്ധതയെ ചെയ്യുകയും മേദസ്സിനെ ക്ഷ

ളെ പുറത്തുകളയും. രക്തപ്രോക്കിനെ ശമിപ്പിക്കും. പ്രസവിച്ചുകിട ക്കുന്നവർക്കുണ്ടാകുന്ന ജ്വരത്തിനു ഏറ്റവും നല്ലതാകുന്നു. മുടക്കുവാതം നടുവുവേദന മുതലായ വാതരോഗങ്ങൾക്ക് ഇതുപുറമേ തേച്ചാൽ വള രെ വളരെ ശമനം ഉണ്ടാകും. കാതുകേൾക്കാത്തവരുടെ കണ്ണങ്ങളിൽ ഈ തൈലം ഉറച്ചാൽ ഗുണംകിട്ടും. പ്രമേഹം അസ്ഥിഭ്രമം ഇവ യ്ക്കു ഈ തൈലം സേവിക്കുന്നതു വളരെ വളരെ നല്ലതാണു്.

അളവു്—പതുക്കി മുതൽ മുപ്പതുതുള്ളിവരെ രണ്ടു നേരം കൊടു ത്താൽ ശരീരത്തിൽ ചൂടുണ്ടാക്കുകയും മൂത്രത്തെ വർദ്ധിപ്പിക്കുകയും ചെ യ്യും അര ഔൺസ്സ് മുതൽ രണ്ടു് ഔൺസ്സ് വരെ കൊടുത്താൽ ഭേദി യുണ്ടാവുകയും കൃമികൾ പുറത്തുപോവുകയും ചെയ്യും. വിരേചനത്തിനു് ഇതിനെ ആവണക്കെണ്ണയിൽ ചേർത്തു കൊടുക്കണം.

താർ.

ഇതു് ഉണ്ണുകാരിയാണു്; പയൻ വൃക്ഷത്തിന്റെ കഷണങ്ങളെ ചുരിച്ചാൽ ഉരതിൽ നിന്നും താർ ഇറങ്ങും. ഇതിനെ കുഴും ചൊറി ചിരങ്ങു് മുതലായ ചർമ്മരോഗങ്ങൾക്കു പുരട്ടിയാൽ ശമനം ഉണ്ടാകും. ചൂടുവെള്ളത്തിൽ ഇതു് അല്പം ഒഴിച്ചു് അതിന്റെ ആവിയെ ഉരം കൊണ്ടാൽ ചുമ നില്ക്കും.

വെളുത്തുള്ളി.

ഇതു് ഉണ്ണുകാരിയും കഫഹരകാരിയും മൂത്രവർദ്ധനകാരിയും കൃ മിനാശകാരിയും ആണു്. ഇതിനെ അരച്ചു പുറത്തുതേച്ചാൽ ശരീ രത്തിൽ ഉള്ള വേദനകൾ മാറുകയും സേവിച്ചാൽ മൂത്രവും ചൂടും വർദ്ധി ക്കുകയും കഫത്തെ പുറത്തു കളയുകയും കൃമികളെ നശിപ്പിക്കുകയും ഇതു് അരച്ചുകലക്കി കാച്ചിയ എണ്ണ ചെവിയിൽ ഒഴിച്ചാൽ ചെവി ക്കുത്തു തീരുകയും ചെയ്യും. കാസം ശ്വാസം, ചുമ, കൃമിരോഗം ഇ വകൾക്കും ഉപയോഗിക്കാം.

സന്നിനായകം.

ഇതു് ബലകാരിയും ദീപനകാരിയും ആണു്. ഇതിനെ അല്പ മായി കൊടുത്താൽ കുടലിനു് ബലത്തെയുണ്ടാക്കും. ഇതിനു് പെരുങ്കു ടലിനെ ഉണ്ണിപ്പിക്കുന്ന ശക്തിയുള്ളതുകൊണ്ടു് ഗർഭിണികൾക്കും അർശോരോഗികൾക്കും കൊടുക്കരുതു്. മലബന്ധം തീർക്കുന്നതിനും കാ മിലയെ നശിപ്പിക്കുന്നതിനും അഗ്നിമാന്ദ്യത്തെ തീർക്കുന്നതിനും ഇതു് ഏറ്റവും നല്ല മരുന്നാകുന്നു.

പുകയില.

ഇതു് അംഗാകർശനനാശകാരിയും വമനകാരിയും മൂത്രവർദ്ധന കാരിയും മലകാരിയും ഭേദകാരിയും ആണു്. ഇതു് ഏറ്റവും കുറഞ്ഞ മാത്രയിൽ കഷായംവച്ചു് സേവിച്ചാൽ മലബന്ധത്തെയും നീർക്കെട്ടി

നേരം കടൽ വാതത്തേയും ശമിപ്പിക്കും. ഇതിന് ഹൃദയചലന ത്തെ കുറയ്ക്കുന്നതിനുള്ള ശക്തിയുള്ളതുകൊണ്ട് കുട്ടികൾക്കും ബലഹീ നന്മാർക്കും വൃദ്ധന്മാർക്കും കൊടുക്കരുത്. ചൂരട്ട പിടിച്ചാൽ മലം പോ കുകയും പൊടിപിടിച്ചാൽ പീനസം ശമിക്കുകയും ഇതുകൂട്ടിമുറുക്കി യാൽ ഒന്തരോഗങ്ങൾക്ക ശമനമുണ്ടാവുകയും ചെയ്യും.

മട്ടിച്ചാൽ.

ഉറക്കത്തിൽ കാലുകളെ പിടിച്ചുമുറുക്കുന്ന വാതത്തിനും ജലദോ ഷം തലക്കുത്ത് ഇവകൾക്കും ഏറ്റവും നല്ലതു്.

ഇലവങ്കം:—അതിസാരത്തെ ശമിപ്പിക്കും.

ഏതിവിടയം:—ജ്വരത്തേയും അതിസാരത്തേയും ശമിപ്പിക്കും.

പീതരോഹണി:—കണ്ണിന്റെ ഇമയിൽ ഉണ്ടാകുന്ന പില്ലം മുതലായ നയനരോഗങ്ങളെ ശമിപ്പിക്കും.

ചീനപ്പാവു്:—വാതം എൺപതും മൂത്രച്ചൂടിയിലും ഛർദ്ദിയും കഫകോപങ്ങളും ഏതുപ്രകാരത്തിൽ ഉള്ള പുണ്ണുകളും മേഹങ്ങളും ശ മിക്കും.

കടുവാപ്പുട്ട:—അർശസ്സിനേയും ഗ്രഹണിയേയും ശമിപ്പിക്കും.

താലീസപത്രി:—ഇതു് ജഠരാഗ്നിവർദ്ധനകാരിയും സംകോചകാ രിയും ജ്വരഹരകാരിയും ആണു്. അസ്ഥിജ്വരം, പീനസം ഭേദി ച്ചു മ, വമനരോഗം ഛർദ്ദി തൊണ്ടയിലെ കഫക്കെട്ടു് ഇവകളെ ശമി പ്പിക്കും.

വാലുഴിവം:—രക്തഭേദിക്ക ഏറ്റവും നല്ലതാണു്.

ചേർക്കരു: —ഇതിനെ ശുദ്ധിചെയ്തു ലേഹ്യമുണ്ടാക്കി സേവി ച്ചാൽ ഉള്ളർശസ്സും, മൂടക്കുവാതങ്ങളും പൊറി ചിംങ്ങു് വ്രണം മുത ലായവയും, വാതവും ഗ്രഹണരോഗവും മേഹരോഗങ്ങളും തീർച്ചയായും ശമിക്കും.

വെളുത്തകുന്തിരിക്കം: —മേഹപ്പുണ്ണുകൾക്കും മൂത്രദ്വാരത്തിൽ ഉ ള്ള പുണ്ണുകൾക്കും ഉള്ളിൽ അർശസ്സു സംബന്ധിച്ചുണ്ടാകുന്ന വ്രണങ്ങ ൾക്കും ഏറ്റവും നല്ലതാകുന്നു.

കാരം: ഇതിന്റെ ഭസ്മം മേഹത്തേയും അശ്മരിയേയും കല്ലടപ്പു് ചതയടപ്പു് ഇവകളേയും ശമിപ്പിക്കും.

കർപ്പൂരശിലാസത്തു്: —മേഹത്തിനും രക്തവാതത്തിനും കുച് ഛ്രം അശ്മരി മുതലായതിനും പറ്റിയ മരുന്നാണു്.

കാവിക്കല്ലു്: —ഇതിനെ വെള്ളമൊഴിച്ചുരച്ചു്, തീപ്പൊള്ളൽ കരപ്പൻ, മുതലായവയിൽ തേച്ചാൽ ശമിക്കും. ഇതു കലക്കിയവെള്ള ത്തിൽ മുണ്ടു മുക്കിപ്പിഴിഞ്ഞു കെറടം ഇട്ടാൽ കണ്ണുനോവു തീരും.

കടൽനുര:—ഇതിന്റെ സ്വേം ഗ്രലും ക്ഷയം പുണ്ണ് ഇവകളെ ശമിപ്പിക്കും.

സാമാമിസ്സി:—ഇതിനെ പൊടിച്ചു പാലിൽ കലക്കി സേവിച്ചാൽ ശരീരത്തിനു ബലവും ധാതുപുഷ്ടിയും ഉണ്ടാകും. ക്ഷയത്തേയും മേഹത്തേയും ശമിപ്പിക്കും.

ചുക്ക്:—അരച്ചുകലക്കി എണ്ണകാച്ചി ചെവിയിൽ കഴിച്ചാൽ ചെവിക്കുത്തു ശമിക്കുകയും അരച്ചിട്ടാൽ തലവേദന തീരുകയും ചെയ്യും.

മഞ്ഞൾ:—ഒ ഗ്രയിൻസ് മുതൽ ൩൦ ഗ്രെയിൻസ് വരെ കൊടുത്താൽ വയറുപെരുക്കം നില്ക്കും. ഇതിന്റെ പുക പിടിച്ചാൽ ജലദോഷവും തലവേദനയും തലയിലുണ്ടാകുന്ന നീർദോഷവും തീരും.

വെടിയുപ്പ്.

ഇതു് മൂത്രവർദ്ധനകാരിയും ശീതളകാരിയും ശരീരത്തിൽ അരച്ചിട്ടാൽ ഉണ്ടായ തണുപ്പിക്കുന്നതും വ്രണങ്ങളെ ചുവപ്പിക്കുന്നതും ആണ്. ഇതു് ജ്വരം കീൽവാതം രക്തകാസം പ്രമേഹം നീർക്കാരവീക്കം മുതലായവയെ ശമിപ്പിക്കും. വേദിയുപ്പും ഇതുംകൂടി ചേർത്തു കൊടുത്താൽ വിയർപ്പിനെയുണ്ടാക്കും. ഇതിനെ വെള്ളത്തിൽ അലിയിച്ചു് വായകൊപ്പിളിച്ചാൽ വായിലും പല്ലിലും ഉണ്ടാകുന്ന രോഗങ്ങളെഎല്ലാം ശമിപ്പിക്കും.

അളവു്—൫ മുതൽ ൧൫ ഗ്രെയിൻസുവരെ വെള്ളത്തിൽ കൊടുക്കാം. വിയർപ്പിക്കുന്നതിനു് ൩൦ ഗ്രെയിൻസുമുതൽ ൧൫ഗ്രെയിൻസുവരെകൊടുക്കാം. പ്രമേഹം കീൽവാതം മുതലായവകൾക്കു്; മരുന്നാം ദിവസം മുതൽ യഥാശക്തം വരെ അധികം വെള്ളത്തിൽ തലക്കിഅതിന്റെ വേഗത്തെ ശമിപ്പിച്ചു കുറേശ്ശ കൊടുക്കണം.

ശീമ ഇരുപ്പ്.

ഇതു് മലവിരേചനകാരിയും മൂത്രവർദ്ധനകാരിയും ആണ്. ഇതു് എല്ലാ താപനരോഗങ്ങൾക്കും നല്ലതാണ്. ചുക്കുകഷായം ചെപ്പർമേണ്ടുജലം സുന്നാമുക്കിക്കഷായം ഇവകളോടുകൂടെ ഇതിനെ ചേർത്തുപയോഗിച്ചാൽ വായുവിനെ കോപിപ്പിക്കാതെയും വയറുകടുപ്പിനെയുണ്ടാക്കാതെയും വിരേചിപ്പിക്കും. ഈ മരുന്നു് വയറ്റിൽ തങ്ങാതെ അർട്ടിയുണ്ടായുകയാണെങ്കിൽ അല്പം ഗന്ധകദ്രാവകം കൂടി ചേർത്തു കൊടുക്കണം. അധികം വെള്ളം ചേർത്തുകൊടുത്താൽ വല്ലതുപോലെ ഭേദിയുണ്ടാകും. ഗർഭിണികൾക്കും സൂതികശൂലയുള്ളവക്കും ഈ മരുന്നുകൊടുക്കരുതു്. വിഷൂചികയുള്ള കാലങ്ങളിലും ഈ മരുന്നു കൊടുക്കരുതു്.

പടികാരം (ചീനക്കാരം)

ഇതു് രക്തസ്തംഭനകാരിയും സംകോചനകാരിയും ആണു്. ഇതു് കണ്ണുനോവുകളെ ശമിപ്പിക്കും. ഇതിട്ട വെള്ളംകൊണ്ടു് വാ കൊപ്പിളിച്ചാൽ വായിലുള്ള വ്രണങ്ങൾതീരും. ഇതു് കലക്കിയ വെള്ളം മൂത്രദ്വാരത്തിൽ പിച്ചാംകുഴൽവഴി കടത്തിയാൽ മൂത്രദ്വാരത്തിലുള്ള വ്രണം മുതലായവയെ തീക്കും. അതിസാരം രക്തപിത്തം, വില്ലൻചുമ, വയറുകടി ഇവയ്ക്കു ഉള്ളിൽ സേവിച്ചാൽ വലിയ ഗുണംകിട്ടും. വ്രണങ്ങളിൽ ഉള്ളുദുഷ്ടാംസങ്ങളെ പോക്കുന്നതിനു് ഇതു് പൊരിച്ചു പൊടിച്ചു പൊടിയിട്ടാൽ മതിയാകും.

കറിയുപ്പു്.

വാന്തിദോഷി കൃമി, രക്തകാസം അഗ്നിമാന്ദ്യം ഇവയ്ക്കു് കറിയുപ്പ് നല്ല മരുന്നാണു്. അരസന്നത്തിനകത്തോ ഉരച്ചെയ്കുകത്തോ അട്ടകടന്നാൽ കറിയുപ്പു് അരച്ചുകലക്കി സേവിച്ചാൽ അതു മരിച്ചുവെളിയിൽപോകും.

വെങ്കാരം.

ഇതു്, മൂത്രവർദ്ധനകാരിയും ഭേദനകാരിയും ലഘുസങ്കോചനകാരിയും വ്രണശൂലികാരിയും ആണു്. തൊണ്ട വായ് ഇവയിൽ ഉണ്ടാകുന്ന വ്രണങ്ങൾക്കു് ഇതു് വെള്ളത്തിൽ അലിയിച്ചു് അതു കൊണ്ടു് വായ്കൊപ്പിളിച്ചാൽ ഏറ്റവും വേഗത്തിൽ ശമിക്കും: സേവിച്ചാൽ മൂത്രകൃച്ഛ്രം മഹോദരം മുതലായവശമിക്കും. ഗർഭിണികൾക്കു കൊടുക്കരുതു്. കൊടുത്താൽ ഗർഭം അലസിപ്പോകും.

അളവു:—ഒരു നേരത്തേക്കു്, ൫ ഗ്രെയിൻസുമുതൽ ൧൦ ഗ്രെയിൻസുവരെ കൊടുക്കാം. ൧ ഔൺസ് വെങ്കാരം ൧൬ ഔൺസ്സ് വെള്ളത്തിൽ ഇട്ടു വായ് കൊപ്പിളിക്കണം.

ചുണ്ണാമ്പു്.

ഇതു് അമ്ലനാശകാരിയും സങ്കോചനകാരിയും അശുദ്ധീഹരകാരിയും ശോഫനാശകാരിയും ആണു്. ഒരൗൺസ്സ് ചുണ്ണാമ്പു്, ൧ കുപ്പി ചൂടുവെള്ളത്തിൽ കലക്കി ചേർത്തു തെളിച്ചെടുത്തു വച്ചിരുന്ന ഔൺസ്സുമുതൽ ൧ ഔൺസ്സുവരെ ഒരു നേരം സേവിച്ചാൽ നെഞ്ചുരുക്കും കരളുരുപ്പും, പുളിച്ചുതികട്ടലും അതിസാരവും അമദോഷവും അജീർണ്ണാദിയും കൃമിയുടെ ഉപദ്രവങ്ങളും ശമിക്കും. വ്രണങ്ങൾക്കു ഇതു് ഇട്ടുകയും ചെയ്യാം.

Since1923

ഇരുപത്തിഒന്നാം അദ്ധ്യായം.

വൈദ്യന്മാർ ഔഷധിക്കേണ്ട മുഖ്യസംഗതികൾ.

൧. വൈദ്യന്മാർ അഷ്ടസ്ഥാന പരീക്ഷകൊണ്ടും രോഗം ഉണ്ടാ
യതിലേക്കുള്ള മൂലകാരണങ്ങളെക്കൊണ്ടും മറ്റുലക്ഷണങ്ങൾ നിദാന
ങ്ങൾ മുതലായവ കൊണ്ടും രോഗം ഇന്നതെന്നറിഞ്ഞതിന്റെശേഷം
ദേശം കാലം പ്രകൃതി പ്രായം മുതലായവയെ നോക്കി ഉചിതമായ ഔ
ഷധങ്ങളെ നിശ്ചയിച്ച് മാത്രയിലും ½അളവിലും കൂട്ടുകയോ കുറയു
യോചെയ്യാതെ രോഗിക്കും രോഗത്തിനും അനുകൂലങ്ങളായ അനുപാ
നങ്ങൾ ചേർത്ത് അവയെകൊടുക്കണം.

൨. രോഗിയുടെ മലം മൂത്രം ദർശനശക്തി ഇവയെ ദിവസം
പ്രതിയും വൈദ്യൻ പരിശോധിക്കുകയും, ക്രമപ്പെടുത്തുകയും ചെയ്യ
കൊള്ളണം.

൩. രോഗികൾ കിടക്കുന്ന മുറികളിൽ സുഗന്ധദ്രവ്യങ്ങൾ
കൊണ്ട് പുകച്ച് ദുർഗ്ഗന്ധങ്ങളെ കഴിക്കണം. രോഗിയുടെ പായ്
മെത്ത തലയണ, വിരിപ്പുമുതലായ കിടക്കസാമാനങ്ങളെ ദിവസംതോ
റും മാറ്റി ശുദ്ധിയാക്കുകയും വസ്ത്രം ദിവസംപ്രതിയും മാറ്റി ശുദ്ധ
വസ്ത്രം ധരിപ്പിക്കുകയും ചെയ്യണം. രോഗിയെ കിടത്തുന്നതു് നല്ല
തുപോലെവെളിച്ചം കടക്കുന്നതും കാറ്റില്ലാത്തതും ശുചിത്വമുള്ളതും
വിശാലമായതും തണുപ്പുതട്ടാത്തതുമായ മുറികളിൽവേണം. രോഗിക്കു
അപഥ്യങ്ങളായ ഭക്ഷണപദാർത്ഥങ്ങളെ, രോഗിയെ കാണിക്കുകയോ
രോഗിയുടെ കിടക്കയുടെസമീപത്തിൽ വയ്ക്കുകയൊ ചെയ്യരുതു്.
രോഗിയുടെ അടുക്കൽഇരുന്നു് രോഗിയ്ക്കു് ഇഷ്ടമല്ലാത്ത സംഗതികളെ
സംബന്ധിച്ചു സംസാരിക്കുന്നതിനോ ശബ്ദം ഉണ്ടാക്കുന്നതിനോ കര
യുന്നതിനോ, രോഗിയ്ക്കു് ഏതെങ്കിലും ക്ഷോഭമോ വികാരമോ ഉണ്ടാക
ത്തക്ക വിഷയങ്ങളെപ്പറ്റി സൂചിപ്പിക്കുകപോലും ചെയ്യുന്നതിനോ
സമ്മതിക്കരുതു്.

൪. ഗർഭിണികൾക്കും പാൽകൊടുക്കുന്ന സ്ത്രീകൾക്കും കന്യക
കൾക്കും ആർത്തവകാരികളായ മരുന്നുകളെ കൊടുക്കരുതു്. ഗർഭം പരി
പൂർണ്ണമായി മുറ്റുന്നതിനുമുമ്പായി ഗർഭിണികളുടെ രക്തംകളയരുതു്. ഗ
ർഭപാതത്തിൽ ഉണ്ടാകുന്ന വ്രണങ്ങളുടെ ശമനത്തിനുവേണ്ടി ഒരിക്കലും
ആർത്തവകാരികളായ ഔഷധങ്ങളെ കൊടുക്കരുതു്.

൪. മറ്റേ ഗുണത്തെചെയ്യുന്ന രണ്ടുമരുന്നുകൾ കൂട്ടിച്ചേർത്തു കൊടുക്കുന്നതു് എപ്പോഴും വളരെ വളരെ നല്ലതാണു്. അവയിൽ ഒരു മരുന്നു് ഗുണം ചെയ്തില്ലെങ്കിൽ മറ്റൊന്നിന്റെ ഗുണംകൊണ്ടെങ്കിലും രോഗത്തിനു ശമനം ഉണ്ടാകും.

൫. കഫത്തെ ഇളക്കി പുറത്തുകളയുന്നതിനു് കഫഹാരികളായ ഔഷധങ്ങളെ കൊടുക്കണം. എന്നാൽ ബലഹീനന്മാർക്കു് കുമട്ടലോടുകൂടി ഛർദ്ദിയെ ഉണ്ടാക്കുന്ന കഫഹാരികളായ ഔഷധങ്ങൾ കൊടുക്കരുതു്. അവർക്കു് ശരീരത്തിൽ ചൂടിനെ മിതമായി ഉണ്ടാക്കിയും അവരെക്കൊണ്ടു് അധികം വെള്ളം കുടിപ്പിച്ചും വമനകാരികളായ ഔഷധങ്ങൾ കൊടുത്തും കഫഹാരികളായ ഔഷധങ്ങൾ കൊടുക്കുന്നഫലത്തെ ഉണ്ടാക്കിക്കൊള്ളണം. അധികം ചൂടുള്ളപ്പോഴും കഫഹാരികളായ ഔഷധങ്ങൾ കൊടുക്കരുതു്. വിരേചനകാരികളും മൂത്രവർദ്ധനകാരികളുമായ ഔഷധങ്ങളും അവിയൻചേർന്ന ഔഷധങ്ങളും കൊടുത്താൽ കഫഹാരികളായ ഔഷധങ്ങളുടെ ഗുണത്തെ കുറയ്ക്കും.

൬. ചെറിയ കുട്ടികൾക്കു് നിദ്രാകാരികൾ (മയക്കത്തെ ഉണ്ടാക്കുന്ന) ആയമരുന്നുകൾ കൊടുക്കരുതു്. രക്തപുഷ്ടിയോടുകൂടിയവർക്കു നിദ്രാകാരികളായ ഔഷധങ്ങൾ വലിയ ഗുണത്തെ ചെയ്യും. നിദ്രാകാരികളായ മരുന്നുകൾ പുരുഷന്മാർക്കു കൊടുക്കുന്ന അളവിലും കുറഞ്ഞതായ അളവിൽ സ്ത്രീകൾക്കു കൊടുക്കാവു. [കഫാധിക്യത്തോടുകൂടിയ ചുമയ്ക്കും തലമണ്ടയിൽ രക്തംകെട്ടിയതിനും നീണ്ടഹൃദയരോഗികൾക്കും നിദ്രാകാരികളായ ഔഷധങ്ങൾ കൊടുക്കുന്നതു വളരെ സൂക്ഷ്മത്തോടുകൂടിവേണം. ബലംകുറഞ്ഞവർക്കു കൊടുക്കുന്നതു ഏറ്റവും കുറഞ്ഞ അളവിൽ തുടങ്ങി ക്രമേണ കൂട്ടി കൂട്ടി വേണ്ടതാണു്. ഗർഭിണികൾക്കു നിദ്രാഹാരികളായ മരുന്നുകൾ കൊടുക്കരുതു്. കൊടുത്താൽ ഗർഭം നശിച്ചുപോകും. അധികമായി കഫം ഇളകിക്കൊണ്ടു നില്ക്കുന്നവർക്കു നിദ്രാകാരികളായ ഔഷധങ്ങൾ കൊടുത്താൽ കഫം ഹൃദയത്തിനകത്തു തടഞ്ഞു ശ്വാസമടപ്പുണ്ടാക്കുമെന്നുള്ളതുകൊണ്ടാണു് അങ്ങനെയുള്ളവർക്കു നിദ്രാകാരികൾ കൊടുക്കരുതെന്നു പറഞ്ഞതു്. ഇതു് അളവിൽ കൂടിപ്പോയാൽ അധികം വൈഷമ്യങ്ങൾ ഉണ്ടാകും.

൭. നീണ്ട രോഗങ്ങൾക്കു് വ്യർത്ഥാഭേദകാരികളായ മരുന്നുകൾ കൊടുക്കുമ്പോൾ രോഗികളെ പഥ്യാചരണം സ്നാനപാനം തുടങ്ങിയവയിൽ വളരെ സൂക്ഷിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ മരുന്നു സേവിക്കുന്നതുകൊണ്ടു യാതൊരുഫലവും ഇല്ലാതെ ഭവിച്ചുപോകും.

൮. വേദനാശാന്തകാരികളായ മരുന്നുകൾ, മയക്കുകളിലും നസ്യങ്ങളിലും തലച്ചോറിലും വ്യാപിച്ചു നിദ്രയെ ഉണ്ടാക്കുന്നതിനാൽ

വേദനയേറിയ രോഗങ്ങളിൽ വേദനാശാന്തകാരികളായ മരുന്നുകളെ കൊടുക്കുന്നതു നല്ലതാണ്.

൬൭. അമ്ലനാശകാരികളായ ഔഷധങ്ങൾ ശരീരത്തിൽ ഉള്ള കൊഴുപ്പിനെ ദഹിപ്പിക്കുന്ന മരുന്നായതുകൊണ്ട് ദുർബ്ബലന്മാരെ സേവിപ്പിക്കുന്നതു് ഏറ്റവും അത്യാവശ്യമായ അവസരങ്ങളിൽ മാത്രമേ ആകാവൂ. അതു് കൊഴുപ്പിനെ ഉരുക്കിക്കളയുന്നതായതുകൊണ്ടു് ദുർബ്ബലന്മാർക്ക് അതിവേഗത്തിൽ ക്ഷീണത്തെ ഉണ്ടാക്കും. അമ്ലനാശകാരികളെ നല്ല സൂക്ഷ്മത്തോടുകൂടിയല്ലാതേയോ അധികമായോ നെടുനാളോളമോ തുടർച്ചയായോ സേവിപ്പിച്ചാൽ ദുഷ്യമുണ്ടാകും. അമ്ലനാശകാരികളായ മരുന്നുകൾ ഭക്ഷണാനന്തരം രണ്ടോ മൂന്നോ മണിക്കൂർ കഴിഞ്ഞിട്ടുവേണം സേവിക്കേണ്ടതു്.

൬൮. ക്ഷാരനാശകാരികളായ മരുന്നുകൾ തനിച്ചു സേവിക്കാതെ ഭക്ഷണത്തോടുകൂടി ചേർത്തു കൊടുക്കുകയാണു നല്ലതു്. ആ മരുന്നു സേവിച്ചതിന്റെ പിറേറദിവസം ആവണക്കെണ്ണ കുടിച്ചു വിരേചിപ്പിക്കണം.

൬൯. വിഷത്തിനുവേണ്ടി വിഷനാശകാരികളായ ഔഷധങ്ങളെ ഉടൻ കൊടുക്കണം.

൭൦. നേത്രരോഗികളെ പ്രകാശമേറിയ സ്ഥലങ്ങളിൽ കിടത്തരുതു്.

൭൧. കർണ്ണരോഗികളെ ശബ്ദമില്ലാത്ത സ്ഥലത്തേ കിടത്താവൂ.

൭൨. നസ്യരോഗികളിൽ രോഗമുള്ളവർ രോഗം ശമിക്കുന്നതുവരെയും സംസാരിക്കാൻ സമ്മതിക്കരുതു്.

൭൩. ശിരോരോഗികളെ കിടത്താതെ നിവർത്തിയുള്ളിടത്തോളവും ഇരുത്തുകയാണു നല്ലതു്.

൭൪. കൈകാൽ എരിച്ചിലുള്ളവർ ഇരിക്കാൻ സമ്മതിക്കരുതു്.

൭൫. നാഡികൾക്കു ബലത്തെയുണ്ടാക്കി കാസരോഗങ്ങളെ ശമിപ്പിക്കുന്ന രംഗാകർഷനനാശകാരികളായ മരുന്നുകൾ കാസരോഗം ഇല്ലാത്തപ്പോഴും സേവിപ്പിച്ചാൽ പിന്നീടു കാസം വരാതെ ഇരിക്കും. പിത്താവയവങ്ങളുടെ കെടുതികൊണ്ടുണ്ടാകുന്ന കാസരോഗങ്ങൾക്ക് ശുദ്ധിചെയ്ത രസംചേർന്ന മരുന്നുകളും വയറിലുണ്ടാകുന്ന പുളിപ്പിന്റെ കൂടുതൽകൊണ്ടുണ്ടാകുന്ന കാസരോഗങ്ങളിൽ ക്ഷാരങ്ങളേയും വയറിലുള്ള കൃമികൾ മൂലമുണ്ടാകുന്ന കാസരോഗങ്ങളിൽ കൃമിനാശകാരികളായ ഔഷധങ്ങളേയും കൊടുക്കണം. ശരീരത്തിൽ ചൂടുകൂടുതോറും കാസവും കൂടും. മലത്തേയും മൂത്രത്തേയും ദഹനശക്തിയേയും കാസരോഗങ്ങളിൽ നല്ലതുപോലെ ക്രമപ്പെടുത്തിക്കൊള്ളണം.

൫൯. വ്രണങ്ങളിൽ ഉള്ള ദുർമ്മാംസങ്ങളെ ഇല്ലാതാക്കുന്നതിനും ഗ്രന്ഥികളെ(കട്ടികളെ) ഉടയ്ക്കുന്നതിനും രക്തത്തെ നിർത്തുന്നതിനും ക്ഷാരങ്ങൾ വ്രണങ്ങളിൽ ഉപയോഗിക്കാം.

൬൦. ശീതമേഹി (വയറുകടി) ചുമ പ്രമേഹം മുതലായ രോഗങ്ങളോടുകൂടിയവക്കും വിഷമേറിയവക്കും സ്നിഗ്ധകാരികളായ ഔഷധങ്ങൾ കൊടുക്കണം.

൬൧. സ്വേദകാരികളായ ഔഷധങ്ങൾ സേവിച്ചാൽ കാറ്റു കൊള്ളാതെ മൂടിപ്പുതച്ചു കിടന്നുകൊള്ളേണ്ടതാണ്. കാറ്റുകൊണ്ടാൽ വിഷമിപ്പു കൂടുകയും. മൂർച്ഛയെ വർദ്ധിപ്പിക്കും. ചൂർണ്ണരൂപത്തിൽ ഉള്ള സ്വേദകാരികളെക്കാളും ജലരൂപത്തിൽ ഉള്ള സ്വേദകാരികൾ വളരെ വേഗത്തിൽ ഗുണത്തെ ചെയ്യുന്നതാണ്. ചൂടുവർദ്ധിച്ചിരിക്കുമ്പോൾ ബ്രാണ്ടി, ചാരായം മുതലായ ഉഷ്ണഗുണത്തോടുകൂടിയ സ്വേദകാരികളായ ഔഷധങ്ങൾ ഉപയോഗിക്കരുത്. സ്വേദകാരികളായ ഔഷധങ്ങൾ സേവിക്കുന്നത് ഉറങ്ങാൻപോകുമ്പോഴോ ഉറങ്ങി എഴുന്നേറ്റയുടനേയോ വേണ്ടതാകുന്നു.

൬൨. മൂത്രവർദ്ധനകാരികളായ ഔഷധങ്ങളെ സേവിപ്പിച്ചാൽ കുറഞ്ഞ മൂത്രക്കണക്കിനു വേണ്ട അളവിൽ ആക്കുകയും ജ്വരരോഗികളുടെ ചൂടിനെ കുറയ്ക്കുകയും, ശരീരത്തിൽ ഉണ്ടാകുന്ന നീരിനെ ഇല്ലാതാക്കുകയും ജ്വരരോഗങ്ങളിൽ ഉണ്ടാകുന്ന വിഷത്തിനെ ശമിപ്പിക്കുകയും ചെയ്യും. മൂത്രവർദ്ധനകാരികളായ ഔഷധങ്ങളെ സേവിച്ചും വച്ചു, തണുത്ത തറയിൽ ഇരിക്കുകയോ തണുപ്പേൽക്കുകയോ കൂടക്കൂടെ ജലം കുടിക്കുകയോ ചെയ്താൽ അതിന്റെ ഫലം ശരിയായി കിട്ടുകയില്ല.

൬൩. ഗർഭം പൂണ്ടമായ സ്ത്രീകൾക്കും അണ്ഡവാതരോഗങ്ങൾക്കും ഹൃദയരോഗമുള്ളവക്കും ബലംകുറഞ്ഞവക്കും സന്നിയുള്ളവക്കും വമനകാരികളായ മരുന്നുകൾ കൊടുക്കരുത്. വിഷം, ദഹിക്കാത്ത ആഹാരം ഇവകളെ ആമാശയത്തിൽ നിന്നും പെട്ടിക്കാക്കുന്നതിനും കഫത്തെ ധാരാളമായി വെളിപ്പെടുത്തുന്നതിനും വമനകാരികളായ ഔഷധങ്ങളെ സേവിപ്പിക്കണം. കൂടക്കൂടെ ഛർദ്ദിപ്പിക്കരുത്. അങ്ങനെ ചെയ്താൽ അതിവേഗത്തിൽ ശരീരം നശിച്ചുപോകും.

൬൪. രക്തത്തിലുള്ള പശയെ ഉറപ്പിക്കുന്നതിനും രക്തക്കുഴലുകളെ ചുരുക്കുന്നതിനും രക്തത്തെ നിറുത്തുന്നതിനും രക്തസ്തംഭനകാരികളായ മരുന്നുകൾ ഉപയോഗിക്കണം.

൬൫. ശരീരത്തിനു് ബലം ഉണ്ടാക്കുകയും ഓജസ്സിനെ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനു് ധാർഷ്ട്യകാരികളായ ഔഷധങ്ങൾ കൊടുക്കണം. അതു, ഇടവിടാതെ കൂടുതൽ ദിവസം സേവിക്കുകയും

ചെയ്യണം. ഇരുമ്പിന്റെ വീര്യമുള്ളതായ ധാർഷ്ട്ര്യകാരികം രക്തത്തിൽ ഉള്ള ഇരുമ്പിനെ വർദ്ധിപ്പിച്ച്, മാംസധാതുവിനു വലിയ ബലത്തെ ഉണ്ടാക്കും. പാണ്ഡു, ശോഫം ബലഹാനി, അജീർണ്ണം ജ്വരം മുതലായ രോഗങ്ങൾക്ക്, ധാർഷ്ട്ര്യകാരികളായ ഔഷധങ്ങൾ കൊടുക്കാം. താപനരോഗങ്ങൾക്കും സ്ഥൂലശരീരികൾക്കും കൊടുക്കരുതു്.

൨൩. പാഷാണം ചേർത്തിട്ടുള്ള ഔഷധങ്ങൾ ക്ഷീണാനന്തരം തന്നെ രണ്ടു മണിക്കൂർ കഴിഞ്ഞതിനു ശേഷമേ സേവിക്കാവൂ. വെറും വയറിൽ ഒരിക്കലും ഉപയോഗിക്കരുതു്. ഇതിനെ ഉപയോഗിക്കുമ്പോൾ ശരീരത്തിൽ പൊള്ളലു് വ്രണം ചൂടു് ചുമ നീർക്കെട്ടു് മൂത്രത്തിനു് ചുവപ്പു് ഇവയിൽ ഏതെങ്കിലും ഉണ്ടായാൽ ഉടനെ അവയെ നിറുത്തണം. പാഷാണം ചേർന്ന മരുന്നുകൾ കൊടുക്കുന്നതിനു് മുമ്പായി വിരേചിപ്പിച്ചു് ദുർമ്മലത്തെ കളയുന്നതു് ഏറ്റവും നല്ലതാകുന്നു. അതു സേവിച്ചുകൊണ്ടിരിക്കുമ്പോഴും പത്തു പതിനഞ്ചു ദിവസത്തിൽ ഒരു തവണവീതം രണ്ടോ മൂന്നോ ദിവസത്തേക്കു് സേവ നിറുത്തിയും വച്ചു് വിരേചനത്തിനു മരുന്നുകൊടുത്തു് വിരേചിപ്പിച്ചാൽ ഔഷധത്തിന്റെ ഗുണം അധികമായി ഫലിക്കും. ഇതു് സേവിക്കുമ്പോൾ ഛർദ്ദി മനംമറിച്ചിൽ മുതലായവ ഉണ്ടായാൽ കുറുപ്പിന്റെ ദ്രാവകം ചേർത്തു കൊടുത്താൽ ആവക ദോഷങ്ങൾ മാറിപ്പോകും. കുട്ടികൾക്കു പാഷാണം ചേർന്ന ഔഷധങ്ങളെ കൊടുക്കരുതു്. ഇവ സേവിക്കുമ്പോൾ രോഗികളുടെകണ്ണുകൾ ചുവക്കുന്നോ എന്നും ശരീരങ്ങളിൽ വല്ല തടിപ്പോ പൊള്ളലുകളോ നീർക്കെട്ടോ മറ്റോ ഉണ്ടാകുന്നോ എന്നും ദിവസംപ്രതിയും നോക്കി കൊള്ളേണ്ടതാകുന്നു.

൨൪. ഇരുമ്പോ ഇരുമ്പിന്റെ വീര്യമോ ഉള്ള മരുന്നുകൾ വേണം പാണ്ഡുരോഗികൾക്കു കൊടുക്കേണ്ടതു്. രക്തം ഉണ്ടാക്കുകയാണു് പാണ്ഡുരോഗശമനത്തിന്റെ പ്രഥമോപായം. അതിനു് ഇരുമ്പിനാണു് വലിയശക്തി. ആ മരുന്നു് സേവിക്കുമ്പോൾ പതിനഞ്ചു ദിവസത്തിൽ ഒരു തവണവീതം സേവ നിറുത്തി വയറിളക്കി ദുർമ്മേദങ്ങളെക്കളയണം. പാണ്ഡുരോഗശമനത്തിനായി അയസ്സു് ചേർന്ന മരുന്നുകൾ സേവിക്കുമ്പോൾ പുളിയുള്ള പദാർത്ഥങ്ങൾ യാതൊന്നും ഭക്ഷിക്കരുതു്. അയസ്സു് സേവിക്കുന്നതിനു വെറുപ്പുള്ളവർ അതിനോടുകൂടെ കറാശാണി കാമത്തിന്റെ പൊടികൂടി ചേർത്തു് സേവിച്ചാൽ വെറുപ്പു മാറും. അതിസ്ഥൂലരോഗികൾക്കും താപനരോഗികൾക്കും അയസ്സു കൊടുക്കരുതു്.

൨൫. പ്രസവകാലത്തിൽ ഗർഭപാത്രം പ്രസവോദ്യമനംകൊണ്ടു് പുറപ്പെടുമ്പോൾ ചുരുങ്ങുമ്പോൾ അതിന്റെ മുഖം കുറേശ്ശ കുറേശ്ശ

യായി വിലസുകയും കുട്ടിയുടെ ശിരസ്സ് അല്പാല്പമായി പിറക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ പ്രസവവേദന മന്ദീഭവിച്ചുപോയാൽ സൂതികാവായുവിനെ വർദ്ധിപ്പിച്ച് വേദനയെ ഉണ്ടാക്കി ഗർഭോത്തിന്റെ മേൽഭാഗത്തെ ചുരുക്കുകയും മുഖത്തെ വിടുർത്തുകയും ചെയ്യുന്നതിനു ശക്തിയുള്ള പ്രസവകാരികളായ മരുന്നുകൾ കൊടുക്കണം.

൬൯. സ്ത്രീകൾക്കു പ്രസവവേദന ആരംഭിച്ചയുടനെ കുട്ടികൾ ഗർഭത്തിൽ ശരിയായ സ്ഥലത്തിൽ കിടക്കുന്നതിനെയും അല്ലാത്തതിനെയും അറിയുന്നതിന് കിടക്കയിൽ സ്ത്രീയെ വലതുവശമായി കിടത്താതെ ഇടതുവശമായി കിടത്തി വയറിനോടു ചേർത്തു കാലുണ്ടും മടക്കി വച്ചുകൊള്ളുന്നതിനു സൌകര്യപ്പെടുത്തി അഭ്യംഗം ചെയ്തിച്ചതിന്റെ ശേഷം ആവണക്കെണ്ണയിൽ മുക്കി വിരലുകൾ നനച്ചു പിൻഭാഗമായി യോനിക്കകത്തു കടത്തി നോക്കിയാൽ അറിയാം. സ്ത്രീകൾക്കു സൂതകസന്നിയുണ്ടായാൽ അഭ്യംഗമായി, ശീമ ഇരുപ്പ്, മറ്റു വല്ലതുമോ കൊടുത്തു വയറിളക്കി ദുഷിച്ച മലത്തെയും വാതപിത്തസംബന്ധമായിട്ടുള്ള ദുഷിച്ച നീരുകളേയും വെളിക്കു കളഞ്ഞതിന്റെ ശേഷം അവിയൻചേന്ന മരുന്നുകളോ മറ്റു ഔഷധങ്ങളോ ഉള്ളിൽ കൊടുക്കുകയും കശകശക്കഷായംകൊണ്ട് ശരീരത്തിൽ ചേതിടുകയും ചെയ്ത് വയറുവേദനയെ ശമിപ്പിച്ചതിന്റെ ശേഷം സേവകാരികളായ മരുന്നുകൾ കൊടുത്ത് ജ്വരം ഇല്ലാതാക്കുകയും ഉഷ്ണം ശമിപ്പിക്കുകയും ചെയ്യണം.

൬൦. സ്ത്രീകൾ രജസ്വലകളാകുന്ന സമയത്തിൽ ഉണ്ടാകുന്ന വേദനയ്ക്ക്, അവിയൻ ചേന്ന ഔഷധങ്ങളും കർപ്പൂരംചേന്ന ഔഷധങ്ങളും വളരെ വളരെ ഗുണകരങ്ങളാണ്. ഒരു പാത്രത്തിൽ കുറച്ചു വെള്ളം നിറച്ച് അതിൽ ദിവസം രണ്ടുതവണവീതം അരയ്ക്കുന്ന മണിക്കൂർനേരം ഇരുത്തിയാലും വേദന നിൽക്കും.

൬൧. സ്ത്രീകൾക്കു പ്രസവവേദന തുടങ്ങിയ ഉടൻ ആവണക്കെണ്ണകൊടുത്തോ, വസ്തി വച്ചോ മലം കളയേണ്ടതു് ഏറ്റവും അത്യാവശ്യമാകുന്നു. അങ്ങനെ ചെയ്തില്ലെങ്കിൽ ശിശു മലത്താൽ തടഞ്ഞു പ്രസവത്തിനു താമസം ഉണ്ടാവുകയും അങ്ങനെ ചെയ്താൽ അതിവേഗത്തിൽ സുഖപ്രസവം ഉണ്ടാവുകയും ചെയ്യും.

൬൨. ഗർഭിണികളുടെ മുഖം കാച്ചി നോക്കുമ്പോൾ, വെളുത്ത മാതിരി മട്ടി അടിയിൽ അടിഞ്ഞുകണ്ടാൽ ആ ഗർഭിണിയുടെ കാമുകളിലും ശരീരത്തിലുംമറ്റും ഉടനടി നീരുണ്ടാവുകയും ഭയം തലവേദന മുതലായവകൾ സംഭവിക്കുകയും ചെയ്യുമെന്നു നിശ്ചയിച്ച് അതിന്റെ ശമനത്തിനുവേണ്ടി ഉടൻ വിരേചിപ്പിക്കുകയും ക്ഷീ-ര

ള്ളിമുതൽ പഠ തുള്ളിവരെ അയമോദകം ഒരു ഔൺസ്സ് വെള്ളത്തിൽ ചേർത്ത് ദിവസം മൂന്നു നാലു തവണവീതം കൊടുക്കുകയും മറ്റു ചികിത്സകൾ ചെയ്യുകയും ചെയ്തുകൊള്ളണം.

൨൨. ഗർഭം പരിപൂർണ്ണമായതിൽ പിന്നെ ചില ഗർഭിണികളുടെ ഗർഭാശയം മൂത്രാശയത്തിൽ വീണും മൂത്രദ്വാരം തടഞ്ഞു മൂത്രം പോകാതെ വയറു വീർക്കും. അപ്പോൾ ഗർഭപാത്രംപൊക്കി മൂത്രം വെളിയിൽ കളയണം.

൨൩. മുലകുടിക്കുന്ന കുട്ടികൾക്കുണ്ടാകുന്ന രോഗങ്ങൾക്കു ചികിത്സിക്കുമ്പോൾ, ആ കുട്ടിക്കു പാലു കൊടുക്കുന്ന സ്ത്രീയെക്കൂടി പത്ഥ്യത്തിൽ വച്ചുകൊള്ളേണ്ടതാകുന്നു.

൨൪. കുട്ടികൾ ജ്വരംകൊണ്ടോ കഫരോഗംകൊണ്ടോ ചർമ്മരോഗംകൊണ്ടോ മറ്റേതെങ്കിലും രോഗങ്ങൾകൊണ്ടോ ദേഹം ക്ഷയിക്കുകയും ഉണങ്ങിപ്പോവുകയും ചെയ്താൽ മീൻനെയ്യ്, ദിവസം രണ്ടു മൂന്നു തവണ മുന്നു രണ്ടു വാരാഹനാടവീതം കാഫി, പാൽ, വൈയിൻ, തേവില, ഇവയിൽ ഏതെങ്കിലും നാലൊ അഞ്ചൊ മണ്ഡലംവരെ കൊടുത്താൽ കുട്ടിയുടെ ശരീരം പോഷിക്കുകയും രക്തവൃദ്ധിയും തേജസ്സും ഉണ്ടാവുകയും ദഹനശക്തി കൂടുകയും ത്വഗ്രോഗം മുതലായ സകല വ്യാധികളും ശമിക്കുകയും ചെയ്യും.

൨൫. പ്രസവിച്ച സ്ത്രീകളുടെ നാഡി പരിശോധിക്കുമ്പോൾ നാഡി മന്ദമായി നടന്നാൽ ഗുണവും നാഡി ഒരു മിനിട്ടിൽ എൺപതിനുമേൽ ചലിക്കുന്നതു ദോഷവും ആകുന്നു.

൨൬. പ്രസവിച്ച സ്ത്രീകൾക്കു അതിവേഗത്തിൽ നാഡിചലനം ഉണ്ടാവുകയും ചൂടു നൂറു ഡിഗ്രിയിൽ അധികമാവുകയും ചെയ്താൽ ഒരു പക്ഷേ പ്രാണാപായം നേരിടാനും ഇടയായേക്കും.

൨൭. പ്രസവിച്ച സ്ത്രീകൾക്കു മൂന്നാംദിവസത്തിൽ പാൽ ചുരക്കുമ്പോൾ ചൂടു സാധാരണയിൽനിന്നും ഒന്നൊ രണ്ടോ ഡിഗ്രി കൂടുതൽ കാണും. അതു വകവയ്ക്കാൻ ഇല്ല. ഒന്നൊ രണ്ടോ ദിവസത്തിനകം അതും ശാന്തമാകും.

൨൮. ലേഹ്യം, നെയ്യു് മുതലായ ഔഷധങ്ങൾ മോണി പിഞ്ഞാൺ ഗ്ലാസ്സു് പാത്രം വെള്ളിപ്പാത്രം സ്വർണ്ണപ്പാത്രം ഇവകളിൽ വച്ചു സൂക്ഷിക്കുകയും. പിഞ്ഞാൺ ഗ്ലാസ്സു്, വെള്ളിപ്പാത്രം സ്വർണ്ണപ്പാത്രം ഇവകളിൽ ഒഴിച്ചു കൊടുക്കുകയും ചെയ്യേണ്ടതാണു്.

ഇരുപത്തിരണ്ടാം അദ്ധ്യായം.

രോഗികൾക്കു കൊടുക്കുന്ന കഞ്ഞിവകകൾ അന്നങ്ങൾ പലഹാരങ്ങൾ മുതലായവയുടെ ഗുണങ്ങൾ.

കോതമ്പുറവക്കഞ്ഞി.

കോതമ്പുറവ വെള്ളത്തിലിട്ട് അതു വെന്തു വെള്ളത്തിൽ കലങ്ങുന്നതുവരെ തീയ്യെരിച്ചു പശുവിൻപാലും പഞ്ചസാരയും ചേർത്തു കാച്ചി സേവിച്ചാൽ വാതരോഗവും സന്നിപാതജ്വരവും ജലദോഷവും മറ്റും ശമിക്കും.

യവക്കഞ്ഞി.

യവത്തിന്റെ അരികൊണ്ടു കഞ്ഞിവച്ചു് അതു നല്ലതുപോലെ വെന്തു കലങ്ങിയതിന്റെ ശേഷം പാലും പഞ്ചസാരയും ഏലത്തരിയും ചേർത്തു കഫരോഗികൾക്കും ശരീരം ശുഷ്കിച്ചവർക്കും കൊടുത്താൽ രോഗശമനം വരും.

പച്ചരിക്കഞ്ഞി

പച്ചരികൊണ്ടു മേൽപറഞ്ഞതുപോലെ കഞ്ഞിവച്ചു പാലും പഞ്ചസാരയും ചേർത്തു സേവിച്ചാൽ പിത്തച്ചൂടും ബുദ്ധിമാന്ദ്യവും ശുക്ലനഷ്ടവും തീരും.

മലർക്കഞ്ഞി.

മലരുകൊണ്ടു മേല്പറഞ്ഞതുപോലെ കഞ്ഞിവച്ചു് പാലും പഞ്ചസാരയും ചേർത്തു കൊടുത്താൽ ബുദ്ധിഭ്രമവും വയറുകടിയും അതിസാരവും ഗ്രഹണിയും ഛർദ്ദിയും മറ്റും ശമിക്കും.

മുതിരക്കഞ്ഞി.

തൊലികളഞ്ഞ മുതിരയരിയുകൊണ്ടു് മേൽപ്രകാരം കഞ്ഞിവച്ചു് കുടിച്ചാൽ ദീപനത്തെയുണ്ടാക്കുകയും വായുക്കളുടെ ഗതിയെ നേരേയാക്കുകയും ശൂലയെ ശമിപ്പിക്കുകയും ബലത്തെ വർദ്ധിപ്പിക്കുകയും ചെയ്യും.

ചെറുപയറുകഞ്ഞി.

ചെറുപയറിന്റെ തൊലികളഞ്ഞ അരിയും പച്ചരിയും സമം ചേർത്തു മേൽപ്രകാരം കഞ്ഞിവച്ചു പാലുംപഞ്ചസാരയും ചേർത്തു് കുടിച്ചാൽ പിത്തംസംബന്ധിച്ചുണ്ടാകുന്ന സകല രോഗങ്ങളും ശമിക്കും.

ചോറുകഞ്ഞി.

അരിവച്ചുറഞ്ഞ ചോറ് വെള്ളത്തിൽഇട്ട് ചോറു വിണ്ടുംവെ
ള്ള വെള്ളത്തിൽ കലങ്ങുന്നതുവരെ തീയ്യെരിച്ചു വാങ്ങി അരിച്ച് അ
വശ്യമുള്ളിടത്തോളവും ഉപ്പുംചേർത്തു തിരോഷകോപങ്ങൾക്കും സകല
ജ്വരരോഗങ്ങൾക്കും കൊടുക്കാം.

ബാർളികഞ്ഞി.

രണ്ടരരൂപൺഭാ ബാർളി അരിവെള്ളം കഴിച്ചു നല്ലതുപോലെ
കഴുകി അരക്കുപ്പി വെള്ളത്തിൽ ഇട്ട്, അല്പമായി തിളപ്പിച്ചതിന്റെ
ശേഷം ആ വെള്ളം വാങ്ങികളഞ്ഞുവച്ച് മുന്നരക്കുപ്പിത്തിളച്ചവെ
ള്ളം കഴിച്ച് രണ്ടുകുപ്പി ആകുന്നതുവരെ വറ്റിച്ചു വാങ്ങി വെള്ളം ഇ
തിലെട്ടുത്തുകൊടുത്താൽ, സ്തിഗ്ധതയെ ഉണ്ടാക്കുകയും പ്രമേഹം, ജ്വ
രരോഗികൾക്കുണ്ടാകുന്ന തണ്ണീർദാഹം ചുട്ടനീറ്റം ചുമ മുതലായവ
യെ ശമിപ്പിക്കുകയും ചെയ്യും.

കുവരുറുകഞ്ഞി.

ഒരുകരണ്ടി കുവരുറ്, കാൽപ്പറ്റവെള്ളം കഴിച്ചു കലക്കിയതിന്റെ
ശേഷം അതിൽ ഒരുകുപ്പിവെള്ളം കഴിച്ച് കാച്ചി പാലും പഞ്ചസാ
രയുംചേർത്തു കൊടുക്കുന്നതു് കുട്ടികൾക്കും ക്ഷീണിച്ചവർക്കും രോഗികൾ
ക്കും നല്ലതാകുന്നു.

ചവ്വരിക്കാടത്തി.

ചവ്വരി വെള്ളത്തിൽ ഇട്ട് ഒരു പൊന്ന കലങ്ങുന്നതുവരെ തീ
യ്യെരിച്ചു പാലും പഞ്ചസാരയും ചേർത്തു എല്ലാ രോഗികൾക്കും കൊ
ടുക്കാം.

ശർക്കരപൊങ്കൽ.

അരുചി ഛർദ്ദി ബുദ്ധിഭ്രമം ഇവ രോഗങ്ങൾ ഉള്ളവർക്കുപയോ
ഗിക്കാം.

പാൽപൊങ്കൽ.

വാതരോഗികൾക്കും പിത്തരോഗികൾക്കും രക്തപിത്തരോഗി
കൾക്കും ഏറ്റവും നല്ലതാകുന്നു.

പരുപ്പുപൊങ്കൽ.

പിത്തരോഗത്തെ ശമിപ്പിക്കുകയും വീര്യവൃദ്ധിയെ ഉണ്ടാക്കുകയും
ചെയ്യും.

പുളിഞ്ചോറ്.

അരുചിയെ തീർക്കും എന്നാൽ രോഗികൾക്കു അതു കൊടുക്കാൻ
പാടില്ല.

മുളകുചോറ്.

ഇതു് ദീപനത്തെ ഉണ്ടാക്കുകയും കടൽച്ചായുവിനെയു മയറി

രുപ്പിനേയും തീക്കുകയും പിത്തരോഗങ്ങളേയും കഫരോഗങ്ങളേയും ശമിപ്പിക്കുകയും ചെയ്യും.

തിലോദനം (എർച്ചോറ്)

ബുദ്ധിഭ്രമത്തെ തീക്കുകയും ശരീരത്തിനു് ഏറ്റവും വലിയബല ത്തെ ഉണ്ടാക്കുകയും ചെയ്യും.

മദ്ധ്യോദനം (തയിർച്ചോറ്)

ഉർച്ചൂടിനേയും പിത്തം സംബന്ധിച്ചുണ്ടാകുന്നരോഗങ്ങളേയും അതിവേഗത്തിൽ ശമിപ്പിക്കും.

ഉഴുന്നുചോറ്.

ത്രിദോഷങ്ങളേയും ശമിപ്പിക്കും. വിശേഷിച്ചും വാതരോഗി കർക്കു വളരെ വളരെ നല്ലതാകുന്നു.

ശർക്കരച്ചോറ്.

ശുക്ലവൃദ്ധിയെ ഉണ്ടാക്കുകയും ഉഷ്ണത്തെ ശമിപ്പിക്കുകയും ചെ യ്യും.

ഉഴുന്നുവട,

വാതരോഗങ്ങളെ തീക്കും മാംസപുഷ്ടിയും ബലവും ഉണ്ടാക്കും.

ദോശ—പിത്തത്തേയും വാതത്തേയും ശ്ലേഷ്മത്തേയും ശമിപ്പി ക്കും.

ഇട്ടലി—പിത്തരോഗികർക്കു നല്ലതാണ്.

മുക്കു്—വാതരോഗികർക്കു കൊള്ളാം.

തേൻകുഴൽ—മാന്ദ്യത്തേയും ദാഹത്തേയും വായുവിനേയും ഉ ണ്ടാക്കും.

ചിട്ടു്—സ്ത്രീകളുടെ രക്തപ്രോക്ക ശമിപ്പിക്കും.

മോദകം—വാതം അഗ്നിമാന്ദ്യം കഫകോപം ഇവയെ ശമി പ്പിക്കും.

ഗോതമ്പുറൊട്ടി—ബലത്തേയും ദീപനത്തേയും ഉണ്ടാക്കും.

പപ്പടകം—അഗ്നിയെ വർദ്ധിപ്പിക്കുകയും അന്നത്തെ പചിപ്പി ക്കുകയും ഏറ്റവും രുചിയെ ഉണ്ടാക്കുകയും കഫത്തെ ശമിപ്പിക്കുക യും ചെയ്യും.

പഴഞ്ചോറു്—രാത്രിയിൽ വച്ചുവാത്ത ചോറിൽ കഞ്ഞിവെ ള്ളം ഒഴിച്ചു വച്ചിരുന്നു് സൂര്യോദയത്തിൽ ഭക്ഷിച്ചാൽ ദഹനശക്തി വർദ്ധിക്കുകയും ശുക്ലവും തേജസ്സും ഉണ്ടാവുകയും ചെയ്യും.

കഞ്ഞിച്ചോറു്—ചുമയേയും വയറിരുപ്പിനേയും തീക്കും.

തിനച്ചോറു്—ശുക്ലത്തെ വർദ്ധിപ്പിക്കുകയും പിത്തരോഗത്തേ യും വാതരോഗത്തേയും ശമിപ്പിക്കുകയും ചെയ്യും.

ചാമത്തിന്റെ—വാതം ക്ഷയം കഫകോപം വീക്കം ഇവയെ തീർക്കും.

വരകുചോറു്—കഫരോഗത്തേയും ചമ്മരോഗത്തേയും പിത്തരോഗത്തേയും തീർക്കും.

ബോളി—തടിപ്പിക്കുകയും ശുക്ലവൃദ്ധിയെ ഉണ്ടാക്കുകയും ബലത്തേയും രുചിയേയും വർദ്ധിപ്പിക്കുകയും ത്രിദോഷങ്ങളേയും ശമിപ്പിക്കുകയും ചെയ്യും.

ഹൽവാകർം—രക്തവൃദ്ധിയും ധാതുപുഷ്ടിയും ശരീരബലവും ഉണ്ടാക്കുകയും പ്രമേഹം ഉർവ്വുട്ട് ക്ഷീണം മുതലായവ ശമിപ്പിക്കുകയും ചെയ്യും.

സർബത്തുകർം—ഛർദ്ദിശമനത്തെ ഉണ്ടാക്കുകയും ക്ഷീണത്തെ തീർക്കുകയും രക്തശുദ്ധിയെ വരുത്തുകയും ചെയ്യും.

ഇരുപത്തിമൂന്നാം അദ്ധ്യായം.

അളവുകളും തൂക്കങ്ങളും.

അളവുകർം മാഗധപരിഭാഷയെന്നും കലിംഗപരിഭാഷയെന്നും രണ്ടുവിധത്തിൽ ആയുർവ്വേദത്തിൽ നടപ്പുണ്ട്.

ഔഷധത്തിൽ പദാർത്ഥങ്ങളെ പ്രമാണംകൂടാതെ ഉപയോഗിച്ചാൽ അവ ഒരുവിധത്തിലും ഔഷധപരിമാണങ്ങൾക്ക് ചേരാത്തതുകൊണ്ട് മരുന്നുകൾ തമ്മിൽ ചേർക്കുന്നതിനും രോഗികർക്ക് കൊടുക്കുന്നതിനും അളവുകളും തൂക്കങ്ങളും അറിഞ്ഞിരിക്കേണ്ടതു് ഏറ്റവും ആവശ്യമാകുന്നു.

മാഗധപരിഭാഷ.

ജാലാന്തരഗതങ്ങളായ സൂര്യകിരണങ്ങളിൽ നോക്കുമ്പോൾ കാണുന്ന അതിസൂക്ഷ്മമായ പൊടി ത്രസരേണുവും അതിൽ മുപ്പതിൽ ഒരുഭാഗം പരമാണുവും ആണ്.

൦	പരമാണു	൧	ത്രസരേണു (വംശി)
൨	ത്രസരേണു	൩	മരീചി
൪	മരീചി	൫	രാജിക
൬	രാജിക	൭	സർഷപം
൮	സർഷപം	൯	യവം
൰	യവം	൱	ഗുഞ്ജാ (കുന്നിമണി) രത്തിക്കു്

Since 1923

൩ ഗുഞ്ജാ = മാഷം (ഹേമം, ധാന്യം)
൪ മാഷം = ശാണം (തരണം; ടങ്കം)
൫ ശാണം = കോലം (ക്ഷുദ്രകം; വടകം, ദ്രംങ്ക്ഷണം)
൬ കോലം = കഷം (പാണിമാനിക; അക്ഷം; പിചു; പാണിതലം; കിഞ്ചിൽപാണി; തിന്ദുകം; ബിഡാലപദകം; ഷോഡശിക; കർമ്മധ്യം; മാംസപടം, സുവർണ്ണം; കബളഗ്രഹം; ഉദുംബരം)
൭ കഷം = അൽപലം (ശുക്തി, അഷ്ടമിക)
൮ അൽപലം = പലം (മുഷ്ടി; അമ്രം; ചതുർത്തികം, പ്രകുഞ്ചം; ഷോഡശീബിലപം)
൯ പലം = പ്രസൃതി (പ്രസൃതം)
൧൦ പ്രസൃതി = അഞ്ജലി; കുഡവം; അൽശരാവം; അഷ്ടമാനം)
൧൧ അഞ്ജലി = മാനിക (ശരാവം; അഷ്ടപലം)
൧൨ മാനിക = പ്രസ്ഥം
൧൩ പ്രസ്ഥം = അർദ്ധകം (ഭാജനം; കാംസ്യപാത്രം) അതായത് ൧൬ പലം
൧൬ അർദ്ധകം = ദ്രോണം; നലചനം; ഉന്മാനം; ഉന്മാനം, ഘടം, രാശി, കലശം)
൩൨ ദ്രോണം = ശുക്തം (കുംഭം, ഗർഗരം)
൬൪ ശുക്തം = ദ്രോണി (വഹം, ഘോണി)
൧൨൮ ദ്രോണി = വാരി (രണ്ടര പലം)
൪൦൦ പലം = തുലാം
൮൦൦ പലം = ഭാരം

മാഷം, ശാണം, കഷം, പലം, അഞ്ജലി, പ്രസ്ഥം, അർദ്ധകം, ദ്രോണം, ദ്രോണി, വാരി, ഇവ മറ്റൊന്നും മേൽക്കുമേൽ ക്രമേണ നാലിരട്ടി അളവിൽ കൂടിയവയാണ്.

കാലിംഗമാനം.

൨൫൬ ശ്വേതസർഷപം (വെള്ള കടുക്) } = ൧ യവം
൨ യവം = ൧ ഗുഞ്ജാ
൨ ഗുഞ്ജാ = ൧ വല്ലം

൫ ഗുഞ്ജാ ൧ മാഷം (൩ ഗുഞ്ജാ ൧ മാഷം എന്നും അഭിപ്രായം ഉണ്ട്.)

൫ മാഷം ൧ ശാണം (നിഷ്കം; ടങ്കം)
൩ മാഷം ൧ ഗദ്യാണം
൧൦ മാഷം ൧ കർഷം
൫ കർഷം ൧ പലം (൧൦ ശാണം)
൫ പലം ൧ കുഡുവം

പ്രസ്ഥം മുതലായ മറ്റളവുകൾ എല്ലാം മഗധമാനത്തിൽ പറഞ്ഞതുപോലെ.

മതാന്തരം.

൩ സർഷപം ൧ യവം
൩൨ യവം (൫ നെല്ലിട) ൧ ഗുഞ്ജാ (രക്തികാ)
൧൨ രക്തികാ ൧ മാഷം (൬൪ തോലാത്തൂക്കം)
൫ മാഷം ൧ ശാണം (൬ തോലാത്തൂക്കം)
൨ ശാണം ൧ കോലം (൧ തോലാത്തൂക്കം)
൨ കോലം ൧ കർഷം (൨ തോലാത്തൂക്കം)
൨ കർഷം ൧ ശുക്തി (൫ തോലാത്തൂക്കം)
൨ ശുക്തി ൧ പലം (൨ തോലാത്തൂക്കം)
൨ പലം ൧ പ്രസൃതി (൧൬ തോലാത്തൂക്കം)
൨ പ്രസൃതീ ൧ കുഡുവം (൩൨ തോലാത്തൂക്കം)

൬ സേർ

൨ കുഡുവം ൧ ശരാവം ൩൨ തോലാ ൪൯ സേർ
൪ ശരാവം ൧ പ്രസ്ഥം ൨ സേ
൫ പ്രസ്ഥം ൧ ആഢകം (൪ സേർ)
൪ ആഢകം ൧ ദ്രോണം (൩൨ സേർ)
൨ ദ്രോണം ൧ കുംഭം (൮൦ സേർ)
൨ കുംഭം ൧ ഗോണി (൧൬൦ സേർ)
൫ ഗോണി ൧ ഖാരി (൩൨൦ സേർ)
൧൦൦ പലം ൧ തുലാം
൨൦൦ പലം ൧ ഭാരം

വേറെ അളവുകൾ.

൫ നെല്ലിട ൧ കുന്നിമണി
൫ കുന്നിമണി ൧ പണമിട
൨ കുന്നിമണി ൧൬ൻ൧ വരാഹനിട
൩൨ കുന്നിമണി ൧ വരാഹനിട

ക	വരാഹനിട	ഫ	പലം (൧൬ രൂപാത്തൂക്കം)
ഖ	പലം	ഫ	സേർ (൧൬ രൂപയിട)
ഒ	സേർ	ഫ	വിശം
ഘ	വിശം	ഫ	മണങ്ക്
ങ	മണങ്ക്	ഫ	ഭാരം

സുമാർ.	ൽ	കുന്നിയിട	ഫ	ഗ്രെയിൻ
	൧	ഗ്രെയിൻ	ഫ	സ്ക്രൂബിൽ
	൨	സ്ക്രൂബിൽ	ഫ	ഡ്രാം
	൫	ഡ്രാം	ഫ	ഔൺസ്
	൧൨	ഔൺസു്	ഫ	പൌണ്ടു്
	ഫ	രൂപായിട	൨	ഡ്രാം

ഫൽ	ഉള്ളി	ഫ	മിനിം
൩൦	മിനിം	ഫ	ബ്ലൂയിഡ ഡ്രാം
൫	ഡ്രാം	ഫ	ബ്ലൂയിഡ ഔൺസ്
൧൦	ഔൺസ്	ഫ	കുപ്പി
൫	കുപ്പി	ഫ	ഗ്യാലൻ
൫	ഡ്രാം	ഫ	ഡെസർട്ട്സ്പൂൺ
൪	ഡ്രാം	ഫ	ടേബിൾസ്പൂൺ
ഫ	ഡ്രാം	ഫ	ടീസ്പൂൺ
൩	ഔൺസു	ഫ	ആഴക്ക്

ഇരുപത്തിനാലാം അദ്ധ്യായം

പദാർത്ഥങ്ങളുടെ സ്ഥിതി അനുസരിച്ചുള്ള പ്രമാണഭേദങ്ങൾ.

ദ്രവപരിമാണം മുതൽ കഡുവ പരിമാണംവരെയുള്ള അളവുകൾ പ്രകാരം ദ്രവപദാർത്ഥങ്ങളേയോ അർദ്ധപദാർത്ഥങ്ങളേയോ ശുഷ്കപദാർത്ഥങ്ങളേയോ ഔഷധപ്രയോഗങ്ങളിൽ ഉപയോഗിക്കേണ്ടിവരുമ്പോൾ അതെല്ലാം പ്രയോഗങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ഉപയോഗപ്പെടുത്തി

ക്കൊള്ളണം. ദ്രവപദാർത്ഥങ്ങളേയും അർദ്രപദാർത്ഥങ്ങളേയും മാത്രംപ്ര സ്ഥമോ അതിനു മുകളിലോട്ടുള്ള അളവുകളിലോ പ്രയോഗിക്കുമ്പോൾ ശുഷ്കവസ്തുക്കൾക്കു പറഞ്ഞിട്ടുള്ള അളവിൽ ഇരട്ടി ചേർക്കണം. എ ന്നാൽ തുലാപ്രമാണംകൊണ്ടു അളവിൽ ദ്രവവസ്തുക്കളേയും അർദ്രവ സ്തുക്കളേയും ഇരട്ടി ചേർക്കേണ്ടാ.

ഔഷധങ്ങളുടെ അളവു് കലിംഗം മാഗധം ഇങ്ങനെ രണ്ടിന ത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഇവയിൽ കലിംഗത്തേക്കാൾ മാഗധം നല്ലതെന്നാണു് ആചാര്യന്മാരുടെ അഭിപ്രായം. കാലം, ജാഠരാഗ്നി, വയസ്സു്, ശക്തി, പ്രകൃതി, ദോഷം, ദേശം ഇവകൾ നോക്കി തക്ക അ ളവുകളും മാത്രകളും എപ്പോഴും ഉപയോഗിക്കാവുന്നതാണു്. കലിയു ഗത്തിൽ മനുഷ്യരിൽ അധികംപേരുംഅഗ്നിബലമില്ലാത്തവരും ബല ഹീനന്മാരും മറ്റുമായി നാൾക്കുനാൾ താണുതാണു വരുന്നതുകൊണ്ടു് അളവുകളുടേയും മാത്രകളുടേയും വിഷയത്തിൽ വൈദ്യൻ നല്ലതുപോ ലെ ശ്രദ്ധിച്ചുകൊള്ളേണ്ടതാകുന്നു.

ഔഷധങ്ങൾ ഉപയോഗിക്കേണ്ട ക്രമങ്ങൾ.

വിഴാലരി, തിപ്പലി, ശർക്കര, നെയ്യു്, കൊത്തമ്പാലരി, തേൻ ഇവയൊഴിച്ചുള്ള മറ്റെല്ലാ വസ്തുക്കളും പുതിയതുവേണം. ഉപയോഗി ക്കാൻ അമൃത, കുടകപ്പാല, ആടലോടകം, കുമ്പളം, ശതാവരിക്കിഴ ങ്ങു് അമുക്കുരം മുക്കുറ്റിഞ്ഞി ശതകുപ്പ പ്ലാശുണി ഇവ പച്ചയായിട്ടുത ന്നെ കുട്ടേണ്ടതാണു്. എന്നാൽ മുമ്പിൽ അർദ്രപദാർത്ഥങ്ങൾക്കു പറ ഞ്ഞിട്ടുള്ള ക്രമം വിട്ടു് ഇരട്ടിക്കുട്ടിപോകരുതു്. ഉണങ്ങിയ ഔഷധ ങ്ങൾ പുതിയതായിരുന്നാൽ സകല കായ്യങ്ങളിലും ഉപയോഗിക്കാമെ ന്നുള്ളതും അർദ്രവസ്തുക്കൾ യോഗത്തിൽ വിധിച്ചതിൽ ഇരട്ടി ചേർക്കാ മെന്നുള്ളതും സർവ്വസമ്മതമായ സാധാരണവിധിയാണു്.

യോഗങ്ങളിൽ ക്രമം ഒന്നും പറഞ്ഞിട്ടില്ലെങ്കിൽ ചെയ്യേണ്ടതു്.

മരുന്നുപയോഗിക്കേണ്ട സമയം പറഞ്ഞിട്ടില്ലെങ്കിൽ അമരുന്നു് കാലത്തു് ഉപയോഗിച്ചുകൊള്ളണം. മരുന്നുകളുടെ ഇന്നാഭാഗം (ഇല യോ പൂവോ കായോ വേരോ തൊലിയോ) എടുക്കണമെന്നു പറഞ്ഞിട്ടി ല്ലാത്തപ്പോൾ വേരെടുക്കണം. യോഗങ്ങളിൽ ചേർക്കേണ്ട മരുന്നുക ളുടെ കണക്കു് ഓരോന്നിനും പ്രത്യേകം പ്രത്യേകമായി പറഞ്ഞിട്ടില്ലെ ങ്കിൽ എല്ലാം തുല്യമായി ചേർക്കണം. ഔഷധങ്ങൾ ഇന്ന പാത്ര ത്തിൽ പാകം ചെയ്യണമെന്നു പറഞ്ഞിട്ടില്ലാത്തപ്പോൾ മൺപാത്ര ത്തിൽ പാകമാക്കണം. കഷായം മുതലായവ വയ്ക്കുന്നതു് ഇന്ന ദ്രവ പദാർത്ഥംചേർത്തു് വേണം എന്നു പറഞ്ഞിട്ടില്ലാത്തപ്പോൾ ജലം ഒഴി ച്ചു പചിക്കണം. തൈലം മുതലായവയെ പാകമാക്കുന്നതിൽ ഇന്ന

എണ്ണ ചേർക്കണമെന്നു പറഞ്ഞിട്ടില്ലാത്തപ്പോൾ നല്ലെണ്ണ ചേർത്തു കൊള്ളണം. ഏതെങ്കിലും ഒരു യോഗത്തിൽ ഒരു മരുന്നു രണ്ടുതവണ പറഞ്ഞിരുന്നാൽ, ആ മരുന്നു ഇരട്ടി ചേർത്തുകൊള്ളണം. ചൂർണ്ണം സ്നേഹം ആസവം ലേഹ്യം ഇവയിൽ ചന്ദനം ചേർക്കണമെന്നു കണ്ടാൽ വെൺചന്ദനവും കഷായം ലേപം ഇവയിൽ ചന്ദനം ചേർക്കണമെന്നുകണ്ടാൽ രക്തചന്ദനവും ചേർക്കേണ്ടതാണു്.

യോഗത്തിൽനിന്നും മരുന്നുകൾ എടുക്കുകയും ചേർക്കുകയും ചെയ്യുന്നതു്.

ഒരു യോഗത്തിൽ പറഞ്ഞിട്ടുള്ള മരുന്നുകളിൽ ഏതെങ്കിലും ഒന്നു് ഒരു രോഗത്തിനു പറയുന്നതല്ലാതെയിരുന്നാൽ അതിനെ മാറ്റുകയും പകരം രോഗത്തിനു പറയുന്ന മറ്റൊരു മരുന്നു ചേർക്കുകയും ചെയ്യാം.

ഔഷധങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളും അതിനെ എടുക്കേണ്ട കാലവും ക്രമവും.

വിന്ധ്യൻ തുടങ്ങിയ പർവ്വതങ്ങൾ ചൂടുകൂടിയവയും ഹിമാലയാദിപർവ്വതങ്ങൾ തണുപ്പേറിയവയും ആണു്. അതുകൊണ്ടു് അവയിൽ ഉണ്ടാകുന്ന ഔഷധങ്ങൾ അതാതു സ്ഥലത്തിപ്പൊത്ത ഗുണത്തോടുകൂടിയതായിരിക്കും. കാടുകളിലും തോട്ടങ്ങളിലുംമാറും മരുന്നുകൾ ഉണ്ടാകുന്നുണ്ടു്. ശുദ്ധമായ മനസ്സോടും നിർമ്മലമായ ശരീരത്തോടും കൂടിയ അർത്ഥി ശുദ്ധോപവാസം രാവിലെ സൂര്യനു് അഭിമുഖമായിനിന്നു, പരമശിവനെ ഹൃദയത്തിൽ ധ്യാനിച്ചു് ജാംഗലം ആനൂപം സാധാരണം ഇങ്ങനെ മൂന്നുവിധ ഭൂമികൾ ഉള്ളതിൽ സാധാരണഭൂമിയിൽ വടക്കോട്ടഭിമുഖമായി നിൽക്കുന്ന മരുന്നിനെ മൌനവ്രതത്തോടുകൂടെ ഗ്രഹിക്കണം. പുറമുള്ളിടത്തും നിന്ദിതസ്ഥലങ്ങളിലും ആനൂപഭൂമികളിലും ശ്മശാനങ്ങളിലും ഉപർഭൂമികളിലും പൊതുവഴികളിലും നിൽക്കുന്ന ഔഷധങ്ങളും കൃമി, അഗ്നി, മഞ്ഞുകട്ടി ഇവകൾ വ്യാപിച്ച ഔഷധങ്ങളുംഎടുക്കരുതു്. വർഷകാലത്തിലെ മഴ ഏറ്റു് എല്ലാ ഔഷധികളും ശരൽക്കാലത്തിൽ തീപ്പൊട്ടും കൊഴുപ്പൊട്ടും രസാധിക്യത്തോടുകൂടിയതായിരിക്കുന്നതിനാൽ ശരൽക്കാലത്തിൽ വേണം മരുന്നുകൾ സംഗ്രഹിക്കേണ്ടതു്. എന്നാൽ വിരേചനകായ്യങ്ങൾക്കും വമനകായ്യങ്ങൾക്കും ഉള്ള മരുന്നുകളെ എടുക്കേണ്ടതു് വസന്തഋതുവിന്റെ അവസാനത്തിൽ വേണം.

കാരോരോ മരുന്നുകളിൽനിന്നും ഗ്രഹിക്കേണ്ട അംശങ്ങൾ.

ഏതൊരു മരുന്നിന്റെ വേരുകൾ ഏറ്റവും വീര്യമായിരിക്കുന്നുവോ ആ മരുന്നിന്റെ വേരിലുള്ള തൊലി എടുക്കണം. ചെറി

യ വേരുള്ള ഔഷധങ്ങൾ സമൂലം എടുക്കണം. അരയാൽ പേരാൽ മുതലായവയെപ്പോലുള്ള വൃക്ഷങ്ങളിൽ നിന്നും തടിയുടെ തൊലിയും വേങ്ങപോലുള്ള വൃക്ഷങ്ങളുടെ കാതലും താളിശം പോലെയുള്ള മരുന്നുകളുടെ ഇലയും കടുക്കാമരം, താന്നി, നെല്ലി മുതലായവയെപ്പോലെയുള്ള മരുന്നുകളുടെ ഫലങ്ങളും പടോലം മുതലായവയെപ്പോലെയുള്ളവയുടെ വള്ളികളും കാട്ടത്തി മുതലായവയെപ്പോലെയുള്ള ഔഷധികളുടെ പൂക്കളും കള്ളി മുതലായവയെപ്പോലെയുള്ളവയുടെ പാലും എടുക്കേണ്ടതാണ്.

വേരുകൾ ശിശിരകാലത്തിലും ഇലകൾ ഗ്രീഷ്മകാലത്തിലും തൊലിയും കിഴങ്ങും വർഷവസന്തകാലങ്ങളിലും പാലും പൂവും ഫലവും ശരൽക്കാലത്തിലും കാതൽ ഹേമന്തകാലത്തിലും എടുക്കാം.

ദ്രവ്യപ്രതിനിധി.

ഏതെങ്കിലും ഒരു ഔഷധം കിട്ടാതെവന്നാൽ അതിനൊത്ത വീര്യവും ഗുണവും ഉള്ള മറ്റൊരു മരുന്നു ചേർക്കാം.

അതായതു്—ഞെരിഞ്ഞിൽ കിട്ടാത്തപ്പോൾ അതിനുപകരം പഴയ ശർക്കരയും ക്ഷീരകാകോളിക്കു പകരം അമുക്കുരവും അടയ്ക്കാമണിയനുപകരം ചെവിയനും അതിവിടയത്തിനു പകരം മുത്തങ്ങയും ഞെരിഞ്ഞിൽ തിപ്പലിക്കുപകരം തിപ്പലിമൂലവും അരത്തയ്ക്കുപകരം ഇരട്ടിമധുരവും ഇടവകത്തിനുപകരം ശതാവരിക്കിഴങ്ങും അതില്ലെങ്കിൽ പാൽമുതക്കിൻ കിഴങ്ങും ഇരുപ്പിനു പകരം നാമുടിവേരും അല്ലെങ്കിൽ ബിൽവവേരും ഇരുമ്പിനുപകരം ഇരുമ്പിൻകിട്ടവും ഇലഞ്ഞിപ്പൂവിനുപകരം വെളുത്ത ആമ്പൽ പൂവും ഉലുവയ്ക്കു പകരം കുറുന്തോട്ടിയും ഞരിമധുരത്തിനു പകരം താതിരിപ്പൂവും ഏലത്തിനു പകരം തിപ്പലിയും അതിന്റെ ഇലയുടെ നീരും കാരിയ്ക്കുപകരം കാട്ടഴുന്നം കരിമ്പു കിട്ടാതെവരുമ്പോൾ വേഴലും കർപ്പൂരത്തിനുപകരം നല്ലമുത്തങ്ങയും കസ്തൂരിക്കുപകരം തക്കോലവും കാകോളിക്കുപകരം അമുക്കുരവും അല്ലെങ്കിൽ ശതാവരിയും കാർകോകിലരിക്കുപകരം തകരവേരിയും കങ്കുമപ്പൂവിനുപകരം കയിന്മിൻപൂവും കുറിഞ്ഞി കായ്ക്കുപകരം ഉച്ചമലരിപ്പൂവും കൊടുവേലിക്കുപകരം ചെറിയനാഗത്തിയും അല്ലെങ്കിൽ കടലാടിചൂട്ടെട്ടത്തു ക്ഷാരവും കൊത്തമ്പാലരിക്കുപകരം ശതകുപ്പയും ചന്ദനത്തിനുപകരം കർപ്പൂരവും അല്ലെങ്കിൽ രക്തചന്ദനവും ചെമ്മരത്തിന്റെ തൊലിക്കുപകരം വേപ്പിൻതൊലിയും ചെവിയത്തിനുപകരം തിപ്പലിമൂലവും ചെറുതേക്കിനുപകരം താലീസപത്രിയും ജീരകത്തിനുപകരം കൊത്തമ്പാലരിയും ജീവകത്തിനുപകരം പാൽമുതക്കും അല്ലെങ്കിൽ അമുക്കുരം ഞെരിഞ്ഞാൻപുളിക്കുപകരം മരപ്പുളിയും തകരത്തിനുപകരം കൊട്ടയും തക്കോലത്തിനുപകരം പിച്ചകപ്പൂവും താളിമാത

ഉത്തിനു പകരം മരപ്പുളിയും തിമതാളീക്കു പകരം മയിലോശികയും തുണിയാങ്കത്തിനു പകരം കൊട്ടവും നാകപ്പൂവിനുപകരം താമരയല്ലിയും നാഗണത്തിനു പകരം കരയാമ്പൂവും നെല്ലിക്കായിക്കു പകരം കടുക്കായും പഞ്ചസാരക്കു പകരം കല്ലുണ്ടവും പുഷ്കരമൂലത്തിനു പകരം കൊട്ടവും മരമഞ്ഞളിനു പകരം മഞ്ഞളും മഹാമേദയ്ക്കു പകരം ശതാവരിക്കിഴങ്ങും അല്ലെങ്കിൽ നറുനീണ്ടിക്കിഴങ്ങും മുന്തിരിങ്ങാപഴത്തിനു പകരം കുമിഴിൻകായും മേത്തോന്നിയ്ക്കു പകരം കൊട്ടവും മേദയ്ക്കുപകരം ശതാവരിയും അല്ലെങ്കിൽ അമുക്കുരവും രക്തചന്ദനത്തിനു പകരം പുതിയ രാമച്ചവും വൃദ്ധിക്കു പകരം പന്നിക്കിഴങ്ങും വെങ്കടുകിനു പകരം കടുകും വെൺകൊടുത്തുവയ്ക്കു പകരം ചെങ്കൊടുത്തുവയും സ്വർണ്ണത്തിനു പകരം സ്വർണ്ണമാക്കീരക്കല്ലും വെള്ളിക്കു പകരം വെള്ളമാക്കീരക്കല്ലും ചേർക്കാം.

ഇരുപത്തഞ്ചാം അദ്ധ്യായം

കൈകണ്ട മറുമൂലിപ്രയോഗങ്ങൾ.

(൧) ഇരുനാഴി അരിൻപാലിൽ ഒരുപലം ശുദ്ധിചെയ്ത കൊടുവേലിവേരുവീതം ചേർത്തു പാലു കാച്ചി ഉറയൊഴിച്ചു വച്ചിരുന്നു കടഞ്ഞു വെണ്ണയെടുത്തു ഉപയോഗിക്കുകയും അതിനോടു കൂട്ടുകയും ചെയ്താൽ അർശസ്സിന്റെ മുളകർ താനെ വീഴുകയും അർശസ്സു ശമിക്കുകയും ചെയ്യും.

(൨) കൊടുവേലിവേരിലെത്തൊലി നല്ലതുപോലെ ശുദ്ധിചെയ്തതു ഒരു കൊട്ടപ്പാക്കളവു് അരിൻപാലിൽ ഒരു മണ്ഡലമോ അതിൽ കുറഞ്ഞകാലമോ വ്യാധിയുടെ കൂടുതൽ കുറവുപോലെ അരച്ചു കലക്കി സേവിച്ചാൽ, അരയാപ്പു് വായു ശൂല ചൊറി ചിരങ്ങു് ഗ്രന്ഥി അർശ്സ്സു് യോനിയിലുണ്ടാകുന്ന ഗ്രന്ഥികർ ഗുദോത്തിൽ ഉണ്ടാകുന്ന ഗ്രന്ഥികർ ഗർഭത്തെ അഴിക്കുന്ന ഗ്രന്ഥികർ മുതലായവ ശമിക്കും. പുളി ഉപയോഗിക്കരുതു്.

(൩) അരിവേരിൻപട്ട അരിൻപാലിൽ അരച്ചു കലക്കി സേവിച്ചാൽ പാമ്പു തേൾ എലി മുതലായവയുടെ കടിവിഷവും പാഷാണംമുതലായ നഞ്ചുവിഷവും കരപ്പൻ മുതലായവയും ശമിക്കും. അതിന്റെ വേരും നല്ലമുളകും ചിറ്റരത്തയുംകൂടി കഷായം വച്ചു സേവിച്ചാൽ പുണ്ണുപിടിക്കാതിരുതുകൊണ്ടുണ്ടാകുന്ന നീർദോഷവും ജ്വരവും ജലദോഷവും കഫോപദ്രവവും ശമിക്കും. അതിന്റെ ഇല അരച്ചു

കൊട്ടപ്പാക്കപ്രമാണം വേലിയാട്ടിൻ പാലിൽ മൂന്നു ദിവസം സേവിച്ചാൽ മഞ്ഞക്കാമില ശമിക്കും. പുളിവഞ്ജ്യം. അതിന്റെ ഇല അരച്ചു കാലത്തെ ശരീരത്തിൽപൂശി വൈകുന്നേരം കുളിച്ചാൽ ചൊറിയും ചിരങ്ങും ശമിക്കും.

(൫) ആകാശഗന്ധ (ഗരുഡക്കൊടി)ക്കിഴങ്ങു കൊട്ടപ്പാക്കളവ് ആട്ടിൻപാലിൽ അരച്ചുകലക്കികുടിച്ചാൽ അതിദുർദ്ധരമായ കടിവിഷവും മറുവിഷങ്ങളും ശമിക്കുകയും ശരീരം സുവർണ്ണംപോലെ ആവുകയും ജ്ഞാനം മാറുകയും ചെയ്യും.

(൬) കൂവത്തനിലപ്പനക്കിഴങ്ങിട്ടു പാൽകുറുക്കി കുടിച്ചാൽശുക്ലവൃദ്ധിയുണ്ടാവുകയും ധാതുപുഷ്ടി വർദ്ധിക്കുകയും ചെയ്യും. നിലപ്പനക്കിഴങ്ങു കുപ്പമേനിച്ചാറിൽ അരച്ചുകലക്കി എണ്ണകാച്ചി വായിൽക്കൊണ്ടാൽ പല്ലുവേദന ശമിക്കുകയും പുഴുക്കടം ചാവുകയും ചെയ്യും. കൂവത്തനിലപ്പനക്കിഴങ്ങും ഭൃശക്കരക്കിഴങ്ങും നായ്ക്കുരണ അരിയും കൂടിയിട്ട് ആട്ടംപാൽകുറുക്കിക്കുടിച്ചാൽ ലിംഗത്തിനു ബലമുണ്ടാകും.

(൭) അട്ടകൊട്ടപ്പാലുവേരു ആട്ടിൻപാലിൽ കൊട്ടപ്പാക്കപ്രമാണം അരച്ചുകലക്കിസേവിച്ചാൽ സകലവിഷങ്ങളും പുണ്ണുകളും പുളകയും ചൊറിചിരങ്ങുകളും കരപ്പനും തീരും. ടി മരുന്നു സമൂലം അരൽനെല്ലിനോടുചേർത്തു പുഴുങ്ങി അവൽ ഇടിച്ചു വച്ചിരുന്നു രണ്ടുദിവസം തിന്നാൽ ചൊറി ചിരങ്ങു കുരുപ്പു തഴുതണം പുഴുക്കടി തേമൽ വട്ടപ്പുണ്ണു തടിപ്പു കുരുപ്പൻ പതകരി കരിമുഖം മുതലായവ ശമിക്കും. മൂന്നു മാസത്തേയ്ക്കു നല്ലെണ്ണ തേച്ചുകുളിക്കുകയും സംയോഗം ചെയ്യുകയുംഅരുതു്. ടി മരുന്നു സമൂലം ഇടിച്ചു പിഴിഞ്ഞനീരും അട്ടിൻപാലും അട്ടിൻനെയ്യും കാരോപലം കുന്നിച്ചുചേർത്തു അരപ്പലം നല്ലമുളകരച്ചു കലക്കി കാച്ചിതേച്ചാലും വേപ്പെണ്ണയിൽ ടി മരുന്നു അരച്ചുകലക്കി കാച്ചിതേച്ചാലും മുകളിൽപറഞ്ഞ വ്യാധികൾ ശമിക്കും.

(൮)താമരക്കിഴങ്ങു ആട്ടിൻപാലിൽ അരച്ചുകലക്കിസേവിച്ചാൽ പ്രമേഹവും പഴുപ്പുപോക്കും മൂത്രകൃച്ഛ്രവും തീരുകയും കണ്ണിനുതേജസ്സും കൂമ്പയും ഉണ്ടാവുകയും ചെയ്യും. അതിന്റെ അല്ലിക്കുത്തിനിക്കുന്ന പരിപ്പു മുലപ്പാലിൽ അരച്ചുകലക്കി സേവിച്ചാൽ വിക്കും നാക്കുതിരിയായ്കയും ശമിക്കും. താമരക്കിഴങ്ങു ആട്ടിൻപാലിൽ അരച്ചു എണ്ണയിൽ കലക്കി കാച്ചിസേവിച്ചാൽ എത്രവലിയചൂട്ടും തീരുകയും കണ്ണിനു കൂമ്പയും പ്രകാശവും വർദ്ധിക്കുകയുംചെയ്യും.

(൯) ഭൃശക്കരക്കിഴങ്ങിട്ടു പാൽകുറുക്കി കുറെമണ്ഡലം സേവിച്ചാൽ പാണ്ഡുവിഷപ്പുണ്ണുകഠം മൂത്രകൃച്ഛ്രം പ്രമേഹം അസ്രപിത്തരക്തം ഇവശമിക്കുകയും ശുക്ലവൃദ്ധി ധാതുപുഷ്ടി ഇവ ഉണ്ടാവുകയുംഅതിവേ

ഗത്തിൽശുക്ലസ്ഥലനംഉണ്ടാകാതിരിക്കുകയും ചെയ്യും. ടി കിഴങ്ങ് പാലിൽപുഴുങ്ങിഉണക്കി ഇടിച്ചുപൊടിച്ചു ശീലപ്പൊടിതട്ടിയെടുത്തു സമം തൊലികളഞ്ഞ ഉഴുന്നിൻപൊടിയും തൊലികളഞ്ഞ ഏർപ്പൊടിയും കൂട്ടി കാരോനേരം മുമ്മൂന്നുകഴഞ്ചിൽ കുറയാതെ സേവിച്ചാൽ ശരീരബലം വർദ്ധിക്കുകയും ധാതുപുഷ്ടിയുണ്ടാകുകയും ഇന്ദ്രിയസ്ഥലീതം വേഗത്തിൽ സംഭവിക്കാതെ ഇരിക്കുകയുംചെയ്യും.

൯. കരുട്ടപാവൽക്കിഴങ്ങു പാലിൽ അരച്ചുകലക്കി കുടിച്ചാൽ എല്ലാവിഷങ്ങളും ചൊറി ചിരങ്ങുകളും ശമിക്കും.

൧൦ മരോതാങ്ങിയരച്ചു പാലിൽ സേവിച്ചാൽ വിഷവും കയ്പും ശമിക്കും അതിസാരത്തെനിറുത്തും. അതിന്റെ ഇല അരച്ചുസേവിച്ചാൽ അതിസാരം നിറുത്തും. അതിന്റെ ഇലയിട്ടു കുറുക്കിയവെള്ളം കുടിച്ചാൽ എത്രവലിയ തണ്ണീർദാഹവും തീരും.

൧൧. വേലിപ്പരുത്തിവേരുമൂലം പാലിൽ സേവിച്ചാൽ പാമ്പിൻവിഷം മുതലായ കടിവിഷങ്ങളും കരപ്പൻ ചൂടുകൊണ്ടുള്ള ചർമ്മവ്യാധികൾ മുതലായവയും ശമിക്കും.

൧൨ ശിവനാർവയമ്പു സമൂലം അരച്ചു പാലിൽ കലക്കി സേവിച്ചാൽ വലിയവിഷവും കാലിന്റെ വെള്ളയിൽ ഉണ്ടാകുന്ന വെടിപ്പും കയ്പും പടർതാമരയും തിമിർവാതവും ശരീരംതടിപ്പും ശമിക്കും.

൧൩ ഞായറാഴ്ചനാളിൽ വ്രതത്തോടുകൂടെ തുളസവള പറിച്ചെടുത്ത് ആട്ടിൻപാലിൽ അരച്ചുകലക്കി സേവിച്ചാൽ അതിയേങ്കാമമായ പിത്തം ശമിക്കും വലിയ വിശപ്പുണ്ടാകും അതിന്റെപൂവ് നെയ്യിൽ വറുത്തുപയോഗിച്ചാൽ ധാതുപുഷ്ടിയുണ്ടാകും.

൧൪ വെളുത്താവണക്കിന്റെ ഇല കുത്തിപ്പിഴിഞ്ഞ നീരിൽ സമം വേപ്പണ്ണചേർത്തു കാച്ചി ഒരുമണ്ഡലം സേവിച്ചാൽ കഫിങ്കുയും വെൺകുയും ചൊറി ചിരങ്ങുകൾ ഗ്രന്ഥികൾ തഴമ്പ് തേമൽമുതലായ സകല ത്വഗ്രോഗങ്ങളും ശമിക്കും.

൧൫ ആവണക്കെണ്ണയിൽ സമം കാറാർവാഴനീരും ചെറുനാരങ്ങാനീരും ഉരുട്ടി കുത്തിപ്പിഴിഞ്ഞനീരും ചേർത്തു അതിൽ സല്പം ഉലുവാപ്പൊടിയും കൂട്ടിസേവിച്ചാൽ അതിസുഖകരമായ വിരേചനമുണ്ടാകും.

൧൬ നിലവാകസമൂലം ഉണക്കിപൊടിച്ചു ശീലപ്പൊടിതട്ടിയെടുത്തു പേച്ചുരയ്ക്കാക്കട്ടക്കയിൽ വച്ചുതന്നു കാരോനേരം മുമ്മൂന്നുകഴഞ്ചുവീതം ആട്ടിൻനെയ്യിൽ സേവിച്ചാൽ ശരീരം തടിക്കുകയും തേനിൽ സേവിച്ചാൽ ശരീരം മെലിയുകയും ആവണക്കെണ്ണയിൽ സേവിച്ചാൽ എലികടിച്ചവിഷം തീരുകയും ചൂടുവെള്ളത്തിൽ സേ

വിച്ചാൽ കൃമികർം ശമിക്കുകയും മോരിൽസേവിച്ചാൽ ചൊറി ചിരങ്ങു കർം തീരുകയും എരുമച്ചാണകപ്പാലിൽ സേവിച്ചാൽ പാണ്ഡുരമി ക്കുകയും പാവലിലച്ചാറിൽ സേവിച്ചാൽ സകലവിഷജന്തുക്കർം ക ടിച്ചവിഷവും വിഷംകൊണ്ടും രക്തദുഷ്യംകൊണ്ടും ശരീരത്തിൽ ഉ ണ്ടാകുന്ന തടിപ്പു മുതലായവയും കുപ്പമേനിച്ചാറിൽ സേവിച്ചാൽ തേ ർംകടിച്ചവിഷവും ആലിന്റെ പഴുത്തയില ഇടിച്ചുപിഴിഞ്ഞനീരിൽ സേവിച്ചാൽ ചെരുച്ചൂഴിവിഷവും ചെമ്മരിയാട്ടിൻപാലിൽ സേവി ച്ചാൽ അരണകടിച്ചവിഷവും ആമവിയിലച്ചാറിൽ സേവിച്ചാൽ, കൃ ങ്ങു്, പുട്ടി, പേപ്പട്ടി, പേക്കാടൻ ഇവകർം കടിച്ചവിഷവും കയ്യോന്നി നീരിലാ ചെറുവഴുതിനച്ചാറിലാ സേവിച്ചാൽ ക്ഷയവും കൊടി ക്കുളിച്ചാറിൽ സേവിച്ചാൽ, തുള്ളപ്പനിയും ശീതജ്വരവും, നല്ലെ ണ്ണയിൽ സേവിച്ചാൽ വിക്കം, വേലിയാട്ടിൻമൂത്രത്തിൽ സേവിച്ചാൽ കുഷ്ഠം, ശോഫം, കാമില മുതലായവയും ഗോമൂത്രത്തിൽ സേവിച്ചാൽ ചൊറി ചിരങ്ങുകളും മഹോദരവും ശമിക്കും.

൧൭. പൂവരശിന്റെ വേരിലെതൊലി പാലിൽ അരച്ചുകലക്കി സേവിച്ചാൽ ചൊറിചിരങ്ങുകളും കരപ്പനും വിഷക്കരപ്പനും വീഴവും വിഷദോഷങ്ങളും തീരും.

൧൮. കൊന്നപ്പൂവ് ചെറുനാരങ്ങാനീരിൽ അരച്ചു ശരീരത്തിൽ തേച്ചു് നല്ലതുപോലെ പിടിച്ചതിന്റെശേഷം കുളിച്ചാൽ ചൊറി ചിരങ്ങുകളും കരപ്പൻ തേമൽ മുതലായവയും ശമിക്കും.

൧൯. അവരയുടെ ഇലയും പൂവുംകായും വേരും തൊലിയും കൂടി ഒരുമണ്ഡലം പാലിൽ അരച്ചുകലക്കി സേവിച്ചാൽ നീരൊഴിവു് പഴുപ്പുപോക്കു്, പുല്ലിംഗത്തിനരങ്ങാകുന്ന ചൂട്ട് ചുട്ടനീറക്കം മുതലായ വശമിക്കും.

൨൦. ഞാവൽവേരിലെ തൊലി പാലിൽ അരച്ചുകലക്കി സേ വിച്ചാൽ രക്തപ്പോക്കുശമിക്കും.

൨൧. അരയാലിന്റെ വേരിലെതൊലി പാലിൽ അരച്ചുകല ക്കി സേവിച്ചാൽ മോരപോക്കുശമിക്കും.

൨൨. ആലിൻവേരും അതിന്റെ കായുംകൂടി പാലിൽ അരച്ചു കലക്കിസേവിച്ചാൽ സ്ത്രീകർക്കു പാലുണ്ടാവുകയും പഴുപ്പുപോക്കും പ മേഹവും ശരീരത്തിൽ ഉണ്ടാകുന്ന ചുട്ടനീറക്കവും ശമിക്കുകയുംചെ യ്യും.

൨൩. ആലിൻകായും അരയാലിൻകായുംകൂടി പാലിൽ അര ച്ചുകലക്കി സേവിച്ചാൽ ചോരച്ചർദ്ദിക്കുന്നതു ശമിക്കും.

൨൪. ദേവതാരം പാലിൽഅരച്ചു കലക്കി സേവിച്ചാൽ പി ന സവും പഴയജ്വരവുംതീരും.

൫൪. അകിൽ, പാലിൽ അരച്ചു കലക്കി സേവിച്ചാൽ, ചർദ്ദിയും അരോചകവും ജ്വരവും തീരും.

൫൫. കീഴാനെല്ലി സമൂലം പാലിൽ അരച്ചുകലക്കി സേവിച്ചാൽ കാമലയും ശോഫവും പാണ്ഡുവും ശമിക്കും.

൫൬. പുല്ലുകപ്പുല്ല പാലിൽ അരച്ചുകലക്കി സേവിച്ചാൽ പഴുപ്പുപോക്കും പ്രമേഹവും അസ്ഥിയിൽ ഉള്ള ചൂടും ജ്വരവും ശമിക്കും.

൫൭. ഉമ്മത്തിന്റെവേരും അരിയും കാരവരാഹനിടവീരം നെല്ലുചേർത്ത് അട്ടിൻപാലിൽ അരച്ചുകലക്കി മൂന്നുദിവസം കാലത്തേ സേവിച്ചാൽ, പേപ്പട്ടിവിഷവും പേക്കാടൻകടിച്ച വിഷവും മറ്റെല്ലാവിഷവും തീരും.

൫൮. സമം കറുകൾവാഴനീരും അട്ടിപ്പാലുംചേർത്ത് സേവിച്ചാൽ കാമലശമിക്കും.

൫൯. കാട്ടത്തിയുടെ (തേരകത്തിന്റെ) വേരിലെതൊലി പാലിൽ അരച്ചുകലക്കി സേവിച്ചാൽ അതിസാരംനില്ക്കും.

൬൦. ഭൃതവൃക്ഷം പാലിൽ അരച്ചുകലക്കി സേവിച്ചാൽ സന്നിതെളിയും.

൬൧. നെന്മേനിവാകയുടെ വേരിലെതൊലി പാലിൽ അരച്ചുകലക്കി സേവിച്ചാൽ സകല മുംഗമസ്ഥാവരവിഷങ്ങളും ശരീരത്തിൽ ഉണ്ടാകുന്ന ചൂട്ടുനീറ്റക്കും ദാഹജ്വരവുംമാറുംശമിക്കും.

൬൨. ഇലവിന്റെ വേരിലെതൊലി പാലിൽ അരച്ചുകലക്കിസേവിച്ചാൽ ഉണ്ണുപുണ്ണുകൊണ്ടും മറ്റും ഉണ്ടാകുന്ന മൂത്രമടപ്പും മൂത്രികൃച്ഛ്രാർം ഉണ്ടാകുന്നവേദനയും മൂത്രദ്വാരത്തിൽ ഉള്ള എരിച്ചിലുംമാറും.

൬൩. നെല്ലിയിലകാടിരഴിച്ചു ഇടിച്ചുപിഴിഞ്ഞനീര ഒരുതുടം, സേവിച്ചാൽ നല്ലതുപോലെ വിരേചനമുണ്ടാകും.

൬൪. ശുദ്ധിചെയ്ത കാഞ്ഞിരക്കുരു പാലിൽ അരച്ചു കലക്കി സേവിച്ചാൽ പാമ്പുമുതലായതിന്റെ വിഷങ്ങൾ തീരും. കാഞ്ഞിരക്കുരു അരച്ചുതേച്ചാൽ ചൊറി ചിരങ്ങുകളും രക്തവാതവും മാറും കോപിച്ചുണ്ടാകുന്ന വ്രണങ്ങളും എല്ലാ ത്വഗ്രോഗങ്ങളും ശമിക്കും.

൬൫. തേറാംപരൽ പാലിൽ അരച്ചുസേവിച്ചാൽ, മേഹം തീരും.

൬൬. നാട്ടുമാംകൊട്ടപരിപ്പ് തൈരിൽ അരച്ചുകലക്കി സേവിച്ചാൽ, വയറുകടി ശമിക്കും.

൬൭. പുളിയാരിയുടെ മേത്തൊലി അരച്ചുപാലിൽ കലക്കി കുടിച്ചാൽ ശുക്ലമേഹം അതിസാരം മൂത്രമടപ്പ്, പഴുപ്പുപോക്ക് ഇവ ശമിക്കും.

൩൯. ദ്രാക്ഷം അരച്ചു് പാലിൽ സേവിച്ചാൽ, കാസശ്വാസവും കഫക്കോളും ശമിക്കും. അതു നല്ലമുളകുകഷായത്തിൽ അരച്ചു സേവിച്ചാൽ മസൂരി ശമിക്കും.

൪൦. ഞെരിഞ്ഞിലിന്റെ കായ് പാലിൽ അരച്ചു സേവിച്ചാൽ ചീഴ്പ്പുപോക്കു് അസ്ഥിസ്രാവം മൂത്രമടപ്പു് അശ്മരി മുതലായവ ശമിക്കും.

൪൧. മുളയരിയിട്ടു പാൽകുറുക്കി കുടിച്ചാൽ രക്തപിത്തം ജ്വരം, നേത്രരോഗം ഇവ ശമിക്കും.

൪൨. കുറുന്തോട്ടിഅരി പാലിൽ അരച്ചുകുടിച്ചാൽ ശീതത്തിൽ വീഴ്ന്ന കുറുപ്പുമാറും.

ദിവ്യമൂലികാ.

൧. **കുപ്പമേനിയില**—ഉണക്കിപ്പൊടിച്ച പൊടിയിൽ അരവരാഹനിടവീതം വെള്ളത്തിൽ കലക്കി പഞ്ചസാരയും ചേർത്തു സേവിച്ചാൽ വയറിൽ ഉള്ള കൃമികൾ എല്ലാം വെളിയിൽപ്പോകും. ഇതിന്റെ വേരുണക്കിപ്പൊടിച്ചുപൊടി സേവിച്ചാൽ നല്ല വിരേചനമുണ്ടാകും. ഇതിന്റെ പച്ചില ഇടിച്ചുപിഴിഞ്ഞനീരിൽ സല്പം വേപ്പെണ്ണ ചേർത്തു കുട്ടികളുടെ നാക്കിൽ തടവിയാൽ ഛർദ്ദിയുണ്ടായി കഫം ഇളകിപ്പോകും.

൨. **ശിവതവേർ**—നല്ലതുപോലെയരച്ചു് കൊട്ടപ്പാക്കുപ്രമാണം പാലിൽ കലക്കി സല്പം ദ്രാക്ഷാഉപ്പും ചേർത്തു കൊടുത്താൽ നല്ലപോലെ വിരേചനം ഉണ്ടാകും.

൩. **ശീമയകത്തിയില**—ഇതിന്റെ നീരിനുസമം തേങ്ങാപ്പാലും ചേർത്തു ശരീരത്തിൽ പൂശിയാൽ ചൊറിചിരങ്ങുകൾ ശമിക്കും ഇങ്ങനെ ഒരാഴ്ചവട്ടാവരെ ചെയ്യണം.

൪. **കീഴാർനെല്ലി**—ഇതിന്റെ ഇല കുത്തിപ്പിഴിഞ്ഞ അരപ്പലം നീരിൽ സമം പശുവിൻപാൽ ചേർത്തു ൩ ദിവസം രാവിലേയും വൈകുന്നേരവും സേവിച്ചാൽ മഞ്ഞക്കാമില ശമിക്കും. (നല്ലതുപോലെ പത്ഥ്യംവേണം) ഇതിന്റെ ഇല ഉണക്കിപ്പൊടിച്ചു സേവിച്ചാൽ അഗ്നിദീപനമുണ്ടാകും. ഇതിന്റെ തളിരും ഉലുവായും സമം നാഴി പച്ചവെള്ളത്തിൽ അരച്ചുകലക്കി ഉഴക്കാക്കി സേവിച്ചാൽ വയറുപെരുക്കം ശമിക്കും.

൫. **തകര**—ഇതിന്റെ വേരു ചെറുനാഴങ്ങാനീരൊഴിച്ചരച്ചു പൂശിയാൽ പടർന്നാമരം ശമിക്കും. ഇതിന്റെ അരി മോരിൽ അരച്ചു കലക്കി ശരീരത്തിൽ പൂശിയാൽ ചൊറിചിരങ്ങുകൾ ശമിക്കും.

൬. **തിരുനീറുപ്പച്ച**—ഇതിന്റെ ഇല പച്ചവെള്ളം ഒഴിച്ചരച്ചു ഒരു കൊട്ടപ്പാക്കുപ്രമാണം സേവിച്ചാൽ ചുമ വയറുപെരുക്കംമേ

ഥം ഇവ ശമിക്കും. ഇതിന്റെ നീര് കാതിൽ ഒഴിച്ചാൽ ചെവിക്കു ത്ത ശമിക്കും.

ഒ **ആകാശത്താമര**—ഇതു് ഒരുപിടി നാഴി വെള്ളത്തിൽ ഇട്ടു കഷായം വച്ചു് ഉഴക്കാക്കി സേവിച്ചാൽ മൂത്രദുഷ്യങ്ങൾ തീരും. ഇല രണ്ടു ഗ്രദ്ധാംത്തിൽ വച്ചു് കെട്ടുപിനം ധരിച്ചാൽ അർശസ്സു ശമിക്കും.

ഠ **ആടുതീണ്ടാപ്പാല**—ഇതിന്റെ ഇല കത്തിപ്പുഴിഞ്ഞ നീരിൽ സമം നല്ലെണ്ണയും ചേർത്തു സൂര്യപുടം ചെയ്തെടുത്ത തൈലം ചൊറിചിരങ്ങുകൾ കരപ്പൻ കരിങ്കുഴും വ്രണങ്ങൾ മുതലായവ ശമിക്കും.

ൻ **എള്ള്**—ഇതിന്റെ ഇലയോ എള്ളോ അരച്ചു് കാലിന്റെ പാദത്തിൽ മുള്ളുകൊണ്ട സ്ഥലത്തു വച്ചുകെട്ടിയാൽ തന്നെത്താനെ മുള്ളു് കൊഴിഞ്ഞുപോകും.

ഫ **കൊടുത്തുവ**—ഇതിന്റെ ഇല കശക്കിപ്പുഴിഞ്ഞു നീരെടുത്തു കുട്ടികൾക്കു കൊടുത്താൽ ജ്വരവും മാന്ദ്യവും ചുമയും അതിസാരവും നില്ക്കും.

ഫ കരുനൊച്ചി—ഇതിന്റെയില കഷായംവച്ചു സേവിച്ചാൽ ജ്വരംശമിക്കും. ഇലയും ഉപ്പുംകൂടി ചവുത്തു കിഴികെത്തിയാൽ വലിവും മുട്ടും തീരും. ഇതിന്റെയില കത്തിപ്പുഴിഞ്ഞ നീരിൽ എണ്ണ ചേർത്തു വീക്കങ്ങളിൽ തടവിയാൽ ശമിക്കും.

ഫ കർപ്പൂരവള്ളി—ഇതിന്റെയില കത്തിപ്പുഴിഞ്ഞ നീരിൽ ഗോരോചന അരച്ചുകലക്കി കൊടുത്താൽ കുട്ടികൾക്കുണ്ടാകുന്ന കണയും ജ്വരവും ചുമയും തീരും.

ഫ ചെറുതെരിഞ്ഞിൽ—ഇതു് സമൂലം കഷായംവച്ചു സേവിച്ചാൽ മൂത്രച്ചുടുച്ചിൽ മാറും.

ഫ—**പൂവരശ്**—ഇതിന്റെ പട്ട കഞ്ഞിവെള്ളത്തിൽ അരച്ചുകലക്കി സേവിച്ചാൽ വയറിളകി ചൊറിചിരങ്ങുകൾ ശമിക്കും. ഇതിന്റെ കായ് എപ്പോഴും ഇട്ടതിൽ തൈച്ചാൽ മാറും.

ഫ—**കൂടങ്ങൽ**—ഇതിന്റെ ഇല ഉണക്കി ഇടിച്ചുപൊടിച്ചു വച്ചിരുന്നു് വ്രണങ്ങളിൽ ഇട്ടാൽ ഉണങ്ങും.

ഫ **വിഷ്ണുക്രാന്തി**—ഇതു് സമൂലം കഷായംവച്ചു സേവിച്ചാൽ ചുമയോടുകൂടിയ ജ്വരം ശമിക്കും.

ഫ **വെണ്ട**—ഇതിന്റെയില അരച്ചു പോട്ടിനുണ്ടാകുംവിധം വച്ചുകെട്ടിയാൽ പഴുപ്പുമുതലായതും നീരുകളും ശമിക്കും. ഇതിന്റെ അരിയിട്ട പാൽ കുറുക്കിക്കുടിച്ചാൽ മൂത്രച്ചുടിച്ചിലും ചുമയും തീരും.

൯ കറ്റാർവാഴ—ഇതിന്റെ പോളയ്ക്കകത്തിരിക്കുന്ന ചോറെടുത്തു കഴുകിയതു് രണ്ടുപലവും കാൽവരാഹനിട പടികാരവും ഒന്നിച്ചുചേർത്തു കിഴികെട്ടി കണ്ണിൽ ൫൦ടം ഇട്ടാൽ കണ്ണുനോവുശമിക്കും. പതുവു നിരു മുതലായവയിൽവച്ചു കെട്ടിയാൽ അവ പൊട്ടി ശമിക്കും.

൧൦ അത്തി—ഇതിന്റെ പട്ട മൂന്നുദിവസം ഈരണ്ടുനേരം വീതം കഷായംവച്ചു സേവിച്ചാൽ വയറുകടിയും രക്തപ്പോക്കും മൂത്രത്തിൽകൂടി രക്തം പോകുന്നതും ശമിക്കയും പുണ്ണുകൾ കരിയുകയും ചെയ്യും. അത്തിക്കാകൊണ്ടു പായസംവച്ചുകുടിച്ചാൽ വിരേചനം ഉണ്ടാകും. അത്തിപ്പിഞ്ചുകൊണ്ടു തുവയൽ ഉണ്ടാക്കി ക്ഷീരിച്ചാൽ രക്താർശ്ശസ്സും ഗ്രാഹണിയും തീരും. അത്തിപ്പാലിൽ വെണ്ണകലക്കി സേവിച്ചാൽ രക്തഭേദിയും (വയറുകടിച്ചു ചോരപോകുന്നതും) നീരൊഴിവും തീരും.

൧൧ പുങ്ക് (ഉങ്ങു്)—ഇതിന്റെ വേരിലെത്തൊലിയിട്ടിച്ചു പിഴിഞ്ഞനീരു വ്രണങ്ങളിൽ കഴിച്ചാൽ ശമിക്കും. ഇതിന്റെ എണ്ണ തേച്ചാൽ കൊപ്പൻ ഗ്രന്ഥി മുതലായവ ശമിക്കും. ചെവിയിൽ ഒഴിച്ചാൽ ചെവിക്കുത്തു നില്ക്കും.

൧൨ നെല്ലി—ഇതിന്റെ വേരിട്ടു കഷായംവച്ചു കുടിച്ചാൽ ഛർദ്ദി നില്ക്കുകയും വിരേചനമുണ്ടാവുകയും പിത്തകോപവും തണ്ണീർദാഹവും തീരുകയും ചെയ്യും. പച്ചനെല്ലിക്കായുടെ നീരിൽ ഇരുപ്പും നല്ലമുളകുപൊടിയും ചേർത്തു സേവിച്ചാൽ അരുചി മാറുകയും ഛർദ്ദി ഓക്കാനം ഇവ നില്ക്കുകയും മലബന്ധം നീങ്ങുകയും ചെയ്യും.

൧൩ പനംകഴങ്ങു്—കരുനേരത്തേക്കു് രണ്ടോമൂന്നോ പനംകിഴങ്ങുവീതം ചുട്ടോ പുഴുങ്ങിയോ ഉപയോഗിച്ചാൽ രക്തശീതഭേദി (വയറുകടി)യും പ്രമേഹവും മേഹപുണ്ണുകളും തീരും.

൧൪ താളിമാതളം—ഇതിന്റെ പിഞ്ചു തേനൊഴിച്ചരച്ചു സേവിച്ചാൽ അതിസാരം ശമിക്കും.

൧൫ കള്ളി—ചതുരക്കള്ളി കൊടിക്കള്ളി ഇലക്കള്ളി തിരുകള്ളി കള്ളി ഇങ്ങനെ അഞ്ചുവിധത്തിൽ ഉള്ള ഏതെങ്കിലും കള്ളിയുടെ പാലു് ശർക്കരയുംചേർത്തു സേവിച്ചാൽ ഉടൻ വിരേചനമുണ്ടാകും.

൧൬ വേപ്പില—ഇതിന്റെ ഇലകൊണ്ടു കഷായം ഉണ്ടാക്കി സേവിച്ചാൽ എല്ലാ ജ്വരവും ശമിക്കും. വേപ്പില അരച്ചു ശരീരത്തിൽ പൂശിയാൽ മസൂരിയും ചൊറിചിരങ്ങുകളും ശമിക്കും. പരുവിലോ നീർക്കെട്ടുകളിലോ അരച്ചിട്ടാൽ ശമിക്കും. വ്രണങ്ങളിൽ ഞാച്ചിട്ടാൽ ഉണങ്ങും ഇതിന്റെ തൊലിയിട്ടു കഷായംവച്ചു കൊടുത്താൽവിശേഷിച്ചും ജ്വരരോഗികൾക്കു് അഗ്നിദീപനം ഉണ്ടാകും. ശീതജ്വരം മാറും. ജ്വരം വിട്ടവർക്കു വീണ്ടും ജ്വരം വരാതെ ഇരിക്കും.

൫൭. ആലിൻപാൽ—ഇതു് പുരട്ടിയാൽ കാൽവെടിപ്പു ശമിക്കുകയും കവിൾക്കൊണ്ടാൽ പല്ലുവേദനയും ഇളക്കവും നിലുക്കുകയും ചെയ്യും.

൫൮ വേലിപ്പരുത്തിയില—ഇതിന്റെ നീരിൽ നല്ല ചുണ്ണാമ്പുകലക്കി പരുവു് നാക്കെട്ടു് മുതലായവീക്കങ്ങളിൽഇട്ടാൽ ശമിക്കും.

൫൯ വെള്ളരിക്കാ—ഇതിന്റെ തൊലി ചെത്തിക്കളഞ്ഞു കഷണങ്ങളായി അരുക്കി ഇരുപ്പും നല്ല മുളകുപൊടിയും കൂടി അഞ്ചുദിവസം മുടങ്ങാതെ സേവിച്ചാൽ മൂത്രദോഷം ഏതുപ്രകാരത്തിൽ ഉള്ളതും തീരും. ഇതിന്റെ കരുവു് തൊലികളഞ്ഞു ഇരുപതുദിവസം മുടങ്ങാതെ സേവിച്ചാൽ മൂത്രവസ്തിയും ശുക്ലവസ്തിയും സംബന്ധിച്ചുള്ള സകല ദോഷങ്ങളും മാറും.

൬൦ ഉഴർപ്പൻ—ഇതിന്റെ ഇല വാട്ടിപ്പിഴിഞ്ഞു സേവിച്ചാൽ വയറ്റിൽ ഉള്ള ക്രിമികൾ വെളിക്കുപോവുകയും അർശസ്സു ശമിക്കുകയും ചെയ്യും. ഇതിന്റെ അരി ഓരോ വരാഹൻവീതം കല്ലുണ്ടു ചേർത്തു സേവിച്ചാൽ മേഹപ്രോക്കം കുഷ്ഠവും ശമിക്കും. ഇതിന്റെ പൂവിട്ടു കഷായംവെച്ചു സേവിച്ചാൽ കാസശ്വാസം നിലുക്കും.

൬൧ തുമ്പപ്പൂവു്—രണ്ടുപവൻ തുമ്പപ്പൂവു നാലുതുടിവസം എള്ളെണ്ണയിൽ ഇട്ടുവച്ചിരുന്നതിന്റെശേഷം പുട്ടിയ അരച്ചു ഗുളികയാക്കിയതു് കണ്ണിൽ ചുഴറ്റിയാൽ സന്നികർഷം തെളിവും നേത്രരോഗങ്ങൾ ശമിക്കുകയും ചെയ്യും.

൬൨ പാതിരി—ഇതിന്റെ വേരു അരച്ചു കല്ലുംകലക്കി എണ്ണകാച്ചി തേച്ചുകുളിച്ചാൽ പ്രമേഹവും പ്രമേഹജ്വരവും മധുമൂത്രവും കൈക്കാൽ കണ്ണു് ഇവകളിൽ ഉണ്ടാകുന്ന ചുട്ടുനീറ്റവും മാറും.

൬൩ ഇലുപ്പ—ഇതിന്റെ വേരരച്ചു കല്ലും കലക്കി എണ്ണകാച്ചി തേച്ചാൽ ജ്വരം ശമിക്കും.

൬൪ ചാരംപരിപ്പു്—ഉരിയ ചാരംപരിപ്പു് നല്ലതുപോലെ അരച്ചു് നാലുപലം പഞ്ചസാര കലക്കി പാകമാക്കി അതിൽഇട്ടു് ലോഹ്യമാക്കി രണ്ടുരൂപാതൂക്കം നെയ്യും അരപ്പലം തേനും ചേർത്തു കാലത്തു കാലത്തെ കൊട്ടപ്പാക്കുപ്രമാണം സേവിച്ചാൽ മൂത്രച്ചുടിച്ചിൽ പ്രമേഹം പഴുപ്പുപോക്കു് ഇവ ശമിക്കുകയും ശുക്ലം തടിക്കുകയും ചെയ്യും. ധാതുപുഷ്ടിയും ബലവും ഉണ്ടാകും ശരീരത്തിലുള്ള കൃമികളും മാറും.

൬൫. തേക്കിട—ഇതിന്റെ ഇലകൊണ്ടുവന്നു പച്ചവെള്ളത്തിൽ കഴുകി വെള്ളംതോർത്തി ഉള്ളംകയ്യിൽവച്ചു കശക്കി രസം പിഴിയാതെ ശുദ്ധരാനും വെളുത്തതും നേർത്തതുമായ തുണിയിൽ അരിച്ചു കിഴികെട്ടി രണ്ടു മണിക്കൂറിൽ കാരോനേരംവീതം കാരോതുള്ളി നീരു ക

ണ്ണിൽ പിഴിഞ്ഞൊഴിച്ചാൽ മൂന്നു ദിവസംകൊണ്ടു് ഏതു പ്രകാരത്തിലുള്ള കണ്ണുനോവും തീരും.

൨൩. നാകമല്ലീവേർ—ചെറുനാരങ്ങാനീരൊഴിച്ചരച്ചു് തേച്ചാൽ പടർതാമരയും മറ്റുള്ള എല്ലാ തൃഗ്രോഗങ്ങളും ശമിക്കും.

൨൪. ഉമ്മത്തില—കുത്ത ഉമ്മത്തിന്റെ ഇലയുണക്കിപ്പൊടിച്ചു വാഴയിലക്കകത്താക്കി ചുരുട്ടി പുകപിടിച്ചാൽ കാസശ്വാസം ചുമ ഇവ ശമിക്കും. ഇതിന്റെ പച്ചയില അരച്ചു പോട്ടീസ്സുണ്ടാക്കി വച്ചു കെട്ടിയാൽ വാതംകൊണ്ടുണ്ടാകുന്ന വീക്കവും കട്ടികളും കൊലിപ്പുറത്തുണ്ടാകുന്ന വീക്കങ്ങളും ശമിക്കും. പ്രമേഹനീരുകൾക്കു ഇതിന്റെഇല ചാറായത്തിൽ ഇട്ടു വച്ചിരുന്നേടത്തു പറിച്ചാൽ വേദന തീരുകയും ശമിക്കുകയും ചെയ്യും. ഇതിന്റെ ഇല ഉണക്കിപ്പൊടിച്ചു പന്നിനെയ്യിൽ അരച്ചു കഴച്ചു തേച്ചാൽ മുഖത്തിലും മറ്റു സർവ്വാംഗങ്ങളിലും ഉണ്ടാകുന്ന ഞരമ്പുവേദനകൾ മാറും.

൨൫. എരുമച്ചുണ്ണാമ്പു—ഇതിന്റെ നീരു പിഴിഞ്ഞെടുത്തു സേവിച്ചാൽ ഛർദ്ദിയും കാമിലയും രക്തപ്ലീഹയും ശമിക്കും.

൨൬. വെള്ളെരുക്കിൻതൊലി—ഇതു് വേപ്പെണ്ണയിൽ കരിച്ചുകലക്കി കാച്ചിതേച്ചാൽ വ്രണങ്ങൾ കൊണ്ടുണ്ടാകുന്ന ഉപദ്രവങ്ങൾ മുഴുവൻ തീരും.

൨൭. വെള്ളക്കടുക്കു—ഇതുകൊണ്ടു പോട്ടീസ്സുണ്ടാക്കി ഉള്ളംകാലിലും പിടലിയിലും ഇട്ടാൽ സന്നിയും വലിയ തലവേദനയും ശമിക്കും. വയറ്റിൽ ഇതിന്റെ പോട്ടീസ്സു വച്ചു കെട്ടിയാൽ വാന്തിഭേദിയും ഗ്രഹണരോഗവും വയറുനോവും ശമിക്കും. മുതുകിൽ വച്ചു കെട്ടിയാൽ വാതകോപവും വാതം സംബന്ധിച്ചുള്ള വീക്കങ്ങളും തീരും. ഇതിനോടു മുരിങ്ങപ്പട്ട കൂടിചേർത്തു പോട്ടീസുണ്ടാക്കി വച്ചു കെട്ടിയാൽ ഗുണം അധികമായിരിക്കും.

൨൮. പുന്നയ്ക്കാ—ഇതിന്റെ അരി ചൂടുവെള്ളത്തിൽ അരച്ചു പൂശിയാൽ ധനുർവ്വാതം തീരും. നല്ലെണ്ണയിൽ ഇതിന്റെ അരി അരച്ചു കലക്കി കാതിൽ ഉറച്ചാൽ ചെവിക്കകത്തുള്ള വ്രണങ്ങൾ കരിയും.

൨൯. നൈതൽക്കിഴങ്ങു—ഇതിന്റെ രണ്ടു പലം പൊടി നൂറുപലം പഞ്ചസാരയിൽ ലേഹ്യമുണ്ടാക്കി ഒരുപലം നെയ്യുംചേർത്തു് രാരോനേരം കാൽപ്പലംവീതം കാലത്തും വൈകുന്നേരവും സേവിച്ചാൽ നാല്പതുപ്രകാരത്തിലുള്ള പിത്തരോഗങ്ങളും രക്തഗ്രഥനിയും ചൂടും തീരും. ശുക്ലവൃദ്ധിയെ ഉണ്ടാക്കും.

൩൩. **ചെങ്ങഴിനീർക്കിഴങ്ങ്**--ഇതിന്റെ പൊടി കാലത്തും വൈകുന്നേരവും സമം പഞ്ചസാര ചേർത്തു സേവിച്ചാൽ നാല്പത്തു പ്രകാരത്തിൽ ഉള്ള പിത്തവും എല്ലാപ്രമേഹങ്ങളും ശമിക്കുകയും സ്ത്രീ സംയോഗംകൊണ്ടുണ്ടായിട്ടുള്ള ചൂടുമുഴുവൻ തീരുകയും ചെയ്യും.

൩൪. **മുത്തങ്ങാക്കിഴങ്ങ്**—ഇതു് ഉണക്കിപ്പൊടിച്ച പൊടിയിൽ സമം പഞ്ചസാരചേർത്തു കാലത്തു, വൈകുന്നേരവും സേവിച്ചാൽ ഉർജ്ജ്വരവും രാപ്പനിയും ശീതജ്വരവും പിത്തകോപവും തണ്ണീർദാഹവും അതിസാരവും ഛർദ്ദിയും തീരും. മൂത്രം കൂടുതലായിപ്പോകും.

൩൫. **ഇഞ്ചിനീര്**—ഇതു കാച്ചിത്തിളപ്പിച്ചു വാങ്ങിയ ഒരുപലംനീരിൽ കുറച്ചു തേൻചേർത്തു കൊടുത്താൽ ഛർദ്ദി ഉടൻ നില്ക്കും.

൩൬. **തുളസി**—ഇതിന്റെ ഇരിയും സമം പഞ്ചസാരയും കൂടി ഒരു മൺപാത്രത്തിൽ ഇട്ടു് കുറേ പച്ചവെള്ളം ഒഴിച്ചു് ഒരുരാത്രി മുഴുവൻ വച്ചിരുന്നു് പിറേറദിവസം രാവിലെ എടുത്തു കുടിച്ചാൽ വയറ്റിൽനിന്നും ശീതംപോകുന്നതു ശമിക്കും. ഇങ്ങനെ മൂന്നുദിവസത്തിൽ കുറയാതെ സേവിക്കണം. കൂടാതെ ഇതിന്റെയില വണ്ടുകെട്ടി പുഴുങ്ങി നീരെടുത്തു് പ്രായമായവർ ഒരുതുടവും കുട്ടികൾ കാൽതുടയുംവീതം ഓരോനേരം സേവിച്ചാൽ തൊണ്ടയിൽ കഫംകെട്ടിയുണ്ടാകുന്ന എച്ചിൽ കണ മുതലായതുകൾ തീരും.

൩൭. **കാശിക്കട്ടി**—ഇതു് പച്ചവെള്ളത്തിലോ ചാരായത്തിലൊ അരച്ചിട്ടാൽ മൂലക്കുണ്ണ പെടിക്കുന്നതു ശമിക്കും. തൊണ്ടയിൽ ഇട്ടാൽ തൊണ്ടകാറൽ മാറും. ഇതു് പ്രായംചെന്നവർക്കു മൂന്നു കുന്നിയിടയും ശിശുക്കൾക്കു മൂന്നിലൊരു കുന്നിയിടയും പൊടിച്ചു കൊടുത്താൽ ശീതമേടി (വയറുകടി)യും പഴുപ്പുപോക്കും അതിസാരവും ചുമയും ശമിക്കും.

൩൮. **ബ്രഹ്മദണ്ഡിപ്പാൽ**—ഇതു് ഒന്നോരണ്ടോതുള്ളി കണ്ണിൽ ഒഴിച്ചാൽ കണ്ണുചുകപ്പു്, കണ്ണുകടി കണ്ണീരൊഴുക്കു്, കണ്ണുചെറുക്കം കണ്ണുവേദന ഇവകൾ തീരും.

൩൯. **കറിവേപ്പില**—ഇതുകൊണ്ടു് തുവയൽ ഉണ്ടാക്കി ഉപയോഗിച്ചാൽ വയറുകടിയും ജ്വരവും അരുചിയും മാറും.

Since 1923

ഇരുപത്തിഅഞ്ചാം അദ്ധ്യായം.

———:*:———

ചില സിദ്ധയോഗങ്ങൾ.

ജ്വരം.

ഉർജ്വരത്തിനു്—സഹസ്രവേധിയിട്ടു് പശുവിൻ പാൽ കൂടുക്കി പഞ്ചസാരയുംചേർത്തു് അഞ്ചുദിവസം രാവിലെ സേവിച്ചാൽ ഉർജ്വരം മാറും.

താപജ്വരത്തിനു്—ഒനല്ലിക്കാത്തോടു്, രാമച്ചം, ഇരുവേലി, കൊട്ടം, അതിമധുരം, മുത്തങ്ങാക്കിഴങ്ങു്, ചന്ദനം, മലരു് ഇവ രണ്ടേ വരാഹനിടവീതം പൊടിച്ചു് എല്ലാംകൂടി രണ്ടിച്ചുചേർത്തു് നാഴി കരിക്കിൻവെള്ളത്തിൽ ഇട്ടുകഷായംവെച്ചു് കരുതടമാക്കി കാലത്തുംവയ്യിട്ടും ആയി സേവിച്ചാൽ താപജ്വരം മാറും.

കളിർജ്വരത്തിനു്(തുള്ളപ്പനിക്കു്)—നാല്പതുഗ്രെയിൻസു നല്ലമുളകുംഇരുപതുഗ്രെയിൻസു പെരുംകായവും രണ്ടുഗ്രെയിൻസുകഴറ്റിപ്പുരിപ്പും കൂടിരണ്ടിച്ചുചേർത്തു് ആവശ്യമുള്ളിടത്തോളം തേൻകഴിച്ചു് മഷിപോലെ അരച്ചു മുപ്പതു ഗുളികകളാക്കി പ്രായംചെന്നവർക്കു രണ്ടുനേരത്തേക്കു് ഈരണ്ടുഗുളികയും കുട്ടികൾക്കു് രാരോഗുളികയും ദിവസം രണ്ടുനേരത്തവണവീതം കൊടുത്താൽ കളിർജ്വരം വിട്ടുപോകും.

വിഷജ്വരത്തിനു—കിരിയാത്തു്, പടവലം, അടലോടകമൊട്ടു കാട്ടുപീച്ചിൽവേരു്, കുടകപ്പാലയരി ഇവ ഈരണ്ടു വരാഹനിടവീതം പൊടിച്ചു് നാഴിവെള്ളത്തിൽ കഷായംവെച്ചു് നാലിലൊന്നാക്കി സേവിച്ചാൽ വിഷജ്വരം മാറും.

കിരിയാത്തു്, പടവലം, വേപ്പിൻതൊലി, അമൃതു്, ചുക്കു്, കടുക്കാ ഇവ പത്തു വരാഹൻ വീതം പൊടിച്ചു രണ്ടിച്ചുചേർത്തു് ഇടങ്ങഴിവെള്ളത്തിൽ കഷായംവച്ചു് നാലിലൊന്നാക്കി ഈരണ്ടുനേരം സേവിച്ചാലും വിഷജ്വരംമാറും.

പഴയജ്വരത്തിനു്—പുല്ലുകപ്പുല്ലു്, ചെറുതേക്കു്, കൊട്ടം, അമൃതു്, തിപ്പലി, അടലോടകം, മുത്തങ്ങാക്കിഴങ്ങു്, കിരിയാത്തു്, ചുക്കു കൊടുത്തുവ ഇവകൊണ്ടു് കഷായം ഉണ്ടാക്കി സേവിച്ചാൽ ശമിക്കും.

വലിയപനിക്കു്—ദേവതാരവും ചുക്കും കൊത്തമ്പാലരിയും കൂടികഷായംവച്ചു സേവിച്ചാൽ ശമിക്കും.

അതിസാരജ്വരത്തിനു്—ഇളയകുവളക്കായുടെ പശയും കിരി

യാത്തും മുത്തങ്ങായും മാവിൻപട്ടയും ചുക്കും പൊന്നരപ്പട്ടയും കൂടി കഷായംവച്ചു സേവിച്ചാൽ ശമിക്കും.

നടുക്കത്തോടുകൂടിയ ജ്വരത്തിന്—ചുക്ക് കൊട്ടം വേതാരം കടുക്കാത്തോട് പച്ചടകപ്പുല്ല് കുമിഴിൻവേര് ചെറുതേക്ക് കണ്ടകാരിചുണ്ട ഇവ അയ്യഞ്ചു വരാഹൻവീതം പൊടിച്ചു കന്നിച്ചേത്ത ഇരുനാഴിവെള്ളത്തിൽ കഷായംവച്ച് നാലിൽ കനാക്കി സേവിച്ചാൽ ശമിക്കും.

അജീർണ്ണജ്വരത്തിന്—ചുക്ക് കടുക്കാത്തോട് താന്നിക്കാത്തോട് നെല്ലിക്കാത്തോട് കുറുന്തോട്ടി ഉഴുന്ന് ഇവകൊണ്ട് കഷായം ഉണ്ടാക്കി സേവിച്ചാൽ അജീർണ്ണജ്വരം ശമിക്കും.

അരുമോടകം വയമ്പ് ചുക്ക് നല്ലമുളക് തിപ്പലി കൊട്ടവേലിക്കിഴങ്ങ് തിപ്പലിമൂലം ഇവകൊണ്ടു കഷായം ഉണ്ടാക്കി സേവിച്ചാലും അജീർണ്ണജ്വരം ശമിക്കും.

വിടാത്ത ജ്വരത്തിന്—അരുവരാഹനിട നല്ലമുളകപൊടിയും കുവരാഹനിട അമരിവേരിൻപൊടിയുംകൂടി ചൂടുവെള്ളത്തിൽ അരച്ച് കുരുതൽ അരപ്പണവിട ചുണ്ണാമ്പുചേർത്തുകൊടുത്താൽ ജ്വരംവിട്ടും.

പിത്തജ്വരത്തിന്—ചുക്ക് ഗ്രാംപൂ മുത്തങ്ങാക്കിഴങ്ങ് കിരിയാത്ത് കൊത്തമ്പാലരി ഇവ അയ്യഞ്ചു വരാഹനിടവീതവും പടവലം ഇരുപത്തു വരാഹനിടയും കന്നിച്ചേർത്ത കഷായംവച്ചു സേവിച്ചാൽ പിത്തജ്വരം ശമിക്കും.

കഫജ്വരത്തിന്—ചെമ്മുള്ളി ചുണ്ടവേര് കുവളം കണ്ടകാരി ഇവകൊണ്ടു കഷായം ഉണ്ടാക്കി സേവിച്ചാൽ കഫജ്വരം ശമിച്ചുപോകും.

പെരുക്കാൽപനിയ്ക്ക്—ഇടവിടാതെ നല്ലതുകനദിവസം അമൃതുകഷായം കുടിച്ചാൽ പെരുക്കാൽപനി വരികയില്ല.

ഒരു ഗ്രെയിൻ ശുദ്ധിചെയ്ത വെള്ളപ്പാഷാണവും മുപ്പതു ഗ്രെയിൻ നല്ലമുളകുംകൂടി ചേർത്തു വേണ്ടതുപോലെ നൈൻ ഒഴിച്ച് അരച്ചു പത്തുഗുളികകളായി ഉരുട്ടിയുണക്കി ഒരു നേരത്തേക്ക് ഓരോ ഗുളികവീതം മൂന്നുദിവസമായുപയോഗിച്ചാൽ പെരുക്കാൽജ്വരവും കുടുവും ശമിക്കും.

ഉഷ്ണജ്വരത്തിന്—കുവളവേരിലെ തൊലികൊണ്ടു കഷായം ഉണ്ടാക്കിക്കൊടുത്താൽ ഉഷ്ണജ്വരം ശമിക്കും.

ജ്വരരോഗിയെ വിയർപ്പിക്കാൻ—ഇരുപതുഗ്രെയിൻ വെടിയുപ്പും പന്ത്രണ്ടുഗ്രെയിൻ നവക്ഷാരവും കൂടി മൂന്നു ഔൺസ് വെള്ളത്തിൽ കലക്കി ഒരുദിവസം രണ്ടുമൂന്നു പ്രാവശ്യം കൊടുത്താൽ വിയർപ്പുണ്ടായി ജ്വരം വിട്ടും.

ജ്വരത്തിന്റെ ചൂടുകുറയ്ക്കുന്നതിനു്—അഞ്ചു ഔൺസ്സ് പെടിയുപ്പും അഞ്ചു ഔൺസ്സ് നവക്ഷാരവും പതിനാറു് ഔൺസ്സ് പെള്ളത്തിൽ കലക്കി ശരീരത്തിൽ തടവിയാൽ ചൂടുകുറയും.

ജ്വരത്തിൽ ഉണ്ടാകുന്ന ദാഹത്തിനു്—പത്തുഗ്രെയിൻ പെടിയുപ്പും ഇരുപതുഗ്രെയിൻ പഞ്ചസാരയുംകൂടി ഒരു ഗ്ലാസ്സു് പെപ്പർമെൻറു് ജലത്തിൽ കലക്കി കൊടുക്കുകയോ അരഔൺസ്സ് ദ്രാക്ഷാരസവും നാലുഔൺസ്സ് പഞ്ചസാരയുംകൂടി നാലു ഔൺസ്സ് പെറുനാരങ്ങാനീരിൽ കലക്കി അതിൽ അരുപതു ഔൺസ്സ് ചൂടുവെള്ളം ഒഴിച്ചാറി കാരോതവണ ഒന്നോ രണ്ടോ ഔൺസ്സ് വീതം കൊടുക്കുകയോ ചെയ്താൽ ജ്വരരോഗികൾക്കുണ്ടാകുന്ന ദാഹം തീരും.

ശ്വാസം, കാസം, ക്ഷയം, ചുമ മുതലായ കഫരോഗങ്ങൾ.

കാസംമുതലായ സന്നകഫരോഗത്തിനും—പത്തു പലം തിപ്പലിയും അഞ്ചുപലം ചുക്കും അഞ്ചുപലം അയമോദകവും അല്ലെങ്കിൽ കറുഞ്ചീരകം ജീരകം സൊരാഷ്ടമുകളും താലീസപത്രം ഗ്രാമ്പൂവു് ഇലവങ്കം ത്രിഫല കടുവാപ്പട്ട നീർമുള്ളി ഏലത്തരി കൊടുവേലിക്കിഴങ്ങു് ഇവ കാരോ പലംവീതവും കനിച്ചുചേത്തു നല്ലതുപോലെ ഉണക്കിയൊ ഇളവറുപ്പായി വറുത്തൊ പൊടിച്ചു് ശീലപ്പൊടി തട്ടിയെടുത്തു് നാലുറാത്തൽ പഞ്ചസാരയും ചേത്തു തേൻ ഒഴിച്ചു് നല്ലതുപോലെ അരച്ചു വടിച്ചുവച്ചിരുന്നു് കാലത്തും വയ്യിട്ടും താന്നിക്കാപ്രമാണം സേവിച്ചാൽ എല്ലാ കഫരോഗങ്ങളും ശമിക്കും.

നെഞ്ചിലുണ്ടാകുന്ന കഫശല്യത്തിനു്—പത്തുണ്ടു ഔൺസ്സു ബദാംപരിപ്പിന്റെ പൊടിയും രണ്ടുദ്രാം വെടിയുപ്പും ഒരു ഗ്രെയിൻ വാന്തിയുപ്പും അരഔൺസ്സ് കർപ്പൂരാവകയും കൂടി കനിച്ചുചേത്തു് അരച്ചു് ഒരു മണിക്കൂർഇടവിട്ടു് അരഔൺസ്സ് വീതം സേവിച്ചാൽ ശമിക്കും.

കാസത്തിനു്—ഒരു വരാഹനിട അനന്തമ്പം ചീകി നാഴി വെപ്പെണ്ണയിൽ ഇട്ടു കാച്ചി അരിച്ചു് ഒരു നേരം ഒരു വരാഹനിടവീതം സേവിച്ചാൽ എല്ലാ കാസവും ശമിക്കും.

രക്തകാസത്തിനും രക്തഛർദ്ദിക്കും—രണ്ടുദ്രാം പടികാരം പതിനെട്ടു ഔൺസ്സു് പശുവിൻപാലിൽ ഇട്ടു കാച്ചി മൂന്നു തവണയായി സേവിച്ചാൽ ശമിക്കും.

ചുമയ്ക്കു്—കുമ്മട്ടി തുരന്നു് അതിൽ നല്ലമുളകു നിറച്ചു് നിഴലുണക്കി ഒരു തവണയ്ക്കു് അതിൽനിന്നും എടുത്തു പൊടിച്ചു് സമം തിപ്പലിപ്പൊടിയും ചേത്തു സേവിച്ചാൽ ശമിക്കും

ഗ്രഹണി.

ഗ്രഹണിപതിനൊന്നിനും—താളിമാതളപ്പിഞ്ചു് ജാതിക്കാജാതിപത്രിരി കുറുപ്പട്ടമരത്തിന്റെ കറ, കാന്തസ്സും കന്മദം ശുദ്ധി ചെയ്ത ചായില്യം ഇവ ഒന്നിച്ചുചേർത്തു് അത്തിപ്പാലിൽ രണ്ടുയാമം അരച്ചു് കന്നിക്കുരുപ്പ് പ്രമാണം ഗുളികകർം ഉരുട്ടി ഒരുനേരം രാരോ ഗുളിക ഒരു ദിവസം രണ്ടോ മൂന്നോ തവണവീതം സേവിച്ചാൽ ഏതു പ്രകാരത്തിൽ ഉള്ള ഗ്രഹണിയും ശമിക്കും.

വായുഗ്രഹണി (ഉണ്ണിഭേദി)ക്കു് നൂറുവർഷം പഴക്കമുള്ള വേപ്പിൻപട്ടയും അതിൽപകുതി നല്ലമുളകുംകൂടി ചേർത്തു് നല്ലതുപോലെ പൊടിച്ചു് ശീലപ്പൊടി തട്ടിയെടുത്തു് പൊടിയിൽ പകുതി പഞ്ചസാരയുംചേർത്തു് ഒരുനേരം ഈരണ്ടുവരാഹനിടവീതം സേവിച്ചാൽ ശമിക്കും.

ത്രിദോഷഗ്രഹണിക്കു്—ഒരുപലം ജീരകം അടയ്ക്കാമണിയൻ നീരൊഴിച്ചു് നല്ലതുപോലെ അരച്ചു് പച്ചടകംപോലെപരുത്തി നല്ലെണ്ണയിൽ വറുത്തു തിന്നാൽ ത്രിദോഷജന്യമായ ഗ്രഹണി ശമിക്കും.

വയറുകടിപ്പിനു്—ഒരു വരാഹൻ ജീരകവും രണ്ടു വരാഹൻ വെളുത്തുള്ളിയും നാലുവരാഹൻ കക്കടകശൃംഗിയുംകൂടി ഇളംവറുപ്പായി വറുത്തോ ഉണക്കിയോ പൊടിച്ചു് ചൂരമത്തെന്നിൽ കലക്കി രണ്ടുനേരം സേവിച്ചാൽ ശമിക്കും.

ഏഴുപലം ജീരകപ്പൊടിയിൽ ഒരുപലം ചീനക്കൽക്കണ്ടുചേർത്തു മുമ്മൂന്നുവരാഹനിടവീതം പശുവിൻനെയ്യിൽ സേവിച്ചാൽ ശമിയ്ക്കും.

ഒരുപലം വെളുത്തുള്ളി തൊലിച്ചു് ഒന്നിച്ചുചേർത്തു കറിയുപ്പു ചുണ്ടാക്കിയ കവചത്തിനകത്താക്കി അടച്ചു് അട്ടപ്പുറത്തിൽ ഇട്ടു ചുട്ടു, അതിന്റെ നീരു പിഴിഞ്ഞെടുത്തോ അരച്ചു കലക്കിയോ തൈരിൽ കൊടുത്താൽ ശമിക്കും.

മൂലക്കടുപ്പു് രക്തഗ്രഹണി ശീതഗ്രഹണി ഇവയ്ക്കു്—ഉലുവാനെല്ലിക്കാത്തോടു് ചുണ്ടയ്ക്കാവേരിൻമാങ്ങയണ്ടി കരിംചെമ്പില അയമോദകം മാതളത്തോടു് ഇവ ഓരോ വരാഹനിടവീതം കന്നിച്ചുചേർത്തു് ഇളംചൂടുപ്പായി വറുത്തോ ഉണക്കിയോ പൊടിച്ചു് ശീലപ്പൊടി തട്ടിയെടുത്തു് മുമ്മൂന്നുവരാഹൻ പൊടിവീതം തൈരിൽ കലക്കി സേവിച്ചാൽ രക്തഗ്രഹണിയും വയറുകടിയും ശീതഗ്രഹണിയും മൂലക്കടുപ്പും മറ്റും ശമിക്കും.

പുളിയാരലിലയും വാഴക്കൂമ്പും സമം വണ്ടുകെട്ടിപ്പിഴിഞ്ഞു് അതിന്റെ നീരെടുത്തു തേൻചേർത്തുകൊടുത്താൽ ഗ്രഹണിയും അതിസാ

രവും വയറുകടിയും മറ്റും സംബന്ധിച്ചുണ്ടാകുന്ന സകല പോക്കുകളും നിൽക്കും.

അതിസാരം.

എല്ലാ അതിസാരത്തിനും—ശുദ്ധിചെയ്യുന്ന പാഷാണം അതിവിടയം ജാതിക്കാ, മാങ്ങയണ്ടി അവിയൻ ഇവ ഓരോ പലം പൊടിച്ചു് ഒന്നിച്ചുചേർത്തു് അമൃതു് ഇടിച്ചുപിഴിഞ്ഞ നീരിൽ നല്ലതുപോലെ അരച്ചു് ഒന്നിക്കുമാറു് പ്രമാണം ഗുളികകൾ ഉരുട്ടി നിഴലുണക്കി സൂക്ഷിച്ചുവച്ചിരുന്നു ഓരോനേരം ഓരോ ഗുളികവീതം സേവിച്ചാൽ എല്ലാ അതിസാരങ്ങളും ശമിക്കും.

അമ്മമോടകവും കാട്ടത്തിപ്പൂവും പതുമുഖവരാഹനിടവീതം ഒന്നിച്ചു ചേർത്തുപൊടിച്ചു് ശീലപ്പൊടി തട്ടിയെടുത്തു് ഇരട്ടിനീരിൽ സേവിച്ചാൽ അതിസാരം ശമിക്കും.

ഒന്നരഗ്രെയിൻ തുരുശും ഒന്നരഗ്രെയിൻ അവിയനുംകൂടി ഒന്നിച്ചുകൂട്ടി അവശ്യമുള്ളിടത്തോളവും ഗുഗ്ഗുലുചേർത്തരച്ചു മുന്നുഗുളികയായി ഉരുട്ടി ഓരോനേരം ഓരോ ഗുളികവീതം സേവിച്ചാൽ അതിസാരം നിൽക്കും രക്തഭേദിയും കാലപ്പഴക്കംചെന്ന അതിസാരവും മാറും.

ജ്വരമില്ലാത്ത അതിസാരത്തിനു—പത്തുഗ്രെയിൻസുകാശിക്കട്ടിയും പത്തുഗ്രെയിൻസുകുറുവാപ്പട്ടപ്പൊടിയുംകൂടി ഒന്നിച്ചുചേർത്തേനൊഴിച്ചരച്ചു സേവിച്ചാൽ ശമിക്കും. ജ്വരമുണ്ടെങ്കിൽ ഈ മരുന്നു കൊടുക്കരുതു്.

എല്ലാ അതിസാരത്തിനും—ജാതിക്കായു്, ജാതിപത്രി, മായാക്കു്, കടുക്കാപ്പൂ ജീരകം അതിവിടയം ഗ്രാമ്പൂ, അവിയൻ, ഉലുവാ കശകശ ഗോരോചന ഇവ ഓരോ വരാഹനിടവീതം പ്രത്യേകം പ്രത്യേകം പൊടിച്ചു ഒന്നിച്ചുചേർത്തു്, മുലപ്പാൽ ഒഴിച്ചു നല്ലതുപോലെ അരച്ചു ഉഴുന്നുപ്രമാണം ഗുളികകൾ ഉരുട്ടി നിഴലുണക്കി, പ്രായം ചെന്നവർക്കു്, ഓരോ തവണ ഈരണ്ടു ഗുളികവീതവും ശിശുക്കൾക്കു പകുതി ഗുളിക മുതൽ ഒരു ഗുളികവരേയും, തേനിൽ അരച്ചുകൊടുത്താൽ എല്ലാ അതിസാരങ്ങളും ശീതാദേിയും ഗ്രഹണിയും ശമിക്കും.

അജീർണ്ണഭേദിയു്—രണ്ടുവരാഹനിട അമ്മമോടകവും ഒരുപിടി നിലംപരണ്ടയുംകൂടി അരച്ചു് നാഴിവെള്ളത്തിൽ കലക്കി നാലിൽ ഒന്നാക്കി വറ്റിച്ചു അരിച്ചെടുത്തു സേവിച്ചാൽ ശമിക്കും.

വയറുകടിയു്.

ഒരുപലം ചുക്കും ഒരു വരാഹനിട ഗ്രാമ്പൂവും ഒരു വരാഹനിട അനന്തിപ്പുലിയും കൂടി ഒന്നിച്ചുചേർത്തു് എരുമത്തൈരൊഴിച്ചു മഷിപോലെ അരച്ചു്; ചെറിയ തുണിക്കഷണങ്ങളിൽ നാലഞ്ചു ചെറിയ

കിഴികളായികെട്ടി ഒരു മൺചട്ടിയിൽ നാഴി എരുമമാരൊഴിച്ചു് അതിൽ കിഴികൾ ഇട്ടു തീയ്യെരിച്ചു മന്ദന്നം നല്ലതുപോലെ വേവുകയും ചട്ടി കരിയാതെ മോരു വറ്റുകയും ചെയ്യുമ്പോൾ എടുത്തു്, മൂന്നുവരാഹനിട തേനും അഞ്ചുവരാഹനിട നെയ്യും ചേർത്തുകൊടുത്താൽ ശമിക്കും.

അഞ്ചുവരാഹനിട ജാതിക്കാ ശീലമൺചെയ്തു രണ്ടുമുന്നു വറളി ഇട്ടുചുട്ടു് അറിയതിൻറെശേഷം എടുത്തു് നെയ്യും തേനുംചേർത്തുച്ചു പൗർപ്പമാണം ഗുളികയുരുട്ടി കാലൊ മാത്ര കാരോനോം മുലപ്പാലിൽ അരച്ചു സേവിച്ചാൽ വയറുകടി നിൽക്കും.

മാങ്ങയണ്ടിയും കരിവേപ്പിലയും ചേർത്തു് അരച്ചുപിഴിഞ്ഞനീരു കാരോനോം കാരോ ദ്രാംവീതം പത്തുനാഴികയ്ക്കു ഒരിക്കൽ പീതം സേവിച്ചാൽ വയറുകടി ശമിക്കും.

നാലുവരാഹനിട കടുക്കാപ്പൂവും അരയും വെടിയുപ്പും അരയും ജീരകവുംകൂടി അരച്ചു എരുമത്തൈരിൽ സേവിച്ചാൽ വയറുകടി ശമിക്കും.

കുവളക്കാ കഷായംവച്ചു സേവിച്ചാൽ വയറുകടി ശമിക്കും.

കുട്ടികൾക്കുണ്ടാകുന്ന വയറുകടിക്കു്—മയിലാക്കു നുറുക്കി നെയ്യിൽ വറുത്തുപൊടിച്ചതു് അഞ്ചുഗ്രയിൻസു മുതൽ പത്തു ഗ്രയിൻസുവരെ തേനിൽകഴിച്ചുകൊടുത്താൽ കുട്ടികൾക്കുണ്ടാകുന്ന വയറുകടി ശമിക്കും.

ഗ്രഹ്യരോഗങ്ങൾ.

എല്ലാ ഗ്രഹ്യരോഗങ്ങൾക്കും—നറുനീണ്ടിക്കിഴങ്ങു് അരുക്കരം ഭ്രൃശക്കരക്കിഴങ്ങു് നിലവാക നിലപ്പനക്കിഴങ്ങു് ശതാവരിക്കിഴങ്ങു് ഇവ ഇരുപത്തിഅഞ്ചുവരാഹൻവീതം ഒന്നിച്ചുചേർത്തു നുറുക്കി എട്ടിടങ്ങഴിവെള്ളത്തിൽ കഷായംവച്ചു നാഴിയാക്കി അരിച്ചു കാരോത്തരംപൊന്നാംകാണിരസവും കറവാർവാഴനീരും പൂക്കൈതമുലയുടെ നീരും അമുക്കരത്തിൻറെ ഇല ഇടിച്ചുപിഴിഞ്ഞ നീരും ശതാവരിനീരും എലിച്ചെവിനീരും മുമ്മൂന്നുതുടംവീതം കയ്യോന്നിനീരും ചുവന്നുള്ളിനീരും മൂന്നുതുടം അവണക്കെണ്ണയും ചേർത്തു അതിൽ നാലുപലം കിനപ്പുവുപൊടിയും രണ്ടുപലം കടുക്കാപ്പൊടിയും രണ്ടരപ്പലംവീതം കരിഞ്ചീരകത്തിൻറെയും വെളുത്ത ജീരകത്തിൻറെയും നല്ലമുളകിൻറെയും അതിമധുരത്തിൻറെയും താലീസപത്രിയുടേയുംപെരിഞ്ചീരകത്തിൻറെയുംപൊടിയും ചേർത്തു നല്ലതുപോലെ അരച്ചു ഒരു പാത്രത്തിൽഅക്കി അടുപ്പിൽവച്ചു ദീപാഗ്നിയായി എരിച്ചു നിരുവറ്റിച്ചു അറുന്നതിനു മുമ്പായി അതിൽ കർപ്പൂരശിലാസത്തുരസ്സും കന്മദരസ്സും കന്നാരരസ്സും വെങ്കായം പൊരിച്ചു പൂണ്ണും കടുരോഹിണിപ്പൊടി ഇവ ൬ വരാഹൻവീതം

അതിൽചേർത്തു എണ്ണ ഒഴിച്ചു മയക്കിയ ഒരു മൺകുടത്തിനകത്താക്കി മേൽച്ചട്ടികൊണ്ടു വാമൂടി ശീലമൺചെയ്ത നാലുദിവസം കഴിച്ചുവച്ചിരുന്നതിൻറശേഷം എടുത്തു ഓരോന്നരം കാൽപലംവീതം കാലത്തും വയ്യിട്ടും ഈരണ്ടു തവണവീതം അഞ്ചുദിവസം സേവിച്ചാൽ ഗ്രഹ്യരോഗങ്ങൾ ഇരുപത്തിഏഴും പ്രമേഹരോഗങ്ങൾ ഇരുപതും മേഹവാതം മേഹവ്രണം മുതലായ പല ദുർന്നാമരോഗങ്ങളും ശമിക്കും. ഈ മരുന്നു സേവിക്കുന്ന അഞ്ചുദിവസവും ഉപ്പില്ലാപഥ്യം അചരിക്കുകയും പിന്നീടുള്ള അഞ്ചുദിവസം ഉപ്പു വറുത്തുകൂട്ടുകയും ചെയ്യേണ്ടതാകുന്നു. പതിനൊന്നാംദിവസം പുലർന്നെയ്തു തേച്ചു കുളിക്കണം.

മഞ്ഞക്കാമിലയ്ക്ക്—അവണക്കില അരച്ചു് പുന്നക്കാപ്രമാണം എരുമവെണ്ണയിൽ കാലത്തും വയ്യുംനേരവും ഈരണ്ടു തവണവീതം മൂന്നുദിവസം സേവിച്ചാൽ ശമിക്കും.

വാന്തിഭേദി.

വങ്കസ്സും രണ്ടുഗ്രെയിൻ രസത്തും രണ്ടുഗ്രെയിൻ കർപ്പൂരം ഒരു ഗ്രെയിൻ അഫീമൻ ഒരു ഗ്രെയിൻ ഇവ കന്നിച്ചുചേർത്തു ഗുളികയാക്കി ഇങ്ങനെയുള്ള ഗുളികകൾ രണ്ടു് അല്ലെങ്കിൽ മൂന്നു് മണിക്കൂറിൽ ഓരോന്നുവീതം കൊടുത്താൽ വാന്തിഭേദി ശമിക്കും.

പ്രമേഹം കൃച്ഛ്രം മുതലായ മൂത്രരോഗങ്ങൾ.

മൂത്രം എരിച്ചിലിനു്—കരിക്കിൻവെള്ളത്തിൽ പച്ചഞെരിഞ്ഞിൽ ഇടിച്ചുപിഴിഞ്ഞ നീരു സേവിച്ചാൽ ശമിക്കും.

നീരാവഴി രക്തംപോകുന്നതിനു്—പിന്നപ്പാവും വെള്ളത്തകരനിരിക്കവും കൂടി സമംപൊടിച്ചു പഞ്ചസാരയും നെയ്യും ചേർത്തു സേവിച്ചാൽ ശമിക്കും.

കാരിലത്താമര ഇടിച്ചുപിഴിഞ്ഞ നീരിൽ പഞ്ചസാരചേർത്തു പത്തുദിവസം സേവിച്ചാൽ ശമനമുണ്ടാകും.

മൂത്രത്തിൽകൂടി ചുഴുപ്പുവരുന്നതിനു്—കഞ്ഞിവെള്ളത്തിൽ അതിമധുരം അരച്ചുകലക്കി കുടിച്ചാൽ ശമിക്കും.

പ്രമേഹം ഇരുപത്തിരണ്ടിനും—കുമ്മട്ടിവേരു ത്രിഫല കഷായം ഇവ സമം കഷായംവച്ചു് അതിൽ മഞ്ഞൾപ്പൊടി ഒരുചാനയായി ചേർത്തുകൊടുത്താൽ ശമിക്കും.

അണ്ഡരോഗം.

ഒരു കോഴിമുട്ടയിൽ ഒരുചെറിയ ദ്വാരം ഉണ്ടാക്കി അതിൽ കുപ്പമേനി ഇടിച്ചുപിഴിഞ്ഞ നീരൊഴിച്ചു് ആ ദ്വാരവും മുട്ടയുംകുപ്പമേനിയിലരച്ചു മൂന്നുവിരൽക്കിടമാനത്തിൽപൊതിഞ്ഞു് അതിൻറ പുറ

ത്തു ശീലമൺചെയ്ത് വരാഹപുടമിട്ടെടുത്താൽ ഭസ്മമായിരിക്കും. ആ ഭസ്മം രാസ്നാ ഗ്രൈതിൻവീതം ഒരുനേരം നെയ്യിൽ സേവിച്ചാൽ ആന്ധ്യരോഗങ്ങൾ എല്ലാം ശമിക്കും.

കരിഞ്ഞാത്തൽ മണത്തക്കാളിയില യും ഒരിഞ്ഞാത്തൽ തൈവേളയില യുംകൂടി കന്നിച്ചുചേർത്ത് രണ്ടുനേരം ആവണക്കെണ്ണ തൊട്ടു അരച്ച് അണ്ഡത്തിൽവച്ച് കെട്ടിയാൽ അണ്ഡം ചുരുങ്ങി അന്ത്രവായു മുതലായിട്ടുള്ള രോഗങ്ങൾ ശമിക്കും

ആടുതീണ്ടാപ്പാലയുടെ വെടിയുപ്പും ആടുതീണ്ടാപ്പാല നവക്ഷാരവും കൂടി പതിനാറു ഗ്രൈൻസ് വെള്ളത്തിൽ കലക്കി അണ്ഡത്തിൽ ഇട്ടാൽ അണ്ഡരോഗങ്ങൾ ശമിക്കും.

അർശസ്സിനു്.

കാട്ടുചേന ശുദ്ധിചെയ്തു ചെറിയചെറിയ കഷണങ്ങളായി നുറുക്കിയതു നാഴി പലവും കൊട്ടവേലിക്കിഴങ്ങു് ശുദ്ധിചെയ്തതു കഴഞ്ചു പലവും ചുക്കു രാശി പലവും മുളകു് ഒരു പലവും കന്നിച്ചുചേർത്തു നല്ലതുപോലെ ഇടിച്ചുപൊടിച്ചു ശീലപ്പൊടി തുണിയെടുത്തപൊടി കഴഞ്ചു പലം ശർക്കരയിൽ ലേഹ്യമുണ്ടാക്കി ദിവസംപ്രതിയും താന്നിക്കാപ്രമാണം സേവിച്ചാൽ വലിയവലിയ ഉപദ്രവങ്ങളെചെയ്യുന്ന കഠിനമായ അർശസ്സും ശമിച്ചുപോകും.

രക്താർശസ്സിനു്-പടികാരം വെള്ളത്തിൽ ഇട്ടു് അലിയിച്ചു് തുണിയിൽ നനച്ചു് ഇടമില്ലാത്തപ്പോൾ മൂലത്തിൽ ഇട്ടാൽ മൂലത്തിൽകൂടി ചോരപോകുന്നതു ശമിക്കും.

മൂലത്തിൽനിന്നും പഴുപ്പുപോകുന്നതിനു്—ഒരു പലം നെയ്യിൽ രണ്ടുപലം വെളുത്തുള്ളി അരിഞ്ഞിട്ടു മൂപ്പിച്ചു സേവിച്ചാൽ അർശസ്സു രോപിച്ചു ഉള്ളിൽനിന്നും പഴുപ്പുപോകുന്നതു ശമിക്കും.

മൂലംവെളിയിൽ ആയതിനു്. കറ്റാർവാഴയുടെ ചോറെടുത്തു വച്ചുകെട്ടിയാൽ മൂലം അകത്തുപോകും.

വാതനോവിനു്—വെങ്കാരം പെരുങ്കായം ഏവതാം ശതകുപ്പ ഇരുപ്പു് വയമു് കടുക്കത്തോടു് ഇവ സമം കന്നിച്ചുചേർത്തു നല്ലപോലെ പൊടിച്ചു എരിക്കിൻപാൽ കഴിച്ചു മാഷിപോലെ അരച്ചു ലേപനംചെയ്താൽ വാതംകൊണ്ടുള്ള വേദനകൾ മാറും.

നാലുഭാഗം കർപ്പൂരത്തൈലവും ഒന്നേകാൽ ഭാഗം സിന്ധൂരകുറുവകയും ഒന്നേകാൽ ഔൺസു് അലിവു് എണ്ണയുംകൂടി ചേർത്തു മർദ്ദിച്ചു ലേപനംചെയ്താൽ വാതംകൊണ്ടുള്ള വേദനകൾ മാറും.

മസൂരി.

മസൂരി തെളിയുന്നതിന്—ഒരുകരിക്ക് തൊണ്ടുചെത്തിയുംച ച്ച് വെള്ളത്തിൽഇട്ട അടുപ്പിൽവച്ചു പുഴുങ്ങി കരിക്കിൻവെള്ളംഎടു ത്തു് അതിൽ മൂന്നുവര ഹനിട ജീരകം അരച്ചുകലക്കികൊടുത്താൽ മ ങ്ങിപ്പോയ മസൂരിതെളിയും.

മസൂരിരോഗിക്കു് രക്തംപോയാൽ ഞാവൽപട്ട പശുവിൻ പാലിൽ ഇടിച്ചുപിഴിഞ്ഞുകൊടുത്താൽ നില്ക്കും.

ടി രോഗിക്കു തോണ്ടകെട്ടുണ്ടായാൽ—കർപ്പൂരവല്ലിനീരിൽ ഗോരോചന അരച്ചുകൊടുത്താൽ ശമിക്കും.

ടി രോഗിക്കു മലംഇളക്കാൻ—കന്നാ രമ്പോ ഔൺസ്സുആവ ണക്കെണ്ണയിൽ മുമ്മൂന്നു വരാഹനിടവീതം ചീനകല്ലുണ്ടും ഉള്ളിയും ചേത്തു കൊടുത്താൽ മതിയാകും.

ടി രോഗിക്കു തണ്ണീർദാഹത്തിനു—ചൂടുവെള്ളത്തിൽ ഉരു യ്ച്ചിട്ടുത്ത കലങ്കൊമ്പു നല്ലതുപോലെകഴുകി ശുദ്ധിയാക്കിഅതിൽനി ന്നുംപത്തുവരാഹനിടപ്പൊടി ചീരിച്ചുടുത്തു് നല്ലതുപോലെ തിളയ്ക്കു ന്നവെള്ളത്തിൽഇട്ടു് അടച്ചുവാങ്ങി അരമണിക്കൂർസമയം അടപ്പുതുറ ക്കാതെ വച്ചിരുന്നതിൻറശേഷം എടുത്തു് അരിച്ചുകൊടുത്താൽ ദാ ഹംനില്ക്കും.

രക്തംഛർദ്ദിക്കുകയോ പെടുക്കുകയുംചെയ്താൽ—മേൽപറ ഞ്ഞ വെള്ളത്തിൽ കലംകൊമ്പിൻറെ പൊടിയുംനറുനീണ്ടിക്കിഴങ്ങും ഭൃംഗരാജും ഓരോഗ്രാംവീതം അരച്ചുകലക്കി രണ്ടുനേരം രണ്ടു ഔൺസ്സു വീതം കൊടുത്താൽ നില്ക്കും.

മസൂരികാപ്രണങ്ങൾ ഉണങ്ങാൻ-വറ്റൽമഞ്ഞളും വേപ്പിൻ തളിരുംകൂടി അരച്ചുതേച്ചാൽ മസൂരികാപ്രണങ്ങൾ ശമിക്കും.

മസൂരികാരോഗിക്കു കണ്ണിൽപൂവുണ്ടായാൽ—നന്ത്യാർവട്ടപ്പൂ ജീരകം മുരങ്ങപ്പൂ ഞെരിഞ്ഞിൽപ്പൂ ഇവ ഈരണ്ടുവരാഹൻവീതം ഒ ന്നിച്ചുചേത്തു് അരച്ചു തുണിയിൽ കിഴികെട്ടി കണ്ണിൽപിഴിഞ്ഞാൽ തീരും.

അപസ്മാരം ഭ്രാന്തു് ഇവയ്ക്കു്.

ഇരുന്നാഴി നല്ലെണ്ണയിൽ മലവേപ്പിലച്ചാറു് പാൽ, തൈരു് നെയ്യു് മൂത്രം ചാണകപ്പാൽ ഇവ ഇരുന്നാഴിവീതം ചേത്തു് അതിൽമ ഞ്ഞൾ കസ്തൂരിമഞ്ഞൾ ചുക്കു് നല്ലമുളകു് തിപ്പലി വിഴാലരിക്കാ യു് ചെവിയം കടുകരോഹണി തിപ്പലിമൂലം ഇവ രണ്ടരാശിവരാഹ

നിടവീതം അരച്ചുകലക്കികാച്ചി രണ്ടുനേരം രണ്ടുമുതൽ നാലുവരെ വാഹനിടവീതം സേവിക്കുകയും നസ്യം ചെയ്യുകയും തേച്ചുകുളിക്കുകയും ചെയ്താൽ ചിത്തഭ്രമവും അപസ്മാരവും മാറും ശമിക്കും.

കൃതികാൽനോവിന —കൃതികാലിൽ അവിഞ്ഞൻതേച്ചു തീയ്യിൽ അനത്തിയാൽ ശമിക്കും.

നരമ്പുപിടിത്തത്തിന് —ചെറുനാരങ്ങാനീരും വെളിച്ചെണ്ണയും നന്നാലു ഔൺസ്സുവീതം ഒന്നിച്ചുചേർത്തു മർദ്ദിച്ചു അതിൽതുണി നനച്ചിട്ടാൽ ശമിക്കും.

സന്നിനായകം—ചെറുനാരങ്ങാനീരിൽ അരച്ചിട്ടാലുംനാംയുപിടുത്തം മാറും.

മുറിവിന് —പുകയില ചുട്ടചാമ്പൽ വച്ചുകെട്ടിയാൽ ഏതു മുറിവും കരിയും.

കള്ളിമുള്ളുകൊണ്ടതിന—മുള്ളുകൊണ്ടിടത്ത് നല്ലെണ്ണയൊ വെളിച്ചെണ്ണയൊ കുടക്കുടെ തൊട്ടറച്ചാൽ മുള്ളു കൊഴിഞ്ഞുപോകും.

നേത്രരോഗങ്ങൾ.

ചെറുകിഴങ്ങിന്റെ തൊലിയും വേരും തുളസിയും തുമ്പയും തിപ്പലിയും പുളിയുടെ പൂവുംകൂടി അമ്മിയിലരച്ചുചേർത്ത് ചെറുനാരങ്ങാനീരിൽ അരച്ച് നീണ്ട ഗുളികകളാക്കി ഉരുട്ടി നിഴലുണക്കി ചെറുനാരങ്ങാനീരിൽ അരച്ച് കണ്ണിൽ എഴുതിയാൽ എല്ലാനേത്രരോഗങ്ങളും ശമിക്കും.

പാൽമുതുക്കിൻ പലം ഒന്ന്, തുരിശുപലം ഒന്ന്, വെളുത്ത ശംഖ് രാവിപ്പൊടിച്ചുപൊടി പലം രണ്ട്, ഇവ കൂഴിയമ്മിയിൽ ഇട്ട് ചെറുനാരങ്ങാനീരിൽ മഷിപോലെ അരച്ച് കയറുപോലെ തിരിയിൽ ഉള്ള ഗുളികകൾ ഉരുട്ടി നിഴലുണക്കി വച്ചിരുന്ന മുലപ്പാലിൽ അരച്ചു കണ്ണിൽ എഴുതിനാൽ എല്ലാ നേത്രരോഗങ്ങളും ശമിക്കും.

കരുവെള്ളി ഉരുക്കി അരംകൊണ്ടു രാവി ശുദ്ധിചെയ്തപൊടി ഫാ വരാഹനിട കൂഴിയമ്മിയിൽ ഇട്ട് പിച്ചിയിലയിടിച്ചുപിഴിഞ്ഞനീരിൽ നാലുയാമം അരച്ച് മഷിപോലെയാക്കി പശുവിൻവെണ്ണയിൽ ചാലിച്ചുവച്ചിരുന്ന് മഷിപോലെ എഴുതിയാൽ കണ്ണിൽ ദുർമ്മാംസം ഇറങ്ങുന്നതും പുവുണ്ടാകുന്നതും വെള്ളം ഒഴുകുന്നതും മാറും ശമിക്കും.

രാക്കണ്ണിന് —വേലിയാട്ടിന്റെ പിത്തസ്സുപൊട്ടിക്കാതെ കൊണ്ടുവന്ന് അതിൽ ഉള്ള പിത്തനീരു വെളിയിൽപോകാതെ മേൽഭാഗംപൊട്ടിച്ച് കുറെ പഴയ കരുമുളക് അതിലാക്കി പുകയത്തു കെ

ട്ടിത്തുക്കി യുണങ്ങീയതിന്റെ ശേഷം അതിൽനിന്നും രോമം മുളകെട്ടു ഇരുപത്തിനാലുദിവസത്തിൽ കുറയാതേയും രണ്ടു ദിവസത്തിൽകവിയാതേയും പച്ചവെള്ളത്തിൽ അരച്ചു കണ്ണിൽ എഴുതിയാൽ രാക്കണ്ണശമിക്കും.

കണ്ണുനോവിനു—കുട്ടികർപ്പൂരവും വലിയവക്കുചീനക്കാരവും പനിനീരിൽഇട്ടു ആ വെള്ളത്തിൽ തുണിനനച്ചു നാലഞ്ചുവണ കണ്ണിൽഇട്ടാൽ ശമിക്കും.

കശകശയും തുത്തി (ഉപ്പൻ) യിലയും കൂടിയിട്ടുകുരുക്കിയവെള്ളം കൊണ്ടു കണ്ണുകഴുകിയാൽ കണ്ണുനോവു മാറും.

കണ്ണുതണുക്കുന്നതിനു വെളുത്തവാവണക്കിൻവേരു പശുവിൻപാലിൽ പുഴുങ്ങിഅരച്ചു വെണ്ണയിൽചാലിച്ചു കണ്ണിൽ തഴിഇട്ടാൽ കണ്ണുതണുക്കും.

അമരത്തിനു—തുരുശുകൂട്ടികൊണ്ടു ഉരച്ചാൽ അമരം മാറും.

കണ്ണുചുകപ്പിനും കണ്ണിൽപൂപുറപ്പെടുന്നതിനു—പുളിയാരിയുടെ തോലും തേറാങ്കുരുവും കൂട്ടുക്കാത്തോടും മാരോവരാഹൻ ഇടകന്നിച്ചുതേച്ചു പശുവിൻപാലൊഴിച്ചു നല്ലതുപോലെ അരച്ചു കിഴികെട്ടിപശുവിൻപാലിൽഇട്ടു വച്ചിരുന്നു എടുത്തു കണ്ണിൽ പിഴിഞ്ഞാൽ തീരും.

കൺപോളവീക്കത്തിനു—പശുവിൻപാൽ കാച്ചി ചെറുചൂടോടുകൂടെ തുണിയിൽമുക്കി ഒറടംഇട്ടാൽമാറും. നല്ലമുളകു പച്ചവെള്ളത്തിൽ അരച്ചിട്ടാലും ശമിക്കും. ശംഖ് രാവിയ ചൊടികറിവേപ്പിലനീരിൽ അരച്ചിട്ടാൽ വീക്കംതീരും.

കണ്ണിൽപടലത്തിനു—വെളുത്തുള്ളി ഗോമൂത്രത്തിൽ അരച്ചു ഏഴ്ദിവസംരാത്രിയിൽ തലയിൽ തളംപൊത്തിക്കൊണ്ടു ഉറങ്ങുകയും കടലാമയുടെകൊട്ടി വെള്ളത്തിലിട്ടു പുഴുങ്ങി നല്ലതുപോലെ വേകിച്ചതുനിഴലുണക്കി എടുത്തു മുലപ്പാലിൽഅരച്ചു കണ്ണിൽ എഴുതുകയുംചെയ്താൽ കൺപടലം ഏഴുംശമിക്കും.

കണ്ണ്രോഗങ്ങൾ.

ഉരിയ വേപ്പെണ്ണയിൽ ഈ രണ്ടുപരാഹനിട ഗുഗ്ഗുലുവും വയമ്പും ഭൃനാഗവും (വിര)വിശറിൻമുട്ട (നീറുംമുട്ട)യും കോഴിമുട്ടയുടെ മഞ്ഞക്കുരുവും വെളുത്തുള്ളിയും ഞാഴിറച്ചിയും കൂടിഅരച്ചു കലക്കി കാച്ചിഅരിച്ചു നാലഞ്ചുതുള്ളി ചെവിയിൽ ഉറച്ചാൽ എല്ലാ കണ്ണ്രോഗങ്ങളും ശമിക്കും

ഇരുനാഴി നല്ലെണ്ണയിൽ പത്തുവരാഹൻ ഇടനിലപ്പനകിഴങ്ങരച്ചുകലക്കി കാച്ചിഅരിച്ചു ചെവിയിൽ ഉറക്കുകയും തലയിൽപൊത്തിക്കുളിക്കുകയും ചെയ്താൽ കർണ്ണരോഗങ്ങൾ എല്ലാം ശമിക്കും.

ഇരുണ്ടവരാഹനിട വെളുത്തുള്ളിയും വയമ്പും നാലുവരാഹനിമേഞ്ഞളും കൂടി അരച്ച് ഇരുനാഴിവേപ്പെണ്ണയിൽകലക്കി കാച്ചിഅരിച്ചു കുറേശ്ശ ചെവിയിൽ ഉറച്ചാൽ കർണ്ണരോഗങ്ങൾ എല്ലാം മാറും.

ചുക്ക് ഇരുപ്പ് തിപ്പലി മുത്തങ്ങാക്കിഴങ്ങ് ചെറുകായംവയമ്പു വെളുത്തുള്ളി ഇവ ഓരോ വരാഹനിടവീതം ഇരുനാഴി നല്ലെണ്ണയിൽ അരച്ചു കലക്കി ഇരുനാഴി പഴുത്ത എരിക്കിലയുടെ രസവുംചേർത്തുകാച്ചിയരിച്ചു ചെവിയിൽ ഉറച്ചാൽ കർണ്ണരോഗങ്ങൾ എല്ലാം മാറും.

കാതിൽനിന്നും പഴുപ്പു വരുന്നതിനു്—നാലുപലം വേപ്പെണ്ണയിൽ രണ്ടുപലം കുവളപ്പഴത്തിന്റെ മജ്ജ അരച്ചുകലക്കി കാച്ചിഅരിച്ചു ചെവിയിൽ ഉറച്ചാൽ ശമിക്കും.

കാതിംച്ചിലിനു—തെരുവള ഇടിച്ചുപിഴിഞ്ഞു എണ്ണ കാച്ചി ചെവിയിൽ ഉറച്ചാൽ ശമിക്കും.

കാതടപ്പിനു—മുക്കാൽദ്രാം ഇഞ്ചിനീരും ഒരുദ്രാം കുതിരച്ചാണകംപിഴിഞ്ഞ നീരുംകൂട്ടി തമ്മിൽചേർത്തു കാതിലൂറ്റിച്ചാൽ മാറും.

രണ്ടൗൺസ്സ് പൂങ്കെണ്ണയിൽ മൂന്നുദ്രാം മുള്ളൻകൊലുചൂട്ടസ്സും കലക്കികാച്ചിഅരിച്ചു് ഉറച്ചാൽ ശമിക്കും.

താത്രവേദനയ്ക്കു്—അവിയൻ ഭേദനദ്രാവകവും വെളിച്ചെണ്ണയുംസമംചേർത്തു കാതിൽ ഉറച്ചാൽമാറും.

ശിരോരോഗം.

ഒരുച്ചെന്നിക്കുത്തിനു—നാലു ഔൺസു നല്ലെണ്ണയിൽ നാലു ഔൺസുഇഞ്ചിനീരൊഴിച്ചു കാച്ചിയരിച്ചുതേച്ചുകുളിച്ചാൽശമിക്കും.

ഇരുനാഴിനല്ലെണ്ണയിൽ ഇരുനാഴി കഞ്ഞുണ്ണിയിടിച്ചുപിഴിഞ്ഞനീരു ചേർത്തുകാച്ചി അരിച്ചു തേച്ചുകുളിച്ചാൽ മാറും.

രണ്ടുവശത്തും ഉണ്ടാകുന്ന തലക്കുത്തിനു—ഇരുനാഴി നല്ലെണ്ണയിൽ ഇരുനാഴി കയ്യൻ പടവലത്തിന്റെ നീരൊഴിച്ചു കാച്ചിയരിച്ചുതേച്ചുകുളിച്ചാൽ മാറും.

നീർദോഷം കൊണ്ടുള്ള തല വേദനയ്ക്കു്—കർപ്പൂരം നല്ലമുളകു് ശതകുപ്പ കടുക് തിപ്പലി മഞ്ഞൾ മരമഞ്ഞൾ ഇവനന്നാലു

വരാഹനിടവീതം കനിച്ചുചേർത്തു നല്ലതുപോലെ പൊടിച്ചു കന്നിയിലയുടെ നിരൊഴിച്ചുരച്ചു മൂക്കിൽതുണിമിൽതടവി തിരിയാക്കി ഉണക്കി പുകപിടിച്ചാൽ ശമിക്കും.

കപാലവായുവിന്—നല്ലെണ്ണയിൽ നാലിൽ മൂന്നുഭാഗം കുപ്പമേനിച്ചാറൊഴിച്ചു കാച്ചി അരിച്ചു നസ്യംചെയ്താൽ കപാലശൂലയും കപാലവായുവും മണ്ഡയിടിയും ശിരച്ചൊന്നിക്കുത്തും ശമിക്കും.

എരിക്കിൻവേര് വരാഹനിട അഞ്ചു്, അരിതാലം വരാഹനിട അഞ്ചു് ഇവ രണ്ടും കനിച്ചുചേർത്തു ചെറുനാരങ്ങാനിരൊഴിച്ചു നല്ലതുപോലെ അരച്ചു മൽമൽതുണിയിൽ തേച്ചു തിരിതെറുത്തുണക്കി പുകപിടിച്ചാൽ ശമിക്കും.

ബാലചികിത്സ.

ജ്വരത്തിനു—സമം കീഴാനെല്ലിവേരും പാതിരിവേരുംകൂടി ഇടിച്ചുപിഴിഞ്ഞു് ഒരു ദ്രാം നീരിൽ രണ്ടുരാം മുലപ്പാലുചേർത്തു കൊടുക്കണം.

മഞ്ഞൾ വയമ്പു് അതിമധുരം മുത്തങ്ങാ ദേവതാരം കടുക്കാത്തോടു് ഇവ നന്നാമുപരാഹൻ ഇടവീതം കനിച്ചുചേർത്തു കയ്യോന്നിനീരൊഴിച്ചുരച്ചു് പത്തിക്കുരുപ്രമാണം ഉരുട്ടിയ ഗുളികയിൽ ഓരോന്നു് തേനിലോ മുലപ്പാലിലോ കൊടുത്താൽ ജ്വരം ശമിക്കും.

ഗോരോചന കുങ്കുമപ്പൂവുശുദ്ധിചെയ്ത കർപ്പൂരം പച്ചക്കർപ്പൂരം ഏലം ഗ്രാംപൂവു് കൊട്ടം അക്രാവു് രസഭസ്മം ഇവ ഓരോ വരാഹനിടവീതം കഴിയമ്മിയിൽ ഇട്ടു്, ചന്ദനക്കഷായം കഴിച്ചു് മഷിപോലെ അരച്ചു് ഉഴുന്നുപ്രമാണം ഗുളികകൾ ഉരുട്ടി ഓരോ ഗുളികവീതം ഓരോനേരം കൊടുത്താൽ കുട്ടികൾക്കുണ്ടാകുന്ന ജ്വരം മാന്ദ്യം മുതലായവ ശമിക്കും.

കുങ്കുമപ്പൂ വരാഹനിട പത്തു് ഗ്രാംപൂവു് ഏലം ജാതിക്കാ ചന്ദനം ചുക്കു് നല്ലമുളക് തിപ്പലി കടുക്കാത്തോടു് താന്നിക്കാത്തോടു്. നെല്ലിക്കാത്തോടു് കടുകരോഹണി ദേവതാരം ഇവ അയ്യഞ്ചുവരാഹനിടവീതം ഇവ എല്ലാംകൂടി പൊടിച്ചു കഴിയമ്മിയിൽ ഇട്ടു് ചെറുനാരങ്ങാനീരിലും ചെറുവഴുതനപ്പഴത്തിന്റെ നീരിലും ഇരുപത്തൊരുവീതം നല്ലതുപോലെ അരച്ചു് കടുകുമണിപ്രമാണത്തിൽ ഗുളികകൾ ഉരുട്ടി ഓരോനേരം ഒന്നോ രണ്ടോ ഗുളികവീതം കൊടുത്താൽ സകല ജ്വരങ്ങളും മാന്ദ്യവും തീരും.

ഗോരോചന പലം സ. പെരുംജീരകം കരിഞ്ജീരകം അതിമധുരം കൊട്ടം ഇരുവേലി ഇലവിപ്പുക്കുരു സഹസ്രവേധി ഇവ ഇരുപത്തഞ്ചുപലം

വീതം പൊടിച്ചു് എല്ലാംകൂടി ഒന്നിച്ചു ചേർത്തു് കറാർവാഴനീരും മുല പ്പാലും ഒഴിച്ചു വെയ്ക്കുക. ഈരണ്ടുദിവസം വീതം ഇതിൽ ഒരു പ്രമാണം ഗുളികകഠം ഉരുട്ടി ഓരോരോ ദിവസം ഓരോ ഗുളികവീതം മുലപ്പാലിൽ കൊടുത്താൽ കുട്ടികൾക്കുണ്ടാകുന്ന സകല ജ്വരങ്ങളും മാറും.

കടുവാപ്പുല്ലും നിഴലിൽ ഉണക്കിയ ആടുതീണ്ടാപ്പാലയുടെ വേരിലെ തൊലിയും പതുപ്പുത്തുവരാഹനിടവീതം നെല്ലുചേർത്തു്, ചെറുചൂടാനീരൊഴിച്ചു് ഒരു യാമം അരച്ചു് കടുകുമണിപ്രമാണത്തിൽ ഗുളികകഠം ഉരുട്ടി നിഴലുണക്കി ഓരോ ഗുളിക വീതം ഓരോ നേരം കൊടുത്താൽ കുട്ടികൾക്കുണ്ടാകുന്ന ജ്വരവും വിഷമവ്യാധികളും ശമിക്കും.

കണ്ണുട്ടിനും—കർപ്പൂരവള്ളി, പുളിയാരൽ, കോവൽ വെളുത്തുള്ളി കറാർവാഴ പൊന്നാങ്കണ്ണി ഇവയുടെ നീര് നന്നാലുഭാഗംവീതം പശുവിൻപാൽ ഇടങ്ങഴി, അവണക്കെണ്ണ ഇടങ്ങഴി ഇവ കൂട്ടിച്ചേർത്തു് അതിൽ ഇലവർങ്ങപ്പട്ട ഗ്രാമ്പൂവു് ചുക്കു് കുരുമുളകു് ഉലുവാ കൊട്ടം അക്കാവു് മാതാക്കുക്കടുകശുകുരി ജീരകം ജാതിപത്രിഎല വകുപ്പു് ഇവ ഈരണ്ടുവരാഹനിടവീതം പശുവൻപാലിൽ അരച്ചുകലക്കി കാച്ചിഅരിച്ചുനല്ല വെളുത്തതേനിയിൽ ആക്കി ഗോരോചനയും കുങ്കുമപ്പൂവും ജാതിക്കായും ഈരണ്ടുവരാഹനിടവീതം പൊടിച്ചുചേർത്തു മുൻപിൽ ഈ വരാഹനിടവരെ ഓരോനേരം ഒരുദിവസവും കൊടുത്താൽ കണ്ണുരോഗം മാന്ദ്യം വയറ്റിൽ പുളിപ്പു് ചിരങ്ങു പൊറിവ്രണം കരപ്പൻ പാണ്ടു ചൂടു് മുതലായവ ശമിക്കും.

ജ്വരമാന്ദ്യത്തിനു്—ഗോരോചന വെൺകാരം കടുകുരോഹണി ചുക്കു് ശുദ്ധിചെയ്ത നീർവാളക്കുരു ഇവ ഏഴേഴു വരാഹനിടവീതം ഒന്നിച്ചുചേർത്തു പൊടിച്ചു് മുലപ്പാൽഒഴിച്ചു നല്ലതുപോലെ അരച്ചു് കടുകുമണിപ്രമാണം ഗുളികകഠം ഉരുട്ടി ഒരുനേരം ഒന്നോരണ്ടോ ഗുളികവീതം പ്രായംപോലെ കൊടുത്താൽ സകല ജ്വരങ്ങളും മാന്ദ്യവും ശമിക്കും.

ഊതുമാന്ദ്യത്തിനു്—വേപ്പിലുരുത്തിയിലനീരിൽ ജീരകവും കടുകുരോഹണിയും അരച്ചുകലക്കി അരിച്ചെടുത്ത നീരു കുറേശ്ശെ കൊടുത്താൽ തീരും.

എല്ലാമാന്ദ്യത്തിനും—കുടങ്ങൽ അമുക്കുരം കൊടുത്തുപവേരു് തുളസിയില ബ്രഹ്മദണ്ഡി പഴുപാശി കുടിവിളി വാതുപ്പുളുത്തുള്ളി കടുകുരോഹണി ഇവ ഈരണ്ടുവരാഹനിടവീതം പൊടിച്ചു മുലപ്പാൽ ഒഴിച്ചരച്ചു നാഴി അവണക്കെണ്ണയിൽ കലക്കി കാച്ചി അരിച്ചു ഒരു വരാഹൻ ഇടവീതം കൊടുത്താൽ എല്ലാമാന്ദ്യങ്ങളും ശമിക്കും.

ഇടങ്ങഴി മുരിങ്ങപ്പട്ടനീരിൽ ഇരുനാഴി നല്ലെണ്ണ കഴിച്ചു് അതിൽ അഞ്ചു പലാഹനിട വയമ്പു ചുട്ട ചാമ്പലും രണ്ടുവരാഹനിട വെളുത്തുള്ളിയുംകൂടി പശുവിൻപാലിൽ നല്ലതുപോലെ അരച്ചു കലക്കി കാച്ചി അരിച്ചെടുത്തു കുറേശ്ശ കൊടുത്താൽ ശമിക്കും.

വയറുപെരുക്കത്തോടുകൂടിയ മാന്ദ്യത്തിനു്—കുപ്പമേനി വേരിലെത്തൊലി നാലു പലവും വറുത്തരച്ചതു രണ്ടു വരാഹനിടയും കൂടി ചേർത്തു നാഴി വെള്ളത്തിൽ ഇട്ടു കാച്ചി കഷായമാക്കി കുറേശ്ശ കൊടുത്താൽ ശമിക്കും.

ഒരു ദിവസം കാമവും അരുചിയും വമനവും ഇളംവെറുപ്പായി വരുന്നതുപോലെ പൊടിച്ചു വെച്ചിരിക്കുന്ന ത്രിഫലച്ചൂർണ്ണത്തിൽ നല്ലതുപോലെ മർദ്ദിച്ചു കുറേശ്ശ കൊടുത്താൽ ശമിക്കും.

കുത്ത ഗ്രന്ഥികൾക്കു്—അവണക്കെണ്ണ കുത്ത കഴുതച്ചാണകത്തിന്റെ നീരു് അരിച്ചിലച്ചാറു് ഇവ ഈരണ്ടു തുടം കൂട്ടിച്ചേർത്തു് അതിൽ വയമ്പും വെളുത്തുള്ളിയും ഈരണ്ടു വരാഹൻവീതം അരച്ചുകലക്കി കാച്ചി അരിച്ചു കുറേശ്ശ കൊടുത്താൽ കുപ്പർ ചൊറി ചിരങ്ങു് മുതലായവയും കരിഗ്രന്ഥിയും ശമിക്കും.

ചുവന്ന ഗ്രന്ഥികൾക്കു്—മുരിങ്ങയിലച്ചാറു കൊടുക്കുകയും മുലപ്പാലിൽ ഗോരോചന അരച്ചുകൊടുക്കുകയും ചെയ്യണം.

ഗ്രന്ഥികൾ എല്ലാറ്റിനും—ചെമ്പരത്തിപ്പൂ പിടിച്ചുപിഴിഞ്ഞ നീരും വെണ്ണപ്പാൽ അവണക്കെണ്ണ ഇവ ഇരുനാഴി ശുദ്ധിചെയ്തു കൂട്ടിച്ചേർത്തു് അതിൽ കാരാവരാഹനിട ചുക്കു മുളകു തിപ്പലിയും ഏലവും ഗ്രാമ്പൂവും ശുദ്ധിചെയ്ത രസകർപ്പൂരവും അരച്ചുകലക്കി കാച്ചി അരിച്ചെടുത്തു് ഓരോ വരാഹൻ ഇടവീതം കൊടുത്താൽ എല്ലാവിധ ഗ്രന്ഥികളും പതിനെട്ടുപ്രകാരത്തിൽ ഉള്ള ശ്രുവകളും മാറും ശമിക്കും.

അതിസാരത്തിനു്—ഒരു ജാതിക്കാ തുളച്ചു രണ്ടു ഗ്രൈനിൽ അഫിയൻ ഒരു തിരികത്താക്കി മഞ്ഞൾ അരച്ചു കവച്ചെയ്തു പൂശി ഇട്ട ജാതിക്കാ വെന്തതിന്റെശേഷം പൊടിച്ചു മഞ്ഞൾ എടുത്തു കളഞ്ഞും വച്ചു മുപ്പുമൊഴിച്ചു് ഒരു മണിക്കൂർ സമയം അരച്ചു കടുകുപ്രമാണം ഗുളികകളായി ഉരുട്ടി നിഴലിൽ ഉണക്കി ഓരോനേരം ഓരോ ഗുളികവീതം മുലപ്പാലിൽ ഉരച്ചുകൊടുത്താൽ കുട്ടികൾക്കുണ്ടാകുന്ന അതിസാരം ഉടനെ ശമിക്കും. കൂടുതൽ കൊടുത്താൽ മയക്കവും മറ്റും ഉണ്ടാകും.

വയറുകടിക്കു്—കുവളത്തിന്റെതോടു ചെതയോടുകൂടെ ഉണ

ക്കിയത് നന്നാക്കിയിട്ട കഷായംവച്ച് രാവിലെ നേരം രാവിലെ രണ്ടുസ്പൂൺ തീതം കൊടുത്താൽ ശമിക്കും.

മാങ്ങാ അണ്ടിയും നെല്ലിക്കാത്തോടും മാതളപ്പഴത്തിന്റെ തോടും കുറുവേപ്പിലയും ചുണ്ടയ്ക്കാ വാറലും ഉലുവായുംകൂടി ഉണക്കിപ്പൊടിച്ച് ശീലപ്പൊടി ഒട്ടുമെടുത്ത് കുറേശ്ശ എടമത്തെരിൽ കൊടുത്താൽ വയറുകടിയും അതിസാരവും ഗ്രഹണിയും ശമിക്കും.

കരപ്പനു്—പൂവരശുംപട്ട ചുവന്ന കുറുഞ്ഞിപ്പോള പൂതവ്യക്ഷം (പീനാറി) കണ്ടകാരി കിരിയാത്ത ഇവ പതുപ്പിച്ച പലംവീതം കുറിച്ചുചേർത്ത് നാലിടങ്ങഴിവെള്ളത്തിൽ കഷായം വെച്ച് ഇരുനാഴിയാക്കി പിഴിഞ്ഞരിച്ച് അതിൽ ഇരുനാഴിഅവണക്കെണ്ണയും ഇരുനാഴിവെളിയാട്ടിന്റെപാലും ചേർത്ത് അതിൽ നല്ലമുളകു കുരുമുകം കാർകോലരി വെളുത്തുള്ളി വയമ്പു ശതകുപ്പ വലംചിരിക്കായ് ചിറ്റമൃതു ഇവ ഈരണ്ടു വരാഹൻ വീതം പാലിൽ അരച്ചു കലക്കി കാച്ചിഅരിച്ച് ഒരു മുതൽ ഹ വരാഹൻ ഇടവീതം കൊടുത്തുവന്നാൽ സകല കരപ്പനും വ്രണവും ശമിക്കും.

ചിരങ്ങിനു്—സമം ചന്ദനവും മരോട്ടിഅരിയുംകൂടി പച്ചവെള്ളത്തിൽ അരച്ചുതേച്ചാൽ ശമിക്കും.

കാലിലും തലയിലും കുടുവൻ(പടുവൻ) ഉണ്ടാകുന്നതിനു്—കരുതുടം ആവണക്കെണ്ണയിൽ അയ്യഞ്ചു വരാഹനിടവീതം വെളുത്തുള്ളിയും വയമ്പും ഇലിപ്പപ്പട്ടയും ചതുരക്കള്ളിത്തൊലിയുംപാലത്തൊലിയും അരച്ചുകലക്കി കാച്ചി അരിച്ചു കുറേശ്ശ കൊടുത്താൽ രണ്ടുദിവസം കൊണ്ടു ശമിക്കും.

വയറുപെരുക്കത്തിനു്—ഉപ്പിട്ടു വറുത്തുതട്ടിയ ചട്ടിയിൽ അഞ്ചു വരാഹനിടതൈവേളയുടെ പൂവിട്ടു വറുത്ത ചുവക്കുമ്പോൾ മൽ വരാഹനിട അയമോദകവും ചേർത്തു വറുത്ത ഇരുനാഴിവെള്ളം ഒഴിച്ചു കഷായംവെച്ചു നാലിൽ ഒന്നാക്കി അതിൽ കാൽ വരാഹൻ ഇടപെരുങ്കായവും ചേർത്തു കുറേശ്ശ കൊടുത്താൽ ശമിക്കും.

കക്കുഴിൽ ഉണ്ടാകുന്ന വ്രണത്തിനു്—വരുന്ന ചിനക്കാരം പൊടിച്ചിട്ടാൽ ശമിക്കും.

കുട്ടികൾ കുടിച്ച എണ്ണയോ തൈരോ ഛർദ്ദിക്കുന്നതായാൽ—ഉലുവായോ അയമോദകമോ പച്ചവെള്ളത്തിൽ അരച്ചു കൊടുത്താൽ ഛർദ്ദിക്കും.

മണ്ണു തിന്നുന്നതിനു്—കത്തിരിക്കാനീറിൽ പെരുംകായം അരച്ചു കൊടുത്താൽ ശമിക്കും.

പാലു കുടിക്കാൻ മടിക്കുന്നതിനു്—മുലക്കണ്ണിൽ അതിമധുരം അരച്ചു തേച്ചു പാലുകൊടുത്താൽ കുടിക്കും.

ഛർദ്ദിക്കു്—നറുനീണ്ടിക്കിഴങ്ങിന്റെ നീരിൽ, മയിലിറകൊ നല്ലമുളകൊ വയമ്പോ ചുട്ടുകരിച്ചതു് കലക്കിക്കൊടുത്താൽ ശമിക്കും.

ഭേദിയെ നിറുത്തുന്നതിനു്—മരമഞ്ഞൾ കടുക്കാപ്പൂ അതിവിടയം ചെറുനാഗപ്പൂ കശകശ ഇവ കാരോ പലം ജടാമാഞ്ചി പലം കാലു് ഇവ പൊടിച്ചു ഉറിയ ചൂടുവെള്ളത്തിൽ ഇട്ടു്, രണ്ടു മൂന്നു മണിക്കൂർനേരം വച്ചിരുന്നതിന്റെ ശേഷം എടുത്തു്, കുറേശ്ശ കൊടുത്താൽ നില്ക്കും.

വിരേചനത്തിനു്—സമം മുലപ്പാലും അവണക്കെണ്ണയും കൂടി കൊടുത്താൽ മലം പോകും.

ചുവന്ന അവണക്കിലയുടെ നീരുകൊടുത്താലും മലം പോകും.

അതിസാരം ഛർദ്ദി വസൂറുവേദന അജീർണ്ണം മാന്ദം ഇവയെല്ലാംകൂടി—കാമത്തെലം ഓമമിട്ടു കുറുക്കിയ വെള്ളത്തിൽ കഴിച്ചു കൊടുത്താൽ നില്ക്കും.

വില്ലൻചുമയ്ക്കു്—വയ്പാൽ ഇറച്ചിയോ നത്തിറച്ചിയോ മൂങ്ങാ ഇറച്ചിയോ ഇട്ടു കാച്ചിയ നെയ്യു് കൊടുത്താൽ ശമിക്കും.

നലുമുഖം മയിൽപ്പീലിയും സമം ചുട്ടു നെയ്യിൽ കഴച്ചു കൊടുത്താൽ നില്ക്കും.

കണ്ടകാരിച്ചുണ്ട ഇടിച്ചു പിഴിഞ്ഞ നീരു തുടം രണ്ടു് കുരുത്തുളസി ഇടിച്ചു പിഴിഞ്ഞ നീരുതുടം രണ്ടു് ചെറിയ ആടലോടകം ഇടിച്ചു പിഴിഞ്ഞ നീരു തുടം ന-തേൻ തുടം സ-ഇവ ഒരു പാത്രത്തിൽ അക്കി അതിൽ ഗ്രാമ്പൂവു് ഏലത്തരി ജാതിക്കാ ജാതിപത്രി ഇലവർങ്ങപ്പട്ട ചുക്കു മുളകു തിപ്പലി കടുക്കാത്തോടു് താന്നിക്കാത്തോടു് നെല്ലിക്കാത്തോടു് ചിറ്റരത്ത പേരരത്ത അതിമധുരം താലീസപത്രി ഇവ അരേശ്ശുവരാഹൽവീതം പൊടിച്ചിട്ടു് കാച്ചി പാകപ്രതത്തിൽ ഇറക്കി രേണിയിൽ അടച്ചുവച്ചിരുന്നു് പകൽ മൂന്നു തവണയും രാത്രി മൂന്നു തവണയും കുട്ടികളുടെ നാക്കിൽ കുറേശ്ശ തേച്ചുകൊടുത്താൽ വില്ലൻചുമ ശമിക്കും.

വായിലുണ്ടാകുന്ന വ്രണങ്ങൾക്കു—ഇരുപതു ഔൺസു പടികാരം രണ്ടു ഔൺസു തേനിൽ കലക്കി കാലത്തും വയ്യിട്ടും കുട്ടിക

ളുടെ നാക്കിൽ തടവിയാൽ വായിലുണ്ടാകുന്ന വ്രണങ്ങൾ തീരും. പശുവിൻനെയ്യിൽ ഗോരോചനം അരച്ച് വായിൽ തടവിയാലും ശമിക്കും.

അണ്ഡവൃദ്ധിക്ക്—ഇരുനാഴി ആവണക്കെണ്ണയിൽ നാലുപലം കഴറ്റിപ്പിഴിപ്പും ഒരുപലം വെളുത്തുള്ളിയും കാൽപലംവീതം നല്ലമുളക് ചുക്ക് ഇവയും അരപ്പലം നൊച്ചിയിലയും നെല്ലിച്ചേത്ത പശുവിൻപാൽ മുഴിഞ്ഞരച്ച് ചേത്ത് കാച്ചി അരിച്ച കഴേശ്ശ സേവിച്ചാൽ ശമിക്കും. ആവണക്കെണ്ണയിൽ ആവണക്കിലനീര് പിഴിഞ്ഞൊഴിച്ച് ആവണക്കിലയിൽ മുക്കി ഇട്ടാൽ ശമനം വരും.

സൂതകബന്ധത്തിന്—കരിങ്കുറുഞ്ഞിയിടിച്ചുപിഴിഞ്ഞ നീരും പാലുംകൂടി സമം ചേത്ത് ഓരോ തുടം വീതം മൂന്നുദിവസം കൊടുക്കണം.

അന്ധത്വ വരിക്കുമ്മട്ടിയുടെ നീരും ഇരുനാഴി ഇലക്കള്ളിപ്പാലും ഇരുനാഴി ചെല്ലുപ്പും വെടിയുപ്പ് വിളയുപ്പ് ഇരുപ്പ് ചുക്ക് തിപ്പലി പെരുങ്കായം ഇവ ഓരോപലംവീതവും നെല്ലിച്ചേത്ത ശർക്കരപ്പാവിൽ ലേഹ്യമുണ്ടാക്കി സേവിച്ചാൽ സൂതകബന്ധം ശമിക്കും.

ക്രമംതെറ്റാതെ തിങ്കൾതോറുണ്ടാവാൻ—പതിനഞ്ചുഗ്രെയിൻസ്സ് വെണ്മകാരവും ഒരുത്തുള്ളി ഗ്രാംപൂതൈലവും പന്ത്രണ്ടുഗ്രെയിൻസ്സ് നിനായകമുണ്ടാക്കി സേവിക്കുന്നതും മൂന്നുഗ്രെയിൻസ്സ് കുങ്കുമപ്പൂവും ചേത്ത് കൊടുത്താൽ ക്രമമായി തിങ്കൾതോറുണ്ടാകും.

ഗർഭിണികൾക്കു ാംമാസം മുതൽ ഏഴാംമാസംവരെയും ഉണ്ടാകുന്ന വയറുവേദനയ്ക്ക്.

ഏഴാംമാസത്തിൽ—താമരപ്പൂവും ചന്ദനവും രാമച്ചവും കൂടി ഇരുണ്ടുവരാറായ നിടവീതം നെല്ലിച്ചേത്ത അരച്ചു കൊട്ടപ്പാക്കുപ്രമാണം പശുവിൻപാലിൽ കൊടുത്താൽ ശമിക്കും.

എട്ടാംമാസത്തിൽ—തക്കോലവും താമരപ്പൂവും അയ്യഞ്ചു വരാഹനിടവീതം നെല്ലിച്ചേത്ത് അരച്ചു കൊട്ടപ്പാക്കുപോലെ പശുവിൻപാലിൽ കൊടുത്താൽ ശമിക്കും.

മൂന്നാംമാസത്തിൽ—ചെൻതാമരപ്പൂവും ചെങ്കഴുനീർക്കിഴങ്ങുംകൂടി ഇരുണ്ടുവരാഹനിടവീതം നെല്ലിച്ചേത്ത് മേൽപറഞ്ഞതുപോലെ സേവിക്കണം.

നാലാംമാസത്തിൽ—നെയ്തൽക്കിഴങ്ങും നൊച്ചിവേരും മുമ്മൂന്നു വരാഹൻ മേല്പറഞ്ഞതുപോലെ ഉപയോഗിക്കണം.

അഞ്ചാംമാസത്തിൽ—അമ്പഴപ്പൂവും രാമച്ചവുംകൂടി മേല്പറഞ്ഞ തുപോലെ ഉപയോഗിക്കണം.

ആറാംമാസത്തിൽ—തിപ്പലിയും മുന്തിരിങ്ങാപ്പഴവും നെയ്തൽക്കിഴങ്ങും ഈ രണ്ടുവരാഹൻ കനിച്ചുചേർത്ത് മേല്പറഞ്ഞ പ്രകാരത്തിൽ സേവിക്കണം.

ഏഴാംമാസത്തിൽ—രാമച്ചവും ചന്ദനവും തക്കോലവും കാരാവരാഹൻവീതം കനിച്ചുചേർത്ത് ഉപയോഗിക്കുക.

എട്ടാംമാസത്തിൽ—താമരപ്പൂവും നെയ്തൽക്കിഴങ്ങും ഈരണ്ടുവരാഹവീതം കനിച്ചുചേർത്തുപയോഗിക്കണം.

൯-ാംമാസത്തിൽ—അരയാൽത്തൊലിയും മരുതിത്തൊലിയും മൂന്നുവരാഹൻഇടവീതം കനിച്ചുചേർത്തുപയോഗിക്കണം.

൧൦-ാംമാസത്തിൽ—പഞ്ചസാരയും ഇലിപ്പപ്പൂവും ഈരണ്ടുവരാഹൻവീതം കനിച്ചുചേർത്ത് മേല്പറഞ്ഞതുപോലെ ഉപയോഗിക്കണം.

സൂതികവേദനയ്ക്ക്—ഉഴുന്നിന്റെ ഇലയും നല്ലമുരുക്കും വെള്ളത്തുളസിയും കാരോപദംവീതവും വയമ്പു കരുവരാഹനിടയും കനിച്ചുവേർത്ത്, പാലുവെള്ളമൊഴിച്ചരച്ചു മൂന്നുഗുളികകളാക്കി ഉരുട്ടി നിഴലുണക്കിവച്ചിരിക്കുന്നു. തീണ്ടാരി പതിവായിവരുന്നദിവസത്തിനു മുൻകൂട്ടി മൂന്നുദിവസം കാലത്തെ കാലത്തെ കാരോ ഗുളികവീതം സേവിച്ചാൽ സൂതികവേദനയുണ്ടാകാതിരിക്കും.

ഗർഭസ്രാവത്തിന്—സമം കല്ലുപ്പും ശുദ്ധിചെയ്ത രസവും കൂടിച്ചേർത്ത് കുവളത്തിലവീരിൽ നാലുയാമം അരച്ചു ഉണക്കി കുപ്പിയിൽവച്ചുരുട്ടിയെടുത്ത അതിനെ ആകാശത്താമരയിലനീരിൽ നാലുയാമം അരച്ചുവില്ലുകളാക്കിയുണക്കി വരാഹപുടം ഇട്ടെടുത്ത് കാരോനേരം കാരോ പണവീതം കാലത്തും വയ്യിട്ടും മൂന്നുദിവസം തേനിൽ സേവിച്ചാൽ ശമിക്കും.

ഗർഭിണികൾക്കുണ്ടാകുന്ന ജ്വരത്തിന്—കുറുന്തോട്ടിവേര് അനന്തമൂലവേര് അമൃത് തിപ്പലി ചുക്ക് കിരിയാത്ത് ഇവ സമം കഷായംവച്ചു കൊടുക്കണം.

ഗർഭിണികൾക്കുണ്ടാകുന്ന കല്ലിപ്പിന്—പുഴുങ്ങാത്ത ഞെരിഞ്ഞിൽ പശുവിൻപാലിൽ അരച്ചുകവക്കി കൊടുക്കുകയാതാളിമാതളപ്പഴത്തിന്റെ അരി പശുവിൻപാലിൽ അരച്ചുകവക്കി കൊടുക്കുകയോ ചെയ്യണം.

വയറ്റിൽ കിടക്കുന്ന ശിശു മരിച്ചോ ഇല്ലയോ എന്നറിയുവാൻ—ഗർഭിണിയുടെ വയറ്റത്തു വെണ്ണതടവിയാൽ ഉരുകുകയാ

ണെങ്കിൽ മരിച്ചില്ലെന്നും ഉരുകിയില്ലെങ്കിൽ മരിച്ചെന്നും നിശ്ചയിച്ചു കൊള്ളണം.

മരിച്ചു കുട്ടി പുറക്കുന്നതിനു—നിലക്കുമ്പിന്റെ തൊലി പച്ച വെള്ളത്തിൽ അരച്ചുകൊടുത്താൽ മരിച്ച ശിശു പിറക്കും.

നിലംപരണ്ടയും കാർകുറിഞ്ഞിയുംകൂടി സമം അരച്ചു വയറ്റത്തു പുരിയാൽ ചത്തപിള്ള പിറക്കും. വേലിപ്പരുത്തി പാലിൽ അരച്ചുകലക്കി സേവിച്ചാൽ പിറക്കും.

മാവു് (മാശു്) പിറക്കുന്നതിനു—കരുവേപ്പില മുരുങ്ങവേപ്പു ഇവയുടെ തളിരും കടുക്കായുംകൂടി കഷായംവച്ചു കെടുക്കുകയൊ വെള്ളത്തിൽ അരച്ചുകലക്കി കുറുക്കി നാലിൽ ഒന്നാക്കി അരിച്ചുകൊടുക്കുകയൊ ചെയ്താൽ മറുപിള്ള പിറക്കും.

പ്രസവിച്ച സ്ത്രീകൾക്കുണ്ടാകുന്ന ശ്വാസരോഗത്തിനു—മുരുങ്ങപ്പട്ടയും കഴറ്റിപ്പരുപ്പുംകൂടി അരച്ചു പനംചക്കരയുംചേർത്തുകൊടുക്കണം.

പ്രസവിച്ച സ്ത്രീയുടെ കീഴ്വയറു് മാവു് ശിരസ്സു് ഇവയിൽ ഉണ്ടാകുന്ന കുത്തിനോവിനു—ഏലം ചുക്കു് നല്ലമുളകു് തിപ്പലി ഗ്രാമ്പൂ് ഇലവർങ്ങപ്പട്ട ഇവ ഈരണ്ടുവരാഹൻവീതം ഒന്നിച്ചുചേർത്തു ഉണക്കിപ്പൊടിച്ചു് അരികഴുകിയ കാടിയിലോ ശർക്കരയിലോ ചേർത്തു സേവിച്ചാൽ ശമിക്കും.

പ്രസവിച്ച സ്ത്രീകൾക്കു നാലാമാസത്തിൽ ആമാശയത്തിൽ ഉണ്ടാകുന്ന കുത്തലിനു അതിവിടയം കൂവന്തൊട്ടിവേരു് ചന്ദനം പുഷ്കരമൂലു് ഇവവേലി അമരു് കൊത്തമ്പാലരി ഇവകൊണ്ടു കഷായം ഉണ്ടാക്കി കൊടുത്താൽ ശമിക്കും.

പ്രസവിച്ചസ്ത്രീയുടെ മുലയിൽ പാലുണ്ടാവാൻ—അഞ്ചു വരാഹനിട വെളുത്തുള്ളിയുടെ പുറംതൊലി കളഞ്ഞു് പാലിൽ ഇട്ടു പുഴുങ്ങി അരച്ചു പാലിൽ കലക്കി അതിൽ ഏഴുത്തരിയും പഞ്ചസാരയും ചേർത്തു കൊടുത്താൽ പാലുണ്ടാകും.

ആയുർവേദപ്രകാശിക പൂർവ്വഭാഗം സമാപ്തം.

സകല രോഗങ്ങളുടേയും നിദാനങ്ങളും സിദ്ധങ്ങളും രഹസ്യങ്ങളും
ആയ അനവധി മഹായോഗങ്ങളും ആയുർവേദസംബന്ധമായ
മറ്റനവധി വിഷയങ്ങളും അടങ്ങിയ ഇതിന്റെ മൂന്നാം
ഭാഗം ഉടൻ പില്ലറ്റ്യൂതയാറാകുന്നതാണു്.